©
Government of Kerala
കേരള സർക്കാർ
2011

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസറ്റ്
## EXTRAORDINARY
അസാധാരണം
## PUBLISHED BY AUTHORITY
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| Vol. LVI<br>വാല്യം 56 | Thiruvananthapuram, Sunday<br>തിരുവനന്തപുരം, ഞായർ | 23rd January 2011<br>2011 ജനുവരി 23<br>3rd Magha 1932<br>1932 മാഘം 3 | No.<br>നമ്പർ 149 |

GOVERNMENT OF KERALA

Law (Legislation A) Department

NOTIFICATION

No. 15553/Leg. A2/2010/Law. *Dated, Thiruvananthapuram,* *23rd January, 2011* / *3rd Magha, 1932.*

The following Ordinance promulgated by the Governor of Kerala on the 22nd day of January, 2011 is hereby published for general information.

By order of the Governor,

K. Madhusudanan Nair,
*Special Secretary (Law).*

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2011.
33/328/2011/DTP.

**ORDINANCE No. 3 OF 2011**

# THE KERALA DOCUMENT WRITERS', SCRIBES' AND STAMP VENDORS' WELFARE FUND ORDINANCE, 2011

Promulgated by the Governor of Kerala in the Sixty-first Year of the Republic of India.

*AN*

*ORDINANCE*

*to provide for the constitution of a Welfare Fund for the welfare of the document writers, scribes and stamp vendors in the State of Kerala, to pay pension and other benefits to them and for other matters connected therewith or incidental thereto.*

*Preamble.*—Whereas, it is expedient to provide for the constitution of a Welfare Fund for the welfare of the document writers, scribes and stamp vendors in the State of Kerala, to pay pension and other benefits to them and for other matters connected therewith or incidental thereto;

And Whereas, the Kerala Document Writers', Scribes' and Stamp Vendors' Welfare Fund Ordinance, 2010 (50 of 2010) was promulgated by the Governor on the 18th day of August, 2010;

And Whereas, a Bill to replace the said Ordinance by an Act of the State Legislature could not be introduced in, and passed by, the Legislative Assembly of the State of Kerala during its session which commenced on the 21st day of December, 2010 and ended on the 3rd day of January, 2011;

And Whereas, under sub-clause (a) of clause (2) of Article 213 of the Constitution of India, the said Ordinance will cease to operate on the 1st day of February, 2011;

And Whereas, difficulties will arise if the provisions of the said Ordinance are not kept alive;

And Whereas, the Legislative Assembly of the State of Kerala is not in session and the Governor of Kerala is satisfied that circumstances exist which render it necessary for him to take immediate action;

Now, THEREFORE, in exercise of the powers conferred by clause (1) of Article 213 of the Constitution of India, the Governor of Kerala is pleased to promulgate the following Ordinance:—

1. *Short title and commencement.*—(1) This Ordinance may be called the Kerala Document Writers', Scribes' and Stamp Vendors' Welfare Fund Ordinance, 2011.

(2) It shall come into force on such date as the Government may, by notification in the Gazette, appoint.

2. *Definitions.*—In this Ordinance unless the context otherwise requires,—

(a) "Board" means the Kerala Document Writers', Scribes' and Stamp Vendors' Welfare Fund Board constituted under section 9;

(b) "cessation of employment" means ceasing of employment of a licensee consequent to the cancellation or surrender of the licence obtained for doing the employment;

(c) "contribution" means the amount payable to the Welfare Fund by the members under sub-section (1) of section 4 and by the Government under sub-section (1) of section 26;

(d) "dependent" means wife or husband, minor sons, unmarried or widowed or divorced daughters, mentally or physically disabled children and father and mother who are solely dependent upon the member;

(e) "Document Writer" means a person who is engaged in the profession of preparing documents including enquiry as to title, preparation of draft deeds and engrossing the deed on stamp paper for registration as per the Kerala Document Writers' Licence Rules, 1960;

(f) "Fund" means the Kerala Document Writers', Scribes' and Stamp Vendors' Welfare Fund constituted under section 3;

(g) "Government" means the Government of Kerala;

(h) "Inspector General of Registration" means the Inspector General of Registration of the Government of Kerala;

(i) "member" means a Document Writer or a Scribe or a Stamp Vendor, who has been admitted as a member of the Welfare Fund under the provisions of this Ordinance or who is continuing as a member of the Kerala Document Writers', Scribes' and Stamp Vendors' Welfare Fund Scheme, 1991;

(j) "notification" means a notification published in the Kerala Gazette;

(k) "prescribed" means prescribed by rules made under this Ordinance;

(l) "Registering Authority" means the District Registrar (General) of the district concerned;

(m) "Scheme" means the Kerala Document Writers', Scribes' and Stamp Vendors' Welfare Fund Scheme framed under this Ordinance;

(n) "Scribe" means a person who assists a Document Writer in the preparation of documents and who possesses a valid scribe licence to transcribe the documents to be presented for registration as defined in sub-rule (5) of rule 3 of the Kerala Document Writers' Licence Rules, 1960;

(o) "Secretary" means the Secretary of the Board constituted as per this Ordinance;

(p) "stamp" means the Kerala Document Writers', Scribes' and Stamp Vendors' Welfare Fund stamp printed and distributed under section 24;

(q) "Stamp Vendor" means a person who has acquired a licence as per rule 35 of the Kerala Manufacture and Sale of Stamp Rules, 1960 and actively engaged in the profession of selling non-judicial stamps and stamp papers.

3. *Kerala Document Writers', Scribes' and Stamp Vendors' Welfare Fund.*—(1) The Government shall, as soon as may be after the commencement of this Ordinance, by notification, frame a Scheme to be called the "Kerala Document Writers', Scribes' and Stamp Vendors' Welfare Fund Scheme" and after the framing of the Scheme, constitute a Fund to be called "the Kerala Document Writers', Scribes' and Stamp Vendors' Welfare Fund" in accordance with the provisions of this Ordinance and the Scheme.

(2) Subject to the provisions of this Ordinance, the Scheme may provide for all or any of the matters specified in the Schedule.

(3) The following shall be credited to the Fund, namely:—

(a) contributions under section 4 and 26;

(b) application fee realised under section 5;

(c) any amount borrowed under section 15;

(d) all amounts collected by way of sale of stamp under section 24;

(e) any donation voluntarily made to the Fund by any association or institution or any other person;

(f) any profit, interest, dividend or other income on any investment made of any part of the Fund;

(g) any grants, loans or advances given by the Government of India or the State Government or any other institution or organisation;

(h) two per cent of the amount being received by the Stamp Vendors as commission;

(i) amount transferred under section 30;

(j) any fees levied under the Scheme;

(k) any other amount to be credited to the Fund under the provisions of the Scheme;

(l) any amount raised by the Board from other sources to augment the resources of the Fund.

(4) The Fund shall vest in the Board and be administered by the Board.

(5) The Fund may be utilised for all or any of the following purposes, namely:—

(a) for the payment of a fixed amount and pension to a member from the Fund on cessation of employment at such rate as may be prescribed based on the number of years of his employment;

*Explanation 1.*— The Board shall have the power to take decision regarding the pensionary benefits payable to a member who could not continue his employment due to ill health.

*Explanation 2.*—A person who had completed sixty five years of age and who had been a Document Writer, Scribe or Stamp Vendor for twenty five years before the commencement of this Ordinance shall become eligible for special pension if he remits contribution for a period of one year as member under the provisions of this Ordinance.

(b) for the payment of family pension on the death of a member who had remitted contribution for not less than ten years;

(c) for the payment of financial assistance on the death of a member due to illness or accident;

(d) for the repayment of the contribution amount remitted by the members with such interest, as may be prescribed, when they are incapacitated to do work due to permanent physical disability or on the cessation of their membership in the Welfare Fund;

(e) for the payment of financial assistance to meet the expense towards medical treatment of the members affected with serious disease;

(f) for the payment of financial assistance to meet the marriage expense of the members and their daughters and for the maternity expense of the female members;

(g) for the payment of financial assistance or loans or advances to the members for the purpose connected with their employment or for the construction of dwelling house or for the maintenance or renovation of the house or for the purchase of land for the construction of house or for the purchase of land and building and for the education, including higher education of the children of the members;

(h) for the payment of special relief to the members who suffer from physical disability;

(i) for any other purpose specified in the Scheme;

(j) for the day to day administrative expenses of the Board.

(6) The Scheme framed under sub-section (1) shall be laid, as soon as may be after it is framed, before the Legislative Assembly while it is in session for a total period of fourteen days which may be comprised in one session or in two successive sessions, and if, before the expiry of the session in which it is so laid or the session immediately following, the Legislative Assembly makes any modification in the Scheme, the Scheme shall, thereafter have effect only in such modified form, so however, that any such modification shall be without prejudice to the validity of anything previously done under the Scheme.

4. *Contribution to the Fund.*—(1) Every Document Writer, Scribe and Stamp Vendor who is eligible to become a member shall pay hundred rupees per month as contribution to the Fund.

(2) The Government may, by notification in the Gazette, from time to time revise the rate of contribution referred to in sub-section (1) up to a maximum limit of five hundred rupees, taking into account the amount required for the management of the Scheme.

(3) The contribution shall be paid in the name of the Secretary or other officers authorised in this behalf in the manner specified in the Scheme.

5. *Membership in the Fund.*—(1) Any person holding a valid licence of Document Writer or Scribe under the Kerala Document Writers' Licence Rules, 1960 or a valid licence of a Stamp Vendor under the Kerala Manufacture and Sale of

Stamp Rules, 1960, as the case may be, and is below the age of 65 years on the date of application may apply to the Board for admission as a member of the Fund in such form and manner as may be prescribed:

Provided that no person employed as a Document Writer, Scribe or Stamp Vendor after retiring from the service of the Central Government or any State Government or any Public Sector Undertaking or Local Self Government institution with retirement benefits, shall be eligible for membership in the Fund.

(2) In an application under sub-section (1), the Board may make such enquiry as it deems fit and either admit the applicant to the Fund or for reasons to be recorded in writing reject the application:

Provided that, no order rejecting an application shall be passed unless the applicant has been given an opportunity of being heard:

Provided further that, any person aggrieved by an order rejecting his application for membership may prefer an appeal to the Government within such period as may be prescribed.

(3) Every applicant shall pay an application fee of one hundred rupees along with the application in such manner as may be prescribed.

(4) A member of the Fund, on completing 65 years of age or on applying for pension voluntarily surrendering his licence after 25 years of membership, shall cease to be a member of the Fund.

(5) Every person who has been enrolled as member in the Fund shall be given a certificate of membership and a pass book by the Registering Authority recording the rate of contribution, details of enrolment in the register, date of birth, due date of payment of contribution etc. The Registering Authorities shall keep a register of the members coming under their jurisdiction and at the State level, the Secretary of Board shall keep a register of members enrolled in the Fund, showing the district-wise details of members.

6. *Cancellation of Membership.*-- (1) The membership of a member shall be cancelled by the Registering Authority if it is found that a member has made manipulation of any kind or has given false information at any time in connection with the conditions for the membership or to obtain benefits as per the Scheme:

Provided that, no order of cancellation of membership shall be passed unless the applicant has been given an opportunity of being heard.

(2) Membership in the Fund shall automatically cease if a member commits default in payment of contribution for six months continuously.

(3) If the Registering Authority is of the opinion that a member is not functioning as a Document Writer or Scribe or Stamp Vendor, as the case may be, his membership in the Fund shall be cancelled. The date of cancellation in such cases shall be, as may be fixed by the Registering Authority.

(4) Appeal against the orders of the Registering Authority shall be filed before the Inspector General of Registration within such period as may be prescribed.

(5) A member may voluntarily retire from the Fund by submitting a letter addressed to the Registering Authority. In such cases, the date of retirement shall be the date on which the member has submitted his letter of resignation.

7. *Revival of Membership.*—The membership of a member which has been ceased under sub-section (2) of section 6 may be revived on payment of arrears along with interest at twelve per cent per annum within six months from the date of cessation of such membership.

8. *Amendment of the Scheme.*—(1) Government may, by notification in the Gazette, amend the Scheme framed under this Ordinance, either prospectively or retrospectively.

(2) Every notification under sub-section (1) shall be laid as soon as may be, after it is issued, before the Legislative Assembly while it is in session for a total period of fourteen days which may be comprised in one session or in two successive sessions, and if, before the expiry of the session in which it is so laid or the session immediately following, the Legislative Assembly agrees in making any modification in the notification or decides that the notification should not be issued, the notification shall thereafter have effect only in such modified form or be of no effect, as the case may be.

9. *Constitution of the Board.*—(1) The Government may, by notification in the Gazette, with effect from such date as may be specified therein, constitute a Board to be called the "Kerala Document Writers', Scribes' and Stamp Vendors' Welfare Fund Board" for the administration and management of the Fund and to supervise and implement connected activities.

(2) The Board shall be a body corporate by the name "Kerala Document Writers', Scribes' and Stamp Vendors' Welfare Fund Board" having perpetual succession and a common seal and shall by the said name, sue and be sued.

(3) The Board shall consist of seven official members representing the Government and three non-official members representing the beneficiaries of the Fund as may be nominated by the Government and as hereinafter provided, namely:—

(a) The Secretary to Government, Taxes Department—he shall be the Chairman of the Board;

(b) The Inspector General of Registration—he shall be the Vice-Chairman of the Board;

(c) The Joint Inspector General of Registration—he shall be the Secretary of the Board;

(d) An officer of the Finance Department not below the rank of Deputy Secretary nominated by the Government;

(e) An officer of the Labour Department not below the rank of Deputy Secretary nominated by the Government;

(f) An officer of the Taxes Department not below the rank of Deputy Secretary nominated by the Government;

(g) An officer of the Law Department not below the rank of Deputy Secretary nominated by the Government;

(h) Three non-official members representing the Document Writers, Scribes and Stamp Vendors nominated by the Government.

(4) The Board shall administer the Fund vested in it in such manner as may be specified in the Scheme.

(5) The Board may, with the previous approval of the Government, delegate to the Chairman or to the Secretary such of its powers and functions under this Ordinance or the Scheme as it may consider necessary, for the effective management of the Fund, subject to such restrictions and conditions, as it may deem fit.

10. *Meeting of the Board.*—(1) The Board shall meet at least once in three months to transact its business.

(2) Six members of the Board including at least four official members and two non-official members shall form the quorum for a meeting of the Board.

(3) The Chairman or in his absence the Vice-Chairman, or in the absence of the Chairman and the Vice-Chairman, a member elected from among the members present at the meeting shall preside over the meeting of the Board.

(4) Any matter coming up before a meeting of the Board shall be decided by a majority of the members present and voting at the meeting and in the case of equality of votes, the Chairman or the Vice-Chairman or the member who is presiding over the meeting, shall have right for a casting vote.

11. *Term of Office of members of the Board.*—(1) The non-official members appointed under sub-section (3) of section 9 shall hold office for a period of three years with effect from the date of publication of the notification in the Gazette, constituting the Board.

(2) Any non-official member may resign his membership by giving notice in writing to the Government, but shall continue to hold office until his resignation is accepted by the Government.

(3) The Government may at any time, for reasons to be recorded in writing, remove from office any official member, if the Government are of opinion that, it is not fair in public interest to allow such member to continue in office.

12. *Disqualification and removal of non-official members.*—(1) The Government may remove any non-official member of the Board from office,—

(a) if he is of unsound mind;

(b) if he is adjudged as insolvent;

(c) if he has, without the permission of the Board, been absent in three consecutive meetings of the Board; and

(d) if in the opinion of the Government, he is not suitable or has become incapable of acting as a member or has so abused his position as a member as to render his continuance as such member detrimental to public interest:

Provided that before removing a member under this sub-section, he shall be given a reasonable opportunity to show cause why he should not be removed.

(2) A non-official member of the Board removed under clause (c) of sub-section (1) shall be disqualified for re-appointment as a member of the Board for a period of three years from the date of his removal unless otherwise ordered by the Government.

(3) A non-official member of the Board removed under clause (d) of sub-section (1) shall not be eligible for reappointment until he is declared by an order of the Government to be no longer ineligible.

13. *Sitting fees, travelling allowance and daily allowance to members of the Board.*—The nominated members of the Board shall be eligible to get sitting fee, travelling allowance and daily allowance at such rate as may be prescribed.

14. *Appointment of Officers and Staff.*—(1) The Government may appoint such officers and staff as they may deem necessary, in such manner as may be prescribed, on deputation from the Registration Department for assisting the Secretary in performing the functions of the Board under this Ordinance.

(2) The Secretary of the Board shall be responsible for implementing the decisions of the Board.

15. *Power of the Board to borrow.*—The Board may, from time to time, with the previous approval of the Government and subject to such terms and conditions as may be specified by the Government, borrow money for the purposes of the Fund.

16. *Non-official Members of the Board to be public servants.*—Every non-official member of the Board shall be deemed to be a public servant within the meaning of section 21 of the Indian Penal Code (Central Act 45 of 1860).

17. *Protection of action taken in good faith.*—No suit or other legal proceedings shall lie against any member of the Board or any other person assisting the Board in the discharge of its functions and duties in respect of anything which is in good faith done or intended to be done under this Ordinance or under the Scheme.

18. *Directions by Government.*—The Government may, from time to time, give directions to the Board, and the Board is bound to implement them.

19. *Power to order enquiry.*—(1) The Government may, at any time, appoint an officer not below the rank of a Secretary to Government as enquiry officer to enquire into the working of the Board and to submit report to the Government.

(2) The Board shall give the enquiry officer so appointed, all facilities for the proper conduct of the enquiry and furnish to him such documents, accounts and informations in the possession of the Board as he may require.

20. *Audit of accounts of the Fund and appointment of auditors.*—(1) The Board shall appoint such auditors to audit the accounts of the Fund in such manner as may be prescribed.

(2) The accounts of the Fund shall be audited once in every year by such auditors.

21. *Annual report and audited statement of accounts.*—(1) The annual report of the Fund shall be prepared under the direction of the Board and after approval by the Board, a copy of the report together with audited statement of accounts shall be submitted to the Government before the end of July every year.

(2) The Government shall, as soon as the annual report is received, cause the same together with the audited statement of accounts to be laid before the Legislative Assembly.

22. *Bar on Jurisdiction of civil courts.*—No civil court shall have jurisdiction to settle, decide or deal with any question or to determine any matter which is by or under this Ordinance or the Scheme required to be settled, decided or dealt with or to be determined by the Government or the Board or the Secretary or any officer authorised by the Board.

23. *Power to summon witness and take evidence.*—The Board shall, for the purposes of enquiry under this Ordinance, have the same powers as are vested in a civil court while trying a suit under the Code of Civil Procedure, 1908 (Central Act 5 of 1908) in respect of the following matters, namely:—

(a) enforcing the attendance of any person or examining him on oath;

(b) requiring the discovery and the production of documents;

(c) receiving evidence on affidavit; and

(d) engaging Commission for the examination of witnesses.

24. *The Kerala Document Writers', Scribes' and Stamp Vendors' Welfare Fund Stamp.*— (1) The Board shall get printed at the Government Press stamps of the value of fifty rupees inscribed as "the Kerala Document Writers', Scribes' and Stamp Vendors' Welfare Fund Stamp", in such form and in such manner as may be prescribed.

(2) Every document prepared by a licensed document writer and presented in any of the Sub-Registrar Offices in the State to be registered in Book I, III or IV, as the case may be, shall be affixed with a stamp as specified in sub-section (1), in addition to the stamp duty chargeable under the Kerala Stamp Act, 1959 (Act 17 of 1959):

Provided that this sub-section shall not apply to any document prepared and presented for registration on behalf of the Central Government or the State Government or Local Self Government Institutions.

(3) Every stamp affixed as specified in sub-section (2) shall be cancelled in the manner provided for in section 12 of the Kerala Stamp Act, 1959 (Act 17 of 1959).

(4) The custody of the stamps printed under this section shall be with the Board and, the supply and sale of stamps shall be in such manner as may be prescribed.

25. *Payment of money in case of default or disqualification.*—(1) In case of cessation of membership due to default or disqualification, the member or his nominee may apply for the amount remitted as contribution in the manner stated in the Scheme.

(2) Any member whose membership has been ceased or his nominee shall not be eligible for any benefit from the Welfare Fund.

(3) The contribution if any remitted after the date of cessation of membership, shall be refunded in full without any interest thereon.

(4) Any amount that has been received wrongly by a member or person nominated by him, shall be recovered from such person by suitable legal proceedings.

26. *Contribution of the Government.*—(1) Ten per cent of the total amount contributed by the members during a financial year or the expenses to be incurred under the head of pay and allowances including bonus and encashment of leave but excluding travelling allowance of the staff, assigned for the administration of the Welfare Fund, whichever is less shall be given as Government contribution.

(2) At the end of every financial year, the Secretary shall calculate the expenses including bonus and encashment of leave but excluding travelling allowance of the staff, assigned for the administration of the Welfare Fund, under the head of account of pay and allowances and shall intimate the same to the Government.

(3) If the amount so calculated is found to be more than ten per cent of the yearly contribution of the members, the difference between this amount and ten per cent of the yearly contribution of the members, shall be withdrawn from the Welfare Fund and remitted to the relevant head of account fixed from time to time.

27. *Act of Board not to be invalid by defect etc.*— No act done or proceeding taken under this Ordinance or the rules made thereunder by the Board shall be invalid merely by reason of,—

(a) any vacancy or defect in the constitution of the Board; or

(b) any defect or irregularity in the nomination of any person as a member thereof; or

(c) any defect or irregularity in any act or proceeding of the Board.

28. *Removal of difficulties.*—(1) If any difficulty arises in giving effect to the provisions of this Ordinance, the Government may, by order published in the Gazette, make provisions which appear to them to be necessary and not inconsistent with the provisions of this Ordinance, for the purpose of removing the difficulty:

Provided that no such order shall be passed after the expiry of two years from the date of commencement of this Ordinance.

(2) The order issued under sub-section (1) shall be placed before the Legislative Assembly.

29. *Power to make rules.*—(1) The Government may, by notification in the Gazette, make rules either prospectively or retrospectively for the purpose of carrying into effect the provisions of this Ordinance.

(2) Every rule made under this Ordinance shall be laid, as soon as may be after it is made, before the Legislative Assembly while it is in session for a total period of fourteen days which may be comprised in one session or in two successive sessions, and if, before the expiry of the session in which it is so laid or the session immediately following, the Legislative Assembly makes any modification in the rule or decides that the rule should not be made, the rule shall thereafter have effect only in such modified form or be of no effect, as the case may be, so however that any such modification or annulment shall be without prejudice to the validity of anything previously done under that rule.

30. *Provision for the transfer of Fund from the Kerala Document Writers', Scribes' and Stamp Vendors' Welfare Fund Scheme, 1991.*—(1) Notwithstanding anything contained in any other law for the time being in force, on the date of coming into force of this Ordinance, all amounts standing in the credit of the Kerala Document Writers', Scribes' and Stamp Vendors' Welfare Fund Scheme, 1991 shall stand transferred to and credited to the Fund established under this Ordinance and the liability of a member to pay contribution to the Kerala Document Writers', Scribes' and Stamp Vendors' Welfare Fund Scheme, 1991 shall cease from such date.

(2) All claims in respect of such fund may be determined by the Board constituted under this Ordinance.

31. *Repeal and Saving.*—(1) The Kerala Document Writers', Scribes' and Stamp Vendors' Welfare Fund Ordinance, 2010 (50 of 2010) is hereby repealed.

(2) Notwithstanding such repeal, anything done or any action taken under the principal Act as amended by the said Ordinance shall be deemed to have been done or taken under the principal Act as amended by this Ordinance.

SCHEDULE

[*See* Section 3(2)]

MATTERS FOR WHICH PROVISION MAY BE MADE IN THE SCHEME

1. The manner in which the Fund is to be administered by the Board.

2. Registration of the members.

3. The manner in which the contribution and two per cent of the commission of stamp vendors shall be made to the Fund.

4. The manner in which the contribution from different sectors, two per cent of the commission of stamp vendors etc., may be recovered.

5. The constitution of any committee for assisting the Board.

6. Duties of the Secretary.

7. The manner in which accounts shall be maintained, the investment of money belonging to the Fund in accordance with any direction issued or conditions specified by the Government, the preparation of budget, the audit of accounts and the submission of reports to the Government.

8. The conditions under which withdrawal from the Fund may be permitted and any deduction or forfeiture may be made and the maximum amount of such deduction or forfeiture.

9. The form in which a member shall furnish particulars about himself and his family whenever required.

10. The nomination of a person to receive the benefits of a member from the Fund on his death and verification and cancellation of such nomination.

11. The registers and records to be maintained with respect to members.

12. The form of pass book, certificate and identity card and the procedure for their issue, custody and replacement.

13. The fees to be levied for any of the purposes specified in the Schedule.

14. The manner in which the amount transferred under section 30 is to be transferred and credited to the Fund.

15. The matters for which the Fund may be utilized for the welfare of the members or their dependants.

16. The procedure for defraying the expenditure to be incurred in the administration of the Fund.

17. The procedure for paying benefits, grants, advances etc., from the Fund.

18. Regulation of the rate of pension and the amount that may be given from the Fund to the members who discontinue employment on the basis of the completed years of service.

19. The manner and rate in which the contribution is to be refunded in the case of the members who have committed default.

20. Any other matter which is necessary or proper for implementing the Scheme.

R. S. GAVAI,

*GOVERNOR.*

Kerala Doc. Writers, Scribes & Stamp Vendors Welfare Fund Act 2012

©

Government of Kerala
കേരള സർക്കാർ
2013

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. രജി. നമ്പർ
KL/TV(N)/634/2012-14

# KERALA GAZETTE

# കേരള ഗസററ്

## EXTRAORDINARY

## അസാധാരണം

## PUBLISHED BY AUTHORITY

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | | |
|---|---|---|---|---|
| Vol. II<br>വാല്യം 2 | Thiruvananthapuram, Thursday<br>തിരുവനന്തപുരം, വ്യാഴം | 10th January 2013<br>2013 ജനുവരി 10<br>20th Pousha 1934<br>1934 പൌഷം 20 | No.<br>നമ്പർ | 94 |


## കേരള സർക്കാർ

നിയമ (നിയമനിർമ്മാണ-എ) വകുപ്പ്

### വിജ്ഞാപനം

നമ്പർ 15553/ലെഗ്. എ2/2010/നിയമം. *തിരുവനന്തപുരം, 2013 ജനുവരി 10 / 1934 പൌഷം 20.*

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2013 ജനുവരി 9-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സി. കെ. പത്മാകരൻ,

*നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി.*


PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2013.

33/194/2013/DTP.

## 2013-ലെ 7-ാം ആക്റ്റ്

# 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ആക്റ്റ്

കേരള സംസ്ഥാനത്തെ ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമത്തിനായും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ മറ്റു കാര്യങ്ങൾക്കുംവേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—കേരള സംസ്ഥാനത്തെ ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമത്തിനായും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ മറ്റു കാര്യങ്ങൾക്കുംവേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കുന്നത് യുക്തമായിരിക്കയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിമൂന്നാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2012 ജനുവരി 31-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) "ബോർഡ്" എന്നാൽ 9-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബോർഡ് എന്നർത്ഥമാകുന്നു ;

(ബി) "തൊഴിൽ അവസാനിപ്പിക്കൽ" എന്നാൽ തൊഴിൽ ചെയ്യുന്നതിന് ലഭിച്ചിട്ടുള്ള ലൈസൻസിന്റെ റദ്ദാക്കലിന്റെയോ തിരിച്ചേൽപ്പിക്കലിന്റെയോ പരിണത ഫലമായി ഒരു ലൈസൻസിയുടെ തൊഴിൽ അവസാനിപ്പിക്കൽ എന്നർത്ഥമാകുന്നു ;

(സി) "അംശദായം" എന്നാൽ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ക്ഷേമ നിധിയിലെ അംഗങ്ങളും 26-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം സർക്കാരും ക്ഷേമനിധിയിലേക്ക് നൽകേണ്ടതായ തുക എന്നർത്ഥമാകുന്നു ;

(ഡി) "ആശ്രിതൻ" എന്നാൽ ഭാര്യ അല്ലെങ്കിൽ ഭർത്താവ്, പ്രായപൂർത്തി യാകാത്ത ആൺമക്കൾ, അവിവാഹിതരോ വിധവകളോ വിവാഹമോചിതരോ ആയ പെൺമക്കൾ, മാനസികമായോ ശാരീരികമായോ അവശതയനുഭവിക്കുന്ന മക്കൾ, അംഗത്തെ മാത്രം ആശ്രയിച്ചു കഴിയുന്ന അച്ഛൻ, അമ്മ എന്നർത്ഥമാകുന്നു ;

(ഇ) "ആധാരമെഴുത്തുകാരൻ" എന്നാൽ 1960-ലെ ആധാരമെഴുത്തു കാരുടെ ലൈസൻസ് ചട്ടങ്ങൾ പ്രകാരം ഉടമസ്ഥാവകാശത്തെപ്പറ്റിയുള്ള അന്വേഷണം നടത്തുകയും ആധാരങ്ങളുടെ നക്കൽ തയ്യാറാക്കുകയും ആധാരം രജിസ്ട്രേഷനുവേണ്ടി മുദ്രപ്പത്രത്തിന്മേൽ എഴുതുകയും ഉൾപ്പെടെ, ആധാരങ്ങൾ തയ്യാറാക്കുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ലൈസൻസുള്ള ആൾ എന്നർത്ഥമാകുന്നു ;

(എഫ്) "നിധി" എന്നാൽ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി എന്നർത്ഥമാകുന്നു ;

(ജി) "സർക്കാർ"എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു ;

(എച്ച്) "രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ" എന്നാൽ കേരള സർക്കാരിന്റെ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ എന്നർത്ഥമാകുന്നു ;

(ഐ) "അംഗം" എന്നാൽ ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ക്ഷേമനിധിയിൽ അംഗമായി ചേർക്കപ്പെട്ടതോ 1991-ലെ കേരള ആധാരമെഴുത്തു കാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധിയിൽ ഒരു അംഗമായി തുടർന്നുപോരുകയോ ചെയ്യുന്ന ഒരു ആധാരമെഴുത്തുകാരനോ ഒരു പകർപ്പെഴുത്തുകാരനോ ഒരു സ്റ്റാമ്പ് വെണ്ടറോ എന്നർത്ഥമാകുന്നു ;

(ജെ) "വിജ്ഞാപനം". എന്നാൽ കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനം എന്നർത്ഥമാകുന്നു ;

(കെ) "നിർണ്ണയിക്കപ്പെട്ടത്" എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ പ്രകാരം നിർണ്ണയിക്കപ്പെട്ടത് എന്നർത്ഥമാകുന്നു ;

(എൽ) "രജിസ്റ്ററിംഗ് അധികാരസ്ഥാനം" എന്നാൽ ബന്ധപ്പെട്ട ജില്ലയിലെ ജില്ലാ രജിസ്ട്രാർ (ജനറൽ) എന്നർത്ഥമാകുന്നു ;

(എം) "പദ്ധതി" എന്നാൽ ഈ ആക്റ്റ് പ്രകാരം ആവിഷ്കരിക്കപ്പെട്ട കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി എന്നർത്ഥമാകുന്നു ;

(എൻ) "പകർപ്പെഴുത്തുകാരൻ" എന്നാൽ ആധാരങ്ങൾ തയ്യാറാക്കുന്നതിൽ ഒരു ആധാരമെഴുത്തുകാരനെ സഹായിക്കുകയും, 1960-ലെ കേരള ആധാരമെഴുത്തുകാരുടെ ലൈസൻസ് ചട്ടങ്ങളിലെ 3-ാം ചട്ടത്തിലെ (5)-ാം ഉപചട്ടത്തിൽ നിർവചിച്ചിട്ടുള്ളപ്രകാരം രജിസ്ട്രേഷനുവേണ്ടി ഹാജരാക്കുന്നതിനുള്ള ആധാരങ്ങൾ പകർത്തിയെഴുതുന്നതിനുള്ള സാധുവായ സ്ക്രൈബ് ലൈസൻസ് കൈവശമുള്ളതുമായ ഒരാൾ എന്നർത്ഥമാകുന്നു ;

(ഒ) "സെക്രട്ടറി" എന്നാൽ ഈ ആക്റ്റ് പ്രകാരം രൂപീകരിച്ചിട്ടുള്ള ബോർഡിന്റെ സെക്രട്ടറി എന്നർത്ഥമാകുന്നു ;

(പി) "സ്റ്റാമ്പ്" എന്നാൽ 24-ാം വകുപ്പ് പ്രകാരം അച്ചടിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്ന കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി സ്റ്റാമ്പ് എന്നർത്ഥമാകുന്നു ;

(ക്യൂ) "സ്റ്റാമ്പ് വെണ്ടർ" എന്നാൽ 1960-ലെ കേരള സ്റ്റാമ്പ് നിർമ്മാണവും വിൽപ്പനയും ചട്ടങ്ങളിലെ 35-ാം ചട്ടപ്രകാരം ഒരു ലൈസൻസ് ആർജ്ജിച്ചിട്ടുള്ളതും നോൺ ജുഡീഷ്യൽ സ്റ്റാമ്പുകളുടെയും മുദ്രപ്പത്രങ്ങളുടെയും വിൽപ്പനയുമായി ബന്ധപ്പെട്ട തൊഴിലിൽ സജീവമായി ഏർപ്പെട്ടിരിക്കുന്നതുമായ ഒരാൾ എന്നർത്ഥമാകുന്നു.

3. <u>കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി.</u>—(1) ഈ ആക്റ്റ് പ്രാബല്യത്തിൽ വന്നതിനുശേഷം കഴിയുന്നത്രവേഗം, സർക്കാർ, വിജ്ഞാപനംമൂലം, "കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി" എന്ന പേരിൽ ഒരു പദ്ധതി ആവിഷ്ക്കരിക്കേണ്ടതും പദ്ധതി ആവിഷ്ക്കരിച്ചശേഷം ഈ ആക്റ്റിലെയും പദ്ധതിയിലെയും വ്യവസ്ഥകളനുസരിച്ച്, "കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി" എന്ന പേരിൽ ഒരു നിധി രൂപീകരിക്കേണ്ടതുമാണ്.

(2) പദ്ധതിയിൽ, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ കാര്യങ്ങൾക്കു വേണ്ടി വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) നിധിയിൽ താഴെ പറയുന്നവ വരവ് വയ്ക്കേണ്ടതാണ്, അതായത്:—

(എ) 4-ഉം 26-ഉം വകുപ്പുകൾ പ്രകാരമുള്ള അംശദായങ്ങൾ ;

(ബി) 5-ാം വകുപ്പ് പ്രകാരം വസൂലാക്കിയ അപേക്ഷാഫീസ് ;

(സി) 15-ാം വകുപ്പ് പ്രകാരം കടം വാങ്ങുന്ന ഏതെങ്കിലും തുക ;

(ഡി) 24-ാം വകുപ്പുപ്രകാരം സ്റ്റാമ്പ് വിൽപ്പന നടത്തിയ വകയിൽ ശേഖരിക്കുന്ന എല്ലാ തുകകളും ;

(ഇ) ഏതെങ്കിലും അസോസിയേഷനോ സ്ഥാപനമോ മറ്റേതെങ്കിലും വ്യക്തിയോ നിധിയിലേക്ക് സ്വമേധയാ കൊടുത്തിട്ടുള്ള ഏതെങ്കിലും സംഭാവന ;

(എഫ്) നിധിയുടെ ഏതെങ്കിലും ഭാഗം നിക്ഷേപിച്ചതിന്മേലുള്ള ഏതെങ്കിലും ലാഭം, പലിശ, ലാഭവിഹിതം അല്ലെങ്കിൽ മറ്റ് ആദായം ;

(ജി) കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ മറ്റ് ഏതെങ്കിലും സ്ഥാപനമോ സംഘടനയോ നൽകിയേക്കാവുന്ന ഏതെങ്കിലും ഗ്രാന്റുകൾ, വായ്പകൾ അല്ലെങ്കിൽ മുൻകൂറുകൾ ;

(എച്ച്) സ്റ്റാമ്പ് വെണ്ടർമാർക്ക് കമ്മീഷനായി ലഭിക്കുന്ന തുകയുടെ രണ്ടു ശതമാനം ;

(ഐ) 30-ാം വകുപ്പ് പ്രകാരം കൈമാറ്റം ചെയ്യപ്പെടുന്ന തുകകൾ ;

(ജെ) പദ്ധതി പ്രകാരം ചുമത്തിയ ഏതെങ്കിലും ഫീസ് ;

(കെ) പദ്ധതിയിലെ വ്യവസ്ഥകൾപ്രകാരം നിധിയിലേക്ക് വരവ് കൊള്ളിക്കേണ്ട മറ്റേതെങ്കിലും തുക ;

(എൽ) നിധിയുടെ വിഭവശേഷി വർദ്ധിപ്പിക്കുന്നതിനായി മറ്റ് മാർഗ്ഗങ്ങളിൽ നിന്നും ബോർഡ് ശേഖരിച്ച ഏതെങ്കിലും തുക.

(4) നിധി ബോർഡിൽ നിക്ഷിപ്തമാകുന്നതും ബോർഡ് അതിന്റെ ഭരണം നിർവഹിക്കേണ്ടതുമാണ്.

(5) നിധി താഴെ പറയുന്ന എല്ലാമോ ഏതെങ്കിലുമോ ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്, അതായത് :—

(എ) തൊഴിൽ അവസാനിപ്പിച്ചതോ അല്ലെങ്കിൽ അനാരോഗ്യം കാരണം ജോലിയിൽ തുടരാൻ സാധിക്കാത്തതോ, ആയതും അഞ്ചുവർഷത്തിൽ കുറയാതെ അംശദായം അടച്ചിട്ടുള്ളതുമായ അംഗമായിരുന്ന ഒരാൾക്ക് അയാൾ അംശദായം അടച്ച വർഷങ്ങളുടെ എണ്ണം അടിസ്ഥാനപ്പെടുത്തി പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള നിരക്കുകളിൽ നിശ്ചിതതുകയും പെൻഷനും നൽകുന്നതിന്.

വിശദീകരണം 1.—അനാരോഗ്യം കാരണം ജോലിയിൽ തുടരാൻ സാധിക്കാത്ത ഒരു അംഗത്തിന്റെ പെൻഷൻ ആനുകൂല്യത്തിനുള്ള അർഹത സംബന്ധിച്ച് തീരുമാനമെടുക്കാൻ ബോർഡിന് അധികാരമുണ്ടായിരിക്കുന്നതാണ്.

വിശദീകരണം 2.—ഈ ആക്റ്റിന്റെ പ്രാരംഭത്തിനു മുമ്പ് അറുപത്തിയഞ്ച് വയസ്സ് പൂർത്തിയായിട്ടുള്ളതും ഇരുപത്തിയഞ്ച് വർഷം ആധാരമെഴുത്തുകാരനോ പകർപ്പെഴുത്തുകാരനോ സ്റ്റാമ്പ് വെണ്ടറോ ആയിരുന്നതുമായ ആളിന് ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം അംഗമായി ഒരു വർഷക്കാലം അംശദായം അടച്ചാൽ പ്രത്യേക പെൻഷന് അർഹത നേടാവുന്നതാണ്.

(ബി) പത്തുവർഷത്തിൽ കുറയാതെ അംശദായം അടച്ചിട്ടുള്ള അംഗം മരിച്ചു പോയാൽ കുടുംബപെൻഷൻ നൽകുന്നതിന് ;

(സി) അസുഖം അല്ലെങ്കിൽ അപകടംമൂലം ഒരംഗം മരണപ്പെട്ടാൽ സാമ്പത്തിക സഹായം നൽകുന്നതിന് ;

(ഡി) സ്ഥിരമായ ശാരീരിക അവശതമൂലം ജോലി ചെയ്യാൻ കഴിയാതിരിക്കുകയോ ക്ഷേമനിധിയിൽ അംഗത്വം അവസാനിക്കുകയോ ചെയ്യുന്ന അംഗങ്ങൾക്ക് അവർ അടച്ച അംശദായ തുക പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെടാവുന്ന പ്രകാരമുള്ള പലിശ സഹിതം തിരിച്ചുനൽകുന്നതിന് ;

(ഇ) ഗുരുതരമായ രോഗം ബാധിച്ചിട്ടുള്ള അംഗങ്ങളുടെ വൈദ്യ ശുശ്രൂഷയ്ക്കുള്ള ചെലവിനായി സാമ്പത്തിക സഹായം നൽകുന്നതിന് ;

(എഫ്) അംഗങ്ങളുടെയും അംഗങ്ങളുടെ പെൺമക്കളുടെയും വിവാഹ ആവശ്യത്തിനും വനിതാ അംഗങ്ങൾക്ക് പ്രസവ ആവശ്യത്തിനും സാമ്പത്തിക സഹായം നൽകുന്നതിന് ;

(ജി) അംഗങ്ങൾക്ക് അവരുടെ തൊഴിൽ സംബന്ധമായ ആവശ്യത്തിനോ, താമസിക്കുന്നതിനായി വീട് നിർമ്മിക്കുന്നതിനോ വീടിന്റെ അറ്റകുറ്റപ്പണികൾക്കോ വീട് പുതുക്കുന്നതിനോ വീട് നിർമ്മിക്കുന്നതിനായി സ്ഥലം വാങ്ങുന്നതിനോ വീടും സ്ഥലവും കൂടി വാങ്ങുന്നതിനോ അംഗങ്ങളുടെ മക്കൾക്ക് ഉന്നതവിദ്യാഭ്യാസം ഉൾപ്പെടെയുള്ള വിദ്യാഭ്യാസത്തിന് സാമ്പത്തിക സഹായമോ വായ്പകളോ മുൻകൂറുകളോ നൽകുന്നതിന് ;

(എച്ച്) ശാരീരിക അവശത അനുഭവിക്കുന്ന അംഗങ്ങൾക്ക് പ്രത്യേക ആശ്വാസം നൽകുന്നതിന്;

(ഐ) പദ്ധതിയിൽ വിനിർദ്ദേശിച്ചിട്ടുള്ള മറ്റേതെങ്കിലും ആവശ്യത്തിന് ;

(ജെ) ബോർഡിന്റെ ദൈനംദിന ഭരണ ചെലവുകൾക്ക്.

വിശദീകരണം:—ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കായി 1991-ലെ കേരള ആധാര മെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതിയിൽ അംഗമായിരുന്ന ഒരാൾ പ്രസ്തുത ക്ഷേമനിധിയിലേക്ക് അയാൾ അടച്ചിട്ടുള്ള അംശദായവും അംശദായം അടച്ച വർഷങ്ങളുടെ എണ്ണവും കൂടി കണക്കിലെടുക്കേണ്ടതാണ്.

(6) (1)-ാം ഉപവകുപ്പ് പ്രകാരം ആവിഷ്കരിക്കപ്പെട്ട പദ്ധതി, അത് ആവിഷ്കരിച്ചതിനുശേഷം കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുൻപാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ അതോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ്, നിയമസഭ പ്രസ്തുത പദ്ധതിയിൽ ഏതെങ്കിലും രൂപഭേദപ്പെടുത്തലുകൾ വരുത്തുകയോ അല്ലെങ്കിൽ ആ പദ്ധതി ഉണ്ടാകേണ്ടതില്ലെന്നു തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ആ പദ്ധതിക്ക് അതിനുശേഷം, അതതു സംഗതി പോലെ അപ്രകാരം രൂപഭേദപ്പെടുത്തൽ വരുത്തിയ പ്രകാരം മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും; എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ പദ്ധതി പ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

4. നിധിയിലേക്കുള്ള അംശദായം.—(1) ഒരു അംഗമായിത്തീരാൻ അർഹതയുള്ള ഓരോ ആധാരമെഴുത്തുകാരനും പകർപ്പെഴുത്തുകാരനും സ്റ്റാമ്പ് വെണ്ടറും പ്രതിമാസം നൂറു രൂപ നിധിയിലേക്ക് അംശദായമായി നൽകേണ്ടതാണ്.

(2) സർക്കാരിന്, വിജ്ഞാപനം വഴി, (1)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന അംശദായ നിരക്ക്, പദ്ധതിയുടെ നടത്തിപ്പിനുവേണ്ടി ആവശ്യമായ തുക

കണക്കിലെടുത്ത് അതത് സമയം പരമാവധി അഞ്ഞൂറ് രൂപ വരെ എന്ന പരിധിയിന്മേൽ പരിഷ്കരിക്കാവുന്നതാണ്.

(3) പദ്ധതിയിൽ വിനിർദ്ദേശിച്ചേക്കാവുന്ന രീതിയിൽ അംശദായം സെക്രട്ടറിയുടെ പേർക്ക് അല്ലെങ്കിൽ ഈ ആവശ്യത്തിലേക്കായി അധികാരപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥന്റെ പേർക്ക് നൽകേണ്ടതാണ്.

5. നിധിയിലെ അംഗത്വം.—(1) 1960-ലെ കേരള ആധാരമെഴുത്തുകാരുടെ ലൈസൻസ് ചട്ടങ്ങൾ പ്രകാരമുള്ള ഒരു ആധാരമെഴുത്തുകാരന്റെയോ അല്ലെങ്കിൽ ഒരു പകർപ്പെഴുത്തുകാരന്റെയോ സാധുവായ ലൈസൻസോ അല്ലെങ്കിൽ 1960-ലെ കേരള സ്റ്റാമ്പ് നിർമ്മാണവും വിൽപ്പനയും ചട്ടങ്ങൾ പ്രകാരമുള്ള ഒരു സ്റ്റാമ്പ് വെണ്ടറുടെ സാധുവായ ലൈസൻസോ, അതതുസംഗതിപോലെ, കൈവശമുള്ളതും അപേക്ഷാതീയതിയിൽ 65 വയസ്സിനുതാഴെ പ്രായമുള്ളതുമായ ഏതൊരാൾക്കും നിധിയിൽ അംഗമായി പ്രവേശിക്കുന്നതിന് പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും രീതിയിലും ബോർഡിലേക്ക് അപേക്ഷിക്കാവുന്നതാണ് :

എന്നാൽ, 1991-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി പ്രകാരമുള്ള ഫണ്ട് 30-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നിധിയിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെടുന്നപക്ഷം അങ്ങനെ കൈമാറ്റം ചെയ്യപ്പെടുന്ന തീയതി മുതൽ പ്രസ്തുത പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവർ നിധിയിലെ അംഗങ്ങളായി കരുതപ്പെടേണ്ടതാണ്:

എന്നു മാത്രമല്ല, കേന്ദ്ര സർക്കാർ സർവ്വീസിൽ നിന്നോ ഏതെങ്കിലും സംസ്ഥാന സർക്കാർ സർവ്വീസിൽ നിന്നോ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിൽ നിന്നോ തദ്ദേശാധികാരസ്ഥാപനത്തിൽ നിന്നോ വിരമിക്കൽ ആനുകൂല്യങ്ങളോടെ വിരമിച്ച ശേഷം ഒരു ആധാരമെഴുത്തുകാരനായോ പകർപ്പെഴുത്തുകാരനായോ സ്റ്റാമ്പ് വെണ്ടറായോ ജോലി നോക്കുന്ന യാതൊരാൾക്കും നിധിയിൽ അംഗത്വമെടുക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു അപേക്ഷയിന്മേൽ ബോർഡിന്, അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള അന്വേഷണം നടത്താവുന്നതും അപേക്ഷകനെ നിധിയിൽ ചേർക്കുകയോ അല്ലെങ്കിൽ എഴുതി രേഖപ്പെടുത്തിയ കാരണങ്ങളാൽ അയാളുടെ അപേക്ഷ നിരസിക്കുകയോ ചെയ്യാവുന്നതുമാണ് :

എന്നാൽ, അപേക്ഷ നിരസിച്ചുകൊണ്ടുള്ള യാതൊരു ഉത്തരവും അപേക്ഷകന് പറയാനുള്ളത് പറയുവാൻ ഒരു അവസരം നൽകാതെ പാസ്സാക്കാൻ പാടുള്ളതല്ല :

എന്നുമാത്രമല്ല, അംഗത്വത്തിനുള്ള ഏതെങ്കിലും അപേക്ഷ നിരസിക്കുന്നപക്ഷം അതുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെടാവുന്ന കാലയളവിനുള്ളിൽ സർക്കാരിന് അപ്പീൽ നൽകാവുന്നതാണ്.

(3) ഓരോ അപേക്ഷകനും അപേക്ഷാഫീസായി നൂറ് രൂപ പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ അപേക്ഷയോടൊപ്പം നൽകേണ്ടതാണ്.

(4) നിധിയിലെ ഒരു അംഗം, 65 വയസ്സ് പൂർത്തിയാകുമ്പോഴോ 25 വർഷത്തെ അംഗത്വത്തിനുശേഷം തന്റെ ലൈസൻസ് തിരിച്ചേൽപ്പിക്കുകയും സ്വമേധയാ പെൻഷന് അപേക്ഷിക്കുകയും ചെയ്യുമ്പോഴോ നിധിയിൽ അംഗമല്ലാതായിത്തീരുന്നതാണ്.

(5) നിധിയിൽ അംഗമായി ചേർന്ന ഓരോ അംഗത്തിനും ഒരു അംഗത്വ സർട്ടിഫിക്കറ്റും അംശദായത്തിന്റെ നിരക്ക്, രജിസ്റ്ററിൽ പേര് ചേർത്തതിന്റെ വിശദാംശങ്ങൾ, ജനനത്തീയതി, അംശദായം നൽകുന്നതിനുള്ള നിശ്ചിത തീയതി മുതലായവ രേഖപ്പെടുത്തിയ ഒരു പാസ്സ് ബുക്കും രജിസ്റ്ററിംഗ് അധികാരസ്ഥാനം നൽകേണ്ടതാണ്. രജിസ്റ്ററിംഗ് അധികാരസ്ഥാനം അതിന്റെ അധികാര പരിധിക്കുള്ളിൽ വരുന്ന അംഗങ്ങളുടെ ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതും സംസ്ഥാന തലത്തിൽ, നിധിയിൽ അംഗമായി ചേർന്നിട്ടുള്ള അംഗങ്ങളുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ കാണിക്കുന്ന ഒരു രജിസ്റ്റർ ബോർഡിന്റെ സെക്രട്ടറി സൂക്ഷിക്കേണ്ടതുമാണ്.

6. അംഗത്വം റദ്ദാക്കൽ.—(1) ഒരു അംഗം ഏതെങ്കിലും തരത്തിലുള്ള കൃത്രിമം കാട്ടിയതായോ അംഗത്വത്തിനുള്ള നിബന്ധനകളുമായി ബന്ധപ്പെട്ടോ പദ്ധതിപ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായോ വ്യാജമായ വിവരം എപ്പോഴെങ്കിലും നൽകിയിട്ടുണ്ടെന്നോ കണ്ടെത്തുകയാണെങ്കിൽ, രജിസ്റ്ററിംഗ് അധികാരസ്ഥാനം അങ്ങനെയുള്ള അംഗത്തിന്റെ അംഗത്വം റദ്ദാക്കേണ്ടതാകുന്നു :

എന്നാൽ, അംഗത്വം റദ്ദാക്കിക്കൊണ്ടുള്ള യാതൊരു ഉത്തരവും അപേക്ഷകന് പറയാനുള്ളത് പറയുവാൻ ഒരു അവസരം നൽകാതെ പാസ്സാക്കാൻ പാടുള്ളതല്ല.

(2) ഒരു അംഗം ആറുമാസക്കാലം തുടർച്ചയായി അംശദായം അടയ്ക്കാൻ വീഴ്ച വരുത്തുകയാണെങ്കിൽ നിധിയിലെ അയാളുടെ അംഗത്വം സ്വയമേവ അവസാനിക്കുന്നതാണ്.

(3) ഒരംഗം ആധാരമെഴുത്തുകാരൻ അഥവാ പകർപ്പെഴുത്തുകാരൻ അഥവാ സ്റ്റാമ്പ് വെണ്ടർ ആയി, അതതുസംഗതിപോലെ, പ്രവർത്തിക്കുന്നില്ലായെന്ന് രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന് അഭിപ്രായമുള്ളപക്ഷം, നിധിയിലെ അയാളുടെ അംഗത്വം റദ്ദാക്കേണ്ടതാണ്. അങ്ങനെയുള്ള സംഗതികളിൽ അംഗത്വം റദ്ദാക്കൽ തീയതി രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന് നിശ്ചയിക്കാവുന്നതും അംഗങ്ങളെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

(4) രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെ ഉത്തരവുകൾക്കെതിരെയുള്ള അപ്പീൽ പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള കാലയളവിനുള്ളിൽ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ മുമ്പാകെ ഫയൽ ചെയ്യേണ്ടതാണ്.

(5) രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന് ഒരു കത്ത് സമർപ്പിച്ചുകൊണ്ട് ഒരംഗത്തിന് നിധിയിൽ നിന്നും സ്വയമേവ പിരിഞ്ഞുപോകാവുന്നതാണ്. അങ്ങനെയുള്ള സംഗതിയിൽ, പിരിഞ്ഞുപോകൽ തീയതി അംഗം തന്റെ കത്ത് നൽകിയ തീയതി ആയിരിക്കേണ്ടതാണ്.

7. അംഗത്വം പുനരുജ്ജീവിപ്പിക്കൽ.—6-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം അംഗത്വം അവസാനിപ്പിക്കപ്പെട്ട ഒരു അംഗത്തിന് അപ്രകാരം അംഗത്വം

അവസാനിപ്പിക്കപ്പെട്ട തീയതി മുതൽ ആറുമാസത്തിനകം പന്ത്രണ്ട് ശതമാനം വാർഷിക പലിശയോടുകൂടി കുടിശ്ശിക അടച്ചാൽ അംഗത്വം പുനരുജ്ജീവിപ്പിച്ചു നൽകാവുന്നതാണ്.

8. പദ്ധതി ഭേദഗതി ചെയ്യൽ.—(1) സർക്കാരിന്, വിജ്ഞാപനംവഴി, ഈ ആക്റ്റ് പ്രകാരം ആവിഷ്കരിക്കപ്പെട്ട പദ്ധതിയിൽ മുൻകാല പ്രാബല്യത്തോടു കൂടിയോ പിൽക്കാല പ്രാബല്യത്തോടുകൂടിയോ ഭേദഗതി വരുത്താവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഓരോ വിജ്ഞാപനവും അത് പുറപ്പെടുവിച്ചശേഷം കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ, ഒരു സമ്മേളനത്തിലോ, തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത്, ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ, ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ്, നിയമസഭ, പ്രസ്തുത വിജ്ഞാപനത്തിൽ ഏതെങ്കിലും രൂപഭേദപ്പെടുത്തലുകൾ വരുത്തുകയോ അല്ലെങ്കിൽ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, വിജ്ഞാപനത്തിന് അതിനുശേഷം, അതതു സംഗതിപോലെ, അപ്രകാരം രൂപഭേദപ്പെടുത്തൽ വരുത്തിയപ്രകാരം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതും, എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ വിജ്ഞാപനപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

9. ബോർഡിന്റെ രൂപീകരണം.—(1) സർക്കാരിന്, വിജ്ഞാപനംവഴി അതിൽ വിനിർദ്ദേശിക്കപ്പെടുന്ന തീയതി മുതൽ പ്രാബല്യത്തോടുകൂടി, നിധിയുടെ ഭരണ നിർവ്വഹണത്തിനും നടത്തിപ്പിനും ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും നടപ്പിലാക്കുന്നതിനുംവേണ്ടി "കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബോർഡ്" എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കാവുന്നതാണ്.

(2) ബോർഡ് ശാശ്വതമായ പിന്തുടർച്ചാവകാശത്തോടും പൊതു മുദ്രയോടുംകൂടി കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബോർഡ് എന്ന പേരിലുള്ള ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാണ്.

(3) ബോർഡിൽ ഇതിനുശേഷം വ്യവസ്ഥ ചെയ്യുന്ന പ്രകാരം സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന സർക്കാരിനെ പ്രതിനിധാനം ചെയ്യുന്ന ഏഴ് ഔദ്യോഗിക അംഗങ്ങളും നിധിയുടെ ഗുണഭോക്താക്കളെ പ്രതിനിധാനം ചെയ്യുന്ന അഞ്ച് അനൗദ്യോഗിക അംഗങ്ങളും ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) ഗവൺമെന്റ് സെക്രട്ടറി, നികുതിവകുപ്പ്—അദ്ദേഹം ബോർഡിന്റെ ചെയർമാനായിരിക്കുന്നതാണ്;

(ബി) ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ—അദ്ദേഹം ബോർഡിന്റെ വൈസ് ചെയർമാനായിരിക്കുന്നതാണ്;

(സി) ജോയിന്റ് ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ - അദ്ദേഹം ബോർഡിന്റെ സെക്രട്ടറിയായിരിക്കുന്നതാണ് ;

(ഡി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഡെപ്യൂട്ടി സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ധനകാര്യവകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ ;

(ഇ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഡെപ്യൂട്ടി സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത തൊഴിൽ വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ ;

(എഫ്) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഡെപ്യൂട്ടി സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത നികുതി വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ ;

(ജി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഡെപ്യൂട്ടി സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത നിയമ വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ ;

(എച്ച്) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ആധാരമെഴുത്തുകാരെയും പകർപ്പെഴുത്തുകാരെയും സ്റ്റാമ്പ് വെണ്ടർമാരെയും പ്രതിനിധാനം ചെയ്യുന്ന അഞ്ച് അനൗദ്യോഗിക അംഗങ്ങൾ ; അവരിൽ ഒരാൾ വനിതയായിരിക്കുന്നതാണ്.

(4) പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെടുന്ന രീതിയിൽ ബോർഡ് അതിൽ നിക്ഷിപ്തമായിരിക്കുന്ന നിധിയുടെ ഭരണനിർവ്വഹണം നടത്തേണ്ടതാണ്.

(5) ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള നിയന്ത്രണങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി നിധിയുടെ കാര്യക്ഷമമായ നടത്തിപ്പിന്, അത് ആവശ്യമെന്നു കരുതുന്ന, ഈ ആക്റ്റോ പദ്ധതിയോ പ്രകാരമുള്ള അതിന്റെ അങ്ങനെയുള്ള അധികാരങ്ങളും ചുമതലകളും ചെയർമാനോ സെക്രട്ടറിക്കോ ഏൽപിച്ചുകൊടുക്കാവുന്നതാണ്.

10. ബോർഡിന്റെ യോഗം.—(1) ബോർഡ്, അതിന്റെ ബിസിനസ്സ് നടത്തിപ്പിനായി കുറഞ്ഞത് മൂന്നു മാസത്തിൽ ഒരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്.

(2) ബോർഡിന്റെ ഒരു യോഗത്തിനുവേണ്ടിയുള്ള കോറം കുറഞ്ഞത് നാല് ഔദ്യോഗിക അംഗങ്ങളും രണ്ട് അനൗദ്യോഗിക അംഗങ്ങളും ഉൾപ്പെടെ ബോർഡിലെ ആറ് അംഗങ്ങളായിരിക്കേണ്ടതാണ്.

(3) ചെയർമാനോ അദ്ദേഹത്തിന്റെ അഭാവത്തിൽ വൈസ് ചെയർമാനോ, ചെയർമാന്റെയും വൈസ് ചെയർമാന്റെയും അഭാവത്തിൽ യോഗത്തിൽ ഹാജരായിട്ടുള്ള അംഗങ്ങളിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരു ബോർഡ് അംഗമോ ബോർഡ് യോഗത്തിന്റെ അദ്ധ്യക്ഷത വഹിക്കേണ്ടതാണ്.

(4) ബോർഡിന്റെ ഒരു യോഗത്തിനുമുമ്പാകെ വരുന്ന ഏതൊരു സംഗതിയും യോഗത്തിൽ ഹാജരായിട്ടുള്ള ബോർഡ് അംഗങ്ങളുടെ ഭൂരിപക്ഷ വോട്ടിലൂടെ തീരുമാനിക്കപ്പെടേണ്ടതും തുല്യവോട്ടുകളുടെ സംഗതിയിൽ, യോഗത്തിൽ അദ്ധ്യക്ഷം വഹിക്കുന്ന ചെയർമാന് അല്ലെങ്കിൽ വൈസ് ചെയർമാന് അല്ലെങ്കിൽ ബോർഡ് അംഗത്തിന് ഒരു കാസ്റ്റിംഗ് വോട്ടവകാശം ഉണ്ടായിരിക്കുന്നതാണ്.

11. ബോർഡ് അംഗങ്ങളുടെ ഔദ്യോഗിക കാലാവധി.—(1) 9-ാം വകുപ്പ് (3)-ാം ഉപവകുപ്പുപ്രകാരം നിയമിക്കപ്പെട്ട അനൗദ്യോഗിക അംഗങ്ങൾ ബോർഡ് രൂപീകരിച്ചു കൊണ്ടുള്ള വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ മൂന്നു വർഷ കാലത്തേക്ക് ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതാണ്.

(2) ഏതൊരു അനൗദ്യോഗിക അംഗത്തിനും സർക്കാരിന് ലിഖിതമായ നോട്ടീസ് നൽകിക്കൊണ്ട് തന്റെ അംഗത്വം രാജിവയ്ക്കാവുന്നതും, എന്നാൽ, സർക്കാർ രാജി സ്വീകരിക്കുന്നതുവരെ അദ്ദേഹം ഔദ്യോഗികസ്ഥാനത്തു തുടരേണ്ടതുമാണ്.

(3) പൊതുതാൽപ്പര്യാർത്ഥം, ഏതെങ്കിലും ഔദ്യോഗിക അംഗം പ്രസ്തുത സ്ഥാനത്തിൽ തുടരുന്നത് അനുചിതമെന്ന് സർക്കാരിന് അഭിപ്രായമുള്ളപക്ഷം കാരണങ്ങൾ രേഖപ്പെടുത്തിക്കൊണ്ട് ഏതു സമയത്തും സർക്കാരിന് അങ്ങനെയുള്ള അംഗത്തെ ഔദ്യോഗിക സ്ഥാനത്തുനിന്നും നീക്കംചെയ്യാവുന്നതാണ്.

12. അനൗദ്യോഗിക അംഗങ്ങളുടെ അയോഗ്യതയും നീക്കം ചെയ്യലും.—(1) സർക്കാരിന് ബോർഡിലെ ഏതൊരു അനൗദ്യോഗിക അംഗത്തെയും,—

(എ) അദ്ദേഹത്തിന് ബുദ്ധിസ്ഥിരതയില്ലെങ്കിൽ;

(ബി) അദ്ദേഹം അവിമുക്തനിർദ്ധനനായി വിധിക്കപ്പെട്ടാൽ;

(സി) അദ്ദേഹം ബോർഡിന്റെ അനുവാദം കൂടാതെ തുടർച്ചയായി മൂന്ന് യോഗങ്ങളിൽ ഹാജരാകാതിരിക്കുകയാണെങ്കിൽ ;

(ഡി) അദ്ദേഹം ബോർഡിലെ ഒരംഗമായി പ്രവർത്തിക്കുന്നതിന് യോഗ്യനല്ലെന്നോ കഴിവില്ലാത്തവനായിത്തീർന്നുവെന്നോ, ബോർഡിലെ അംഗമായി അദ്ദേഹം തുടരുന്നത് പൊതുതാൽപ്പര്യത്തിന് ഹാനികരമായിത്തീരത്തക്കവിധം തന്റെ പദവി ദുരുപയോഗപ്പെടുത്തിയിട്ടുണ്ടെന്നോ സർക്കാരിന് അഭിപ്രായമുള്ളപക്ഷം;

ഔദ്യോഗിക സ്ഥാനത്തുനിന്നും നീക്കം ചെയ്യാവുന്നതാണ്:

എന്നാൽ, ഈ ഉപവകുപ്പുപ്രകാരം ബോർഡിലെ ഒരു അംഗത്തെ നീക്കംചെയ്യുന്നതിനുമുമ്പായി അദ്ദേഹത്തെ നീക്കം ചെയ്യാതിരിക്കാനുള്ള കാരണം കാണിക്കുന്നതിന് അദ്ദേഹത്തിന് ന്യായമായ ഒരവസരം നൽകേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് (സി) ഖണ്ഡപ്രകാരം ബോർഡിൽ നിന്നും നീക്കം ചെയ്യപ്പെട്ട ഒരു അനൗദ്യോഗിക അംഗം സർക്കാർ മറ്റു വിധത്തിൽ ഉത്തരവാകാത്ത പക്ഷം അദ്ദേഹത്തെ നീക്കംചെയ്ത തീയതി മുതൽ മൂന്നുവർഷക്കാലത്തേക്ക് ബോർഡിലെ ഒരംഗമായി വീണ്ടും നാമനിർദ്ദേശം ചെയ്യപ്പെടുന്നതിന് യോഗ്യനായിരിക്കുന്നതല്ല.

(3) (1)-ാം ഉപവകുപ്പ് (ഡി) ഖണ്ഡപ്രകാരം നീക്കംചെയ്യപ്പെട്ട ബോർഡിലെ ഒരു അനൗദ്യോഗിക അംഗം, സർക്കാർ, ഒരു ഉത്തരവുമൂലം മേലിൽ അദ്ദേഹം അയോഗ്യനല്ലെന്ന് പ്രഖ്യാപിക്കുന്നതുവരെ വീണ്ടും നാമനിർദ്ദേശം ചെയ്യപ്പെടുന്നതിന് അർഹനായിരിക്കുന്നതല്ല.

13. ബോർഡിലെ അംഗങ്ങൾക്കുള്ള സിറ്റിംഗ് ഫീസും യാത്രാബത്തയും ദിനബത്തയും.—ബോർഡിലെ അനൗദ്യോഗിക അംഗങ്ങൾക്കുള്ള സിറ്റിംഗ് ഫീസും എല്ലാ അംഗങ്ങൾക്കുള്ള യാത്രാബത്തയും ദിനബത്തയും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള നിരക്കിൽ ആയിരിക്കേണ്ടതാണ്.

14. ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനം.—(1) സർക്കാരിന്, ഈ ആക്റ്റ് പ്രകാരമുള്ള ബോർഡിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് സെക്രട്ടറിയെ സഹായിക്കുന്നതിന് ആവശ്യമെന്ന് കരുതുന്നത്ര ഉദ്യോഗസ്ഥന്മാരെയും ജീവനക്കാരെയും നിർണ്ണയിക്കപ്പെടാവുന്നപ്രകാരം രജിസ്ട്രേഷൻ വകുപ്പിൽനിന്നും ഡെപ്യൂട്ടേഷനിൽ നിയമിക്കാവുന്നതാണ്.

(2) ബോർഡിന്റെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി ബോർഡിന്റെ സെക്രട്ടറി ഉത്തരവാദപ്പെട്ടിരിക്കുന്നതാണ്.

15. കടം വാങ്ങുന്നതിനുള്ള ബോർഡിന്റെ അധികാരം.— ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടെ സർക്കാർ വിനിർദ്ദേശിക്കുന്ന പ്രകാരമുള്ള നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി നിധിയുടെ ആവശ്യങ്ങൾക്കുവേണ്ടി, അതത് സമയം, പണം കടം വാങ്ങാവുന്നതാണ്.

16. ബോർഡിലെ അനൗദ്യോഗിക അംഗങ്ങൾ പബ്ലിക് സർവന്റുമാർ ആയിരിക്കുമെന്ന്.—ബോർഡിലെ ഓരോ അനൗദ്യോഗിക അംഗവും ഇന്ത്യൻ ശിക്ഷാ നിയമസംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന ഒരു പബ്ലിക് സർവന്റായി കരുതപ്പെടേണ്ടതാണ്.

17. ഉത്തമവിശ്വാസപൂർവ്വം ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം.—ഈ ആക്റ്റ് പ്രകാരമോ പദ്ധതിപ്രകാരമോ ഉള്ള കർത്തവ്യങ്ങളും ചുമതലകളും നിറവേറ്റുന്നതിനായി ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് ബോർഡിലെ ഒരംഗത്തിനോ ബോർഡിനെ സഹായിക്കുന്ന മറ്റേതെങ്കിലും ആളിനോ എതിരായി യാതൊരു വ്യവഹാരമോ മറ്റു നിയമനടപടിയോ നിലനിൽക്കുന്നതല്ല.

18. സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ.—സർക്കാരിന്, അതത് സമയം, ബോർഡിന് നിർദ്ദേശങ്ങൾ നൽകാവുന്നതും ആയത് നടപ്പിലാക്കുവാൻ ബോർഡ് ബാദ്ധ്യസ്ഥമായിരിക്കുന്നതുമാണ്.

19. അന്വേഷണത്തിനുവേണ്ടി ഉത്തരവ് പുറപ്പെടുവിക്കാനുള്ള അധികാരം. (1) സർക്കാരിന്, ഏതു സമയത്തും, ബോർഡിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷിക്കുകയും സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുന്നതിനായി സർക്കാരിന്റെ ഒരു സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഏതെങ്കിലും ഉദ്യോഗസ്ഥനെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിക്കാവുന്നതാണ്.

(2) അപ്രകാരം നിയമിക്കപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥന്, അന്വേഷണം ശരിയായ രീതിയിൽ നടത്തുന്നതിനുവേണ്ട എല്ലാ സൗകര്യങ്ങളും ബോർഡ് ഏർപ്പെടുത്തി കൊടുക്കേണ്ടതും, അദ്ദേഹം ആവശ്യപ്പെടുന്ന ബോർഡിന്റെ കൈവശമുള്ള രേഖകളും കണക്കുകളും വിവരങ്ങളും നൽകുകയും ചെയ്യേണ്ടതുമാണ്.

20. നിധിയുടെ കണക്കുകളുടെ ആഡിറ്റും ആഡിറ്റർമാരുടെ നിയമനവും.—(1) നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ നിധിയുടെ കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിനായി ബോർഡ് അങ്ങനെയുള്ള ആഡിറ്റർമാരെ നിയമിക്കേണ്ടതാണ്.

(2) അങ്ങനെയുള്ള ആഡിറ്റർമാർ നിധിയുടെ കണക്കുകൾ ഓരോ വർഷത്തിലും ഒരിക്കൽ ആഡിറ്റ് ചെയ്യേണ്ടതാണ്.

21. വാർഷിക റിപ്പോർട്ടും കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റും.—(1) നിധിയുടെ വാർഷിക റിപ്പോർട്ട് ബോർഡിന്റെ നിർദ്ദേശപ്രകാരം തയ്യാറാക്കേണ്ടതും ബോർഡിന്റെ അംഗീകാരത്തിനുശേഷം റിപ്പോർട്ടിന്റെ ഒരു പകർപ്പ്, കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റ് സഹിതം ഓരോ വർഷവും ജൂലൈ 31-നു മുമ്പ് സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

(2) വാർഷിക റിപ്പോർട്ട് ലഭിച്ചാലുടൻതന്നെ സർക്കാർ, അത് കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റ് സഹിതം, നിയമസഭയുടെ മുമ്പാകെ വയ്ക്കേണ്ടതാണ്.

22. സിവിൽ കോടതികളുടെ അധികാരിതയ്ക്ക് വിലക്ക്.—ഈ ആക്റ്റോ പദ്ധതിയോ പ്രകാരമോ അവയ്ക്കുകീഴിലോ, സർക്കാരോ ബോർഡോ സെക്രട്ടറിയോ അല്ലെങ്കിൽ ബോർഡ് അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ തീർപ്പാക്കേണ്ടതോ തീരുമാനിക്കേണ്ടതോ കൈകാര്യം ചെയ്യേണ്ടതോ ആയ ഏതെങ്കിലും പ്രശ്നം അഥവാ നിശ്ചയിക്കേണ്ടതായ ഏതെങ്കിലും സംഗതി തീർപ്പാക്കുവാനോ, തീരുമാനിക്കുവാനോ കൈകാര്യം ചെയ്യുവാനോ നിശ്ചയിക്കുവാനോ ഉള്ള അധികാരിത യാതൊരു സിവിൽ കോടതിക്കും ഉണ്ടായിരിക്കുന്നതല്ല.

23. സാക്ഷിയെ വിളിച്ചുവരുത്തുന്നതിനും തെളിവെടുപ്പ് നടത്തുന്നതിനുമുള്ള അധികാരം.—ഈ ആക്റ്റിൻ കീഴിൽ അന്വേഷണത്തിന്റെ ആവശ്യത്തിലേക്കായി, ബോർഡിന്, 1908-ലെ സിവിൽ നടപടി നിയമസംഹിത (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഒരു സിവിൽ കേസ് വിചാരണ നടത്തുമ്പോൾ ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ താഴെപ്പറയുന്ന സംഗതികളെ സംബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ഏതൊരാളെയും ഹാജരാകുന്നതിന് നിർബന്ധിക്കുന്നതിനും അല്ലെങ്കിൽ അയാളെ സത്യപ്രതിജ്ഞയിന്മേൽ വിസ്തരിക്കുന്നതിനും;

(ബി) പ്രമാണങ്ങൾ കണ്ടെത്തുന്നതിനും ഹാജരാക്കുന്നതിനും ആവശ്യപ്പെടുന്നതിന്;

(സി) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുന്നതിന്; കൂടാതെ

(ഡി) സാക്ഷികളെ വിസ്തരിക്കുന്നതിനുവേണ്ടി കമ്മീഷനെ നിയോഗിക്കുന്നതിന്.

24. കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി സ്റ്റാമ്പ്.—(1) ബോർഡ്, അൻപത് രൂപ മൂല്യമുള്ളതും, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രൂപത്തിലും അങ്ങനെയുള്ള രീതിയിലുമുള്ളതും "കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി സ്റ്റാമ്പ്" എന്ന് മുദ്രണം ചെയ്തിട്ടുള്ളതുമായ സ്റ്റാമ്പുകൾ സർക്കാർ പ്രസ്സിൽ അച്ചടിപ്പിക്കേണ്ടതാണ്.

(2) ലൈസൻസുള്ള ഒരു ആധാരമെഴുത്തുകാരൻ തയ്യാറാക്കുന്നതും സംസ്ഥാനത്തെ ഏതെങ്കിലും സബ്-രജിസ്ട്രാർ ആഫീസുകളിൽ, അതതുസംഗതി പോലെ, ബുക്ക് I, III അല്ലെങ്കിൽ IV-ൽ രജിസ്റ്റർ ചെയ്യുന്നതിന് ഹാജരാക്കുന്ന ഓരോ ആധാരത്തിലും (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിരിക്കുന്ന പ്രകാരമുള്ള ഒരു സ്റ്റാമ്പ്, 1959-ലെ കേരള മുദ്രപ്പത്ര ആക്റ്റ് (1959-ലെ 17) പ്രകാരം ചുമത്താവുന്ന സ്റ്റാമ്പ് ഡ്യൂട്ടിക്ക് പുറമെ പതിക്കേണ്ടതാണ്:

എന്നാൽ, കേന്ദ്ര സർക്കാരിനോ സംസ്ഥാന സർക്കാരിനോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനോവേണ്ടി രജിസ്റ്റർ ചെയ്യുന്നതിന് തയ്യാറാക്കിയതും ഹാജരാക്കിയതുമായ ഏതെങ്കിലും ആധാരത്തിന് ഈ ഉപവകുപ്പ് ബാധകമാകുന്നതല്ല.

(3) (2)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിരിക്കുന്ന പ്രകാരം പതിപ്പിച്ചിട്ടുള്ള ഓരോ സ്റ്റാമ്പും, 1959-ലെ കേരള മുദ്രപ്പത്ര ആക്റ്റിലെ (1959-ലെ 17) 12-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന രീതിയിൽ റദ്ദാക്കേണ്ടതാണ്.

(4) ഈ വകുപ്പുപ്രകാരം അച്ചടിച്ച സ്റ്റാമ്പുകൾ ബോർഡിന്റെ അധീനതയിലായിരിക്കേണ്ടതും, സ്റ്റാമ്പിന്റെ വിതരണവും വിൽപ്പനയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ ആയിരിക്കേണ്ടതുമാണ്.

25. വീഴ്ചയോ അയോഗ്യതയോ ഉള്ള സംഗതിയിൽ പണം നൽകൽ. (1) വീഴ്ചയോ അയോഗ്യതയോ കാരണം അംഗത്വം അവസാനിക്കുന്ന സംഗതിയിൽ അംഗത്തിനോ അയാളുടെ നോമിനിക്കോ പദ്ധതിയിൽ പറഞ്ഞിട്ടുള്ളപ്രകാരം അംശദായമായി ഒടുക്കിയ തുകയ്ക്കുവേണ്ടി അപേക്ഷിക്കാവുന്നതാണ്.

(2) അംഗത്വം അവസാനിച്ച ഏതെങ്കിലും അംഗത്തിനോ അയാളുടെ നോമിനിക്കോ ക്ഷേമനിധിയിൽനിന്നുള്ള ഏതെങ്കിലും ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

(3) അംഗത്വം അവസാനിച്ച തീയതിയ്ക്കുശേഷം അംശദായം എന്തെങ്കിലും അടച്ചിട്ടുണ്ടെങ്കിൽ അത് മുഴുവനും അതിന് യാതൊരു പലിശയുമില്ലാതെ, തിരിച്ചു നൽകേണ്ടതാണ്.

(4) ഒരു അംഗമോ അയാൾ നാമനിർദ്ദേശം ചെയ്തയാളോ ഏതെങ്കിലും തുക തെറ്റായി കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ഉചിതമായ നിയമനടപടികളിലൂടെ അങ്ങനെയുള്ള ആളിൽനിന്നും അത് വസൂലാക്കേണ്ടതാണ്.

26. സർക്കാരിന്റെ അംശദായം. (1) ഒരു സാമ്പത്തിക വർഷത്തിൽ അംഗങ്ങൾ നൽകിയ മൊത്തം അംശദായത്തുകയുടെ പത്തു ശതമാനം അല്ലെങ്കിൽ ജീവനക്കാരുടെ ബോണസും അവധി പണമാക്കുന്നതും ഉൾപ്പെടെ, എന്നാൽ യാത്രാബത്ത ഒഴികെ, ക്ഷേമനിധിയുടെ നടത്തിപ്പിനായി ഏർപ്പിച്ചിട്ടുള്ള ശമ്പളത്തിന്റെയും ബത്തകളുടെയും ഹെഡ്ഡിൽനിന്നും വഹിക്കേണ്ടതായ ചെലവുകൾ, ഇതിൽ ഏതാണോ കുറവ്, അത് സർക്കാർ അംശദായമായി നൽകേണ്ടതാണ്.

(2) ഓരോ സാമ്പത്തിക വർഷത്തിന്റെയും അവസാനം ജീവനക്കാരുടെ ബോണസും അവധി പണമാക്കുന്നതും ഉൾപ്പെടെ, എന്നാൽ യാത്രാബത്ത ഒഴികെ, ക്ഷേമനിധിയുടെ നടത്തിപ്പിനായി ഏൽപ്പിച്ചിട്ടുള്ള ശമ്പളത്തിന്റെയും ബത്തയുടെയും ഹെഡ്ഡിൽനിന്നും വഹിക്കേണ്ടതായ ചെലവ് സെക്രട്ടറി കണക്കാക്കേണ്ടതും ആയത് സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(3) അപ്രകാരം കണക്കാക്കിയ തുക അംഗങ്ങളുടെ വാർഷിക അംശദായത്തിന്റെ പത്തു ശതമാനത്തിൽ കൂടുതലാണെന്നു കണ്ടാൽ ഈ തുകയുടെയും അംഗങ്ങളുടെ വാർഷിക അംശദായത്തിന്റെ പത്തു ശതമാനം തുകയുടെയും വ്യത്യാസം ക്ഷേമനിധിയിൽനിന്നും പിൻവലിക്കേണ്ടതും അതതു സമയം നിശ്ചയിക്കുന്ന ബന്ധപ്പെട്ട ഹെഡ്ഡിലേക്ക് അടയ്ക്കേണ്ടതുമാണ്.

27. ന്യൂനത മുതലായവമൂലം ബോർഡിന്റെ പ്രവൃത്തികൾ അസാധുവാകുന്നതല്ലെന്ന്.—ഈ ആക്റ്റ് പ്രകാരമോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളോ പദ്ധതിയോ പ്രകാരമോ ബോർഡ് ചെയ്ത പ്രവൃത്തിയോ നടപടിക്രമമോ,—

(എ) ബോർഡിലെ ഏതെങ്കിലും ഒഴിവോ രൂപീകരണത്തിൽ ഉണ്ടാകുന്ന ന്യൂനതയോ; അല്ലെങ്കിൽ

(ബി) അതിലെ ഒരംഗമായ ഏതെങ്കിലും ആളെ നാമനിർദ്ദേശം ചെയ്തതിലുള്ള ഏതെങ്കിലും ന്യൂനതയോ ക്രമക്കേടോ; അല്ലെങ്കിൽ

(സി) ബോർഡിന്റെ പ്രവൃത്തിയിലോ നടപടിയിലോ ഉണ്ടായ ഏതെങ്കിലും ന്യൂനതയോ ക്രമക്കേടോ;

കാരണമായി മാത്രം അസാധുവാകുന്നതല്ല.

28. വൈഷമ്യങ്ങൾ നീക്കം ചെയ്യൽ.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം, ആ വൈഷമ്യം നീക്കം ചെയ്യുന്നതിലേക്ക് ആവശ്യമെന്ന് തങ്ങൾക്ക് തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ വ്യവസ്ഥകൾ, സർക്കാരിന് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവുമൂലം ഉണ്ടാക്കാവുന്നതാണ്:

എന്നാൽ, ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ രണ്ട് വർഷത്തിനുശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിക്കുന്ന ഉത്തരവ് നിയമസഭ മുൻപാകെ വയ്ക്കേണ്ടതാണ്.

29. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—(1) സർക്കാരിന്, വിജ്ഞാപനംവഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി മുൻകാല പ്രാബല്യത്തോടുകൂടിയോ പിൽക്കാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കപ്പെടുന്ന ഓരോ ചട്ടവും, അതുണ്ടാക്കിയശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുൻപാകെ, ഒരു സമ്മേളനത്തിലോ അല്ലെങ്കിൽ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത്, ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ, തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുൻപ്, നിയമസഭ, പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും രൂപഭേദപ്പെടുത്തലുകൾ വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന്, അതിനുശേഷം, അതതു സംഗതിപോലെ, അപ്രകാരം രൂപഭേദപ്പെടുത്തൽ വരുത്തിയപ്രകാരം മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ, അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ; എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

30. 1991-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതിയിൽ നിന്നും ഫണ്ട് കൈമാറ്റം ചെയ്യുന്നതിനുള്ള വ്യവസ്ഥ.—(1) തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും സർക്കാർ വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ 1991-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതിയുടെ കണക്കിൽ ഉണ്ടായിരുന്ന എല്ലാ തുകകളും ഈ ആക്റ്റിൻകീഴിൽ രൂപീകരിക്കുന്ന നിധിയിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നതും അതിൽ വരവു വയ്ക്കുന്നതും, 1991-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതിയിൽ അംശദായം നൽകാനുള്ള അംഗത്തിന്റെ ബാദ്ധ്യത അങ്ങനെയുള്ള തീയതി മുതൽ ഇല്ലാതാകുന്നതുമാണ്.

(2) ഈ ആക്റ്റ് പ്രകാരം രൂപവൽക്കരിക്കപ്പെട്ട ബോർഡിന് പ്രസ്തുത പദ്ധതി സംബന്ധിച്ചുള്ള എല്ലാ അവകാശവാദങ്ങളും തീരുമാനിക്കാവുന്നതാണ്.

31. റദ്ദാക്കലും ഒഴിവാക്കലും.—(1) 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ഓർഡിനൻസ് (2012-ലെ 48) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്;

പട്ടിക

[3 (2) വകുപ്പ് കാണുക]

## പദ്ധതിയിൽ വ്യവസ്ഥ ചെയ്യാവുന്ന കാര്യങ്ങൾ

1. ബോർഡ്, നിധിയുടെ ഭരണം നടത്തേണ്ട രീതി.

2. അംഗങ്ങളുടെ രജിസ്ട്രേഷൻ.

3. നിധിയിലേക്കുള്ള അംശദായം, സ്റ്റാമ്പ് വെണ്ടർമാരുടെ കമ്മീഷന്റെ രണ്ടു ശതമാനം എന്നിവ നൽകുന്നതിനുള്ള രീതി.

4. വിവിധ മേഖലകളിൽ നിന്നും അംശദായം, സ്റ്റാമ്പ് വെണ്ടർമാരുടെ കമ്മീഷന്റെ രണ്ട് ശതമാനം എന്നിവ വസൂലാക്കേണ്ട രീതി.

5. ബോർഡിനെ സഹായിക്കുന്നതിനുവേണ്ടി ഏതെങ്കിലും സമിതിയുടെ രൂപവൽക്കരണം.

6. സെക്രട്ടറിയുടെ ചുമതലകൾ.

7. കണക്കുകൾ സൂക്ഷിക്കേണ്ട രീതി, സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും നിർദ്ദേശങ്ങളോ അല്ലെങ്കിൽ വിനിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകളോ അനുസരിച്ച് നിധിയുടെ വക പണം നിക്ഷേപിക്കലും ബഡ്ജറ്റ് തയ്യാറാക്കലും കണക്കുകൾ ആഡിറ്റ് ചെയ്യലും സർക്കാരിന് റിപ്പോർട്ടുകൾ സമർപ്പിക്കലും.

8. നിധിയിൽ നിന്നും പണം പിൻവലിക്കുന്നതിന് അനുവദിക്കുന്നതിനും അതിൽ നിന്നുള്ള ഏതെങ്കിലും കിഴിക്കലോ മുതൽകൂട്ടലോ നടത്തുന്നതിനുമുള്ള വ്യവസ്ഥകളും അപ്രകാരമുള്ള കിഴിക്കലിന്റെയോ, മുതൽക്കൂട്ടലിന്റെയോ പരമാവധി തുകയും.

9. ഒരംഗം തന്റെയും തന്റെ കുടുംബത്തെയുംപറ്റിയുള്ള വിവരങ്ങൾ ആവശ്യപ്പെടുമ്പോൾ നൽകേണ്ടുന്ന ഫാറം.

10. ഒരംഗത്തിന്റെ മരണത്തെത്തുടർന്ന് ആ അംഗത്തിന് നിധിയിൽ നിന്നും ലഭിക്കേണ്ടതായ ആനുകൂല്യങ്ങൾ സ്വീകരിക്കുവാനുള്ള ആളിനെ നാമനിർദ്ദേശം ചെയ്യലും അത്തരം നാമനിർദ്ദേശത്തിന്റെ പരിശോധനയും റദ്ദാക്കലും.

11. അംഗങ്ങളെ സംബന്ധിച്ച് വച്ചുപോരേണ്ട രജിസ്റ്ററുകളും രേഖകളും.

12. പാസ്ബുക്കിന്റെയും സർട്ടിഫിക്കറ്റിന്റെയും തിരിച്ചറിയൽ കാർഡിന്റെയും ഫാറവും, അത് നൽകുകയും കൈവശം വയ്ക്കുകയും മാറ്റിക്കൊടുക്കുകയും ചെയ്യുന്നതിനുള്ള നടപടിക്രമവും.

13. പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും ആവശ്യങ്ങൾക്കായി ചുമത്തേണ്ട ഫീസ്.

33/194/2013 DTP.

14. 30-ാം വകുപ്പ് പ്രകാരം കൈമാറ്റം ചെയ്യപ്പെട്ട തുകകൾ നിധിയിലേക്ക് കൈമാറ്റം ചെയ്യേണ്ടതിന്റെയും വരവ് വയ്ക്കേണ്ടതിന്റെയും രീതി.

15. അംഗങ്ങളുടെയോ അവരുടെ ആശ്രിതരുടെയോ ക്ഷേമത്തിനുവേണ്ടി, ഏതെല്ലാം കാര്യങ്ങൾക്ക് നിധി ഉപയോഗിക്കാമെന്ന്.

16. നിധിയുടെ ഭരണനിർവ്വഹണത്തിൽ ഉണ്ടാകാവുന്ന ചെലവുകൾ വഹിക്കുന്നതിനുള്ള നടപടിക്രമം.

17. നിധിയിൽ നിന്നും ആനുകൂല്യങ്ങൾ, ഗ്രാന്റുകൾ, മുൻകുറുകൾ എന്നിവ നൽകുന്നതിനുള്ള നടപടിക്രമം.

18. തൊഴിൽ അവസാനിപ്പിച്ചതോ അല്ലെങ്കിൽ അനാരോഗ്യം കാരണം ജോലിയിൽ തുടരാൻ സാധിക്കാത്തതോ ആയിട്ടുള്ള അംഗങ്ങൾക്ക് അംശദായം അടച്ച വർഷത്തിന്റെ എണ്ണം അടിസ്ഥാനപ്പെടുത്തി അംഗങ്ങൾക്ക് നിധിയിൽ നിന്നും നൽകാവുന്ന തുകയുടെയും പെൻഷന്റെയും നിരക്ക് ക്രമീകരിക്കൽ.

19. വീഴ്ച വരുത്തിയ അംഗങ്ങളുടെ സംഗതിയിൽ അംശദായം തിരികെ നൽകുന്ന രീതിയും നിരക്കും.

20. പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായതോ ഉചിതമായതോ ആയ മറ്റേതെങ്കിലും സംഗതികൾ.

GOVERNMENT OF KERALA

**Law (Legislation-A) Department**

NOTIFICATION

No. 15553//Leg. A2/2010/Law. *Dated, Thiruvananthapuram,* *10th January, 2013* / *20th Pousha 1934.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in the English language of the Kerala Document Writers', Scribes' and Stamp Vendors' Welfare Fund Act, 2012 (7 of 2013).

By order of the Governor,

C. K. PADMAKARAN,
*Special Secretary (Law).*

[Translation in English of "2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ആക്റ്റ്" published under the authority of the Governor.]

**ACT 7 OF 2013**

## THE KERALA DOCUMENT WRITERS', SCRIBES' AND STAMP VENDORS' WELFARE FUND ACT, 2012

*An Act to provide for the constitution of a Welfare Fund for the welfare of the document writers, scribes and stamp vendors in the State of Kerala, to pay pension and other benefits to them and for other matters connected therewith or incidental thereto.*

*Preamble.*—WHEREAS, it is expedient to provide for the constitution of a Welfare Fund for the welfare of the document writers, scribes and stamp vendors in the State of Kerala, to pay pension and other benefits to them and for other matters connected therewith or incidental thereto;

BE it enacted in the Sixty-third Year of the Republic of India as follows:—

1. *Short title and commencement.*—(1) This Act may be called the Kerala Document Writers', Scribes' and Stamp Vendors' Welfare Fund Act, 2012.

(2) It shall be deemed to have come into force on the 31st day of January, 2012.

2. *Definitions.*—In this Act unless the context otherwise requires,

(a) "Board" means the Kerala Document Writers', Scribes' and Stamp Vendors' Welfare Fund Board constituted under section 9;

(b) "cessation of employment" means ceasing of employment of a licensee consequent to the cancellation or surrender of the licence obtained for doing the employment;

(c) "contribution" means the amount payable to the Welfare Fund by the members under sub-section (1) of section 4 and by the Government under sub-section (1) of section 26;

(d) "dependent" means wife or husband, minor sons, unmarried or widowed or divorced daughters, mentally or physically disabled children, father, mother who are solely dependent upon the member;

(e) "Document Writer" means a person having a licence who is engaged in the profession of preparing documents including 'enquiry as to title, preparation of draft deeds and engrossing the deed on stamp paper for registration as per the Kerala Document Writers' Licence Rules, 1960;

(f) "Fund" means the Kerala Document Writers', Scribes' and Stamp Vendors' Welfare Fund constituted under sub-section (1) of section 3;

(g) "Government" means the Government of Kerala;

(h) "Inspector General of Registration" means the Inspector General of Registration of the Government of Kerala;

(i) "member" means a Document Writer or a Scribe or a Stamp Vendor, who has been admitted as a member of the Welfare Fund under the provisions of this Act or who is continuing as a member of the Kerala Document Writers', Scribes' and Stamp Vendors' Welfare Fund Scheme, 1991;

(j) "notification" means a notification published in the Kerala Gazette;

(k) "prescribed" means prescribed by rules made under this Act;

(l) "Registering Authority" means the District Registrar (General) of the district concerned;

(m) "Scheme" means the Kerala Document Writers', Scribes' and Stamp Vendors' Welfare Fund Scheme framed under this Act;

(n) "Scribe" means a person who assists a Document Writer in the preparation of documents and who possesses a valid scribe licence to transcribe the documents to be presented for registration as defined in sub-rule (5) of rule 3 of the Kerala Document Writers' Licence Rules , 1960;

(o) "Secretary" means the Secretary of the Board constituted as per this Act;

(p) "stamp" means the Kerala Document Writers', Scribes' and Stamp Wendors' Welfare Fund Stamp printed and distributed under section 24;

(q) "Stamp Vendor" means a person who has acquired a licence as per rule 35 of the Kerala Manufacture and Sale of Stamp Rules, 1960 and actively engaged in the profession of selling non-judicial stamps and stamp papers.

3. *Kerala Document Writers', Scribes' and Stamp Vendors' Welfare Fund.*—(1) The Government shall, as soon as may be, after the commencement of this Act, by notification, frame a Scheme to be called the "Kerala Document Writers', Scribes' and Stamp Vendors' Welfare Fund Scheme" and after the framing of the Scheme, constitute a Fund to be called "the Kerala Document Writers', Scribes' and Stamp Vendors' Welfare Fund" in accordance with the provisions of this Act and the Scheme.

(2) Subject to the provisions of this Act, the Scheme may provide for all or any of the matters specified in the Schedule.

(3) The following shall be credited to the Fund, namely:—

(a) contributions under sections 4 and 26;

(b) application fee realised under section 5;

(c) any amount borrowed under section 15;

(d) all amounts collected by way of sale of stamp under section 24;

(e) any donation voluntarily made to the Fund by any association or institution or any other person;

(f) any profit, interest, dividend or other income on any investment made of any part of the Fund;

(g) any grants, loans or advances as may be given by the Government of India or the State Government or any other institution or organisation;

(h) two per cent of the amount being received by the Stamp Vendors as commission;

(i) amount transferred under section 30;

(j) any fees levied under the Scheme;

(k) any other amount, to be credited to the Fund under the provisions of the Scheme;

(l) any amount raised by the Board from other sources to augment the resources of the Fund.

(4) The Fund shall vest in the Board and be administered by the Board.

(5) The Fund may be utilised for all or any of the following purposes, namely:-

(a) for the payment of a fixed amount and pension to a person, who had been a member and remitted contribution for not less than five years and ceased his employment or unable to continue in the employment due to ill health, at such rate as may be specified in the Scheme, based on the number of years in which he had remitted contribution;

*Explanation* 1.—The Board shall have the power to take decision regarding the eligibility of pensionary benefits payable to a member who could not continue his employment due to ill health.

*Explanation* 2.—A person who had completed sixty-five years of age and who had been a Document Writer, Scribe or Stamp Vendor for twenty five years before the commencement of this Act shall become eligible for special pension if he becomes a member and remits contribution for a period of one year under the provisions of this Act.

(b) for the payment of family pension on the death of a member who had remitted contribution for not less than ten years;

(c) for the payment of financial assistance on the death of a member due to illness or accident;

(d) for the repayment of the contribution amount remitted by the members with such interest, as may be specified in the Scheme, when they are incapacitated to do work due to permanent physical disability or on the cessation of their membership in the Welfare Fund;

(e) for the payment of financial assistance to meet the expense towards medical treatment of the members affected with serious ailment;

(f) for the payment of financial assistance to meet the marriage expense of the members and their daughters and for the maternity expense of the female members;

(g) for the payment of financial assistance or loans or advances to the members for the purpose connected with their employment or for the construction of dwelling house or for the maintenance or renovation of the house or for the purchase of land for the construction of house or for the purchase of land and building and for the education, including higher education of the children of the members;

(h) for the payment of special relief to the members who suffer from physical disability;

(i) for any other purpose specified in the Scheme;

(j) for the day to day administrative expenses of the Board.

*Explanation.*—For the purpose of this sub-section the contribution remitted by a person who had been a member of the Kerala Document Writers, Scribes and Stamp Vendors Welfare Fund Scheme, 1991 and the number of years in which he had remitted contribution to the said Welfare Fund shall also be taken into account.

(6) The Scheme framed under sub-section (1) shall be laid, as soon as may be after it is framed, before the Legislative Assembly while it is in session for a total period of fourteen days which may be comprised in one session or in two successive sessions, and if, before the expiry of the session in which it is so laid or the session immediately following, the Legislative Assembly makes any modification in the Scheme or decides that the Scheme should not be issued, the Scheme shall, thereafter have effect only in such modified form or be of no effect, as the case may be; so however, that any such modification or annulment shall be without prejudice to the validity of anything previously done under that Scheme.

4. *Contribution to the Fund.*—(1) Every Document Writer, Scribe and Stamp Vendor who is eligible to become a member shall pay one hundred rupees per month as contribution to the Fund.

(2) The Government may, by notification, from time to time, revise the rate of contribution referred to in sub-section (1) up to a maximum limit of five hundred rupees, taking into account the amount required for the management of the Scheme.

(3) The contribution shall be paid in the name of the Secretary or officer authorised in this behalf, in the manner specified in the Scheme.

5. *Membership in the Fund.*—(1) Any person holding a valid licence of document writer or scribe under the Kerala Document Writers' Licence Rules, 1960 or a valid licence of a Stamp Vendor under the Kerala Manufacture and Sale of Stamp Rules, 1960, as the case may be, and is below the age of 65 years on the date of application may apply to the Board for admission as a member of the Fund in such form and manner as may be specified in the Scheme:

Provided that, where the Fund under the Kerala Document Writers, Scribes and Stamp Vendors Welfare Fund Scheme, 1991 is transferred to the Fund under sub-section (1) of section 30, those who are members of the said Scheme shall be deemed to be the members of the Fund from the date of such transfer.

Provided further that no person employed as a Document Writer, Scribe or Stamp Vendor after retiring from the service of the Central Government or any State Government or any public sector undertaking or local Authority with retirement benefits, shall be eligible for membership in the Fund.

(2) On an application under sub-section (1), the Board may make such enquiry as it deem fit and either admit the applicant to the Fund or for reasons to be recorded in writing reject the application:

Provided that no order rejecting an application shall be passed unless the applicant has been given an opportunity of being heard:

Provided further that any person aggrieved by an order rejecting any application for membership may prefer an appeal to the Government within such period as may be specified in the Scheme.

(3) Every applicant shall pay an application fee of one hundred rupees along with the application in such manner as may be specified in the Scheme.

(4) A member of the Fund, on completion of 65 years of age or on voluntarily applying for pension by surrendering his licence after 25 years of membership, shall cease to be a member of the Fund.

(5) Every person who has been enrolled as member in the Fund shall be given a certificate of membership and a pass book recording the rate of contribution, details of enrolment in the register, date of birth, due date for payment of contribution etc., by the Registering Authority. The Registering Authority shall keep a register of the members coming under its jurisdiction and at the State level, the Secretary of Board shall keep a register of members enrolled in the Fund, showing the district-wise details of members.

6. *Cancellation of Membership.*—(1) The membership of a member shall be cancelled by the Registering Authority if it is found that a member has made manipulation of any kind or has given false information at any time in connection with the conditions for the membership or to obtain benefits as per the Scheme:

Provided that, no order of cancellation of membership shall be passed unless the applicant has been given an opportunity of being heard.

(2) Membership in the Fund shall automatically cease if a member commits default in payment of contribution for six months continuously.

(3) If the Registering Authority is of the opinion that a member is not functioning as a Document Writer or Scribe or Stamp Vendor, as the case may be, his membership in the Fund shall be cancelled. The date of cancellation in such cases shall be, as may be fixed by the Registering Authority and shall be intimated to the members in writing.

(4) Appeal against the orders of the Registering Authority shall be filed before the Inspector General of Registration within such period as may be specified in the Scheme.

(5) A member may voluntarily retire from the Fund by submitting a letter addressed to the Registering Authority. In such case, the date of retirement shall be the date on which the member has submitted his letter.

7. *Revival of Membership*.- The membership of a member which has been ceased under sub-section (2) of section 6 may be revived on payment of arrears along with interest at twelve per cent per annum within six months from the date of cessation of such membership.

8. *Amendment of the Scheme*.- (1) Government may, by notification, amend the Scheme framed under this Act, either prospectively or retrospectively.

(2) Every notification under sub-section (1) shall be laid as soon as may be, after it is issued, before the Legislative Assembly while it is in session for a total period of fourteen days which may be comprised in one session or in two successive sessions, and if, before the expiry of the session in which it is so laid or the session immediately following, the Legislative Assembly makes any modification in the notification or decides that the notification should not be issued, the notification shall thereafter have effect only in such modified form or be of no effect, as the case may be, so however, that any such modification or annulment shall be without prejudice to the validity of anything previously done under that notification.

9. *Constitution of the Board*.- (1) The Government may, by notification, with effect from such date as specified therein, constitute a Board to be called the "Kerala Document Writers', Scribes' and Stamp Vendors' Welfare Fund Board" for the administration and management of the Fund and to implement and supervise connected activities.

(2) The Board shall be a body corporate by the name Kerala Document Writers', Scribes' and Stamp Vendors' Welfare Fund Board having perpetual succession and a common seal and shall by the said name, sue and be sued.

(3) The Board shall consist of seven official members representing the Government and five non-official members representing the beneficiaries of the Fund as may be nominated by the Government and as hereinafter provided, namely:—

(a) The Secretary to Government, Taxes Department—he shall be the Chairman of the Board;

(b) The Inspector General of Registration—he shall be the Vice-Chairman of the Board;

(c) The Joint Inspector General of Registration—he shall be the Secretary of the Board;

(d) An officer of the Finance Department not below the rank of Deputy Secretary nominated by the Government;

(e) An officer of the Labour Department not below the rank of Deputy Secretary nominated by the Government;

(f) An officer of the Taxes Department not below the rank of Deputy Secretary nominated by the Government;

(g) An officer of the Law Department not below the rank of Deputy Secretary nominated by the Government;

(h) Five non-official members representing the Document Writers, Scribes and Stamp Vendors nominated by the Government, of whom one person shall be a woman.

(4) The Board shall administer the Fund vested in it in such manner as specified in the Scheme.

(5) The Board may, with the previous approval of the Government, delegate to the Chairman or to the Secretary such of its powers and functions under this Act or the Scheme as it may consider necessary, for the effective management of the Fund, subject to such restrictions and conditions, as it may deem fit.

10. *Meeting of the Board.*—(1) The Board shall meet at least once in three months to transact its business.

(2) Six members of the Board including at least four official members and two non-official members shall form the quorum for a meeting of the Board.

(3) The Chairman or in his absence the Vice-Chairman, or in the absence of the Chairman and the Vice-Chairman, a member of the Board to be elected from among the members present at the meeting shall preside over the meeting of the Board.

(4) Any matter coming up before a meeting of the Board shall be decided by a majority of the members of the Board present and voting at the meeting and in the case of equality of votes, the Chairman or the Vice-Chairman or the member of the Board who presides over the meeting, shall have right for a casting vote.

11. *Term of Office of members of the Board.*- (1) The non-official members appointed under sub-section (3) of section 9 shall hold office for a period of three years from the date of publication of the notification constituting the Board in the Gazette.

(2) Any non-official member may resign his membership by giving notice in writing to the Government, but shall continue to hold office until his resignation is accepted by the Government.

(3) The Government may at any time, for reasons to be recorded in writing, remove from office any official member, if the Government are of opinion that, in public interest it is improper to allow such member to continue in office.

12. *Disqualification and removal of non-official members.* (1) The Government may remove any non-official member of the Board from office,

(a) if he is of unsound mind;

(b) if he is adjudged as undischarged insolvent;

(c) if he, without the permission of the Board, has been absent from three consecutive meetings of the Board; and

(d) if in the opinion of the Government, he is not suitable or has become incapable of acting as a member of the Board or has so abused his position so as to render his continuance as member of the Board detrimental to public interest:

Provided that before removing a member of the Board under this sub-section, he shall be given a reasonable opportunity to show cause why he should not be removed.

(2) A non-official member of the Board removed under clause (c) of sub-section (1) shall be disqualified for renomination as a member of the Board for a period of three years from the date of his removal unless otherwise ordered by the Government.

(3) A non-official member of the Board removed under clause (d) of sub-section (1) shall not be eligible for renomination until he is declared by an order of the Government to be no longer ineligible.

13. *Sitting fees, travelling allowance and daily allowance to members of the Board.*—Sitting fees to the non-official members, travelling allowance and daily allowance to all members of the Board shall be at such rate as may be prescribed.

14. *Appointment of Officers and Staff.*—(1) The Government may appoint such officers and staff as they may deem necessary, in such manner as may be prescribed, on deputation from the Registration Department for assisting the Secretary in the performance of the functions of the Board under this Act.

(2) The Secretary of the Board shall be responsible for the implementation of the decisions of the Board.

15. *Power of the Board to borrow.*—The Board may, from time to time, with the previous approval of the Government and subject to such terms and conditions as specified by the Government, borrow money for the purposes of the Fund.

16. *Non-official Members of the Board to be public servants.*—Every non-official member of the Board shall be deemed to be a public servant within the meaning of section 21 of the Indian Penal Code (Central Act 45 of 1860).

17. *Protection of action taken in good faith.*—No suit or other Legal proceedings shall lie against any member of the Board or any other person assisting the Board in the discharge of its functions and duties in respect of anything which is in good faith done or intended to be done under this Act or under the Scheme.

18. *Directions by Government.*—The Government may, from time to time, give directions to the Board, and the Board is bound to implement them.

19. *Power to order enquiry.*—(1) The Government may, at any time, appoint an officer not below the rank of a Secretary to Government as enquiry officer to enquire into the working of the Board and to submit report to the Government.

(2) The Board shall give the enquiry officer so appointed facilities for the proper conduct of the enquiry and furnish to such documents, accounts and informations in the possession of the Board as he may require.

20. *Audit of Accounts of the Fund and appointment of auditors.*—(1) The Board shall appoint such auditors to audit the accounts of the Fund in such manner as may be prescribed.

(2) The accounts of the Fund shall be audited once in every year by such auditors.

21. *Annual report and audited statement of accounts.*—(1) The annual report of the Fund shall be prepared under the direction of the Board and after approval by the Board, a copy of the report together with audited statement of accounts shall be submitted to the Government before the 31st of July every year.

(2) The Government shall, as soon as the annual report is received, cause the same together with the audited statement of accounts to be laid before the Legislative Assembly.

22. *Bar on jurisdiction of Civil Courts.*—No Civil Court shall have jurisdiction to settle, decide or deal with any question or to determine any matter which is by or under this Act or the Scheme required to be settled, decided or dealt with or to be determined by the Government or the Board or the Secretary or any officer authorised by the Board.

23. *Power to summon witness and take evidence.* - The Board shall, for the purposes of enquiry under this Act, have the same powers as are vested in a Civil Court while trying a suit under the Code of Civil Procedure, 1908 (Central Act 5 of 1908) in respect of the following matters, namely:—

(a) enforcing the attendance of any person or examining him on oath;

(b) requiring the discovery and the production of documents;

(c) receiving evidence on affidavit; and

(d) engaging Commission for the examination of witnesses.

24. *The Kerala Document Writers', Scribes' and Stamp Vendors' Welfare Fund Stamp.*—(1) The Board shall get printed at the Government Press stamps of the value of fifty rupees inscribed as "the Kerala Document Writers', Scribes' and Stamp Vendors' Welfare Fund Stamp", in such form and in such manner as may be prescribed.

(2) Every document prepared by a licensed document writer and presented in any of the Sub-Registrar Offices in the State to be registered in book I, III or IV, as the case may be, shall be affixed with a stamp as specified in sub-section (1), in addition to the stamp duty chargeable under the Kerala Stamp Act, 1959 (17 of 1959):

Provided that this sub-section shall not apply to any document prepared and presented for registration on behalf of the Central Government or the State Government or Local Self Government Institution.

(3) Every stamp affixed as specified in sub-section (2) shall be cancelled in the manner provided for in section 12 of the Kerala Stamp Act, 1959 (17 of 1959).

(4) The custody of the stamps printed under this section shall be with the Board and the supply and sale of stamps shall be in such manner as may be prescribed.

25. *Payment of money in case of default or disqualification.*—(1) In case of cessation of membership due to default or disqualification, the member or his nominee may apply for the amount remitted as contribution in the manner stated in the Scheme.

(2) Any member whose membership has been ceased or his nominee shall not be eligible for any benefit from the Welfare Fund.

(3) The contribution if any remitted after the date of cessation of membership, shall be refunded in full without any interest thereon.

(4) Any amount that has been received wrongly by a member or person nominated by him, shall be recovered from such person by appropriate legal proceedings.

26. *Contribution of the Government.*—(1) Ten per cent the total amount contributed by the members during a financial year of the expenses to be incurred under the head of pay and allowances of the staff including bonus and encashment of leave but excluding travelling allowance, assigned for the administration of the Welfare Fund, whichever is less, shall be given as Government contribution.

(2) At the end of every financial year, the Secretary shall calculate the expenses including bonus and encashment of leave but excluding travelling allowance, assigned for the administration of the Welfare Fund, under the head of account of pay and allowances of the staff and shall intimate the same to the Government.

(3) If the amount so calculated is found to be more than ten per cent of the yearly contribution of the members, the difference between this amount and ten per cent of the yearly contribution of the members, shall be withdrawn from the Welfare Fund and remitted to the head of account concerned fixed from time to time.

27. *Act of Board not to be invalid by defect etc.*—No act done or proceedings taken under this Act or the rules or scheme made thereunder by the Board shall be invalid merely by reason of,—

(a) any vacancy or defect in the constitution of the Board; or

(b) any defect or irregularity in the nomination of any person as a member thereof; or

(c) any defect or irregularity in any act or proceedings of the Board.

28. *Removal of difficulties.*—(1) If any difficulty arises in giving effect to the provisions of this Act, the Government may, by order published in the Gazette, make provisions which appear to them to be necessary and not inconsistent with the provisions of this Act, for the purpose of removing the difficulty:

Provided that no such order shall be passed after the expiry of two years from the date of commencement of this Act.

(2) The order issued under sub-section (1) shall be placed before the Legislative Assembly.

29. *Power to make rules.*—(1) The Government may, by notification, make rules either prospectively or retrospectively for the purpose of carrying into effect the provisions of this Act.

(2) Every rule made under this Act shall be laid, as soon as may be after it is made, before the Legislative Assembly while it is in session for a total period of fourteen days which may be comprised in one session or in two successive sessions, and, if, before the expiry of the session in which it is so laid or the session immediately following, the Legislative Assembly makes any modification in the rule or decides that the rule should not be made, the rule shall thereafter have effect only in such modified form or be of no effect, as the case may be, so however, that any such modification or annulment shall be without prejudice to the validity of anything previously done under that rule.

30. *Provision for the transfer of fund from the Kerala Document Writers', Scribes' and Stamp Vendors' Welfare Fund, Scheme, 1991.*—(1) Notwithstanding anything contained in any other law for the time being in force, from the date to be notified by the Government, all amounts standing in the credit of the Kerala Document Writers', Scribes' and Stamp Vendors' Welfare Fund Scheme, 1991 shall stand transferred to and credited to the Fund established under this Act and with effect from such date the liability of a member to pay contribution to the Kerala Document Writers', Scribes' and Stamp Vendors' Welfare Fund Scheme, 1991 shall cease.

(2) All claims in respect of the said Fund may be determined by the Board constituted under this Act.

31. *Repeal and saving.*—(1) The Kerala Document Writers', Scribes' and Stamp Vendors' Welfare Fund Ordinance, 2012 (48 of 2012) is hereby repealed.

(2) Notwithstanding such repeal, anything done or deemed to have been done or any action taken or deemed to have been taken under the said Ordinance shall be deemed to have been done or taken under this Act.

SCHEDULE

[*See* section 3(2)]

## MATTERS FOR WHICH PROVISION MAY BE MADE IN THE SCHEME

1. The manner in which the Fund is to be administered by the Board.
2. Registration of the members.
3. The manner in which the contribution and two per cent of the commission of Stamp Vendors shall be made to the Fund.
4. The manner in which the contribution from different sectors and the two per cent of the commission of Stamp Vendors may be recovered.
5. The constitution of any committee for assisting the Board.
6. Duties of the Secretary.
7. The manner in which accounts shall be maintained, the investment of money belonging to the Fund in accordance with any direction issued or conditions specified by the Government, the preparation of budget, the audit of accounts and the submission of reports to the Government.
8. The conditions under which withdrawal from the Fund may be permitted and any deduction or forfeiture may be made and the maximum amount of such deduction or forfeiture.
9. The form in which a member shall furnish particulars about himself and his family whenever required.
10. The nomination of a person to receive the benefits of a member from the Fund on his death and cancellation or verification of such nomination.
11. The registers and records to be maintained with respect to members.
12. The form of pass book, certificate and identity card and the procedure for their issue, custody and replacement.
13. The fees to be levied for any of the purposes specified in the Schedule.
14. The manner in which the amount transferred under section 30 is to be transferred and credited to the Fund.
15. The matters for which the Fund may be utilized for the welfare of the members or their dependents.

16. The procedure for defraying the expenditure to be incurred in the administration of the Fund.

17. The procedure for paying benefits, grants, advances etc., from the Fund.

18. Regularisation of the rate of the amount from the Fund that may be given to the members who had ceased their employment or are unable to continue in employment due to ill health, based on the number of years of remittance of contribution, and pension.

19. The manner and rate in which the contribution is to be refunded in the case of the members who have committed default.

20. Any other matter which is necessary or proper for implementing the Scheme.

Kerala Gazette No. 22 dated 31st May 2011.

PART I Section iii

## കേരള സർക്കാർ

നിയമ (നിയമനിർമ്മാണ-എ) വകുപ്പ്

## വിജ്ഞാപനം

നമ്പർ 15553/ലെഗ് .എ2/2010/നിയമം.

*തിരുവനന്തപുരം, 2011 മാർച്ച് 18 / 1932 ഫാൽഗുനം 27.*

2011 മാർച്ച് 17-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയ താഴെ പറയുന്ന ഓർഡിനൻസ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. മധുസൂദനൻ നായർ,

നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി.

<u>2011-ലെ 28-ാം നമ്പർ ഓർഡിനൻസ്</u>

# 2011-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ഓർഡിനൻസ്

ഇൻഡ്യൻ റിപ്പബ്ളിക്കിന്റെ അറുപത്തിരണ്ടാം സംവത്സരത്തിൽ കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയത്.

കേരള സംസ്ഥാനത്തെ ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമത്തിനായും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ മറ്റു കാര്യങ്ങൾക്കും വേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ഓർഡിനൻസ്

<u>പീഠിക</u>.—കേരള സംസ്ഥാനത്തെ ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമത്തിനായും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ മറ്റു കാര്യങ്ങൾക്കുംവേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കുന്നത് യുക്തമായിരിക്കുകയാലും ;

2010-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ഓർഡിനൻസ് (2010-ലെ 50) 2010 ആഗസ്റ്റ് 18-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയിരുന്നതിനാലും ;

2010 ഡിസംബർ 21-ാം തീയതി ആരംഭിച്ച് 2011 ജനുവരി 3-ാം തീയതി അവസാനിച്ചതുമായ കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാലും ;

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനുവേണ്ടി കേരള ഗവർണ്ണർ 2011 ജനുവരി 22-ാം തീയതി 2011-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ഓർഡിനൻസ് (2011-ലെ 3) വിളംബരപ്പെടുത്തിയിരുന്നതിനാലും ;

2011 ഫെബ്രുവരി 4-ാം തീയതി ആരംഭിച്ച് 2011 ഫെബ്രുവരി 24-ാം തീയതി അവസാനിച്ചതുമായ കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ പന്ത്രണ്ടാം കേരള നിയമസഭയുടെ 423-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചുവെങ്കിലും ആയത് നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാലും ;

ഇന്ത്യൻ ഭരണഘടനയുടെ 213-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം പ്രസ്തുത ഓർഡിനൻസിന് 2011 മാർച്ച് 18-ാം തീയതി പ്രാബല്യമില്ലാതായിത്തീരുമെന്നതിനാലും ;

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്താതിരിക്കുന്നപക്ഷം വൈഷമ്യങ്ങൾ ഉണ്ടാകുമെന്നതിനാലും ;

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും താൻ സത്വര നടപടി എടുക്കേണ്ടത് ആവശ്യമാകുന്ന സാഹചര്യങ്ങൾ നിലവിലുണ്ടെന്ന് കേരള ഗവർണ്ണർക്ക് ബോദ്ധ്യമായിരിക്കുന്നതിനാലും ;

ഇപ്പോൾ, അതിനാൽ, ഇന്ത്യൻ ഭരണഘടനയുടെ 213-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള ഗവർണ്ണർ താഴെ പറയുന്ന ഓർഡിനൻസ് വിളംബരപ്പെടുത്തുന്നു :—

1. <u>ചുരുക്കപ്പേരും പ്രാരംഭവും.</u>—(1) ഈ ഓർഡിനൻസിന് 2011-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ഓർഡിനൻസ് എന്ന് പേര് പറയാം.

(2) ഇത് ഗസറ്റ് വിജ്ഞാപനപ്രകാരം സർക്കാർ നിശ്ചയിക്കാവുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. <u>നിർവ്വചനങ്ങൾ.</u>—ഈ ഓർഡിനൻസിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) ''ബോർഡ്'' എന്നാൽ 9-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബോർഡ് എന്നർത്ഥമാകുന്നു ;

(ബി) ''തൊഴിൽ അവസാനിപ്പിക്കൽ'' എന്നാൽ തൊഴിൽ ചെയ്യുന്നതിന് ലഭിച്ചിട്ടുള്ള ലൈസൻസിന്റെ റദ്ദാക്കലിന്റെയോ തിരിച്ചേൽപ്പിക്കലിന്റെയോ പരിണിത ഫലമായി ഒരു ലൈസൻസിയുടെ തൊഴിൽ അവസാനിപ്പിക്കൽ എന്നർത്ഥമാകുന്നു ;

(സി) ''അംശദായം'' എന്നാൽ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ക്ഷേമനിധിയിലെ അംഗങ്ങളും 26-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം സർക്കാരും ക്ഷേമനിധിയിലേക്ക് നൽകേണ്ടതായ തുക എന്നർത്ഥമാകുന്നു ;

(ഡി) ''ആശ്രിതൻ'' എന്നാൽ ഭാര്യ അല്ലെങ്കിൽ ഭർത്താവ്, പ്രായപൂർത്തിയാകാത്ത ആൺമക്കൾ, അവിവാഹിതരോ വിധവകളോ വിവാഹമോചിതരോ ആയ പെൺമക്കൾ, മാനസികമായോ ശാരീരികമായോ അവശതയനുഭവിക്കുന്ന മക്കൾ, അംഗത്തെ മാത്രം ആശ്രയിച്ചു കഴിയുന്ന അച്ഛനും അമ്മയും എന്നർത്ഥമാകുന്നു ;

(ഇ) "ആധാരമെഴുത്തുകാരൻ" എന്നാൽ 1960-ലെ കേരള ആധാരമെഴുത്തുകാരുടെ ലൈസൻസ് ചട്ടങ്ങൾ പ്രകാരം ഉടമസ്ഥാവകാശത്തെപ്പറ്റിയുള്ള അന്വേഷണം നടത്തുകയും ആധാരങ്ങളുടെ നക്കൽ തയ്യാറാക്കുകയും ആധാരം രജിസ്ട്രേഷനുവേണ്ടി മുദ്രപ്പത്രത്തിന്മേൽ എഴുതുകയും ഉൾപ്പെടെ, ആധാരങ്ങൾ തയ്യാറാക്കുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ആൾ എന്നർത്ഥമാകുന്നു ;

(എഫ്) "നിധി" എന്നാൽ 3-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കേരള ആധാരമെഴുത്തുകാരുടേയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി എന്നർത്ഥമാകുന്നു ;

(ജി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു ;

(എച്ച്) "രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ" എന്നാൽ കേരള സർക്കാരിന്റെ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ എന്നർത്ഥമാകുന്നു ;

(ഐ) "അംഗം" എന്നാൽ ഈ ഓർഡിനൻസിലെ വ്യവസ്ഥകൾ പ്രകാരം ക്ഷേമനിധിയിൽ അംഗമായി ചേർക്കപ്പെട്ടതോ 1991-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധിയിൽ ഒരു അംഗമായി തുടർന്നുപോരുകയോ ചെയ്യുന്ന ഒരു ആധാരമെഴുത്തുകാരനോ ഒരു പകർപ്പെഴുത്തുകാരനോ ഒരു സ്റ്റാമ്പ് വെണ്ടറോ എന്നർത്ഥമാകുന്നു ;

(ജെ) "വിജ്ഞാപനം" എന്നാൽ കേരള ഗസറ്റിൽ പ്രസിദ്ധീകരിക്കപ്പെട്ട വിജ്ഞാപനം എന്നർത്ഥമാകുന്നു ;

(കെ) "നിർണ്ണയിക്കപ്പെട്ടത്" എന്നാൽ ഈ ഓർഡിനൻസ് പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങൾ പ്രകാരം നിർണ്ണയിക്കപ്പെട്ടത് എന്നർത്ഥമാകുന്നു ;

(എൽ) "രജിസ്റ്ററിംഗ് അധികാരസ്ഥാനം" എന്നാൽ ബന്ധപ്പെട്ട ജില്ലയിലെ ജില്ലാ രജിസ്ട്രാർ (ജനറൽ) എന്നർത്ഥമാകുന്നു ;

(എം) "പദ്ധതി" എന്നാൽ ഈ ഓർഡിനൻസ് പ്രകാരം ആവിഷ്കരിക്കപ്പെട്ട കേരള ആധാരമെഴുത്തുകാരുടേയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി എന്നർത്ഥമാകുന്നു ;

(എൻ) "പകർപ്പെഴുത്തുകാരൻ" എന്നാൽ ആധാരങ്ങൾ തയ്യാറാക്കുന്നതിൽ ഒരു ആധാരമെഴുത്തുകാരനെ സഹായിക്കുകയും, 1960-ലെ കേരള ആധാരമെഴുത്തുകാരുടെ ലൈസൻസ് ചട്ടങ്ങളിലെ 3-ാം ചട്ടത്തിലെ (5)-ാം ഉപചട്ടത്തിൽ നിർവ്വചിച്ചിട്ടുള്ളപ്രകാരം രജിസ്ട്രേഷനുവേണ്ടി ഹാജരാക്കുന്നതിനുള്ള ആധാരങ്ങൾ പകർത്തിയെഴുതുന്നതിനുള്ള സാധുവായ സ്ക്രൈബ് ലൈസൻസ് കൈവശമുള്ളതുമായ ഒരാൾ എന്നർത്ഥമാകുന്നു ;

(ഒ) "സെക്രട്ടറി" എന്നാൽ ഈ ഓർഡിനൻസ് പ്രകാരം രൂപീകരിച്ചിട്ടുള്ള ബോർഡിന്റെ സെക്രട്ടറി എന്നർത്ഥമാകുന്നു ;

(പി) "സ്റ്റാമ്പ്" എന്നാൽ 24-ാം വകുപ്പ് പ്രകാരം അച്ചടിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്ന കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി സ്റ്റാമ്പ് എന്നർത്ഥമാകുന്നു ;

(ക്യു) "സ്റ്റാമ്പ് വെണ്ടർ" എന്നാൽ 1960-ലെ കേരള സ്റ്റാമ്പ് നിർമ്മാണവും വിൽപ്പനയും ചട്ടങ്ങളിലെ 35-ാം ചട്ടപ്രകാരം ഒരു ലൈസൻസ് ആർജ്ജിച്ചിട്ടുള്ളതും നോൺ ജുഡീഷ്യൽ സ്റ്റാമ്പുകളുടെയും മുദ്രപ്പത്രങ്ങളുടെയും വിൽപ്പനയുമായി ബന്ധപ്പെട്ട തൊഴിലിൽ സജീവമായി ഏർപ്പെട്ടിരിക്കുന്നതുമായ ഒരാൾ എന്നർത്ഥമാകുന്നു;

3. <u>കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി.</u>—(1) ഈ ഓർഡിനൻസ് പ്രാബല്യത്തിൽ വന്നതിനുശേഷം കഴിയുന്നത്ര വേഗം, സർക്കാർ, വിജ്ഞാപനംമൂലം, "കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി" എന്ന പേരിൽ ഒരു പദ്ധതി ആവിഷ്ക്കരിക്കേണ്ടതും പദ്ധതി ആവിഷ്ക്കരിച്ചശേഷം ഈ ഓർഡിനൻസിലെയും പദ്ധതിയിലെയും വ്യവസ്ഥകളനുസരിച്ച് "കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി" എന്ന പേരിൽ ഒരു നിധി രൂപീകരിക്കേണ്ടതുമാണ്.

(2) പദ്ധതിയിൽ, ഈ ഓർഡിനൻസിലെ വ്യവസ്ഥകൾക്ക് വിധേയമായി പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ കാര്യങ്ങൾക്കുവേണ്ടി വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) നിധിയിൽ താഴെ പറയുന്നവ വരവ് വയ്ക്കേണ്ടതാണ്, അതായത്:—

(എ) 4-ഉം 26-ഉം വകുപ്പുകൾ പ്രകാരമുള്ള അംശദായങ്ങൾ ;

(ബി) 5-ാം വകുപ്പ് പ്രകാരം വസൂലാക്കിയ അപേക്ഷാഫീസ്;

(സി) 15-ാം വകുപ്പ് പ്രകാരം കടം വാങ്ങുന്ന ഏതെങ്കിലും തുക ;

(ഡി) 24-ാം വകുപ്പുപ്രകാരം സ്റ്റാമ്പ് വിൽപ്പന നടത്തിയ വകയിൽ ശേഖരിക്കുന്ന എല്ലാ തുകകളും;

(ഇ) ഏതെങ്കിലും അസോസിയേഷനോ, സ്ഥാപനമോ മറ്റേതെങ്കിലും വ്യക്തിയോ നിധിയിലേക്ക് സ്വമേധയാ കൊടുത്തിട്ടുള്ള ഏതെങ്കിലും സംഭാവന;

(എഫ്) നിധിയുടെ ഏതെങ്കിലും ഭാഗം നിക്ഷേപിച്ചതിന്മേലുള്ള ഏതെങ്കിലും ലാഭം, പലിശ, ലാഭവിഹിതം അല്ലെങ്കിൽ മറ്റ് ആദായം;

(ജി) ഭാരത സർക്കാരോ സംസ്ഥാന സർക്കാരോ മറ്റ് ഏതെങ്കിലും സ്ഥാപനമോ സംഘടനയോ നൽകിയ ഏതെങ്കിലും ഗ്രാന്റുകൾ, വായ്പകൾ അല്ലെങ്കിൽ മുൻകൂറുകൾ;

(എച്ച്) സ്റ്റാമ്പ് വെണ്ടർമാർക്ക് കമ്മീഷനായി ലഭിക്കുന്ന തുകയുടെ രണ്ടു ശതമാനം;

(ഐ) 30-ാം വകുപ്പ് പ്രകാരം കൈമാറ്റം ചെയ്യപ്പെടുന്ന തുകകൾ;

(ജെ) പദ്ധതി പ്രകാരം ചുമത്തിയ ഏതെങ്കിലും ഫീസ്;

(കെ) പദ്ധതിയിലെ വ്യവസ്ഥകൾപ്രകാരം നിധിയിലേക്ക് വരവ് കൊള്ളിക്കേണ്ട മറ്റേതെങ്കിലും തുക;

(എൽ) നിധിയുടെ വിഭവശേഷി വർദ്ധിപ്പിക്കുന്നതിനായി മറ്റ് മാർഗ്ഗങ്ങളിൽ നിന്നും ബോർഡ് ശേഖരിച്ച ഏതെങ്കിലും തുക.

(4) നിധി ബോർഡിൽ നിക്ഷിപ്തമാകുന്നതും ബോർഡ് അതിന്റെ ഭരണം നിർവഹിക്കേണ്ടതുമാണ്.

(5) നിധി താഴെ പറയുന്ന എല്ലാമോ ഏതെങ്കിലുമോ ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്, അതായത് :—

(എ) തൊഴിൽ അവസാനിക്കുമ്പോൾ ഒരംഗത്തിന് അയാൾ തൊഴിൽ ചെയ്ത വർഷങ്ങളുടെ എണ്ണം അടിസ്ഥാനപ്പെടുത്തി നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിരക്കുകളിൽ നിശ്ചിത തുകയും പെൻഷനും നിധിയിൽ നിന്നും നൽകുന്നതിന്:

വിശദീകരണം—1 അനാരോഗ്യം കാരണം ജോലിയിൽ തുടരാൻ സാധിക്കാത്ത ഒരു അംഗത്തിന്റെ പെൻഷൻ ആനുകൂല്യങ്ങൾ സംബന്ധിച്ച് തീരുമാന മെടുക്കാൻ ബോർഡിന് അധികാരമുണ്ടായിരിക്കുന്നതാണ്.

2 ഈ ഓർഡിനൻസ് പ്രാരംഭത്തിനു മുമ്പ് അറുപത്തിയഞ്ച് വയസ്സ് പൂർത്തിയായിട്ടുള്ളതും ഇരുപത്തിയഞ്ച് വർഷം ആധാരമെഴുത്തു കാരനോ പകർപ്പെഴുത്തുകാരനോ സ്റ്റാമ്പ് വെണ്ടറോ ആയിരുന്നതു മായ ഒരാളിന് ഓർഡിനൻസിലെ വ്യവസ്ഥകൾ പ്രകാരം അംഗമായി ഒരു വർഷക്കാലം അംശദായം അടച്ചാൽ പ്രത്യേക പെൻഷന് അർഹത നേടാവുന്നതാണ്.

(ബി) പത്തുവർഷത്തിൽ കുറയാതെ അംശദായം അടച്ചിട്ടുള്ള അംഗം മരിച്ചുപോയാൽ കുടുംബപെൻഷൻ നൽകുന്നതിന്;

(സി) അസുഖം അല്ലെങ്കിൽ അപകടംമൂലം ഒരംഗം മരണപ്പെട്ടാൽ സാമ്പത്തിക സഹായം നൽകുന്നതിന്;

(ഡി) സ്ഥിരമായ ശാരീരിക അവശതമൂലം ജോലി ചെയ്യാൻ കഴിയാതിരിക്കു കയോ ക്ഷേമനിധിയിൽ അംഗത്വം അവസാനിക്കുകയോ ചെയ്യുന്ന അംഗങ്ങൾക്ക് അവർ അടച്ച അംശദായ തുക നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള പലിശ സഹിതം തിരിച്ചു നൽകുന്നതിന്;

(ഇ) ഗുരുതരമായ രോഗം ബാധിച്ചിട്ടുള്ള അംഗങ്ങളുടെ വൈദ്യശുശ്രൂഷയ്ക്കുള്ള ചെലവിനായി സാമ്പത്തിക സഹായം നൽകുന്നതിന്;

(എഫ്) അംഗങ്ങളുടെയും അംഗങ്ങളുടെ പെൺമക്കളുടെയും വിവാഹ ആവശ്യത്തിനും വനിതാ അംഗങ്ങൾക്ക് പ്രസവ ആവശ്യത്തിനും സാമ്പത്തിക സഹായം നൽകുന്നതിന്;

(ജി) അംഗങ്ങൾക്ക് അവരുടെ തൊഴിൽ സംബന്ധമായ ആവശ്യത്തിനോ, താമസിക്കുന്നതിനായി വീട് നിർമ്മിക്കുന്നതിനോ വീടിന്റെ അറ്റകുറ്റപ്പണികൾക്കോ വീട് പുതുക്കുന്നതിനോ വീട് നിർമ്മിക്കുന്നതിനായി സ്ഥലം വാങ്ങുന്നതിനോ വീടും സ്ഥലവും കൂടി വാങ്ങുന്നതിനോ അംഗങ്ങളുടെ മക്കൾക്ക് ഉന്നതവിദ്യാഭ്യാസം ഉൾപ്പെടെ യുള്ള വിദ്യാഭ്യാസത്തിന് സാമ്പത്തിക സഹായമോ വായ്പകളോ മുൻകൂറുകളോ നൽകുന്നതിന് ;

(എച്ച്) ശാരീരിക അവശത അനുഭവിക്കുന്ന അംഗങ്ങൾക്ക് പ്രത്യേക ആശ്വാസം നൽകുന്നതിന്;

(ഐ) പദ്ധതിയിൽ വിനിർദ്ദേശിച്ചിട്ടുള്ള മറേറതെങ്കിലും ആവശ്യത്തിന്;

(ജെ) ബോർഡിന്റെ ദൈനംദിന ഭരണ ചെലവുകൾക്ക്.

(6) (1)-ാം ഉപവകുപ്പ് പ്രകാരം ആവിഷ്കരിക്കപ്പെട്ട പദ്ധതി, അത് ആവിഷ്കരിച്ചതിനുശേഷം കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുൻപാകെ, ഒരു സമ്മേളനത്തിനോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ അഥവാ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് നിയമസഭ പ്രസ്തുത പദ്ധതിയിൽ ഏതെങ്കിലും രൂപഭേദം വരുത്തുന്നപക്ഷം പദ്ധതിക്ക് അതിനുശേഷം അപ്രകാരം രൂപഭേദം വരുത്തിയ പ്രകാരം മാത്രം പ്രാബല്യം ഉണ്ടായിരിക്കുന്നതുമാണ്. എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തൽ പദ്ധതി പ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

4. <u>നിധിയിലേക്കുള്ള അംശദായം</u>.—(1) ഒരു അംഗമായി തീരാൻ അർഹതയുള്ള ഓരോ ആധാരമെഴുത്തുകാരനും പകർപ്പെഴുത്തുകാരനും സ്റ്റാമ്പ് വെണ്ടറും പ്രതിമാസം നൂറു രൂപ നിധിയിലേക്ക് അംശദായമായി നൽകേണ്ടതാണ്.

(2) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, (1)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന അംശദായ നിരക്ക്, പദ്ധതിയുടെ നടത്തിപ്പിനുവേണ്ടി ആവശ്യമായ തുക കണക്കിലെടുത്ത് കാലാകാലങ്ങളിൽ പരമാവധി അഞ്ഞൂറ് രൂപ വരെ എന്ന പരിധിയിന്മേൽ പരിഷ്കരിക്കാവുന്നതാണ്.

(3) പദ്ധതിയിൽ വിനിർദ്ദേശിച്ചേക്കാവുന്ന രീതിയിൽ അംശദായം സെക്രട്ടറിയുടെ പേർക്ക് അല്ലെങ്കിൽ ഈ ആവശ്യത്തിലേക്കായി അധികാരപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥന്റെ പേർക്ക് നൽകേണ്ടതാണ്.

5. <u>നിധിയിലെ അംഗത്വം</u>.—(1) 1960-ലെ കേരള ആധാരമെഴുത്തുകാരുടെ ലൈസൻസ് ചട്ടങ്ങൾ പ്രകാരമുള്ള ഒരു ആധാരമെഴുത്തുകാരന്റെയോ അല്ലെങ്കിൽ ഒരു പകർപ്പെഴുത്തുകാരന്റെയോ സാധുവായ ലൈസൻസോ അല്ലെങ്കിൽ 1960-ലെ കേരള സ്റ്റാമ്പ് നിർമ്മാണവും വിൽപ്പനയും ചട്ടങ്ങൾ പ്രകാരമുള്ള ഒരു സ്റ്റാമ്പ് വെണ്ടറുടെ സാധുവായ ലൈസൻസോ, അതതുസംഗതിപോലെ, കൈവശമുള്ളതും അപേക്ഷാ തീയതിയിൽ 65 വയസ്സിനുതാഴെ പ്രായമുള്ളതുമായ ഏതൊരാൾക്കും നിധിയിൽ അംഗമായി പ്രവേശിക്കുന്നതിന് നിർണ്ണയിക്കപ്പെട്ട അങ്ങനെയുള്ള ഫാറത്തിലും രീതിയിലും ബോർഡിലേക്ക് അപേക്ഷിക്കാവുന്നതാണ്:

എന്നാൽ, കേന്ദ്ര സർക്കാർ സർവ്വീസിൽ നിന്നോ ഏതെങ്കിലും സംസ്ഥാന സർക്കാർ സർവ്വീസിൽ നിന്നോ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിൽ നിന്നോ തദ്ദേശാധികാരസ്ഥാപനത്തിൽ നിന്നോ വിരമിക്കൽ ആനുകൂല്യങ്ങളോടെ വിരമിച്ച ശേഷം ഒരു ആധാരം എഴുത്തുകാരനായോ പകർപ്പെഴുത്തുകാരനായോ സ്റ്റാമ്പ് വെണ്ടറായോ ജോലി നോക്കുന്ന യാതൊരാൾക്കും നിധിയിൽ അംഗത്വമെടുക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു അപേക്ഷയിന്മേൽ ബോർഡിന്, അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള അന്വേഷണം നടത്താവുന്നതും അപേക്ഷകനെ നിധിയിൽ ചേർക്കുകയോ അല്ലെങ്കിൽ എഴുതി രേഖപ്പെടുത്തിയ കാരണങ്ങളാൽ അയാളുടെ അപേക്ഷ നിരസിക്കുകയോ ചെയ്യാവുന്നതുമാണ്:

എന്നാൽ, അപേക്ഷ നിരസിച്ചുകൊണ്ടുള്ള യാതൊരു ഉത്തരവും അപേക്ഷകന് പറയാനുള്ളത് പറയുവാൻ ഒരു അവസരം നൽകാതെ പാസ്സാക്കാൻ പാടുള്ളതല്ല:

എന്നുമാത്രമല്ല, അംഗത്വത്തിനുള്ള ഏതെങ്കിലും അപേക്ഷ നിരസിക്കുന്നപക്ഷം അതുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും സർക്കാരിന് നിർണ്ണയിക്കപ്പെടാവുന്ന കാലയളവിനുള്ളിൽ അപ്പീൽ നൽകാവുന്നതാണ്.

(3) ഓരോ അപേക്ഷകനും അപേക്ഷാഫീസായി നൂറ് രൂപ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ അപേക്ഷയോടൊപ്പം നൽകേണ്ടതാണ്.

(4) നിധിയിലെ ഒരു അംഗം, 65 വയസ്സ് പൂർത്തിയാകുമ്പോഴോ 25 വർഷത്തെ അംഗത്വത്തിനുശേഷം തന്റെ ലൈസൻസ് തിരിച്ചേൽപ്പിക്കുകയും സ്വമേധയാ പെൻഷന് അപേക്ഷിക്കുകയും ചെയ്യുമ്പോഴോ നിധിയിൽ അംഗമല്ലാതായിത്തീരുന്നതാണ്.

(5) നിധിയിൽ അംഗമായി ചേർന്ന ഓരോ അംഗത്തിനും ഒരു അംഗത്വ സർട്ടിഫിക്കററും അംശദായത്തിന്റെ നിരക്ക്, രജിസ്റ്ററിൽ പേര് ചേർത്തതിന്റെ വിശദാംശങ്ങൾ, ജനനത്തീയതി, അംശദായം നൽകുന്നതിനുള്ള നിശ്ചിത തീയതി മുതലായവ രേഖപ്പെടുത്തിയ ഒരു പാസ്സ് ബുക്കും രജിസ്റ്ററിംഗ് അധികാരസ്ഥാനം നൽകേണ്ടതാണ്. രജിസ്റ്ററിംഗ് അധികാരസ്ഥാനങ്ങൾ അവരുടെ അധികാര പരിധിക്കുള്ളിൽ വരുന്ന അംഗങ്ങളുടെ ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതും സംസ്ഥാന തലത്തിൽ, നിധിയിൽ അംഗമായി ചേർന്നിട്ടുള്ള അംഗങ്ങളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ കാണിക്കുന്ന ഒരു രജിസ്റ്റർ ബോർഡിന്റെ സെക്രട്ടറി സൂക്ഷിക്കേണ്ടതുമാണ്.

6. <u>അംഗത്വം റദ്ദാക്കൽ.</u>—(1) ഒരു അംഗം ഏതെങ്കിലും തരത്തിലുള്ള കൃത്രിമം കാട്ടിയതായോ അംഗത്വത്തിനുള്ള നിബന്ധനകളുമായി ബന്ധപ്പെട്ടോ പദ്ധതിപ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായോ വ്യാജമായ വിവരം എപ്പോഴെങ്കിലും നൽകിയിട്ടുണ്ടെന്നോ കണ്ടെത്തുകയാണെങ്കിൽ, രജിസ്റ്ററിംഗ് അധികാരസ്ഥാനം അങ്ങനെയുള്ള അംഗത്തിന്റെ അംഗത്വം റദ്ദാക്കേണ്ടതാകുന്നു:

എന്നാൽ അംഗത്വം റദ്ദാക്കിക്കൊണ്ടുള്ള യാതൊരു ഉത്തരവും അപേക്ഷകന് പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നൽകാതെ പാസ്സാക്കാൻ പാടുള്ളതല്ല.

(2) ഒരു അംഗം ആറുമാസക്കാലം തുടർച്ചയായി അംശദായം അടയ്ക്കാൻ വീഴ്ച വരുത്തുകയാണെങ്കിൽ നിധിയിലെ അയാളുടെ അംഗത്വം സ്വയമേവ അവസാനിക്കുന്നതാണ്.

(3) ഒരംഗം ആധാരമെഴുത്തുകാരൻ അഥവാ പകർപ്പെഴുത്തുകാരൻ അഥവാ സ്റ്റാമ്പ് വെണ്ടർ ആയി, അതതു സംഗതിപോലെ, പ്രവർത്തിക്കുന്നില്ലായെന്ന് രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന് അഭിപ്രായമുള്ളപക്ഷം, നിധിയിലെ അയാളുടെ അംഗത്വം റദ്ദാക്കേണ്ടതാണ്. അങ്ങനെയുള്ള സംഗതികളിലെ അംഗത്വം റദ്ദാക്കൽ തീയതി

രജിസ്റ്ററിംഗ് അധികാരസ്ഥാനം നിശ്ചയിക്കാവുന്ന പ്രകാരം ആയിരിക്കുന്നതാണ്.

(4) രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെ ഉത്തരവുകൾക്കെതിരായുള്ള അപ്പീൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാലയളവിനുള്ളിൽ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ മുമ്പാകെ ഫയൽ ചെയ്യേണ്ടതാണ്.

(5) രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന് ഒരു കത്ത് സമർപ്പിച്ചുകൊണ്ട് ഒരംഗത്തിന് നിധിയിൽ നിന്നും സ്വയമേവ പിരിഞ്ഞുപോകാവുന്നതാണ്. അങ്ങനെയുള്ള സംഗതികളിൽ, പിരിഞ്ഞുപോകൽ തീയതി അംഗം തന്റെ കത്ത് നൽകിയ തീയതി ആയിരിക്കുന്നതാണ്.

7. <u>അംഗത്വം പുനരുജ്ജീവിപ്പിക്കൽ.</u>—6-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം അംഗത്വം അവസാനിപ്പിക്കപ്പെട്ട ഒരു അംഗത്തിന് അപ്രകാരം അംഗത്വം അവസാനിപ്പിക്കപ്പെട്ട തീയതി മുതൽ ആറുമാസത്തിനകം പന്ത്രണ്ട് ശതമാനം വാർഷിക പലിശയോടുകൂടി കുടിശ്ശിക അടച്ചാൽ അംഗത്വം പുനരുജ്ജീവിപ്പിച്ചു നൽകാവുന്നതാണ്.

8. <u>പദ്ധതി ഭേദഗതി ചെയ്യൽ.</u>—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനംവഴി, ഈ ഓർഡിനൻസ്പ്രകാരം ആവിഷ്കരിക്കപ്പെട്ട പദ്ധതിയിൽ മുൻകാല പ്രാബല്യത്തോടുകൂടിയോ പിൽക്കാല പ്രാബല്യത്തോടുകൂടിയോ ഭേദഗതി വരുത്താവുന്നതാണ്

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഓരോ വിജ്ഞാപനവും അത് പുറപ്പെടുവിച്ചശേഷം കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ, ഒരു സമ്മേളനത്തിലോ, തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ, ആ സമ്മേളനമോ തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ്, നിയമസഭ, പ്രസ്തുത വിജ്ഞാപനത്തിൽ ഏതെങ്കിലും രൂപഭേദപ്പെടുത്തലുകൾ വരുത്തുകയോ അല്ലെങ്കിൽ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, വിജ്ഞാപനത്തിന് അതിന് ശേഷം, അതതു സംഗതിപോലെ, അപ്രകാരം രൂപഭേദപ്പെടുത്തൽ വരുത്തിയ പ്രകാരം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു.

9. <u>ബോർഡിന്റെ രൂപീകരണം.</u>—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനംവഴി അതിൽ വിനിർദ്ദേശിക്കപ്പെടുന്ന തീയതി മുതൽ പ്രാബല്യത്തോടുകൂടി, നിധിയുടെ ഭരണ നിർവ്വഹണത്തിനും നടത്തിപ്പിനും ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും നടപ്പിലാക്കുന്നതിനും വേണ്ടി "കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബോർഡ്" എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കാവുന്നതാണ്.

(2) ബോർഡ് ശാശ്വതമായ പിന്തുടർച്ചാവകാശത്തോടും പൊതു മുദ്രയോടുംകൂടി "കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബോർഡ്" എന്ന പേരിലുള്ള ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാണ്.

(3) ബോർഡിൽ ഇതിനുശേഷം വ്യവസ്ഥചെയ്യുന്നപ്രകാരം സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന സർക്കാരിനെ പ്രതിനിധാനം ചെയ്യുന്ന ഏഴ് ഔദ്യോഗിക അംഗങ്ങളും നിധിയുടെ ഗുണഭോക്താക്കളെ പ്രതിനിധാനം ചെയ്യുന്ന മൂന്ന് അനൗദ്യോഗിക അംഗങ്ങളും ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) ഗവൺമെന്റ് സെക്രട്ടറി, നികുതിവകുപ്പ്—അദ്ദേഹം ബോർഡിന്റെ ചെയർമാനായിരിക്കുന്നതാണ്;

(ബി) ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ—അദ്ദേഹം ബോർഡിന്റെ വൈസ് ചെയർമാനായിരിക്കുന്നതാണ്;

(സി) ജോയിന്റ് ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ—അദ്ദേഹം ബോർഡിന്റെ സെക്രട്ടറിയായിരിക്കുന്നതാണ്;

(ഡി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഡെപ്യൂട്ടി സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ധനകാര്യവകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ;

(ഇ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഡെപ്യൂട്ടി സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത തൊഴിൽ വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ;

(എഫ്) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഡെപ്യൂട്ടി സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത നികുതി വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ;

(ജി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഡെപ്യൂട്ടി സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത നിയമ വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ;

(എച്ച്) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ആധാരമെഴുത്തുകാരെയും പകർപ്പെഴുത്തുകാരെയും സ്റ്റാമ്പ് വെണ്ടർമാരെയും പ്രതിനിധാനം ചെയ്യുന്ന മൂന്ന് അനൗദ്യോഗിക അംഗങ്ങൾ.

(4) പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെടുന്ന രീതിയിൽ ബോർഡ് അതിൽ നിക്ഷിപ്തമായിരിക്കുന്ന നിധിയുടെ ഭരണനിർവ്വഹണം നടത്തേണ്ടതാണ്.

(5) ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള നിയന്ത്രണങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി നിധിയുടെ കാര്യക്ഷമമായ നടത്തിപ്പിന്, അത് ആവശ്യമെന്നു കരുതുന്ന, ഈ ഓർഡിനൻസോ പദ്ധതിയോ പ്രകാരമുള്ള അതിന്റെ അങ്ങനെയുള്ള അധികാരങ്ങളും ചുമതലകളും ചെയർമാനോ സെക്രട്ടറിക്കോ ഏല്പിച്ചുകൊടുക്കാവുന്നതാണ്.

10. <u>ബോർഡിന്റെ യോഗം.</u>—(1) ബോർഡ്, അതിന്റെ ബിസിനസ്സ് നടത്തിപ്പിനായി കുറഞ്ഞത് മൂന്നുമാസത്തിൽ ഒരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്.

(2) ബോർഡിന്റെ ഒരു യോഗത്തിനുവേണ്ടിയുള്ള ക്വാറം കുറഞ്ഞത് നാല് ഔദ്യോഗിക അംഗങ്ങളും രണ്ട് അനൗദ്യോഗിക അംഗങ്ങളും ഉൾപ്പെടെ ബോർഡിലെ ആറ് അംഗങ്ങളായിരിക്കേണ്ടതാണ്.

(3) ചെയർമാനോ അദ്ദേഹത്തിന്റെ അഭാവത്തിൽ വൈസ് ചെയർമാനോ, ചെയർമാന്റെയും വൈസ് ചെയർമാന്റെയും അഭാവത്തിൽ യോഗത്തിൽ ഹാജരായിട്ടുള്ള അംഗങ്ങളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ഒരു അംഗമോ ബോർഡ് യോഗത്തിന്റെ അദ്ധ്യക്ഷത വഹിക്കേണ്ടതാണ്.

(4) ബോർഡിന്റെ ഒരു യോഗത്തിനുമുമ്പാകെ വരുന്ന ഏതൊരു സംഗതിയും യോഗത്തിൽ ഹാജരായിട്ടുള്ള അംഗങ്ങളുടെ ഭൂരിപക്ഷ വോട്ടിലൂടെ തീരുമാനിക്കപ്പെടേണ്ടതും തുല്യവോട്ടുകളുടെ സംഗതിയിൽ, യോഗത്തിൽ അദ്ധ്യക്ഷം വഹിക്കുന്ന ചെയർമാന് അല്ലെങ്കിൽ വൈസ് ചെയർമാന് അല്ലെങ്കിൽ അംഗത്തിന് ഒരു കാസ്റ്റിംഗ് വോട്ടവകാശം ഉണ്ടായിരിക്കുന്നതുമാണ്.

11. <u>ബോർഡ് അംഗങ്ങളുടെ ഔദ്യോഗിക കാലാവധി.</u>—(1) 9-ാം വകുപ്പ് (3)-ാം ഉപവകുപ്പുപ്രകാരം നിയമിക്കപ്പെട്ട അനൗദ്യോഗിക അംഗങ്ങൾ ബോർഡ് രൂപീകരിച്ചുകൊണ്ടുള്ള വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ മൂന്നുവർഷക്കാലത്തേക്ക് ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതാണ്.

(2) ഏതൊരു അനൗദ്യോഗിക അംഗത്തിനും സർക്കാരിന് ലിഖിതമായ നോട്ടീസ് നൽകിക്കൊണ്ട് തന്റെ അംഗത്വം രാജിവയ്ക്കാവുന്നതും, എന്നാൽ, സർക്കാർ രാജി സ്വീകരിക്കുന്നതുവരെ അദ്ദേഹം ഔദ്യോഗികസ്ഥാനത്ത് തുടരേണ്ടതുമാണ്.

(3) പൊതുതാൽപ്പര്യാർത്ഥം, ഏതെങ്കിലും ഔദ്യോഗിക അംഗം പ്രസ്തുത സ്ഥാനത്തിൽ തുടരുന്നത് അനുചിതമെന്ന് സർക്കാരിന് അഭിപ്രായമുള്ളപക്ഷം കാരണങ്ങൾ രേഖപ്പെടുത്തിക്കൊണ്ട് ഏതു സമയത്തും സർക്കാരിന് അങ്ങനെയുള്ള അംഗത്തെ ഔദ്യോഗിക സ്ഥാനത്തുനിന്നും നീക്കംചെയ്യാവുന്നതാണ്.

12. <u>അനൗദ്യോഗിക അംഗങ്ങളുടെ അയോഗ്യതയും നീക്കം ചെയ്യലും.</u>—(1) സർക്കാരിന് ബോർഡിലെ ഏതൊരു അനൗദ്യോഗിക അംഗത്തെയും,—

(എ) അദ്ദേഹത്തിന് ബുദ്ധിസ്ഥിരതയില്ലെങ്കിൽ;

(ബി) അദ്ദേഹം അവിമുക്തനിർദ്ധനനായി വിധിക്കപ്പെട്ടാൽ;

(സി) അദ്ദേഹം ബോർഡിന്റെ അനുവാദം കൂടാതെ തുടർച്ചയായി മൂന്ന് യോഗങ്ങളിൽ ഹാജരാകാതെയിരിക്കുകയാണെങ്കിൽ ;

(ഡി) അദ്ദേഹം ഒരംഗമായി പ്രവർത്തിക്കുന്നതിന് യോഗ്യനല്ലെന്നോ കഴിവില്ലാത്തവനായിത്തീർന്നുവെന്നോ, അംഗമായി അദ്ദേഹം തുടരുന്നത് പൊതുതാൽപ്പര്യത്തിന് ഹാനികരമായിത്തീരത്തക്കവിധം തന്റെ പദവി ദുരുപയോഗപ്പെടുത്തിയിട്ടുണ്ടെന്നോ സർക്കാരിന് അഭിപ്രായമുള്ളപക്ഷം;

ഔദ്യോഗിക സ്ഥാനത്തുനിന്നും നീക്കം ചെയ്യാവുന്നതാണ്:

എന്നാൽ, ഈ ഉപവകുപ്പുപ്രകാരം ഒരു അംഗത്തെ നീക്കംചെയ്യുന്നതിനുമുമ്പായി അദ്ദേഹത്തെ നീക്കം ചെയ്യാതിരിക്കാനുള്ള കാരണം കാണിക്കുന്നതിന് അദ്ദേഹത്തിന് ന്യായമായ ഒരവസരം നൽകേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് (സി) ഖണ്ഡപ്രകാരം ബോർഡിൽ നിന്നും നീക്കം ചെയ്യപ്പെട്ട ഒരു അനൗദ്യോഗിക അംഗം സർക്കാർ മറ്റുവിധത്തിൽ ഉത്തരവാകാത്തപക്ഷം അദ്ദേഹത്തെ നീക്കംചെയ്ത തീയതി മുതൽ മൂന്നുവർഷക്കാലത്തേക്ക് ബോർഡിലെ ഒരംഗമായി വീണ്ടും നിയമിക്കപ്പെടുന്നതിന് യോഗ്യനായിരിക്കുന്നതല്ല.

(3) (1)-ാം ഉപവകുപ്പ് (ഡി) ഖണ്ഡപ്രകാരം നീക്കംചെയ്യപ്പെട്ട ബോർഡിലെ ഒരു അനൗദ്യോഗിക അംഗം, സർക്കാർ, ഒരു ഉത്തരവുമൂലം മേലിൽ അദ്ദേഹം അയോഗ്യനല്ലെന്ന് പ്രഖ്യാപിക്കുന്നതുവരെ വീണ്ടും നിയമിക്കപ്പെടുന്നതിന് അർഹനായിരിക്കുന്നതല്ല.

13. ബോർഡിലെ അംഗങ്ങൾക്കുള്ള സിറ്റിംഗ് ഫീസും യാത്രാബത്തയും ദിനബത്തയും.—ബോർഡിലെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾക്ക് നിർണ്ണയിക്കപ്പെടാവുന്ന നിരക്കിലുള്ള സിറ്റിംഗ് ഫീസും, യാത്രാബത്തയും, ദിനബത്തയും ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

14. ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനം.—(1) സർക്കാരിന് ഈ ഓർഡിനൻസ് പ്രകാരമുള്ള ബോർഡിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് സെക്രട്ടറിയെ സഹായിക്കുന്നതിന് ആവശ്യമെന്ന് കരുതുന്നത്ര ഉദ്യോഗസ്ഥന്മാരെയും ജീവനക്കാരെയും നിർണ്ണയിക്കപ്പെടാവുന്നപ്രകാരം രജിസ്ട്രേഷൻ വകുപ്പിൽനിന്നും ഡെപ്യൂട്ടേഷനിൽ നിയമിക്കാവുന്നതാണ്.

(2) ബോർഡിന്റെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി ബോർഡിന്റെ സെക്രട്ടറി ഉത്തരവാദപ്പെട്ടിരിക്കുന്നതാണ്.

15. കടം വാങ്ങുന്നതിനുള്ള ബോർഡിന്റെ അധികാരം.—ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടെ സർക്കാർ വിനിർദ്ദേശിക്കുന്നപ്രകാരമുള്ള നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി നിധിയുടെ ആവശ്യങ്ങൾക്കുവേണ്ടി, കാലാകാലങ്ങളിൽ, പണം കടം വാങ്ങാവുന്നതാണ്.

16. ബോർഡിലെ അനൗദ്യോഗിക അംഗങ്ങൾ പബ്ലിക് സർവന്റുമാർ ആയിരിക്കുമെന്ന്.—ബോർഡിലെ ഓരോ അനൗദ്യോഗിക അംഗവും ഇന്ത്യൻ ശിക്ഷാ നിയമസംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന ഒരു പബ്ലിക് സർവന്റായി കരുതപ്പെടേണ്ടതാണ്.

17. ഉത്തമവിശ്വാസപൂർവ്വം ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം.—ഈ ഓർഡിനൻസ് പ്രകാരമോ പദ്ധതിപ്രകാരമോ ഉള്ള കർത്തവ്യങ്ങളും ചുമതലകളും നിറവേറ്റുന്നതിനായി ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് ബോർഡിലെ ഒരംഗത്തിനോ ബോർഡിനെ സഹായിക്കുന്ന മറ്റേതെങ്കിലും ആളിനോ എതിരായി യാതൊരു വ്യവഹാരമോ മറ്റു നിയമ നടപടിയോ നിലനിൽക്കുന്നതല്ല.

18. സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ.—സർക്കാരിന്, കാലാകാലങ്ങളിൽ ബോർഡിന് നിർദ്ദേശങ്ങൾ നൽകാവുന്നതും ആയത് നടപ്പിലാക്കുവാൻ ബോർഡ് ബാദ്ധ്യസ്ഥവുമാണ്.

19. അന്വേഷണത്തിനുവേണ്ടി ഉത്തരവ് പുറപ്പെടുവിക്കാനുള്ള അധികാരം.—(1) സർക്കാരിന്, ഏതു സമയത്തും, ബോർഡിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷിക്കുകയും സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുന്നതിനായി സർക്കാരിന്റെ ഒരു സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഏതെങ്കിലും ഉദ്യോഗസ്ഥനെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിക്കാവുന്നതാണ്.

(2) അപ്രകാരം നിയമിക്കപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥന്, അന്വേഷണം ശരിയായ രീതിയിൽ നടത്തുന്നതിനുവേണ്ട എല്ലാ സൗകര്യങ്ങളും ബോർഡ് ഏർപ്പെടുത്തി കൊടുക്കേണ്ടതും അദ്ദേഹം ആവശ്യപ്പെടുന്ന ബോർഡിന്റെ കൈവശമുള്ള രേഖകളും, കണക്കുകളും വിവരങ്ങളും നൽകുകയും ചെയ്യേണ്ടതുമാണ്.

20. നിധിയുടെ കണക്കുകളുടെ ആഡിറ്റും ആഡിറ്റർമാരുടെ നിയമനവും.—(1) നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ നിധിയുടെ കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിനായി ബോർഡ് അങ്ങനെയുള്ള ആഡിറ്റർമാരെ നിയമിക്കേണ്ടതാണ്.

(2) അങ്ങനെയുള്ള ആഡിറ്റർമാർ നിധിയുടെ കണക്കുകൾ ഓരോ വർഷത്തിലും ഒരിക്കൽ ആഡിറ്റ് ചെയ്യേണ്ടതാണ്.

21. വാർഷിക റിപ്പോർട്ടും കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റും.—(1) നിധിയുടെ വാർഷിക റിപ്പോർട്ട് ബോർഡിന്റെ നിർദ്ദേശപ്രകാരം തയ്യാറാക്കേണ്ടതും ബോർഡിന്റെ അംഗീകാരത്തിനുശേഷം റിപ്പോർട്ടിന്റെ ഒരു പകർപ്പ്, കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റ് സഹിതം ഓരോ വർഷവും ജൂലൈ അവസാനത്തിനുമുമ്പ് സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

(2) വാർഷിക റിപ്പോർട്ട് ലഭിച്ചാലുടൻതന്നെ സർക്കാർ, അത് കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റ് സഹിതം, നിയമസഭയുടെ മുമ്പാകെ വയ്ക്കേണ്ടതാണ്.

22. സിവിൽ കോടതികളുടെ അധികാരിതയ്ക്ക് വിലക്ക്.—ഈ ഓർഡിനൻസോ പദ്ധതിയോ പ്രകാരമോ അതിൻകീഴിലോ, സർക്കാരോ ബോർഡോ സെക്രട്ടറിയോ അല്ലെങ്കിൽ ബോർഡ് അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ, തീർപ്പാക്കേണ്ടതോ, തീരുമാനിക്കേണ്ടതോ, കൈകാര്യം ചെയ്യേണ്ടതോ ആയ ഏതെങ്കിലും പ്രശ്നം അഥവാ നിശ്ചയിക്കേണ്ടതായ ഏതെങ്കിലും സംഗതി തീർപ്പാക്കുവാനോ, തീരുമാനിക്കുവാനോ, കൈകാര്യം ചെയ്യുവാനോ, നിശ്ചയിക്കുവാനോ ഉള്ള അധികാരിത യാതൊരു സിവിൽ കോടതിക്കും ഉണ്ടായിരിക്കുന്നതല്ല.

23. സാക്ഷിയെ വിളിച്ചുവരുത്തുന്നതിനും തെളിവെടുപ്പ് നടത്തുന്നതിനുമുള്ള അധികാരം.—ഈ ഓർഡിനൻസിൻ കീഴിൽ അന്വേഷണത്തിന്റെ ആവശ്യത്തിലേക്കായി, ബോർഡിന്, 1908-ലെ സിവിൽ നടപടി നിയമസംഹിത (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഒരു സിവിൽ കേസ് വിചാരണ നടത്തുമ്പോൾ ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ താഴെപ്പറയുന്ന സംഗതികളെ സംബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ഏതൊരാളെയും ഹാജരാകുന്നതിന് നിർബന്ധിക്കുന്നതിനും അല്ലെങ്കിൽ അയാളെ സത്യപ്രതിജ്ഞയിന്മേൽ വിസ്തരിക്കുന്നതിനും ;

(ബി) പ്രമാണങ്ങൾ കണ്ടെത്തുന്നതിനും ഹാജരാക്കുന്നതിനും ആവശ്യപ്പെടുന്നതിന്;

(സി) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുന്നതിന് ; കൂടാതെ

(ഡി) സാക്ഷികളെ വിസ്തരിക്കുന്നതിനുവേണ്ടി കമ്മീഷനെ നിയോഗിക്കുന്നതിന്.

24. കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി സ്റ്റാമ്പ്.—(1) ബോർഡ്, അൻപത് രൂപ മൂല്യമുള്ളതും, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രൂപത്തിലും അങ്ങനെയുള്ള രീതിയിലുമുള്ളതും "കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി സ്റ്റാമ്പ്" എന്ന് മുദ്രണം ചെയ്തിട്ടുള്ളതുമായ സ്റ്റാമ്പുകൾ സർക്കാർ പ്രസ്സിൽ അച്ചടിപ്പിക്കേണ്ടതാണ്.

(2) ലൈസൻസുള്ള ഒരു ആധാരമെഴുത്തുകാരൻ തയ്യാറാക്കുന്നതും സംസ്ഥാനത്തെ ഏതെങ്കിലും സബ്-രജിസ്ട്രാർ ആഫീസുകളിൽ, അതതു സംഗതി പോലെ, ബുക്ക് I, III അല്ലെങ്കിൽ IV-ൽ രജിസ്റ്റർ ചെയ്യുന്നതിന് ഹാജരാക്കുന്ന ഓരോ ആധാരത്തിലും (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിരിക്കുന്ന പ്രകാരമുള്ള ഒരു സ്റ്റാമ്പ്, കേരള മുദ്രപ്പത്ര ആക്റ്റ് (1959-ലെ 17-ാം ആക്റ്റ്) പ്രകാരം ചുമത്താവുന്ന സ്റ്റാമ്പ് ഡ്യൂട്ടിക്കു പുറമേ പതിക്കേണ്ടതാണ്:

എന്നാൽ, കേന്ദ്ര സർക്കാരിനോ സംസ്ഥാന സർക്കാരിനോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനോ വേണ്ടി രജിസ്റ്റർ ചെയ്യുന്നതിന് തയ്യാറാക്കിയതും ഹാജരാക്കിയതുമായ ഏതെങ്കിലും ആധാരത്തിന് ഈ ഉപവകുപ്പ് ബാധകമാകുന്നതല്ല.

(3) (2)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിരിക്കുന്ന പ്രകാരം പതിപ്പിച്ചിട്ടുള്ള ഓരോ സ്റ്റാമ്പും, 1959-ലെ കേരള മുദ്രപ്പത്ര ആക്റ്റിലെ (1959-ലെ 17-ാം ആക്റ്റ്) 12-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന രീതിയിൽ റദ്ദാക്കേണ്ടതാണ്.

(4) ഈ വകുപ്പുപ്രകാരം അച്ചടിച്ച സ്റ്റാമ്പുകൾ ബോർഡിന്റെ അധീനതയിൽ ആയിരിക്കേണ്ടതും, സ്റ്റാമ്പിന്റെ വിതരണവും വിൽപ്പനയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ ആയിരിക്കേണ്ടതുമാണ്.

25. വീഴ്ചയോ അയോഗ്യതയോ ഉള്ള സംഗതിയിൽ പണം നൽകൽ.—(1) വീഴ്ചയോ അയോഗ്യതയോ കാരണം അംഗത്വം അവസാനിക്കുന്ന സംഗതിയിൽ അംഗത്തിനോ അയാളുടെ നോമിനിക്കോ പദ്ധതിയിൽ പറഞ്ഞിട്ടുള്ളപ്രകാരം വരിസംഖ്യയായി ഒടുക്കിയ തുകയ്ക്കുവേണ്ടി അപേക്ഷിക്കാവുന്നതാണ്.

(2) അംഗത്വം അവസാനിച്ച ഏതെങ്കിലും അംഗത്തിനോ അയാളുടെ നോമിനിക്കോ ക്ഷേമനിധിയിൽനിന്നുള്ള ഏതെങ്കിലും ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

(3) അംഗത്വം അവസാനിച്ച തീയതിക്കുശേഷം അംശദായം എന്തെങ്കിലും അടച്ചിട്ടുണ്ടെങ്കിൽ അത് മുഴുവനും അതിന് യാതൊരു പലിശയുമില്ലാതെ, തിരിച്ചു നൽകുന്നതാണ്.

(4) ഒരു അംഗമോ അയാൾ നാമനിർദ്ദേശം ചെയ്തയാളോ ഏതെങ്കിലും തുക തെറ്റായി കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ഉചിതമായ നിയമനടപടികളിലൂടെ അങ്ങനെയുള്ള ആളിൽനിന്നും അത് വസൂലാക്കുന്നതാണ്.

26. സർക്കാരിന്റെ അംശദായം.—(1) ഒരു സാമ്പത്തികവർഷത്തിൽ അംഗങ്ങൾ നൽകിയ മൊത്തം അംശദായത്തുകയുടെ പത്തു ശതമാനമോ, ബോണസും അവധി പണമാക്കുന്നതും ഉൾപ്പെടെ ക്ഷേമനിധിയുടെ നടത്തിപ്പിനായി ഏൽപ്പിച്ചിട്ടുള്ള ജീവനക്കാരുടെ യാത്രാബത്ത ഒഴികെ, ശമ്പളത്തിന്റെയും ബത്തകളുടെയും ഹെഡ്ഡിൽനിന്നും വഹിക്കേണ്ടതായ ചെലവുകളോ, ഇതിൽ ഏതാണോ കുറവ്, അത് സർക്കാർ അംശദായമായി നൽകേണ്ടതാണ്.

(2) ഓരോ സാമ്പത്തിക വർഷത്തിന്റെയും അവസാനം സെക്രട്ടറി ബോണസും അവധി പണമാക്കുന്നതും ഉൾപ്പെടെ ക്ഷേമനിധിയുടെ നടത്തിപ്പിനായി ഏൽപ്പിച്ചിട്ടുള്ള ജീവനക്കാരുടെ യാത്രാബത്ത ഒഴികെ, ശമ്പളത്തിന്റെയും ബത്തയുടെയും ശീർഷകത്തിൽനിന്നും വഹിക്കേണ്ടതായ ചെലവ് കണക്കാക്കേണ്ടതും ആയത് സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(3) അപ്രകാരം കണക്കാക്കിയ തുക അംഗങ്ങളുടെ വാർഷിക അംശദായത്തിന്റെ പത്തു ശതമാനത്തിൽ കൂടുതലാണെന്നു കണ്ടാൽ ഈ തുകയുടെയും അംഗങ്ങളുടെ വാർഷിക അംശദായത്തിന്റെ പത്തു ശതമാനം തുകയുടെയും വ്യത്യാസം ക്ഷേമനിധിയിൽനിന്നും പിൻവലിക്കേണ്ടതും കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ബന്ധപ്പെട്ട ശീർഷകത്തിലേക്ക് അടയ്ക്കേണ്ടതുമാണ്.

27. ന്യൂനത മുതലായവമൂലം ബോർഡിന്റെ പ്രവൃത്തികൾ അസാധുവാകുന്നതല്ലെന്ന്.—ഈ ഓർഡിനൻസുപ്രകാരമോ അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾ പ്രകാരമോ ബോർഡ് ചെയ്ത പ്രവൃത്തിയോ നടപടിക്രമമോ,—

(എ) ബോർഡിലെ ഏതെങ്കിലും ഒഴിവോ രൂപീകരണത്തിൽ ഉണ്ടാകുന്ന ന്യൂനതയോ; അല്ലെങ്കിൽ

(ബി) അതിലെ ഒരംഗമായ ഏതെങ്കിലും ആളെ നാമനിർദ്ദേശം ചെയ്തതിലുള്ള ഏതെങ്കിലും ന്യൂനതയോ ക്രമക്കേടോ; അല്ലെങ്കിൽ

(സി) ബോർഡിന്റെ പ്രവൃത്തിയിലോ നടപടിയിലോ ഉണ്ടായ ഏതെങ്കിലും ന്യൂനതയോ ക്രമക്കേടോ;

കാരണമായി മാത്രം അസാധുവാകുന്നതല്ല.

28. വൈഷമ്യങ്ങൾ നീക്കം ചെയ്യൽ.—(1) ഈ ഓർഡിനൻസിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം, ആ വൈഷമ്യം നീക്കം ചെയ്യുന്നതിലേക്ക് ആവശ്യമെന്ന് തങ്ങൾക്ക് തോന്നുന്നതും ഈ ഓർഡിനൻസിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ വ്യവസ്ഥകൾ, സർക്കാരിന് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവുമൂലം ഉണ്ടാക്കാവുന്നതാണ്:

എന്നാൽ, ഈ ഓർഡിനൻസിന്റെ പ്രാരംഭ തീയതി മുതൽ രണ്ട് വർഷത്തിനു ശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിക്കുന്ന ഉത്തരവ് നിയമസഭ മുൻപാകെ വയ്ക്കേണ്ടതാണ്.

29. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനംവഴി, ഈ ഓർഡിനൻസിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി, മുൻകാല പ്രാബല്യത്തോടുകൂടിയോ പിൽക്കാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ഓർഡിനൻസ്പ്രകാരം ഉണ്ടാക്കപ്പെടുന്ന ഓരോ ചട്ടവും, അതുണ്ടാക്കിയ ശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുൻപാകെ ഒരു സമ്മേളനത്തിലോ അല്ലെങ്കിൽ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിന്നാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത്, ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ, തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുൻപ്, നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും രൂപഭേദപ്പെടുത്തലുകൾ വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന്, അതിനുശേഷം, അതതു സംഗതിപോലെ, അപ്രകാരം ഭേദഗതി ചെയ്ത രൂപത്തിൽമാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ, അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ, റദ്ദാക്കലോ, ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

30. 1991-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതിയിൽ നിന്നും ഫണ്ട് കൈമാറ്റം ചെയ്യുന്നതിനുള്ള വ്യവസ്ഥ.—(1) തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ ഓർഡിനൻസ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ 1991-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതിയുടെ കണക്കിൽ ഉണ്ടായിരുന്ന എല്ലാ തുകകളും ഈ ഓർഡിനൻസിൻ കീഴിൽ രൂപീകരിക്കപ്പെടുന്ന നിധിയിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നതും അതിൽ വരവു വയ്ക്കുന്നതും, 1991-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും ക്ഷേമനിധി പദ്ധതിയിൽ അംശദായം നൽകാനുള്ള അംഗത്തിന്റെ ബാദ്ധ്യത അങ്ങനെയുള്ള തീയതി മുതൽ ഇല്ലാതാകുന്നതുമാണ്.

(2) ഈ ഓർഡിനൻസ്പ്രകാരം രൂപവൽക്കരിക്കപ്പെട്ട ബോർഡിന് അത്തരം പദ്ധതികൾ സംബന്ധിച്ചുള്ള എല്ലാ അവകാശവാദങ്ങളും തീരുമാനിക്കാവുന്നതാണ്.

31. റദ്ദാക്കലും ഒഴിവാക്കലും.—(1) 2011-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ഓർഡിനൻസ് (2011-ലെ 3) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ഓർഡിനൻസ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## പട്ടിക

[3 (2) വകുപ്പ് കാണുക]

### പദ്ധതിയിൽ വ്യവസ്ഥ ചെയ്യാവുന്ന കാര്യങ്ങൾ

1. ബോർഡ് നിധിയുടെ ഭരണം നടത്തേണ്ട രീതി.

2. അംഗങ്ങളുടെ രജിസ്ട്രേഷൻ.

3. നിധിയിലേക്കുള്ള അംശദായം, സ്റ്റാമ്പ് വെണ്ടർമാരുടെ കമ്മീഷന്റെ രണ്ടു ശതമാനം എന്നിവ നൽകുന്നതിനുള്ള രീതി.

4. വിവിധ മേഖലകളിൽ നിന്നും അംശദായം, സ്റ്റാമ്പ് വെണ്ടർമാരുടെ കമ്മീഷന്റെ രണ്ടു ശതമാനം എന്നിവ വസൂലാക്കേണ്ട രീതി.

5. ബോർഡിനെ സഹായിക്കുന്നതിനുവേണ്ടി ഏതെങ്കിലും സമിതിയുടെ രൂപവൽക്കരണം.

6. സെക്രട്ടറിയുടെ ചുമതലകൾ.

7. കണക്കുകൾ സൂക്ഷിക്കേണ്ട രീതി, സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും നിർദ്ദേശങ്ങളോ അല്ലെങ്കിൽ വിനിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകളോ അനുസരിച്ച് നിധിയുടെ വക പണം നിക്ഷേപിക്കലും, ബഡ്ജറ്റ് തയ്യാറാക്കലും, കണക്കുകൾ ആഡിറ്റ് ചെയ്യലും, സർക്കാരിന് റിപ്പോർട്ടുകൾ സമർപ്പിക്കലും.

8. നിധിയിൽ നിന്നും പണം പിൻവലിക്കുന്നതിന് അനുവദിക്കുന്നതിനും അതിൽ നിന്നുള്ള ഏതെങ്കിലും കിഴിക്കലോ, മുതൽക്കൂട്ടലോ നടത്തുന്നതിനുമുള്ള വ്യവസ്ഥകളും അപ്രകാരമുള്ള കിഴിക്കലിന്റെയോ, മുതൽക്കൂട്ടലിന്റെയോ പരമാവധി തുകയും.

9. ഒരംഗം തന്റെയും തന്റെ കുടുംബത്തെയുംപറ്റിയുള്ള വിവരങ്ങൾ ആവശ്യപ്പെടുമ്പോൾ നൽകേണ്ടുന്ന ഫാറം.

10. ഒരംഗത്തിന്റെ മരണത്തെത്തുടർന്ന് ആ അംഗത്തിന് നിധിയിൽനിന്നും ലഭിക്കേണ്ടതായ ആനുകൂല്യങ്ങൾ സ്വീകരിക്കുവാനുള്ള ആളിനെ നാമനിർദ്ദേശം ചെയ്യലും അത്തരം നാമനിർദ്ദേശത്തിന്റെ പരിശോധനയും റദ്ദാക്കലും.

11. അംഗങ്ങളെ സംബന്ധിച്ച് വച്ചുപോരേണ്ട രജിസ്റ്ററുകളും രേഖകളും.

12. പാസ്ബുക്കിന്റെയും സർട്ടിഫിക്കറ്റിന്റെയും തിരിച്ചറിയൽ കാർഡിന്റെയും ഫാറവും, അത് നൽകുകയും കൈവശം വയ്ക്കുകയും മാറ്റിക്കൊടുക്കുകയും ചെയ്യുന്നതിനുള്ള നടപടിക്രമവും.

13. പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും ആവശ്യങ്ങൾക്കായി ചുമത്തേണ്ട ഫീസ്.

14. 30-ാം വകുപ്പ് പ്രകാരം കൈമാറ്റം ചെയ്യപ്പെട്ട തുകകൾ നിധിയിലേക്ക് കൈമാറ്റം ചെയ്യേണ്ടതിന്റെയും വരവ് വയ്ക്കേണ്ടതിന്റെയും രീതി.

15. അംഗങ്ങളുടെയോ, അവരുടെ ആശ്രിതരുടെയോ ക്ഷേമത്തിനുവേണ്ടി, ഏതെല്ലാം കാര്യങ്ങൾക്ക് നിധി ഉപയോഗിക്കാമെന്ന്.

16. നിധിയുടെ ഭരണനിർവ്വഹണത്തിൽ ഉണ്ടാകാവുന്ന ചെലവുകൾ വഹിക്കുന്നതിനുള്ള നടപടിക്രമം.

17. നിധിയിൽനിന്നും ആനുകൂല്യങ്ങൾ, ഗ്രാന്റുകൾ, മുൻകൂറുകൾ എന്നിവ നൽകുന്നതിനുള്ള നടപടിക്രമം.

18. സേവനം പൂർത്തിയാക്കിയ വർഷത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ അവസാനിപ്പിക്കുന്ന അംഗങ്ങൾക്ക് നിധിയിൽനിന്നും നൽകാവുന്ന തുകയുടെയും പെൻഷന്റെയും നിരക്ക് ക്രമീകരിക്കൽ.

19. വീഴ്ച വരുത്തിയ അംഗങ്ങളുടെ സംഗതിയിൽ അംശദായം തിരികെ നൽകുന്ന രീതിയും നിരക്കും.

20. പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായതോ ഉചിതമായതോ ആയ മറ്റേതെങ്കിലും സംഗതികൾ.

ആർ. എസ്. ഗവായ്,
ഗവർണ്ണർ.

(ശരിത്തർജ്ജമ)

സി. രമണി,
നിയമവകുപ്പ് അഡീഷണൽ സെക്രട്ടറി.

© Government of Kerala
കേരള സർക്കാർ
2012

Reg. No. രജി. നമ്പർ
KL/TV(N)/12/12-14

# KERALA GAZETTE
# കേരള ഗസറ്റ്
## EXTRAORDINARY
അസാധാരണം
## PUBLISHED BY AUTHORITY
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | | |
|---|---|---|---|---|
| Vol. LVII<br>വാല്യം 57 | Thiruvananthapuram, Wednesday | 11th April 2012<br>2012 ഏപ്രിൽ 11 | No.<br>നമ്പർ | 731 |
| | തിരുവനന്തപുരം, ബുധൻ | 22nd Chaithra 1934<br>1934 ചൈത്രം 22 | | |


## കേരള സർക്കാർ

നിയമ (നിയമനിർമ്മാണ-എ) വകുപ്പ്

### വിജ്ഞാപനം

നമ്പർ 15553/ലെഗ്.എ2/2010/നിയമം. *തിരുവനന്തപുരം, 2012 ഏപ്രിൽ 11*
*1934 ചൈത്രം 22.*

2012 ഏപ്രിൽ 11-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയ താഴെ പറയുന്ന ഓർഡിനൻസ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സി. കെ. പത്മാകരൻ,
*നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി.*

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2012.

33/1504/2012/DTP.

## 2012-ലെ 29-ാം നമ്പർ ഓർഡിനൻസ്

# 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ഓർഡിനൻസ്

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അറുപത്തിമൂന്നാം സംവത്സരത്തിൽ കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയത്.

കേരള സംസ്ഥാനത്തെ ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമത്തിനായും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ മറ്റു കാര്യങ്ങൾക്കുംവേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ഓർഡിനൻസ്

പീഠിക.—കേരള സംസ്ഥാനത്തെ ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമത്തിനായും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ മറ്റു കാര്യങ്ങൾക്കുംവേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കുന്നത് യുക്തമായിരിക്കുകയാലും ;

2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ഓർഡിനൻസ് (2012-ലെ 13) 2012 ജനുവരി 30-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയിരുന്നതിനാലും;

2012 മാർച്ച് 1-ാം തീയതി ആരംഭിച്ച് 2012 മാർച്ച് 23-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനുപകരം നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാലും;

ഇന്ത്യൻ ഭരണഘടനയുടെ 213-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡ പ്രകാരം പ്രസ്തുത ഓർഡിനൻസിന് 2012 ഏപ്രിൽ 12-ാം തീയതി പ്രാബല്യമില്ലാതായി ത്തീരുമെന്നതിനാലും;

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്താതിരിക്കുന്നപക്ഷം വൈഷമ്യങ്ങൾ ഉണ്ടാകുമെന്നതിനാലും;

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും താൻ സത്വര നടപടി എടുക്കേണ്ടത് ആവശ്യമാകുന്ന സാഹചര്യങ്ങൾ നിലവിലുണ്ടെന്ന് കേരള ഗവർണ്ണർക്ക് ബോദ്ധ്യമായിരിക്കുന്നതിനാലും ;

ഇപ്പോൾ, അതിനാൽ, ഇന്ത്യൻ ഭരണഘടനയുടെ 213-ാം അനുച്ഛേദം (1)-ാം ഖണ്ഡം പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള ഗവർണ്ണർ താഴെ പറയുന്ന ഓർഡിനൻസ് വിളംബരപ്പെടുത്തുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ഓർഡിനൻസിന് 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ഓർഡിനൻസ് എന്ന് പേര് പറയാം.

(2) ഇത് 2012 ജനുവരി 31-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—ഈ ഓർഡിനൻസിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) "ബോർഡ്" എന്നാൽ 9-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബോർഡ് എന്നർത്ഥമാകുന്നു ;

(ബി) "തൊഴിൽ അവസാനിപ്പിക്കൽ" എന്നാൽ തൊഴിൽ ചെയ്യുന്നതിന് ലഭിച്ചിട്ടുള്ള ലൈസൻസിന്റെ റദ്ദാക്കലിന്റെയോ തിരിച്ചേൽപ്പിക്കലിന്റെയോ പരിണിത ഫലമായി ഒരു ലൈസൻസിയുടെ തൊഴിൽ അവസാനിപ്പിക്കൽ എന്നർത്ഥമാകുന്നു ;

(സി) "അംശദായം" എന്നാൽ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ക്ഷേമനിധിയിലെ അംഗങ്ങളും 26-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം സർക്കാരും ക്ഷേമനിധിയിലേക്ക് നൽകേണ്ടതായ തുക എന്നർത്ഥമാകുന്നു ;

(ഡി) "ആശ്രിതൻ" എന്നാൽ ഭാര്യ അല്ലെങ്കിൽ ഭർത്താവ്, പ്രായപൂർത്തിയാകാത്ത ആൺമക്കൾ, അവിവാഹിതരോ വിധവകളോ വിവാഹമോചിതരോ ആയ പെൺമക്കൾ, മാനസികമായോ ശാരീരികമായോ അവശതയനുഭവിക്കുന്ന മക്കൾ, അംഗത്തെ മാത്രം ആശ്രയിച്ചു കഴിയുന്ന അച്ഛനും അമ്മയും എന്നർത്ഥമാകുന്നു ;

(ഇ) "ആധാരമെഴുത്തുകാരൻ" എന്നാൽ 1960-ലെ കേരള ആധാരമെഴുത്തുകാരുടെ ലൈസൻസ് ചട്ടങ്ങൾ പ്രകാരം ഉടമസ്ഥാവകാശത്തെപ്പറ്റിയുള്ള അന്വേഷണം നടത്തുകയും ആധാരങ്ങളുടെ നക്കൽ തയ്യാറാക്കുകയും ആധാരം രജിസ്ട്രേഷനുവേണ്ടി മുദ്രപ്പത്രത്തിന്മേൽ എഴുതുകയും ഉൾപ്പെടെ, ആധാരങ്ങൾ തയ്യാറാക്കുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ആൾ എന്നർത്ഥമാകുന്നു ;

(എഫ്) "നിധി" എന്നാൽ 3-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി എന്നർത്ഥമാകുന്നു ;

(ജി) ''സർക്കാർ''എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു ;

(എച്ച്) ''രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ'' എന്നാൽ കേരള സർക്കാരിന്റെ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ എന്നർത്ഥമാകുന്നു ;

(ഐ) ''അംഗം'' എന്നാൽ ഈ ഓർഡിനൻസിലെ വ്യവസ്ഥകൾ പ്രകാരം ക്ഷേമനിധിയിൽ അംഗമായി ചേർക്കപ്പെട്ടതോ 1991-ലെ കേരള ആധാരമെഴുത്തു കാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധിയിൽ ഒരു അംഗമായി തുടർന്നുപോരുകയോ ചെയ്യുന്ന ഒരു ആധാരമെഴുത്തുകാരനോ ഒരു പകർപ്പെഴുത്തുകാരനോ ഒരു സ്റ്റാമ്പ് വെണ്ടറോ എന്നർത്ഥമാകുന്നു ;

(ജെ) ''വിജ്ഞാപനം'' എന്നാൽ കേരള ഗസറ്റിൽ പ്രസിദ്ധീകരിക്കപ്പെട്ട വിജ്ഞാപനം എന്നർത്ഥമാകുന്നു ;

(കെ) ''നിർണ്ണയിക്കപ്പെട്ടത്'' എന്നാൽ ഈ ഓർഡിനൻസ് പ്രകാരം ഉണ്ടാക്കിയേക്കാവുന്ന ചട്ടങ്ങൾ പ്രകാരം നിർണ്ണയിക്കപ്പെട്ടത് എന്നർത്ഥമാകുന്നു ;

(എൽ) ''രജിസ്റ്ററിംഗ് അധികാരസ്ഥാനം'' എന്നാൽ ബന്ധപ്പെട്ട ജില്ലയിലെ ജില്ലാ രജിസ്ട്രാർ (ജനറൽ) എന്നർത്ഥമാകുന്നു ;

(എം) ''പദ്ധതി'' എന്നാൽ ഈ ഓർഡിനൻസ് പ്രകാരം ആവിഷ്കരിക്കപ്പെട്ട കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി എന്നർത്ഥമാകുന്നു ;

(എൻ) ''പകർപ്പെഴുത്തുകാരൻ'' എന്നാൽ ആധാരങ്ങൾ തയ്യാറാക്കുന്നതിൽ ഒരു ആധാരമെഴുത്തുകാരനെ സഹായിക്കുകയും, 1960-ലെ കേരള ആധാരമെഴുത്തുകാരുടെ ലൈസൻസ് ചട്ടങ്ങളിലെ 3-ാം ചട്ടത്തിലെ (5)-ാം ഉപചട്ടത്തിൽ നിർവചിച്ചിട്ടുള്ളപ്രകാരം രജിസ്ട്രേഷനുവേണ്ടി ഹാജരാക്കുന്നതിനുള്ള ആധാരങ്ങൾ പകർത്തിയെഴുതു ന്നതിനുള്ള സാധുവായ സ്ക്രൈബ് ലൈസൻസ് കൈവശമുള്ളതുമായ ഒരാൾ എന്നർത്ഥമാകുന്നു ;

(ഒ) ''സെക്രട്ടറി'' എന്നാൽ ഈ ഓർഡിനൻസ് പ്രകാരം രൂപീകരിച്ചിട്ടുള്ള ബോർഡിന്റെ സെക്രട്ടറി എന്നർത്ഥമാകുന്നു ;

(പി) ''സ്റ്റാമ്പ്'' എന്നാൽ 24-ാം വകുപ്പ് പ്രകാരം അച്ചടിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്ന കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി സ്റ്റാമ്പ് എന്നർത്ഥമാകുന്നു ;

(ക്യൂ) ''സ്റ്റാമ്പ് വെണ്ടർ'' എന്നാൽ 1960-ലെ കേരള സ്റ്റാമ്പ് നിർമ്മാണവും വിൽപ്പനയും ചട്ടങ്ങളിലെ 35-ാം ചട്ടപ്രകാരം ഒരു ലൈസൻസ് ആർജ്ജിച്ചിട്ടുള്ളതും നോൺ ജുഡീഷ്യൽ സ്റ്റാമ്പുകളുടെയും മുദ്രപ്പത്രങ്ങളുടെയും വിൽപ്പനയുമായി ബന്ധപ്പെട്ട തൊഴിലിൽ സജീവമായി ഏർപ്പെട്ടിരിക്കുന്നതുമായ ഒരാൾ എന്നർത്ഥമാകുന്നു.

3. <u>കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി.</u>—(1) ഈ ഓർഡിനൻസ് പ്രാബല്യത്തിൽ വന്നതിനുശേഷം കഴിയുന്നത്രവേഗം, സർക്കാർ, വിജ്ഞാപനംമൂലം, ''കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും

ക്ഷേമനിധി പദ്ധതി" എന്ന പേരിൽ ഒരു പദ്ധതി ആവിഷ്ക്കരിക്കേണ്ടതും പദ്ധതി ആവിഷ്ക്കരിച്ചശേഷം ഈ ഓർഡിനൻസിലെയും പദ്ധതിയിലെയും വ്യവസ്ഥകളനുസരിച്ച് "കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി" എന്ന പേരിൽ ഒരു നിധി രൂപീകരിക്കേണ്ടതുമാണ്.

(2) പദ്ധതിയിൽ, ഈ ഓർഡിനൻസിലെ വ്യവസ്ഥകൾക്ക് വിധേയമായി പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ കാര്യങ്ങൾക്കു വേണ്ടി വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) നിധിയിൽ താഴെ പറയുന്നവ വരവ് വയ്ക്കേണ്ടതാണ്, അതായത്:—

(എ) 4-ഉം 26-ഉം വകുപ്പുകൾ പ്രകാരമുള്ള അംശദായങ്ങൾ ;

(ബി) 5-ാം വകുപ്പ് പ്രകാരം വസൂലാക്കിയ അപേക്ഷാഫീസ് ;

(സി) 15-ാം വകുപ്പ് പ്രകാരം കടം വാങ്ങുന്ന ഏതെങ്കിലും തുക ;

(ഡി) 24-ാം വകുപ്പുപ്രകാരം സ്റ്റാമ്പ് വിൽപ്പന നടത്തിയ വകയിൽ ശേഖരിക്കുന്ന എല്ലാ തുകകളും ;

(ഇ) ഏതെങ്കിലും അസോസിയേഷനോ സ്ഥാപനമോ മറ്റേതെങ്കിലും വ്യക്തിയോ നിധിയിലേക്ക് സ്വമേധയാ കൊടുത്തിട്ടുള്ള ഏതെങ്കിലും സംഭാവന ;

(എഫ്) നിധിയുടെ ഏതെങ്കിലും ഭാഗം നിക്ഷേപിച്ചതിന്മേലുള്ള ഏതെങ്കിലും ലാഭം, പലിശ, ലാഭവിഹിതം അല്ലെങ്കിൽ മറ്റ് ആദായം ;

(ജി) കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ മറ്റ് ഏതെങ്കിലും സ്ഥാപനമോ സംഘടനയോ നൽകിയേക്കാവുന്ന ഏതെങ്കിലും ഗ്രാന്റുകൾ, വായ്പകൾ അല്ലെങ്കിൽ മുൻകൂറുകൾ ;

(എച്ച്) സ്റ്റാമ്പ് വെണ്ടർമാർക്ക് കമ്മീഷനായി ലഭിക്കുന്ന തുകയുടെ രണ്ടു ശതമാനം ;

(ഐ) 30-ാം വകുപ്പ് പ്രകാരം കൈമാറ്റം ചെയ്യപ്പെടുന്ന തുകകൾ ;

(ജെ) പദ്ധതി പ്രകാരം ചുമത്തിയ ഏതെങ്കിലും ഫീസ് ;

(കെ) പദ്ധതിയിലെ വ്യവസ്ഥകൾപ്രകാരം നിധിയിലേക്ക് വരവ് കൊള്ളിക്കേണ്ട മറ്റേതെങ്കിലും തുക ;

(എൽ) നിധിയുടെ വിഭവശേഷി വർദ്ധിപ്പിക്കുന്നതിനായി മറ്റ് മാർഗ്ഗങ്ങളിൽ നിന്നും ബോർഡ് ശേഖരിച്ച ഏതെങ്കിലും തുക.

(4) നിധി ബോർഡിൽ നിക്ഷിപ്തമാകുന്നതും ബോർഡ് അതിന്റെ ഭരണം നിർവഹിക്കേണ്ടതുമാണ്.

(5) നിധി താഴെ പറയുന്ന എല്ലാമോ ഏതെങ്കിലുമോ ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്, അതായത് :—

(എ) തൊഴിൽ അവസാനിക്കുമ്പോൾ ഒരംഗത്തിന് അയാൾ തൊഴിൽ ചെയ്ത വർഷങ്ങളുടെ എണ്ണം അടിസ്ഥാനപ്പെടുത്തി നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിരക്കുകളിൽ നിശ്ചിത തുകയും പെൻഷനും നിധിയിൽ നിന്നും നൽകുന്നതിന് ;

വിശദീകരണം 1.—അനാരോഗ്യം കാരണം ജോലിയിൽ തുടരാൻ സാധിക്കാത്ത ഒരു അംഗത്തിന്റെ പെൻഷൻ ആനുകൂല്യങ്ങൾ സംബന്ധിച്ച് തീരുമാനമെടുക്കാൻ ബോർഡിന് അധികാരമുണ്ടായിരിക്കുന്നതാണ്.

വിശദീകരണം 2.—ഈ ഓർഡിനൻസിന്റെ പ്രാരംഭത്തിനു മുമ്പ് അറുപത്തിയഞ്ച് വയസ്സ് പൂർത്തിയായിട്ടുള്ളതും ഇരുപത്തിയഞ്ച് വർഷം ആധാരമെഴുത്തുകാരനോ പകർപ്പെഴുത്തുകാരനോ സ്റ്റാമ്പ് വെണ്ടറോ ആയിരുന്നതുമായ ആളിന് ഓർഡിനൻസിലെ വ്യവസ്ഥകൾ പ്രകാരം അംഗമായി ഒരു വർഷക്കാലം അംശദായം അടച്ചാൽ പ്രത്യേക പെൻഷന് അർഹത നേടാവുന്നതാണ്.

(ബി) പത്തുവർഷത്തിൽ കുറയാതെ അംശദായം അടച്ചിട്ടുള്ള അംഗം മരിച്ചുപോയാൽ കുടുംബപെൻഷൻ നൽകുന്നതിന് ;

(സി) അസുഖം അല്ലെങ്കിൽ അപകടംമൂലം ഒരംഗം മരണപ്പെട്ടാൽ സാമ്പത്തിക സഹായം നൽകുന്നതിന് ;

(ഡി) സ്ഥിരമായ ശാരീരിക അവശതമൂലം ജോലി ചെയ്യാൻ കഴിയാതിരിക്കുകയോ ക്ഷേമനിധിയിൽ അംഗത്വം അവസാനിക്കുകയോ ചെയ്യുന്ന അംഗങ്ങൾക്ക് അവർ അടച്ച അംശദായ തുക നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള പലിശ സഹിതം തിരിച്ചു നൽകുന്നതിന് ;

(ഇ) ഗുരുതരമായ രോഗം ബാധിച്ചിട്ടുള്ള അംഗങ്ങളുടെ വൈദ്യശുശ്രൂഷയ്ക്കുള്ള ചെലവിനായി സാമ്പത്തിക സഹായം നൽകുന്നതിന് ;

(എഫ്) അംഗങ്ങളുടെയും അംഗങ്ങളുടെ പെൺമക്കളുടെയും വിവാഹ ആവശ്യത്തിനും വനിതാ അംഗങ്ങൾക്ക് പ്രസവ ആവശ്യത്തിനും സാമ്പത്തിക സഹായം നൽകുന്നതിന് ;

(ജി) അംഗങ്ങൾക്ക് അവരുടെ തൊഴിൽ സംബന്ധമായ ആവശ്യത്തിനോ, താമസിക്കുന്നതിനായി വീട് നിർമ്മിക്കുന്നതിനോ വീടിന്റെ അറ്റകുറ്റപ്പണികൾക്കോ വീട് പുതുക്കുന്നതിനോ വീട് നിർമ്മിക്കുന്നതിനായി സ്ഥലം വാങ്ങുന്നതിനോ വീടും സ്ഥലവും കൂടി വാങ്ങുന്നതിനോ അംഗങ്ങളുടെ മക്കൾക്ക് ഉന്നതവിദ്യാഭ്യാസം ഉൾപ്പെടെയുള്ള വിദ്യാഭ്യാസത്തിന് സാമ്പത്തിക സഹായമോ വായ്പകളോ മുൻകൂറുകളോ നൽകുന്നതിന് ;

(എച്ച്) ശാരീരിക അവശത അനുഭവിക്കുന്ന അംഗങ്ങൾക്ക് പ്രത്യേക ആശ്വാസം നൽകുന്നതിന്;

(ഐ) പദ്ധതിയിൽ വിനിർദ്ദേശിച്ചിട്ടുള്ള മറ്റേതെങ്കിലും ആവശ്യത്തിന് ;

(ജെ) ബോർഡിന്റെ ദൈനംദിന ഭരണ ചെലവുകൾക്ക്.

(6) (1)-ാം ഉപവകുപ്പ് പ്രകാരം ആവിഷ്കരിക്കപ്പെട്ട പദ്ധതി, അത് ആവിഷ്കരിച്ചതിനുശേഷം കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുൻപാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ അഥവാ തൊട്ടടുത്തുവരുന്ന

സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് നിയമസഭ പ്രസ്തുത പദ്ധതിയിൽ ഏതെങ്കിലും രൂപഭേദം വരുത്തുന്നപക്ഷം പദ്ധതിക്ക് അതിനുശേഷം അപ്രകാരം രൂപഭേദം വരുത്തിയ പ്രകാരം മാത്രം പ്രാബല്യം ഉണ്ടായിരിക്കുന്നതും; എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തൽ പദ്ധതി പ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

4. <u>നിധിയിലേക്കുള്ള അംശദായം.</u>—(1) ഒരു അംഗമായി തീരാൻ അർഹതയുള്ള ഓരോ ആധാരമെഴുത്തുകാരനും പകർപ്പെഴുത്തുകാരനും സ്റ്റാമ്പ് വെണ്ടറും പ്രതിമാസം നൂറു രൂപ നിധിയിലേക്ക് അംശദായമായി നൽകേണ്ടതാണ്.

(2) സർക്കാരിന്, വിജ്ഞാപനം വഴി, (1)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന അംശദായ നിരക്ക്, പദ്ധതിയുടെ നടത്തിപ്പിനുവേണ്ടി ആവശ്യമായ തുക കണക്കിലെടുത്ത് കാലാകാലങ്ങളിൽ പരമാവധി അഞ്ഞൂറ് രൂപ വരെ എന്ന പരിധിയിന്മേൽ പരിഷ്കരിക്കാവുന്നതാണ്.

(3) പദ്ധതിയിൽ വിനിർദ്ദേശിച്ചേക്കാവുന്ന രീതിയിൽ അംശദായം സെക്രട്ടറിയുടെ പേർക്ക് അല്ലെങ്കിൽ ഈ ആവശ്യത്തിലേക്കായി അധികാരപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥന്റെ പേർക്ക് നൽകേണ്ടതാണ്.

5. <u>നിധിയിലെ അംഗത്വം.</u>—(1) 1960-ലെ കേരള ആധാരമെഴുത്തുകാരുടെ ലൈസൻസ് ചട്ടങ്ങൾ പ്രകാരമുള്ള ഒരു ആധാരമെഴുത്തുകാരന്റെയോ അല്ലെങ്കിൽ ഒരു പകർപ്പെഴുത്തുകാരന്റെയോ സാധുവായ ലൈസൻസോ അല്ലെങ്കിൽ 1960-ലെ കേരള സ്റ്റാമ്പ് നിർമ്മാണവും വിൽപ്പനയും ചട്ടങ്ങൾ പ്രകാരമുള്ള ഒരു സ്റ്റാമ്പ് വെണ്ടറുടെ സാധുവായ ലൈസൻസോ, അതതുസംഗതിപോലെ, കൈവശമുള്ളതും അപേക്ഷാ തീയതിയിൽ 65 വയസ്സിനുതാഴെ പ്രായമുള്ളതുമായ ഏതൊരാൾക്കും നിധിയിൽ അംഗമായി പ്രവേശിക്കുന്നതിന് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും രീതിയിലും ബോർഡിലേക്ക് അപേക്ഷിക്കാവുന്നതാണ്:

എന്നാൽ, കേന്ദ്ര സർക്കാർ സർവ്വീസിൽ നിന്നോ ഏതെങ്കിലും സംസ്ഥാന സർക്കാർ സർവ്വീസിൽ നിന്നോ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിൽ നിന്നോ തദ്ദേശാധികാരസ്ഥാപനത്തിൽ നിന്നോ വിരമിക്കൽ ആനുകൂല്യങ്ങളോടെ വിരമിച്ച ശേഷം ഒരു ആധാരം എഴുത്തുകാരനായോ പകർപ്പെഴുത്തുകാരനായോ സ്റ്റാമ്പ് വെണ്ടറായോ ജോലി നോക്കുന്ന യാതൊരാൾക്കും നിധിയിൽ അംഗത്വമെടുക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു അപേക്ഷയിന്മേൽ ബോർഡിന്, അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള അന്വേഷണം നടത്താവുന്നതും അപേക്ഷകനെ നിധിയിൽ ചേർക്കുകയോ അല്ലെങ്കിൽ എഴുതി രേഖപ്പെടുത്തിയ കാരണങ്ങളാൽ അയാളുടെ അപേക്ഷ നിരസിക്കുകയോ ചെയ്യാവുന്നതുമാണ്:

എന്നാൽ, അപേക്ഷ നിരസിച്ചുകൊണ്ടുള്ള യാതൊരു ഉത്തരവും അപേക്ഷകന് പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നൽകാതെ പാസ്സാക്കാൻ പാടുള്ളതല്ല:

എന്നുമാത്രമല്ല, അംഗത്വത്തിനുള്ള ഏതെങ്കിലും അപേക്ഷ നിരസിക്കുന്നപക്ഷം അതുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും സർക്കാരിന് നിർണ്ണയിക്കപ്പെടാവുന്ന കാലയളവിനുള്ളിൽ അപ്പീൽ നൽകാവുന്നതാണ്.

(3) ഓരോ അപേക്ഷകനും അപേക്ഷാഫീസായി നൂറ് രൂപ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ അപേക്ഷയോടൊപ്പം നൽകേണ്ടതാണ്.

(4) നിധിയിലെ ഒരു അംഗം, 65 വയസ്സ് പൂർത്തിയാകുമ്പോഴോ 25 വർഷത്തെ അംഗത്വത്തിനുശേഷം തന്റെ ലൈസൻസ് തിരിച്ചേൽപ്പിക്കുകയും സ്വമേധയാ പെൻഷന് അപേക്ഷിക്കുകയും ചെയ്യുമ്പോഴോ നിധിയിൽ അംഗമല്ലാതായിത്തീരുന്നതാണ്.

(5) നിധിയിൽ അംഗമായി ചേർന്ന ഓരോ അംഗത്തിനും ഒരു അംഗത്വ സർട്ടിഫിക്കററും അംശദായത്തിന്റെ നിരക്ക്, രജിസ്റ്ററിൽ പേര് ചേർത്തതിന്റെ വിശദാംശങ്ങൾ, ജനനത്തീയതി, അംശദായം നൽകുന്നതിനുള്ള നിശ്ചിത തീയതി മുതലായവ രേഖപ്പെടുത്തിയ ഒരു പാസ്സ് ബുക്കും രജിസ്റ്ററിംഗ് അധികാരസ്ഥാനം നൽകേണ്ടതാണ്. രജിസ്റ്ററിംഗ് അധികാരസ്ഥാനങ്ങൾ അവരുടെ അധികാര പരിധിക്കുള്ളിൽ വരുന്ന അംഗങ്ങളുടെ ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതും സംസ്ഥാന തലത്തിൽ, നിധിയിൽ അംഗമായി ചേർന്നിട്ടുള്ള അംഗങ്ങളുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ കാണിക്കുന്ന ഒരു രജിസ്റ്റർ ബോർഡിന്റെ സെക്രട്ടറി സൂക്ഷിക്കേണ്ടതുമാണ്.

6. അംഗത്വം റദ്ദാക്കൽ.—(1) ഒരു അംഗം ഏതെങ്കിലും തരത്തിലുള്ള കൃത്രിമം കാട്ടിയതായോ അംഗത്വത്തിനുള്ള നിബന്ധനകളുമായി ബന്ധപ്പെട്ടോ പദ്ധതിപ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായോ വ്യാജമായ വിവരം എപ്പോഴെങ്കിലും നൽകിയിട്ടുണ്ടെന്നോ കണ്ടെത്തുകയാണെങ്കിൽ, രജിസ്റ്ററിംഗ് അധികാരസ്ഥാനം അങ്ങനെയുള്ള അംഗത്തിന്റെ അംഗത്വം റദ്ദാക്കേണ്ടതാകുന്നു :

എന്നാൽ, അംഗത്വം റദ്ദാക്കിക്കൊണ്ടുള്ള യാതൊരു ഉത്തരവും അപേക്ഷകന് പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നൽകാതെ പാസ്സാക്കാൻ പാടുള്ളതല്ല.

(2) ഒരു അംഗം ആറുമാസക്കാലം തുടർച്ചയായി അംശദായം അടയ്ക്കാൻ വീഴ്ച വരുത്തുകയാണെങ്കിൽ നിധിയിലെ അയാളുടെ അംഗത്വം സ്വയമേവ അവസാനിക്കുന്നതാണ്.

(3) ഒരംഗം ആധാരമെഴുത്തുകാരൻ അഥവാ പകർപ്പെഴുത്തുകാരൻ അഥവാ സ്റ്റാമ്പ് വെണ്ടർ ആയി, അതതുസംഗതിപോലെ, പ്രവർത്തിക്കുന്നില്ലായെന്ന് രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന് അഭിപ്രായമുള്ളപക്ഷം, നിധിയിലെ അയാളുടെ അംഗത്വം റദ്ദാക്കേണ്ടതാണ്. അങ്ങനെയുള്ള സംഗതികളിലെ അംഗത്വം റദ്ദാക്കൽ തീയതി രജിസ്റ്ററിംഗ് അധികാരസ്ഥാനം നിശ്ചയിക്കാവുന്ന പ്രകാരം ആയിരിക്കുന്നതാണ്.

(4) രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെ ഉത്തരവുകൾക്കെതിരായുള്ള അപ്പീൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാലയളവിനുള്ളിൽ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ മുമ്പാകെ ഫയൽ ചെയ്യേണ്ടതാണ്.

(5) രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന് ഒരു കത്ത് സമർപ്പിച്ചുകൊണ്ട് ഒരംഗത്തിന് നിധിയിൽ നിന്നും സ്വയമേവ പിരിഞ്ഞുപോകാവുന്നതാണ്. അങ്ങനെയുള്ള സംഗതിയിൽ, പിരിഞ്ഞുപോകൽ തീയതി അംഗം തന്റെ കത്ത് നൽകിയ തീയതി ആയിരിക്കുന്നതാണ്.

7. അംഗത്വം പുനരുജ്ജീവിപ്പിക്കൽ.—6-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം അംഗത്വം അവസാനിപ്പിക്കപ്പെട്ട ഒരു അംഗത്തിന് അപ്രകാരം അംഗത്വം അവസാനിപ്പിക്കപ്പെട്ട തീയതി മുതൽ ആറുമാസത്തിനകം പന്ത്രണ്ട് ശതമാനം വാർഷിക പലിശയോടുകൂടി കുടിശ്ശിക അടച്ചാൽ അംഗത്വം പുനരുജ്ജീവിപ്പിച്ചു നൽകാവുന്നതാണ്.

8. പദ്ധതി ഭേദഗതി ചെയ്യൽ.—(1) സർക്കാരിന്, വിജ്ഞാപനംവഴി, ഈ ഓർഡിനൻസ് പ്രകാരം ആവിഷ്കരിക്കപ്പെട്ട പദ്ധതിയിൽ മുൻകാല പ്രാബല്യത്തോടുകൂടിയോ പിൽക്കാല പ്രാബല്യത്തോടുകൂടിയോ ഭേദഗതി വരുത്താവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഓരോ വിജ്ഞാപനവും അത് പുറപ്പെടുവിച്ചശേഷം കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ, ഒരു സമ്മേളനത്തിലോ, തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ, ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ്, നിയമസഭ, പ്രസ്തുത വിജ്ഞാപനത്തിൽ ഏതെങ്കിലും രൂപഭേദപ്പെടുത്തലുകൾ വരുത്തുകയോ അല്ലെങ്കിൽ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, വിജ്ഞാപനത്തിന് അതിനുശേഷം, അതതു സംഗതിപോലെ, അപ്രകാരം രൂപഭേദപ്പെടുത്തൽ വരുത്തിയ പ്രകാരം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതും, എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ വിജ്ഞാപനപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

9. ബോർഡിന്റെ രൂപീകരണം.—(1) സർക്കാരിന്, വിജ്ഞാപനംവഴി അതിൽ വിനിർദ്ദേശിക്കപ്പെടുന്ന തീയതി മുതൽ പ്രാബല്യത്തോടുകൂടി, നിധിയുടെ ഭരണനിർവ്വഹണത്തിനും നടത്തിപ്പിനും ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും നടപ്പിലാക്കുന്നതിനുംവേണ്ടി "കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബോർഡ്" എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കാവുന്നതാണ്.

(2) ബോർഡ് ശാശ്വതമായ പിന്തുടർച്ചാവകാശത്തോടും പൊതു മുദ്രയോടുംകൂടി കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബോർഡ് എന്ന പേരിലുള്ള ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാണ്.

(3) ബോർഡിൽ ഇതിനുശേഷം വ്യവസ്ഥചെയ്യുന്നപ്രകാരം സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന സർക്കാരിനെ പ്രതിനിധാനം ചെയ്യുന്ന ഏഴ് ഔദ്യോഗിക അംഗങ്ങളും നിധിയുടെ ഗുണഭോക്താക്കളെ പ്രതിനിധാനം ചെയ്യുന്ന മൂന്ന് അനൗദ്യോഗിക അംഗങ്ങളും ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) ഗവൺമെന്റ് സെക്രട്ടറി, നികുതിവകുപ്പ്—അദ്ദേഹം ബോർഡിന്റെ ചെയർമാനായിരിക്കുന്നതാണ് ;

(ബി) ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ—അദ്ദേഹം ബോർഡിന്റെ വൈസ് ചെയർമാനായിരിക്കുന്നതാണ് ;

(സി) ജോയിന്റ് ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ—അദ്ദേഹം ബോർഡിന്റെ സെക്രട്ടറിയായിരിക്കുന്നതാണ് ;

(ഡി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഡെപ്യൂട്ടി സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ധനകാര്യവകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ ;

(ഇ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഡെപ്യൂട്ടി സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത തൊഴിൽ വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ ;

(എഫ്) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഡെപ്യൂട്ടി സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത നികുതി വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ ;

(ജി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഡെപ്യൂട്ടി സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത നിയമ വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ ;

(എച്ച്) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ആധാരമെഴുത്തുകാരെയും പകർപ്പെഴുത്തുകാരെയും സ്റ്റാമ്പ് വെണ്ടർമാരെയും പ്രതിനിധാനം ചെയ്യുന്ന മൂന്ന് അനൗദ്യോഗിക അംഗങ്ങൾ.

(4) പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെടുന്ന രീതിയിൽ ബോർഡ് അതിൽ നിക്ഷിപ്തമായിരിക്കുന്ന നിധിയുടെ ഭരണനിർവ്വഹണം നടത്തേണ്ടതാണ്.

(5) ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള നിയന്ത്രണങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി നിധിയുടെ കാര്യക്ഷമമായ നടത്തിപ്പിന്, അത് ആവശ്യമെന്നു കരുതുന്ന, ഈ ഓർഡിനൻസോ പദ്ധതിയോ പ്രകാരമുള്ള അതിന്റെ അങ്ങനെയുള്ള അധികാരങ്ങളും ചുമതലകളും ചെയർമാനോ സെക്രട്ടറിക്കോ ഏല്പിച്ചുകൊടുക്കാവുന്നതാണ്.

10. <u>ബോർഡിന്റെ യോഗം</u>.—(1) ബോർഡ്, അതിന്റെ ബിസിനസ്സ് നടത്തിപ്പിനായി കുറഞ്ഞത് മൂന്നു മാസത്തിൽ ഒരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്.

(2) ബോർഡിന്റെ ഒരു യോഗത്തിനുവേണ്ടിയുള്ള ക്വാറം കുറഞ്ഞത് നാല് ഔദ്യോഗിക അംഗങ്ങളും രണ്ട് അനൗദ്യോഗിക അംഗങ്ങളും ഉൾപ്പെടെ ബോർഡിലെ ആറ് അംഗങ്ങളായിരിക്കേണ്ടതാണ്.

(3) ചെയർമാനോ അദ്ദേഹത്തിന്റെ അഭാവത്തിൽ വൈസ് ചെയർമാനോ, ചെയർമാന്റെയും വൈസ് ചെയർമാന്റെയും അഭാവത്തിൽ യോഗത്തിൽ ഹാജരായിട്ടുള്ള അംഗങ്ങളിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരു അംഗമോ ബോർഡ് യോഗത്തിന്റെ അദ്ധ്യക്ഷത വഹിക്കേണ്ടതാണ്.

(4) ബോർഡിന്റെ ഒരു യോഗത്തിനുമുമ്പാകെ വരുന്ന ഏതൊരു സംഗതിയും യോഗത്തിൽ ഹാജരായിട്ടുള്ള അംഗങ്ങളുടെ ഭൂരിപക്ഷ വോട്ടിലൂടെ തീരുമാനിക്കപ്പെടേണ്ടതും തുല്യവോട്ടുകളുടെ സംഗതിയിൽ, യോഗത്തിൽ അദ്ധ്യക്ഷം വഹിക്കുന്ന ചെയർമാന് അല്ലെങ്കിൽ വൈസ് ചെയർമാന് അല്ലെങ്കിൽ അംഗത്തിന് ഒരു കാസ്റ്റിംഗ് വോട്ടവകാശം ഉണ്ടായിരിക്കുന്നതുമാണ്.

11. <u>ബോർഡ് അംഗങ്ങളുടെ ഔദ്യോഗിക കാലാവധി</u>.—(1) 9-ാം വകുപ്പ് (3)-ാം ഉപവകുപ്പുപ്രകാരം നിയമിക്കപ്പെട്ട അനൗദ്യോഗിക അംഗങ്ങൾ ബോർഡ് രൂപീകരിച്ചുകൊണ്ടുള്ള വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ മൂന്നു വർഷക്കാലത്തേക്ക് ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതാണ്.

(2) ഏതൊരു അനൗദ്യോഗിക അംഗത്തിനും സർക്കാരിന് ലിഖിതമായ നോട്ടീസ് നൽകിക്കൊണ്ട് തന്റെ അംഗത്വം രാജിവയ്ക്കാവുന്നതും, എന്നാൽ, സർക്കാർ രാജി സ്വീകരിക്കുന്നതുവരെ അദ്ദേഹം ഔദ്യോഗികസ്ഥാനത്തു തുടരേണ്ടതുമാണ്.

(3) പൊതുതാൽപ്പര്യാർത്ഥം, ഏതെങ്കിലും ഔദ്യോഗിക അംഗം പ്രസ്തുത സ്ഥാനത്തിൽ തുടരുന്നത് അനുചിതമെന്ന് സർക്കാരിന് അഭിപ്രായമുള്ളപക്ഷം കാരണങ്ങൾ രേഖപ്പെടുത്തിക്കൊണ്ട് ഏതു സമയത്തും സർക്കാരിന് അങ്ങനെയുള്ള അംഗത്തെ ഔദ്യോഗിക സ്ഥാനത്തുനിന്നും നീക്കംചെയ്യാവുന്നതാണ്.

12. <u>അനൗദ്യോഗിക അംഗങ്ങളുടെ അയോഗ്യതയും നീക്കം ചെയ്യലും.</u>—(1) സർക്കാരിന് ബോർഡിലെ ഏതൊരു അനൗദ്യോഗിക അംഗത്തെയും,—

(എ) അദ്ദേഹത്തിന് ബുദ്ധിസ്ഥിരതയില്ലെങ്കിൽ;

(ബി) അദ്ദേഹം അവിമുക്തനിർദ്ധനനായി വിധിക്കപ്പെട്ടാൽ;

(സി) അദ്ദേഹം ബോർഡിന്റെ അനുവാദം കൂടാതെ തുടർച്ചയായി മൂന്ന് യോഗങ്ങളിൽ ഹാജരാകാതിരിക്കുകയാണെങ്കിൽ ;

(ഡി) അദ്ദേഹം ഒരംഗമായി പ്രവർത്തിക്കുന്നതിന് യോഗ്യനല്ലെന്നോ കഴിവില്ലാത്തവനായിത്തീർന്നുവെന്നോ, അംഗമായി അദ്ദേഹം തുടരുന്നത് പൊതുതാൽപ്പര്യത്തിന് ഹാനികരമായിത്തീരത്തക്കവിധം തന്റെ പദവി ദുരുപയോഗപ്പെടുത്തിയിട്ടുണ്ടെന്നോ സർക്കാരിന് അഭിപ്രായമുള്ളപക്ഷം;

ഔദ്യോഗിക സ്ഥാനത്തുനിന്നും നീക്കം ചെയ്യാവുന്നതാണ്:

എന്നാൽ, ഈ ഉപവകുപ്പുപ്രകാരം ഒരു അംഗത്തെ നീക്കംചെയ്യുന്നതിനുമുമ്പായി അദ്ദേഹത്തെ നീക്കം ചെയ്യാതിരിക്കാനുള്ള കാരണം കാണിക്കുന്നതിന് അദ്ദേഹത്തിന് ന്യായമായ ഒരവസരം നൽകേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് (സി) ഖണ്ഡപ്രകാരം ബോർഡിൽ നിന്നും നീക്കം ചെയ്യപ്പെട്ട ഒരു അനൗദ്യോഗിക അംഗം സർക്കാർ മറ്റു വിധത്തിൽ ഉത്തരവാകാത്ത പക്ഷം അദ്ദേഹത്തെ നീക്കംചെയ്ത തീയതി മുതൽ മൂന്നുവർഷക്കാലത്തേക്ക് ബോർഡിലെ ഒരംഗമായി വീണ്ടും നിയമിക്കപ്പെടുന്നതിന് യോഗ്യനായിരിക്കുന്നതല്ല.

(3) (1)-ാം ഉപവകുപ്പ് (ഡി) ഖണ്ഡപ്രകാരം നീക്കംചെയ്യപ്പെട്ട ബോർഡിലെ ഒരു അനൗദ്യോഗിക അംഗം, സർക്കാർ, ഒരു ഉത്തരവുമൂലം മേലിൽ അദ്ദേഹം അയോഗ്യനല്ലെന്ന് പ്രഖ്യാപിക്കുന്നതുവരെ വീണ്ടും നിയമിക്കപ്പെടുന്നതിന് അർഹനായിരിക്കുന്നതല്ല.

13. <u>ബോർഡിലെ അംഗങ്ങൾക്കുള്ള സിറ്റിംഗ് ഫീസും യാത്രാബത്തയും ദിനബത്തയും.</u>—ബോർഡിലെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾക്ക് നിർണ്ണയിക്കപ്പെടാവുന്ന നിരക്കിലുള്ള സിറ്റിംഗ് ഫീസും യാത്രാബത്തയും ദിനബത്തയും ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

14. <u>ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനം.</u>—(1) സർക്കാരിന് ഈ ഓർഡിനൻസ് പ്രകാരമുള്ള ബോർഡിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് സെക്രട്ടറിയെ സഹായിക്കുന്നതിന് ആവശ്യമെന്ന് കരുതുന്നത്ര ഉദ്യോഗസ്ഥന്മാരെയും ജീവനക്കാരെയും നിർണ്ണയിക്കപ്പെടാവുന്നപ്രകാരം രജിസ്ട്രേഷൻ വകുപ്പിൽനിന്നും ഡെപ്യൂട്ടേഷനിൽ നിയമിക്കാവുന്നതാണ്.

(2) ബോർഡിന്റെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി ബോർഡിന്റെ സെക്രട്ടറി ഉത്തരവാദപ്പെട്ടിരിക്കുന്നതാണ്.

15. കടം വാങ്ങുന്നതിനുള്ള ബോർഡിന്റെ അധികാരം.—ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടെ സർക്കാർ വിനിർദ്ദേശിക്കുന്നപ്രകാരമുള്ള നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി നിധിയുടെ ആവശ്യങ്ങൾക്കുവേണ്ടി, കാലാകാലങ്ങളിൽ, പണം കടം വാങ്ങാവുന്നതാണ്.

16. ബോർഡിലെ അനൗദ്യോഗിക അംഗങ്ങൾ പബ്ലിക് സർവന്റുമാർ ആയിരിക്കുമെന്ന്.—ബോർഡിലെ ഓരോ അനൗദ്യോഗിക അംഗവും ഇന്ത്യൻ ശിക്ഷാ നിയമസംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന ഒരു പബ്ലിക് സർവന്റായി കരുതപ്പെടേണ്ടതാണ്.

17. ഉത്തമവിശ്വാസപൂർവ്വം ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം.—ഈ ഓർഡിനൻസ് പ്രകാരമോ പദ്ധതിപ്രകാരമോ ഉള്ള കർത്തവ്യങ്ങളും ചുമതലകളും നിറവേറ്റുന്നതിനായി ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് ബോർഡിലെ ഒരംഗത്തിനോ ബോർഡിനെ സഹായിക്കുന്ന മറ്റേതെങ്കിലും ആളിനോ എതിരായി യാതൊരു വ്യവഹാരമോ മറ്റു നിയമനടപടിയോ നിലനിൽക്കുന്നതല്ല.

18. സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ.—സർക്കാരിന്, കാലാകാലങ്ങളിൽ, ബോർഡിന് നിർദ്ദേശങ്ങൾ നൽകാവുന്നതും ആയത് നടപ്പിലാക്കുവാൻ ബോർഡ് ബാദ്ധ്യസ്ഥവുമാണ്.

19. അന്വേഷണത്തിനുവേണ്ടി ഉത്തരവ് പുറപ്പെടുവിക്കാനുള്ള അധികാരം.—(1) സർക്കാരിന്, ഏതു സമയത്തും, ബോർഡിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷിക്കുകയും സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുന്നതിനായി സർക്കാരിന്റെ ഒരു സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഏതെങ്കിലും ഉദ്യോഗസ്ഥനെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിക്കാവുന്നതാണ്.

(2) അപ്രകാരം നിയമിക്കപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥന്, അന്വേഷണം ശരിയായ രീതിയിൽ നടത്തുന്നതിനുവേണ്ട എല്ലാ സൗകര്യങ്ങളും ബോർഡ് ഏർപ്പെടുത്തി കൊടുക്കേണ്ടതും അദ്ദേഹം ആവശ്യപ്പെടുന്ന ബോർഡിന്റെ കൈവശമുള്ള രേഖകളും കണക്കുകളും വിവരങ്ങളും നൽകുകയും ചെയ്യേണ്ടതുമാണ്.

20. നിധിയുടെ കണക്കുകളുടെ ആഡിറ്റും ആഡിറ്റർമാരുടെ നിയമനവും.—(1) നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ നിധിയുടെ കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിനായി ബോർഡ് അങ്ങനെയുള്ള ആഡിറ്റർമാരെ നിയമിക്കേണ്ടതാണ്.

(2) അങ്ങനെയുള്ള ആഡിറ്റർമാർ നിധിയുടെ കണക്കുകൾ ഓരോ വർഷത്തിലും ഒരിക്കൽ ആഡിറ്റ് ചെയ്യേണ്ടതാണ്.

21. വാർഷിക റിപ്പോർട്ടും കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റും.—(1) നിധിയുടെ വാർഷിക റിപ്പോർട്ട് ബോർഡിന്റെ നിർദ്ദേശപ്രകാരം തയ്യാറാക്കേണ്ടതും ബോർഡിന്റെ അംഗീകാരത്തിനുശേഷം റിപ്പോർട്ടിന്റെ ഒരു പകർപ്പ്, കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റ് സഹിതം ഓരോ വർഷവും ജൂലൈ അവസാനത്തിനുമുമ്പ് സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

(2) വാർഷിക റിപ്പോർട്ട് ലഭിച്ചാലുടൻതന്നെ സർക്കാർ, അത് കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റ് സഹിതം, നിയമസഭയുടെ മുമ്പാകെ വയ്ക്കേണ്ടതാണ്.

22. സിവിൽ കോടതികളുടെ അധികാരിതയ്ക്ക് വിലക്ക്.—ഈ ഓർഡിനൻസോ പദ്ധതിയോ പ്രകാരമോ അതിൻകീഴിലോ, സർക്കാരോ ബോർഡോ സെക്രട്ടറിയോ അല്ലെങ്കിൽ ബോർഡ് അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ തീർപ്പാക്കേണ്ടതോ തീരുമാനിക്കേണ്ടതോ കൈകാര്യം ചെയ്യേണ്ടതോ ആയ ഏതെങ്കിലും പ്രശ്നം അഥവാ നിശ്ചയിക്കേണ്ടതായ ഏതെങ്കിലും സംഗതി തീർപ്പാക്കുവാനോ, തീരുമാനിക്കുവാനോ കൈകാര്യം ചെയ്യുവാനോ നിശ്ചയിക്കുവാനോ ഉള്ള അധികാരിത യാതൊരു സിവിൽ കോടതിക്കും ഉണ്ടായിരിക്കുന്നതല്ല.

23. സാക്ഷിയെ വിളിച്ചുവരുത്തുന്നതിനും തെളിവെടുപ്പ് നടത്തുന്നതിനുമുള്ള അധികാരം.—ഈ ഓർഡിനൻസിൻകീഴിൽ അന്വേഷണത്തിന്റെ ആവശ്യത്തിലേക്കായി, ബോർഡിന്, 1908-ലെ സിവിൽ നടപടി നിയമസംഹിത (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഒരു സിവിൽ കേസ് വിചാരണ നടത്തുമ്പോൾ ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ താഴെപ്പറയുന്ന സംഗതികളെ സംബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ഏതൊരാളെയും ഹാജരാകുന്നതിന് നിർബന്ധിക്കുന്നതിനും അല്ലെങ്കിൽ അയാളെ സത്യപ്രതിജ്ഞയിന്മേൽ വിസ്തരിക്കുന്നതിനും;

(ബി) പ്രമാണങ്ങൾ കണ്ടെത്തുന്നതിനും ഹാജരാക്കുന്നതിനും ആവശ്യപ്പെടുന്നതിന്;

(സി) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുന്നതിന്; കൂടാതെ

(ഡി) സാക്ഷികളെ വിസ്തരിക്കുന്നതിനുവേണ്ടി കമ്മീഷനെ നിയോഗിക്കുന്നതിന്.

24. കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി സ്റ്റാമ്പ്.—(1) ബോർഡ്, അൻപത് രൂപ മൂല്യമുള്ളതും, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രൂപത്തിലും അങ്ങനെയുള്ള രീതിയിലുമുള്ളതും "കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി സ്റ്റാമ്പ്" എന്ന് മുദ്രണം ചെയ്തിട്ടുള്ളതുമായ സ്റ്റാമ്പുകൾ സർക്കാർ പ്രസ്സിൽ അച്ചടിപ്പിക്കേണ്ടതാണ്.

(2) ലൈസൻസുള്ള ഒരു ആധാരമെഴുത്തുകാരൻ തയ്യാറാക്കുന്നതും സംസ്ഥാനത്തെ ഏതെങ്കിലും സബ്-രജിസ്ട്രാർ ആഫീസുകളിൽ, അതതുസംഗതി പോലെ, ബുക്ക് I, III അല്ലെങ്കിൽ IV-ൽ രജിസ്റ്റർ ചെയ്യുന്നതിന് ഹാജരാക്കുന്ന ഓരോ ആധാരത്തിലും (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിരിക്കുന്ന പ്രകാരമുള്ള ഒരു സ്റ്റാമ്പ്, 1959-ലെ കേരള മുദ്രപ്പത്ര ആക്റ്റ് (1959-ലെ 17) പ്രകാരം ചുമത്താവുന്ന സ്റ്റാമ്പ് ഡ്യൂട്ടിക്കു പുറമെ പതിക്കേണ്ടതാണ്:

എന്നാൽ, കേന്ദ്ര സർക്കാരിനോ സംസ്ഥാന സർക്കാരിനോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനോ വേണ്ടി രജിസ്റ്റർ ചെയ്യുന്നതിന് തയ്യാറാക്കിയതും ഹാജരാക്കിയതുമായ ഏതെങ്കിലും ആധാരത്തിന് ഈ ഉപവകുപ്പ് ബാധകമാകുന്നതല്ല.

(3) (2)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിരിക്കുന്ന പ്രകാരം പതിപ്പിച്ചിട്ടുള്ള ഓരോ സ്റ്റാമ്പും, 1959-ലെ കേരള മുദ്രപ്പത്ര ആക്റ്റിലെ (1959-ലെ 17) 12-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന രീതിയിൽ റദ്ദാക്കേണ്ടതാണ്.

(4) ഈ വകുപ്പുപ്രകാരം അച്ചടിച്ച സ്റ്റാമ്പുകൾ ബോർഡിന്റെ അധീനതയിലായിരിക്കേണ്ടതും, സ്റ്റാമ്പിന്റെ വിതരണവും വിൽപ്പനയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ ആയിരിക്കേണ്ടതുമാണ്.

25. വീഴ്ചയോ അയോഗ്യതയോ ഉള്ള സംഗതിയിൽ പണം നൽകൽ.—(1) വീഴ്ചയോ അയോഗ്യതയോ കാരണം അംഗത്വം അവസാനിക്കുന്ന സംഗതിയിൽ അംഗത്തിനോ അയാളുടെ നോമിനിക്കോ പദ്ധതിയിൽ പറഞ്ഞിട്ടുള്ളപ്രകാരം വരിസംഖ്യയായി ഒടുക്കിയ തുകയ്ക്കുവേണ്ടി അപേക്ഷിക്കാവുന്നതാണ്.

(2) അംഗത്വം അവസാനിച്ച ഏതെങ്കിലും അംഗത്തിനോ അയാളുടെ നോമിനിക്കോ ക്ഷേമനിധിയിൽനിന്നുള്ള ഏതെങ്കിലും ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

(3) അംഗത്വം അവസാനിച്ച തീയതിയ്ക്കുശേഷം അംശദായം എന്തെങ്കിലും അടച്ചിട്ടുണ്ടെങ്കിൽ അത് മുഴുവനും അതിന് യാതൊരു പലിശയുമില്ലാതെ, തിരിച്ചു നൽകേണ്ടതാണ്.

(4) ഒരു അംഗമോ അയാൾ നാമനിർദ്ദേശം ചെയ്തയാളോ ഏതെങ്കിലും തുക തെറ്റായി കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ഉചിതമായ നിയമനടപടികളിലൂടെ അങ്ങനെയുള്ള ആളിൽനിന്നും അത് വസൂലാക്കേണ്ടതാണ്.

26. സർക്കാരിന്റെ അംശദായം.—(1) ഒരു സാമ്പത്തിക വർഷത്തിൽ അംഗങ്ങൾ നൽകിയ മൊത്തം അംശദായത്തുകയുടെ പത്തു ശതമാനം അല്ലെങ്കിൽ ജീവനക്കാരുടെ ബോണസും അവധി പണമാക്കുന്നതും ഉൾപ്പെടെ, എന്നാൽ യാത്രാബത്ത ഒഴികെ, ക്ഷേമനിധിയുടെ നടത്തിപ്പിനായി ഏർപ്പിച്ചിട്ടുള്ള ശമ്പളത്തിന്റെയും ബത്തകളുടെയും ഹെഡ്ഡിൽനിന്നും വഹിക്കേണ്ടതായ ചെലവുകൾ, ഇതിൽ ഏതാണോ കുറവ്, അത് സർക്കാർ അംശദായമായി നൽകേണ്ടതാണ്.

(2) ഓരോ സാമ്പത്തിക വർഷത്തിന്റെയും അവസാനം ജീവനക്കാരുടെ ബോണസും അവധി പണമാക്കുന്നതും ഉൾപ്പെടെ, എന്നാൽ യാത്രാബത്ത ഒഴികെ, ക്ഷേമനിധിയുടെ നടത്തിപ്പിനായി ഏൽപ്പിച്ചിട്ടുള്ള ശമ്പളത്തിന്റെയും ബത്തയുടെയും ഹെഡ്ഡിൽനിന്നും വഹിക്കേണ്ടതായ ചെലവ് സെക്രട്ടറി കണക്കാക്കേണ്ടതും ആയത് സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(3) അപ്രകാരം കണക്കാക്കിയ തുക അംഗങ്ങളുടെ വാർഷിക അംശദായത്തിന്റെ പത്തു ശതമാനത്തിൽ കൂടുതലാണെന്നു കണ്ടാൽ ഈ തുകയുടെയും അംഗങ്ങളുടെ വാർഷിക അംശദായത്തിന്റെ പത്തു ശതമാനം തുകയുടെയും വ്യത്യാസം ക്ഷേമനിധിയിൽനിന്നും പിൻവലിക്കേണ്ടതും കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ബന്ധപ്പെട്ട ഹെഡ്ഡിലേക്ക് അടയ്ക്കേണ്ടതുമാണ്.

27. ന്യൂനത മുതലായവമൂലം ബോർഡിന്റെ പ്രവൃത്തികൾ അസാധുവാകുന്നതല്ലെന്ന്.—ഈ ഓർഡിനൻസ് പ്രകാരമോ അതിൻ കീഴിൽ ഉണ്ടാക്കിയേക്കാവുന്ന ചട്ടങ്ങൾ പ്രകാരമോ ബോർഡ് ചെയ്ത പ്രവൃത്തിയോ നടപടിക്രമമോ,—

(എ) ബോർഡിലെ ഏതെങ്കിലും ഒഴിവോ രൂപീകരണത്തിൽ ഉണ്ടാകുന്ന ന്യൂനതയോ; അല്ലെങ്കിൽ

(ബി) അതിലെ ഒരംഗമായ ഏതെങ്കിലും ആളെ നാമനിർദ്ദേശം ചെയ്തതിലുള്ള ഏതെങ്കിലും ന്യൂനതയോ ക്രമക്കേടോ; അല്ലെങ്കിൽ

(സി) ബോർഡിന്റെ പ്രവൃത്തിയിലോ നടപടിയിലോ ഉണ്ടായ ഏതെങ്കിലും ന്യൂനതയോ ക്രമക്കേടോ;

കാരണമായി മാത്രം അസാധുവാകുന്നതല്ല.

28. <u>വൈഷമ്യങ്ങൾ നീക്കം ചെയ്യൽ.</u>—(1) ഈ ഓർഡിനൻസിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം, ആ വൈഷമ്യം നീക്കം ചെയ്യുന്നതിലേക്ക് ആവശ്യമെന്ന് തങ്ങൾക്ക് തോന്നുന്നതും ഈ ഓർഡിനൻസിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ വ്യവസ്ഥകൾ, സർക്കാരിന് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവുമൂലം ഉണ്ടാക്കാവുന്നതാണ്:

എന്നാൽ, ഈ ഓർഡിനൻസിന്റെ പ്രാരംഭ തീയതി മുതൽ രണ്ട് വർഷത്തിനു ശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിക്കുന്ന ഉത്തരവ് നിയമസഭ മുൻപാകെ വയ്ക്കേണ്ടതാണ്.

29. <u>ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.</u>—(1) സർക്കാരിന്, വിജ്ഞാപനംവഴി, ഈ ഓർഡിനൻസിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി, മുൻകാല പ്രാബല്യത്തോടുകൂടിയോ പിൽക്കാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ഓർഡിനൻസ് പ്രകാരം ഉണ്ടാക്കപ്പെടുന്ന ഓരോ ചട്ടവും, അതുണ്ടാക്കിയ ശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുൻപാകെ ഒരു സമ്മേളനത്തിലോ അല്ലെങ്കിൽ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത്, ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ, തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുൻപ്, നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും രൂപഭേദപ്പെടുത്തലുകൾ വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന്, അതിനുശേഷം, അതതു സംഗതിപോലെ, അപ്രകാരം ഭേദഗതി ചെയ്ത രൂപത്തിൽമാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ, അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ; എന്നിരുന്നാലും അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ, റദ്ദാക്കലോ, ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

30. <u>1991-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതിയിൽ നിന്നും ഫണ്ട് കൈമാറ്റം ചെയ്യുന്നതിനുള്ള വ്യവസ്ഥ.</u>—(1) തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും സർക്കാർ വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ 1991-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതിയുടെ കണക്കിൽ ഉണ്ടായിരുന്ന എല്ലാ തുകകളും ഈ ഓർഡിനൻസിൻ കീഴിൽ രൂപീകരിക്കപ്പെടുന്ന നിധിയിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നതും അതിൽ വരവു വയ്ക്കുന്നതും, 1991-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതിയിൽ അംശദായം നൽകാനുള്ള അംഗത്തിന്റെ ബാദ്ധ്യത അങ്ങനെയുള്ള തീയതി മുതൽ ഇല്ലാതാകുന്നതുമാണ്.

(2) ഈ ഓർഡിനൻസ് പ്രകാരം രൂപവൽക്കരിക്കപ്പെട്ട ബോർഡിന് അത്തരം പദ്ധതികൾ സംബന്ധിച്ചുള്ള എല്ലാ അവകാശവാദങ്ങളും തീരുമാനിക്കാവുന്നതാണ്.

31. <u>റദ്ദാക്കലും ഒഴിവാക്കലും.</u>—(1) 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ഓർഡിനൻസ് (2012-ലെ 13) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ഓർഡിനൻസ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

പട്ടിക

[3 (2) വകുപ്പ് കാണുക]

## പദ്ധതിയിൽ വ്യവസ്ഥ ചെയ്യാവുന്ന കാര്യങ്ങൾ

1. ബോർഡ്, നിധിയുടെ ഭരണം നടത്തേണ്ട രീതി.

2. അംഗങ്ങളുടെ രജിസ്ട്രേഷൻ.

3. നിധിയിലേക്കുള്ള അംശദായം, സ്റ്റാമ്പ് വെണ്ടർമാരുടെ കമ്മീഷന്റെ രണ്ടു ശതമാനം എന്നിവ നൽകുന്നതിനുള്ള രീതി.

4. വിവിധ മേഖലകളിൽ നിന്നും അംശദായം, സ്റ്റാമ്പ് വെണ്ടർമാരുടെ കമ്മീഷന്റെ രണ്ടുശതമാനം എന്നിവ വസൂലാക്കേണ്ട രീതി.

5. ബോർഡിനെ സഹായിക്കുന്നതിനുവേണ്ടി ഏതെങ്കിലും സമിതിയുടെ രൂപവൽക്കരണം.

6. സെക്രട്ടറിയുടെ ചുമതലകൾ.

7. കണക്കുകൾ സൂക്ഷിക്കേണ്ട രീതി, സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും നിർദ്ദേശങ്ങളോ അല്ലെങ്കിൽ വിനിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകളോ അനുസരിച്ച് നിധിയുടെ വക പണം നിക്ഷേപിക്കലും ബഡ്ജറ്റ് തയ്യാറാക്കലും കണക്കുകൾ ആഡിറ്റ് ചെയ്യലും, സർക്കാരിന് റിപ്പോർട്ടുകൾ സമർപ്പിക്കലും.

8. നിധിയിൽ നിന്നും പണം പിൻവലിക്കുന്നതിന് അനുവദിക്കുന്നതിനും അതിൽ നിന്നുള്ള ഏതെങ്കിലും കിഴിയ്ക്കലോ മുതൽക്കൂട്ടലോ നടത്തുന്നതിനുമുള്ള വ്യവസ്ഥകളും അപ്രകാരമുള്ള കിഴിയ്ക്കലിന്റെയോ, മുതൽക്കൂട്ടലിന്റെയോ പരമാവധി തുകയും.

9. ഒരംഗം തന്റെയും തന്റെ കുടുംബത്തെയുംപറ്റിയുള്ള വിവരങ്ങൾ ആവശ്യപ്പെടുമ്പോൾ നൽകേണ്ടുന്ന ഫാറം.

10. ഒരംഗത്തിന്റെ മരണത്തെത്തുടർന്ന് ആ അംഗത്തിന് നിധിയിൽ നിന്നും ലഭിക്കേണ്ടതായ ആനുകൂല്യങ്ങൾ സ്വീകരിക്കുവാനുള്ള ആളിനെ നാമനിർദ്ദേശം ചെയ്യലും അത്തരം നാമനിർദ്ദേശത്തിന്റെ പരിശോധനയും റദ്ദാക്കലും.

11. അംഗങ്ങളെ സംബന്ധിച്ച് വച്ചുപോരേണ്ട രജിസ്റ്ററുകളും രേഖകളും.

12. പാസ്ബുക്കിന്റെയും സർട്ടിഫിക്കറ്റിന്റെയും തിരിച്ചറിയൽ കാർഡിന്റെയും ഫാറവും, അത് നൽകുകയും കൈവശം വയ്ക്കുകയും മാറ്റിക്കൊടുക്കുകയും ചെയ്യുന്നതിനുള്ള നടപടിക്രമവും.

13. പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും ആവശ്യങ്ങൾക്കായി ചുമത്തേണ്ട ഫീസ്.

14. 30-ാം വകുപ്പ് പ്രകാരം കൈമാറ്റം ചെയ്യപ്പെട്ട തുകകൾ നിധിയിലേക്ക് കൈമാറ്റം ചെയ്യേണ്ടതിന്റെയും വരവ് വയ്ക്കേണ്ടതിന്റെയും രീതി.

15. അംഗങ്ങളുടെയോ അവരുടെ ആശ്രിതരുടെയോ ക്ഷേമത്തിനുവേണ്ടി, ഏതെല്ലാം കാര്യങ്ങൾക്ക് നിധി ഉപയോഗിക്കാമെന്ന്.

16. നിധിയുടെ ഭരണനിർവ്വഹണത്തിൽ ഉണ്ടാകാവുന്ന ചെലവുകൾ വഹിക്കുന്നതിനുള്ള നടപടിക്രമം.

17. നിധിയിൽ നിന്നും ആനുകൂല്യങ്ങൾ, ഗ്രാന്റുകൾ, മുൻകൂറുകൾ എന്നിവ നൽകുന്നതിനുള്ള നടപടിക്രമം.

18. സേവനം പൂർത്തിയാക്കിയ വർഷത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ അവസാനിപ്പിക്കുന്ന അംഗങ്ങൾക്ക് നിധിയിൽനിന്നും നൽകാവുന്ന തുകയുടെയും പെൻഷന്റെയും നിരക്ക് ക്രമീകരിക്കൽ.

19. വീഴ്ച വരുത്തിയ അംഗങ്ങളുടെ സംഗതിയിൽ അംശദായം തിരികെ നൽകുന്ന രീതിയും നിരക്കും.

20. പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായതോ ഉചിതമായതോ ആയ മറ്റേതെങ്കിലും സംഗതികൾ.

എച്ച്. ആർ. ഭരദ്വാജ്,

ഗവർണ്ണർ.

GOVERNMENT OF KERALA

**Law (Legislation-A) Department**

NOTIFICATION

No. 15553//Leg. A2/2010/Law. *Dated, Thiruvananthapuram, 11th April, 2012.*
*22nd Chaithra 1934.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following trtanslation in English language of the Kerala Document Writers', Scribes' and Stamp Vendors' Welfare Fund Ordinance, 2012 (29 of 2012).

By order of the Governor,

C. K. PADMAKARAN,
*Special Secretary (Law).*

[Translation in English of "2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ഓർഡിനൻസ്" published under the authority of the Governor.]

## ORDINANCE No. 29 OF 2012

## THE KERALA DOCUMENT WRITERS', SCRIBES' AND STAMP VENDORS' WELFARE FUND ORDINANCE, 2012

Promulgated by the Governor of Kerala in the Sixty-third Year of the Republic of India.

*AN*

*ORDINANCE*

*to provide for the constitution of a Welfare Fund for the welfare of the document writers, scribes and stamp vendors in the State of Kerala, to pay pension and other benefits to them and for other matters connected therewith or incidental thereto.*

*Preamble.*—WHEREAS, it is expedient to provide for the constitution of a Welfare Fund for the welfare of the document writers, scribes and stamp vendors in the State of Kerala, to pay pension and other benefits to them and for other matters connected therewith or incidental thereto;

AND WHEREAS, the Kerala Document Writers', Scribes' and Stamp Vendors' Welfare Fund Ordinance, 2012 (13 of 2012) was promulgated by the Governor of Kerala on the 30th day of January, 2012;

AND WHEREAS, a Bill to replace the said Ordinance by an Act of the State Legislature could not be introduced in, and passed by, the Legislative Assembly of the State of Kerala during its session which commenced on the 1st day of March, 2012 and ended on the 23rd day of March, 2012;

AND WHEREAS, under sub-clause (a) of clause (2) of Article 213 of the Constitution of India, the said Ordinance will cease to operate on the 12th day of April, 2012;

AND WHEREAS, difficulties will arise if the provisions of the said Ordinance are not kept alive again;

AND WHEREAS, the Legislative Assembly of the State of Kerala is not in session and the Governor of Kerala is satisfied that circumstances exist which render it necessary for him to take immediate action;

NOW, THEREFORE, in exercise of the powers conferred by clause (1) of Article 213 of the Constitution of India, the Governor of Kerala is pleased to promulgate the following Ordinance:—

1. *Short title and commencement.*—(1) This Ordinance may be called the Kerala Document Writers', Scribes' and Stamp Vendors' Welfare Fund Ordinance, 2012.

(2) It shall be deemed to have come into force on the 31st day of January, 2012.

2. *Definitions.*—In this Ordinance unless the context otherwise requires,—

(a) "Board" means the Kerala Document Writers', Scribes' and Stamp Vendors' Welfare Fund Board constituted under section 9;

(b) "cessation of employment" means ceasing of employment of a licensee consequent to the cancellation or surrender of the licence obtained for doing the employment;

(c) "contribution" means the amount payable to the Welfare Fund by the members under sub-section (1) of section 4 and by the Government under sub-section (1) of section 26;

(d) "dependent" means wife or husband, minor sons, unmarried or widowed or divorced daughters, mentally or physically disabled children and father and mother who are solely dependent upon the member;

(e) "Document Writer" means a person who is engaged in the profession of preparing documents including enquiry as to title, preparation of draft deeds and engrossing the deed on stamp paper for registration as per the Kerala Document Writers' Licence Rules, 1960;

(f) "Fund" means the Kerala Document Writers', Scribes' and Stamp Vendors' Welfare Fund constituted under section 3;

(g) "Government" means the Government of Kerala;

(h) "Inspector General of Registration" means the Inspector General of Registration of the Government of Kerala;

(i) "member" means a Document Writer or a Scribe or a Stamp Vendor, who has been admitted as a member of the Welfare Fund under the provisions of this Ordinance or who is continuing as a member of the Kerala Document Writers', Scribes' and Stamp Vendors' Welfare Fund Scheme, 1991;

(j) "notification" means a notification published in the Kerala Gazette;

(k) "prescribed" means prescribed by rules made under this Ordinance;

(l) "Registering Authority" means the District Registrar (General) of the district concerned;

(m) "Scheme" means the Kerala Document Writers', Scribes' and Stamp Vendors' Welfare Fund Scheme framed under this Ordinance;

(n) "Scribe" means a person who assists a Document Writer in the preparation of documents and who possesses a valid scribe licence to transcribe the documents to be presented for registration as defined in sub-rule (5) of rule 3 of the Kerala Document Writers' Licence Rules, 1960;

(o) "Secretary" means the Secretary of the Board constituted as per this Ordinance;

(p) "stamp" means the Kerala Document Writers', Scribes' and Stamp Vendors' Welfare Fund stamp printed and distributed under section 24;

(q) "Stamp Vendor" means a person who has acquired a licence as per rule 35 of the Kerala Manufacture and Sale of Stamp Rules, 1960 and actively engaged in the profession of selling non-judicial stamps and stamp papers.

3. *Kerala Document Writers', Scribes' and Stamp Vendors' Welfare Fund.*—(1) The Government shall, as soon as may be after the commencement of this Ordinance, by notification, frame a Scheme to be called the "Kerala Document Writers', Scribes' and Stamp Vendors' Welfare Fund Scheme" and after the framing of the Scheme, constitute a Fund to be called "the Kerala Document Writers', Scribes' and Stamp Vendors' Welfare Fund" in accordance with the provisions of this Ordinance and the Scheme.

(2) Subject to the provisions of this Ordinance, the Scheme may provide for all or any of the matters specified in the Schedule.

(3) The following shall be credited to the Fund, namely:—

(a) contributions under section 4 and 26;

(b) application fee realised under section 5;

(c) any amount borrowed under section 15;

(d) all amounts collected by way of sale of stamp under section 24;

(e) any donation voluntarily made to the Fund by any association or institution or any other person;

(f) any profit, interest, dividend or other income on any investment made of any part of the Fund;

(g) any grants, loans or advances as may be given by the Government of India or the State Government or any other institution or organisation;

(h) two per cent of the amount being received by the Stamp Vendors as commission;

(i) amount transferred under section 30;

(j) any fees levied under the Scheme;

(k) any other amount, to be credited to the Fund under the provisions of the Scheme;

(l) any amount raised by the Board from other sources to augment the resources of the Fund.

(4) The Fund shall vest in the Board and be administered by the Board.

(5) The Fund may be utilised for all or any of the following purposes, namely:—

(a) for the payment of a fixed amount and pension to a member from the Fund on cessation of employment at such rate as may be prescribed based on the number of years of his employment;

*Explanation 1.*—The Board shall have the power to take decision regarding the pensionary benefits payable to a member who could not continue his employment due to ill health.

*Explanation 2.*—A person who had completed sixty five years of age and who had been a Document Writer, Scribe or Stamp Vendor for twenty five years before the commencement of this Ordinance shall become eligible for special pension if he becomes a member and remits contribution for a period of one year under the provisions of this Ordinance.

(b) for the payment of family pension on the death of a member who had remitted contribution for not less than ten years;

(c) for the payment of financial assistance on the death of a member due to illness or accident;

(d) for the repayment of the contribution amount remitted by the members with such interest, as may be prescribed, when they are incapacitated to do work due to permanent physical disability or on the cessation of their membership in the Welfare Fund;

(e) for the payment of financial assistance to meet the expense towards medical treatment of the members affected with serious ailment;

(f) for the payment of financial assistance to meet the marriage expense of the members and their daughters and for the maternity expense of the female members;

(g) for the payment of financial assistance or loans or advances to the members for the purpose connected with their employment or for the construction of dwelling house or for the maintenance or renovation of the house or for the purchase of land for the construction of house or for the purchase of land and building and for the education, including higher education of the children of the members;

(h) for the payment of special relief to the members who suffer from physical disability;

(i) for any other purpose specified in the Scheme;

(j) for the day to day administrative expenses of the Board.

(6) The Scheme framed under sub-section (1) shall be laid, as soon as may be after it is framed, before the Legislative Assembly while it is in session for a total period of fourteen days which may be comprised in one session or in two successive sessions, and if, before the expiry of the session in which it is so laid or the session immediately following, the Legislative Assembly makes any modification in the Scheme, the Scheme shall, thereafter have effect only in such modified form; so however, that any such modification shall be without prejudice to the validity of anything previously done under the Scheme.

4. *Contribution to the Fund.*—(1) Every Document Writer, Scribe and Stamp Vendor who is eligible to become a member shall pay one hundred rupees per month as contribution to the Fund.

(2) The Government may, by notification, from time to time, revise the rate of contribution referred to in sub-section (1) up to a maximum limit of five hundred rupees, taking into account the amount required for the management of the Scheme.

(3) The contribution shall be paid in the name of the Secretary or officer authorised in this behalf, in the manner specified in the Scheme.

5. *Membership in the Fund.*—(1) Any person holding a valid licence of Document Writer or Scribe under the Kerala Document Writers' Licence Rules, 1960 or a valid licence of a Stamp Vendor under the Kerala Manufacture and Sale of Stamp Rules, 1960, as the case may be, and is below the age of 65 years on the date of application may apply to the Board for admission as a member of the Fund in such form and manner as may be prescribed:

Provided that no person employed as a Document Writer, Scribe or Stamp Vendor after retiring from the service of the Central Government or any State Government or any Public Sector Undertaking or Local Authority with retirement benefits, shall be eligible for membership in the Fund.

(2) On an application under sub-section (1), the Board may make such enquiry as it deems fit and either admit the applicant to the Fund or for reasons to be recorded in writing reject the application:

Provided that, no order rejecting an application shall be passed unless the applicant has been given an opportunity of being heard:

Provided further that, any person aggrieved by an order rejecting any application for membership may prefer an appeal to the Government within such period as may be prescribed.

(3) Every applicant shall pay an application fee of one hundred rupees along with the application in such manner as may be prescribed.

(4) A member of the Fund, on completion 65 years of age or on voluntarily applying for pension by surrendering his licence after 25 years of membership, shall cease to be a member of the Fund.

(5) Every person who has been enrolled as member in the Fund shall be given a certificate of membership and a pass book recording the rate of contribution, details of enrolment in the register, date of birth, due date for payment of contribution etc., by the Registering Authority. The Registering Authority shall keep a register of the members coming under their jurisdiction and at the State level, the Secretary of Board shall keep a register of members enrolled in the Fund, showing the district-wise details of members.

6. *Cancellation of Membership.*—(1) The membership of a member shall be cancelled by the Registering Authority if it is found that a member has made manipulation of any kind or has given false information at any time in connection with the conditions for the membership or to obtain benefits as per the Scheme:

Provided that, no order of cancellation of membership shall be passed unless the applicant has been given an opportunity of being heard.

(2) Membership in the Fund shall automatically cease if a member commits default in payment of contribution for six months continuously.

(3) If the Registering Authority is of the opinion that a member is not functioning as a Document Writer or Scribe or Stamp Vendor, as the case may be, his membership in the Fund shall be cancelled. The date of cancellation in such cases shall be, as may be fixed by the Registering Authority.

(4) Appeal against the orders of the Registering Authority shall be filed before the Inspector General of Registration within such period as may be prescribed.

(5) A member may voluntarily retire from the Fund by submitting a letter addressed to the Registering Authority. In such case, the date of retirement shall be the date on which the member has submitted his letter.

7. *Revival of Membership.*—The membership of a member which has been ceased under sub-section (2) of section 6 may be revived on payment of arrears along with interest at twelve per cent per annum within six months from the date of cessation of such membership.

8. *Amendment of the Scheme.*—(1) Government may, by notification, amend the Scheme framed under this Ordinance, either prospectively or retrospectively.

(2) Every notification under sub-section (1) shall be laid as soon as may be, after it is issued, before the Legislative Assembly while it is in session for a total period of fourteen days which may be comprised in one session or in two successive sessions, and if, before the expiry of the session in which it is so laid or the session immediately following, the Legislative Assembly agrees in making any modification in the notification or decides that the notification should not be issued, the notification shall thereafter have effect only in such modified form or be of no effect, as the case may be, so however that any such modification or annulment shall be without prejudice to the validity of anything previously done under that notification.

9. *Constitution of the Board.*—(1) The Government may, by notification, with effect from such date as may be specified therein, constitute a Board to be called the "Kerala Document Writers', Scribes' and Stamp Vendors' Welfare Fund Board" for the administration and management of the Fund and to implement and supervise connected activities.

(2) The Board shall be a body corporate by the name "Kerala Document Writers', Scribes' and Stamp Vendors' Welfare Fund Board" having perpetual succession and a common seal and shall by the said name, sue and be sued.

(3) The Board shall consist of seven official members representing the Government and three non-official members representing the beneficiaries of the Fund as may be nominated by the Government and as hereinafter provided, namely:—

(a) The Secretary to Government, Taxes Department—he shall be the Chairman of the Board;

(b) The Inspector General of Registration—he shall be the Vice-Chairman of the Board;

(c) The Joint Inspector General of Registration—he shall be the Secretary of the Board;

(d) An officer of the Finance Department not below the rank of Deputy Secretary nominated by the Government;

(e) An officer of the Labour Department not below the rank of Deputy Secretary nominated by the Government;

(f) An officer of the Taxes Department not below the rank of Deputy Secretary nominated by the Government;

(g) An officer of the Law Department not below the rank of Deputy Secretary nominated by the Government;

(h) Three non-official members representing the Document Writers, Scribes and Stamp Vendors nominated by the Government.

(4) The Board shall administer the Fund vested in it in such manner as may be specified in the Scheme.

(5) The Board may, with the previous approval of the Government, delegate to the Chairman or to the Secretary such of its powers and functions under this Ordinance or the Scheme as it may consider necessary, for the effective management of the Fund, subject to such restrictions and conditions, as it may deem fit.

10. *Meeting of the Board.*—(1) The Board shall meet at least once in three months to transact its business.

(2) Six members of the Board including at least four official members and two non-official members shall form the quorum for a meeting of the Board.

(3) The Chairman or in his absence the Vice-Chairman, or in the absence of the Chairman and the Vice-Chairman, a member to be elected from among the members present at the meeting shall preside over the meeting of the Board.

(4) Any matter coming up before a meeting of the Board shall be decided by a majority of the members present and voting at the meeting and in the case of equality of votes, the Chairman or the Vice-Chairman or the member who presiding over the meeting, shall have right for a casting vote.

11. *Term of Office of members of the Board.*—(1) The non-official members appointed under sub-section (3) of section 9 shall hold office for a period of three years from the date of publication of the notification constituting the Board in the Gazette.

(2) Any non-official member may resign his membership by giving notice in writing to the Government, but shall continue to hold office until his resignation is accepted by the Government.

(3) The Government may at any time, for reasons to be recorded in writing, remove from office any official member, if the Government are of opinion that, in public interest it is improper to allow such member to continue in office.

12. *Disqualifieation and removal of non-official members.*—(1) The Government may remove any non-official member of the Board from office,—

(a) if he is of unsound mind;

(b) if he is adjudged as undischarged insolvent;

(c) if he, without the permission of the Board, has been absent from three consecutive meetings of the Board; and

(d) if in the opinion of the Government, he is not suitable or has become incapable of acting as a member or has so abused his position as a member so as to render his continuance as such member detrimental to public interest:

Provided that before removing a member under this sub-section, he shall be given a reasonable opportunity to show cause why he should not be removed.

(2) A non-official member of the Board removed under clause (c) of sub-section (1) shall be disqualified for re-appointment as a member of the Board for a period of three years from the date of his removal unless otherwise ordered by the Government.

(3) A non-official member of the Board removed under clause (d) of sub-section (1) shall not be eligible for reappointment until he is declared by an order of the Government to be no longer ineligible.

13. *Sitting fees, travelling allowance and daily allowance to members of the Board.*—The nominated members of the Board shall be eligible to get sitting fee, travelling allowance and daily allowance at such rate as may be prescribed.

14. *Appointment of Officers and Staff.*—(1) The Government may appoint such officers and staff as they may deem necessary, in such manner as may be prescribed, on deputation from the Registration Department for assisting the Secretary in the performance of the functions of the Board under this Ordinance.

(2) The Secretary of the Board shall be responsible for the implementation of the decisions of the Board.

15. *Power of the Board to borrow.*—The Board may, from time to time, with the previous approval of the Government and subject to such terms and conditions as may be specified by the Government, borrow money for the purposes of the Fund.

16. *Non-official Members of the Board to be public servants.*—Every non-official member of the Board shall be deemed to be a public servant within the meaning of section 21 of the Indian Penal Code (Central Act 45 of 1860).

17. *Protection of action taken in good faith.*—No suit or other legal proceedings shall lie against any member of the Board or any other person assisting the Board in the discharge of its functions and duties in respect of anything which is in good faith done or intended to be done under this Ordinance or under the Scheme.

18. *Directions by Government.*—The Government may, from time to time, give directions to the Board, and the Board is bound to implement them.

19. *Power to order enquiry.*—(1) The Government may, at any time, appoint an officer not below the rank of a Secretary to Government as enquiry officer to enquire into the working of the Board and to submit report to the Government.

(2) The Board shall give the enquiry officer so appointed, all facilities for the proper conduct of the enquiry and furnish to such documents, accounts and informations in the possession of the Board as he may require.

20. *Audit of accounts of the Fund and appointment of auditors.*—(1) The Board shall appoint such auditors to audit the accounts of the Fund in such manner as may be prescribed.

(2) The accounts of the Fund shall be audited once in every year by such auditors.

21. *Annual report and audited statement of accounts.*—(1) The annual report of the Fund shall be prepared under the direction of the Board and after approval by the Board, a copy of the report together with audited statement of accounts shall be submitted to the Government before the end of July every year.

(2) The Government shall, as soon as the annual report is received, cause the same together with the audited statement of accounts to be laid before the Legislative Assembly.

22. *Bar on Jurisdiction of civil courts.*—No civil court shall have jurisdiction to settle, decide or deal with any question or to determine any matter which is by or under this Ordinance or the Scheme required to be settled, decided or dealt with or to be determined by the Government or the Board or the Secretary or any officer authorised by the Board.

23. *Power to summon witness and take evidence.*—The Board shall, for the purposes of enquiry under this Ordinance, have the same powers as are vested in a civil court while trying a suit under the Code of Civil Procedure, 1908 (Central Act 5 of 1908) in respect of the following matters, namely:—

(a) enforcing the attendance of any person or examining him on oath;

(b) requiring the discovery and the production of documents;

(c) receiving evidence on affidavit; and

(d) engaging Commission for the examination of witnesses.

24. *The Kerala Document Writers', Scribes' and Stamp Vendors' Welfare Fund Stamp.*— (1) The Board shall get printed at the Government Press stamps of the value of fifty rupees inscribed as "the Kerala Document Writers', Scribes' and Stamp Vendors' Welfare Fund Stamp", in such form and in such manner as may be prescribed.

(2) Every document prepared by a licensed document writer and presented in any of the Sub-Registrar Offices in the State to be registered in Book I, III or IV, as the case may be, shall be affixed with a stamp as specified in sub-section (1), in addition to the stamp duty chargeable under the Kerala Stamp Act, 1959 (Act 17 of 1959):

Provided that this sub-section shall not apply to any document prepared and presented for registration on behalf of the Central Government or the State Government or Local Self Government Institution.

(3) Every stamp affixed as specified in sub-section (2) shall be cancelled in the manner provided for in section 12 of the Kerala Stamp Act, 1959 (Act 17 of 1959).

(4) The custody of the stamps printed under this section shall be with the Board and, the supply and sale of stamps shall be in such manner as may be prescribed.

25. *Payment of money in case of default or disqualification.*—(1) In case of cessation of membership due to default or disqualification, the member or his nominee may apply for the amount remitted as contribution in the manner stated in the Scheme.

(2) Any member whose membership has been ceased or his nominee shall not be eligible for any benefit from the Welfare Fund.

(3) The contribution if any remitted after the date of cessation of membership, shall be refunded in full without any interest thereon.

(4) Any amount that has been received wrongly by a member or person nominated by him, shall be recovered from such person by appropriate legal proceedings.

26. *Contribution of the Government.*—(1) Ten per cent of the total amount contributed by the members during a financial year or the expenses to be incurred under the head of pay and allowances of the staff including bonus and encashment of leave but excluding travelling allowance, assigned for the administration of the Welfare Fund, whichever is less, shall be given as Government contribution.

(2) At the end of every financial year, the Secretary shall calculate the expenses including bonus and encashment of leave but excluding travelling allowance, assigned for the administration of the Welfare Fund, under the head of account of pay and allowances of the staff and shall intimate the same to the Government.

(3) If the amount so calculated is found to be more than ten per cent of the yearly contribution of the members, the difference between this amount and ten per cent of the yearly contribution of the members, shall be withdrawn from the Welfare Fund and remitted to the head of account concerned fixed from time to time.

27. *Act of Board not to be invalid by defect etc.*— No act done or proceedings taken under this Ordinance or the rules to be made thereunder by the Board shall be invalid merely by reason of,—

(a) any vacancy or defect in the constitution of the Board; or

(b) any defect or irregularity in the nomination of any person as a member thereof; or

(c) any defect or irregularity in any act or proceedings of the Board.

28. *Removal of difficulties.*—(1) If any difficulty arises in giving effect to the provisions of this Ordinance, the Government may, by order published in the Gazette, make provisions which appear to them to be necessary and not inconsistent with the provisions of this Ordinance, for the purpose of removing the difficulty:

Provided that no such order shall be passed after the expiry of two years from the date of commencement of this Ordinance.

(2) The order issued under sub-section (1) shall be placed before the Legislative Assembly.

29. *Power to make rules.*—(1) The Government may, by notification, make rules either prospectively or retrospectively for the purpose of carrying into effect the provisions of this Ordinance.

(2) Every rule made under this Ordinance shall be laid, as soon as may be after it is made, before the Legislative Assembly while it is in session for a total period of fourteen days which may be comprised in one session or in two successive sessions, and if, before the expiry of the session in which it is so laid or the session immediately following, the Legislative Assembly makes any modification in the rule or decides that the rule should not be made, the rule shall thereafter have effect only in such modified form or be of no effect, as the case may be, so however, that any such modification or annulment shall be without prejudice to the validity of anything previously done under that rule.

30. *Provision for the transfer of Fund from the Kerala Document Writers', Scribes' and Stamp Vendors' Welfare Fund Scheme, 1991.*—(1) Notwithstanding anything contained in any other law for the time being in force, on and from the date to be notified by the Government, all amounts standing in the credit of the Kerala Document Writers', Scribes' and Stamp Vendors' Welfare Fund Scheme, 1991 shall stand transferred to and credited to the Fund established under this Ordinance and with such date the liability of a member to pay contribution to the Kerala Document Writers', Scribes' and Stamp Vendors' Welfare Fund Scheme, 1991 shall cease.

(2) All claims in respect of such fund may be determined by the Board constituted under this Ordinance.

31. *Repeal and Saving.*—(1) The Kerala Document Writers', Scribes' and Stamp Vendors' Welfare Fund Ordinance, 2012 (13 of 2012) is hereby repealed.

(2) Notwithstanding such repeal, anything done or any action taken under the said Ordinance shall be deemed to have been done or taken under this Ordinance.

## SCHEDULE

[*See* Section 3(2)]

## MATTERS FOR WHICH PROVISION MAY BE MADE IN THE SCHEME

1. The manner in which the Fund is to be administered by the Board.
2. Registration of the members.
3. The manner in which the contribution and two per cent of the commission of stamp vendors shall be made to the Fund.
4. The manner in which the contribution from different sectors and the two per cent of the commission of stamp vendors may be recovered.

5. The constitution of any committee for assisting the Board.

6. Duties of the Secretary.

7. The manner in which accounts shall be maintained, the investment of money belonging to the Fund in accordance with any direction issued or conditions specified by the Government, the preparation of budget, the audit of accounts and the submission of reports to the Government.

8. The conditions under which withdrawal from the Fund may be permitted and any deduction or forfeiture may be made and the maximum amount of such deduction or forfeiture.

9. The form in which a member shall furnish particulars about himself and his family whenever required.

10. The nomination of a person to receive the benefits of a member from the Fund on his death and cancellation or verification of such nomination.

11. The registers and records to be maintained with respect to members.

12. The form of pass book, certificate and identity card and the procedure for their issue, custody and replacement.

13. The fees to be levied for any of the purposes specified in the Schedule.

14. The manner in which the amount transferred under section 30 is to be transferred and credited to the Fund.

15. The matters for which the Fund may be utilized for the welfare of the members or their dependants.

16. The procedure for defraying the expenditure to be incurred in the administration of the Fund.

17. The procedure for paying benefits, grants, advances etc., from the Fund.

18. Regularisation of the rate of pension and the amount that may be given from the Fund to the members who discontinue employment on the basis of the completed years of service.

19. The manner and rate in which the contribution is to be refunded in the case of the members who have committed default.

20. Any other matter which is necessary or proper for implementing the Scheme.

H. R. BHARDWAJ,

*GOVERNOR.*

KD-14

©
Government of Kerala
കേരള സർക്കാർ
2012

Reg. No. രജി. നമ്പർ
KL/TV(N)/12/12-14

# KERALA GAZETTE
# കേരള ഗസററ്
## EXTRAORDINARY
## അസാധാരണം
## PUBLISHED BY AUTHORITY
### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | | |
|---|---|---|---|---|
| Vol. LVII<br>വാല്യം 57 | Thiruvananthapuram,<br>Monday<br>തിരുവനന്തപുരം,<br>തിങ്കൾ | 13th August 2012<br>2012 ആഗസ്റ്റ് 13<br>22nd Sravana 1934<br>1934 ശ്രാവണം 22 | No.<br>നമ്പർ | 1703 |

## കേരള സർക്കാർ

നിയമ (നിയമനിർമ്മാണ-എ) വകുപ്പ്

### വിജ്ഞാപനം

നമ്പർ 15553/ലെഗ്.എ2/2010/നിയമം. *തിരുവനന്തപുരം, 2012 ആഗസ്റ്റ് 13, 1934 ശ്രാവണം 22*

2012 ആഗസ്റ്റ് 11-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയ താഴെ പറയുന്ന ഓർഡിനൻസ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സി. കെ. പത്മാകരൻ,

*നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി.*

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2012.

33/3453/2012/DTP.

## 2012-ലെ 48-ാം നമ്പർ ഓർഡിനൻസ്

# 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ഓർഡിനൻസ്

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിമൂന്നാം സംവത്സരത്തിൽ കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയത്.

**കേരള സംസ്ഥാനത്തെ ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തു കാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമത്തിനായും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ മറ്റു കാര്യങ്ങൾക്കുംവേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള**

ഒരു

ഓർഡിനൻസ്

പീഠിക.—കേരള സംസ്ഥാനത്തെ ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തു കാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമത്തിനായും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ മറ്റു കാര്യങ്ങൾക്കുംവേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കുന്നത് യുക്തമായിരിക്കയാലും ;

2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ഓർഡിനൻസ് (2012-ലെ 13) 2012 ജനുവരി 30-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയിരുന്നതിനാലും;

2012 മാർച്ച് 1-ാം തീയതി ആരംഭിച്ച് 2012 മാർച്ച് 23-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനുപകരം നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാലും;

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനുവേണ്ടി 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരു ടെയും ക്ഷേമനിധി ഓർഡിനൻസ് (2012-ലെ 29) 2012 ഏപ്രിൽ 11-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയിരുന്നതിനാലും;

2012 ജൂൺ 11-ാം തീയതി ആരംഭിച്ച് 2012 ജൂലൈ 25-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനുപകരം നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാലും;

ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡ പ്രകാരം പ്രസ്തുത ഓർഡിനൻസ് 2012 ജൂലൈ 23-ാം തീയതി പ്രാബല്യത്തിലില്ലാതായി ത്തീർന്നതിനാലും;

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ വീണ്ടും നിലനിർത്താതിരിക്കുന്നപക്ഷം വൈഷമ്യങ്ങൾ ഉണ്ടാകുമെന്നതിനാലും;

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും താൻ സത്വര നടപടി എടുക്കേണ്ടത് ആവശ്യമാകുന്ന സാഹചര്യങ്ങൾ നിലവിലുണ്ടെന്ന് കേരള ഗവർണ്ണർക്ക് ബോദ്ധ്യമായിരിക്കുന്നതിനാലും ;

ഇപ്പോൾ, അതിനാൽ, ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള ഗവർണ്ണർ താഴെ പറയുന്ന ഓർഡിനൻസ് വിളംബരപ്പെടുത്തുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ഓർഡിനൻസിന് 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ഓർഡിനൻസ് എന്ന് പേര് പറയാം.

(2) ഇത് 2012 ജനുവരി 31-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—ഈ ഓർഡിനൻസിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) "ബോർഡ്" എന്നാൽ 9-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബോർഡ് എന്നർത്ഥമാകുന്നു ;

(ബി) "തൊഴിൽ അവസാനിപ്പിക്കൽ" എന്നാൽ തൊഴിൽ ചെയ്യുന്നതിന് ലഭിച്ചിട്ടുള്ള ലൈസൻസിന്റെ റദ്ദാക്കലിന്റെയോ തിരിച്ചേൽപ്പിക്കലിന്റെയോ പരിണിത ഫലമായി ഒരു ലൈസൻസിയുടെ തൊഴിൽ അവസാനിപ്പിക്കൽ എന്നർത്ഥമാകുന്നു ;

(സി) "അംശദായം" എന്നാൽ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ക്ഷേമനിധിയിലെ അംഗങ്ങളും 26-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം സർക്കാരും ക്ഷേമനിധിയിലേക്ക് നൽകേണ്ടതായ തുക എന്നർത്ഥമാകുന്നു ;

(ഡി) "ആശ്രിതൻ" എന്നാൽ ഭാര്യ അല്ലെങ്കിൽ ഭർത്താവ്, പ്രായപൂർത്തിയാകാത്ത ആൺമക്കൾ, അവിവാഹിതരോ വിധവകളോ വിവാഹമോചിതരോ ആയ പെൺമക്കൾ, മാനസികമായോ ശാരീരികമായോ അവശതയനുഭവിക്കുന്ന മക്കൾ, അംഗത്തെ മാത്രം ആശ്രയിച്ചു കഴിയുന്ന അച്ഛൻ, അമ്മ എന്നർത്ഥമാകുന്നു ;

(ഇ) "ആധാരമെഴുത്തുകാരൻ" എന്നാൽ 1960-ലെ ആധാരമെഴുത്തുകാരുടെ ലൈസൻസ് ചട്ടങ്ങൾ പ്രകാരം ഉടമസ്ഥാവകാശത്തെപ്പറ്റിയുള്ള അന്വേഷണം നടത്തുകയും ആധാരങ്ങളുടെ നക്കൽ തയ്യാറാക്കുകയും ആധാരം രജിസ്ട്രേഷനുവേണ്ടി മുദ്രപ്പത്രത്തിന്മേൽ എഴുതുകയും ഉൾപ്പെടെ, ആധാരങ്ങൾ തയ്യാറാക്കുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ആൾ എന്നർത്ഥമാകുന്നു ;

(എഫ്) "നിധി" എന്നാൽ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി എന്നർത്ഥമാകുന്നു ;

(ജി) "സർക്കാർ"എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു ;

(എച്ച്) "രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ" എന്നാൽ കേരള സർക്കാരിന്റെ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ എന്നർത്ഥമാകുന്നു ;

(ഐ) "അംഗം" എന്നാൽ ഈ ഓർഡിനൻസിലെ വ്യവസ്ഥകൾ പ്രകാരം ക്ഷേമനിധിയിൽ അംഗമായി ചേർക്കപ്പെട്ടതോ 1991-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധിയിൽ ഒരു അംഗമായി തുടർന്നുപോരുകയോ ചെയ്യുന്ന ഒരു ആധാരമെഴുത്തുകാരനോ ഒരു പകർപ്പെഴുത്തുകാരനോ ഒരു സ്റ്റാമ്പ് വെണ്ടറോ എന്നർത്ഥമാകുന്നു ;

(ജെ) "വിജ്ഞാപനം" എന്നാൽ കേരള ഗസറ്റിൽ പ്രസിദ്ധീകരിക്കപ്പെട്ട വിജ്ഞാപനം എന്നർത്ഥമാകുന്നു ;

(കെ) "നിർണ്ണയിക്കപ്പെട്ടത്" എന്നാൽ ഈ ഓർഡിനൻസ് പ്രകാരം ഉണ്ടാക്കിയേക്കാവുന്ന ചട്ടങ്ങൾ പ്രകാരം നിർണ്ണയിക്കപ്പെട്ടത് എന്നർത്ഥമാകുന്നു ;

(എൽ) "രജിസ്റ്ററിംഗ് അധികാരസ്ഥാനം" എന്നാൽ ബന്ധപ്പെട്ട ജില്ലയിലെ ജില്ലാ രജിസ്ട്രാർ (ജനറൽ) എന്നർത്ഥമാകുന്നു ;

(എം) "പദ്ധതി" എന്നാൽ ഈ ഓർഡിനൻസ് പ്രകാരം ആവിഷ്കരിക്കപ്പെട്ട കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി എന്നർത്ഥമാകുന്നു ;

(എൻ) "പകർപ്പെഴുത്തുകാരൻ" എന്നാൽ ആധാരങ്ങൾ തയ്യാറാക്കുന്നതിൽ ഒരു ആധാരമെഴുത്തുകാരനെ സഹായിക്കുകയും, 1960-ലെ കേരള ആധാരമെഴുത്തുകാരുടെ ലൈസൻസ് ചട്ടങ്ങളിലെ 3-ാം ചട്ടത്തിലെ (5)-ാം ഉപചട്ടത്തിൽ നിർവചിച്ചിട്ടുള്ളപ്രകാരം രജിസ്ട്രേഷനുവേണ്ടി ഹാജരാക്കുന്നതിനുള്ള ആധാരങ്ങൾ പകർത്തിയെഴുതുന്നതിനുള്ള സാധുവായ സ്ക്രൈബ് ലൈസൻസ് കൈവശമുള്ളതുമായ ഒരാൾ എന്നർത്ഥമാകുന്നു ;

(ഒ) "സെക്രട്ടറി" എന്നാൽ ഈ ഓർഡിനൻസ് പ്രകാരം രൂപീകരിച്ചിട്ടുള്ള ബോർഡിന്റെ സെക്രട്ടറി എന്നർത്ഥമാകുന്നു ;

(പി) "സ്റ്റാമ്പ്" എന്നാൽ 24-ാം വകുപ്പ് പ്രകാരം അച്ചടിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്ന കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി സ്റ്റാമ്പ് എന്നർത്ഥമാകുന്നു ;

(ക്യു) "സ്റ്റാമ്പ് വെണ്ടർ" എന്നാൽ 1960-ലെ കേരള സ്റ്റാമ്പ് നിർമ്മാണവും വിൽപ്പനയും ചട്ടങ്ങളിലെ 35-ാം ചട്ടപ്രകാരം ഒരു ലൈസൻസ് ആർജ്ജിച്ചിട്ടുള്ളതും നോൺ ജുഡീഷ്യൽ സ്റ്റാമ്പുകളുടെയും മുദ്രപ്പത്രങ്ങളുടെയും വിൽപ്പനയുമായി ബന്ധപ്പെട്ട തൊഴിലിൽ സജീവമായി ഏർപ്പെട്ടിരിക്കുന്നതുമായ ഒരാൾ എന്നർത്ഥമാകുന്നു.

3. കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി.—(1) ഈ ഓർഡിനൻസ് പ്രാബല്യത്തിൽ വന്നതിനുശേഷം കഴിയുന്നത്രവേഗം, സർക്കാർ, വിജ്ഞാപനംമൂലം, "കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി" എന്ന പേരിൽ ഒരു പദ്ധതി ആവിഷ്ക്കരിക്കേണ്ടതും പദ്ധതി ആവിഷ്ക്കരിച്ചശേഷം ഈ ഓർഡിനൻസിന്റെയും പദ്ധതിയിലെയും വ്യവസ്ഥകളനുസരിച്ച് "കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി" എന്ന പേരിൽ ഒരു നിധി രൂപീകരിക്കേണ്ടതുമാണ്.

(2) പദ്ധതിയിൽ, ഈ ഓർഡിനൻസിലെ വ്യവസ്ഥകൾക്ക് വിധേയമായി പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ കാര്യങ്ങൾക്കു വേണ്ടി വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) നിധിയിൽ താഴെ പറയുന്നവ വരവ് വയ്ക്കേണ്ടതാണ്, അതായത്:—

(എ) 4-ഉം 26-ഉം വകുപ്പുകൾ പ്രകാരമുള്ള അംശദായങ്ങൾ ;

(ബി) 5-ാം വകുപ്പ് പ്രകാരം വസൂലാക്കിയ അപേക്ഷാഫീസ് ;

(സി) 15-ാം വകുപ്പ് പ്രകാരം കടം വാങ്ങുന്ന ഏതെങ്കിലും തുക ;

(ഡി) 24-ാം വകുപ്പുപ്രകാരം സ്റ്റാമ്പ് വിൽപ്പന നടത്തിയ വകയിൽ ശേഖരിക്കുന്ന എല്ലാ തുകകളും ;

(ഇ) ഏതെങ്കിലും അസോസിയേഷനോ സ്ഥാപനമോ മറ്റേതെങ്കിലും വ്യക്തിയോ നിധിയിലേക്ക് സ്വമേധയാ കൊടുത്തിട്ടുള്ള ഏതെങ്കിലും സംഭാവന ;

(എഫ്) നിധിയുടെ ഏതെങ്കിലും ഭാഗം നിക്ഷേപിച്ചതിന്മേലുള്ള ഏതെങ്കിലും വാടം, പലിശ, ലാഭവിഹിതം അല്ലെങ്കിൽ മറ്റ് ആദായം ;

(ജി) കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ മറ്റ് ഏതെങ്കിലും സ്ഥാപനമോ സംഘടനയോ നൽകിയേക്കാവുന്ന ഏതെങ്കിലും ഗ്രാന്റുകൾ, വായ്പകൾ അല്ലെങ്കിൽ മുൻകൂറുകൾ ;

(എച്ച്) സ്റ്റാമ്പ് വെണ്ടർമാർക്ക് കമ്മീഷനായി ലഭിക്കുന്ന തുകയുടെ രണ്ടു ശതമാനം ;

(ഐ) 30-ാം വകുപ്പ് പ്രകാരം കൈമാറ്റം ചെയ്യപ്പെടുന്ന തുകകൾ ;

(ജെ) പദ്ധതി പ്രകാരം ചുമത്തിയ ഏതെങ്കിലും ഫീസ് ;

(കെ) പദ്ധതിയിലെ വ്യവസ്ഥകൾപ്രകാരം നിധിയിലേക്ക് വരവ് കൊള്ളിക്കേണ്ട മറ്റേതെങ്കിലും തുക ;

(എൽ) നിധിയുടെ വിഭവശേഷി വർദ്ധിപ്പിക്കുന്നതിനായി മറ്റ് മാർഗ്ഗങ്ങളിൽ നിന്നും ബോർഡ് ശേഖരിച്ച ഏതെങ്കിലും തുക.

(4) നിധി ബോർഡിൽ നിക്ഷിപ്തമാകുന്നതും ബോർഡ് അതിന്റെ ഭരണം നിർവഹിക്കേണ്ടതുമാണ്.

(5) നിധി താഴെ പറയുന്ന എല്ലാമോ ഏതെങ്കിലുമോ ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്, അതായത് :—

(എ) തൊഴിൽ അവസാനിക്കുമ്പോൾ ഒരംഗത്തിന് അയാൾ തൊഴിൽ ചെയ്ത വർഷങ്ങളുടെ എണ്ണം അടിസ്ഥാനപ്പെടുത്തി പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള നിരക്കുകളിൽ നിശ്ചിത തുകയും പെൻഷനും നിധിയിൽ നിന്നും നൽകുന്നതിന് ;

വിശദീകരണം 1.—അനാരോഗ്യം കാരണം ജോലിയിൽ തുടരാൻ സാധിക്കാത്ത ഒരു അംഗത്തിന്റെ പെൻഷൻ ആനുകൂല്യങ്ങൾ സംബന്ധിച്ച് തീരുമാനമെടുക്കാൻ ബോർഡിന് അധികാരമുണ്ടായിരിക്കുന്നതാണ്.

വിശദീകരണം 2.—ഈ ഓർഡിനൻസിന്റെ പ്രാരംഭത്തിനു മുമ്പ് അറുപത്തിയഞ്ച് വയസ്സ് പൂർത്തിയായിട്ടുള്ളതും ഇരുപത്തിയഞ്ച് വർഷം ആധാരമെഴുത്തുകാരനോ പകർപ്പെഴുത്തുകാരനോ സ്റ്റാമ്പ് വെണ്ടറോ ആയിരുന്നതുമായ ആളിന് ഓർഡിനൻസിലെ വ്യവസ്ഥകൾ പ്രകാരം അംഗമായി ഒരു വർഷക്കാലം അംശദായം അടച്ചാൽ പ്രത്യേക പെൻഷന് അർഹത നേടാവുന്നതാണ്.

(ബി) പത്തുവർഷത്തിൽ കുറയാതെ അംശദായം അടച്ചിട്ടുള്ള അംഗം മരിച്ചു പോയാൽ കുടുംബപെൻഷൻ നൽകുന്നതിന് ;

(സി) അസുഖം അല്ലെങ്കിൽ അപകടംമൂലം ഒരംഗം മരണപ്പെട്ടാൽ സാമ്പത്തിക സഹായം നൽകുന്നതിന് ;

(ഡി) സ്ഥിരമായ ശാരീരിക അവശതമൂലം ജോലി ചെയ്യാൻ കഴിയാതിരിക്കുകയോ ക്ഷേമനിധിയിൽ അംഗത്വം അവസാനിക്കുകയോ ചെയ്യുന്ന അംഗങ്ങൾക്ക് അവർ അടച്ച അംശദായ തുക പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെടാവുന്ന പ്രകാരമുള്ള പലിശ സഹിതം തിരിച്ചുനൽകുന്നതിന് ;

(ഇ) ഗുരുതരമായ രോഗം ബാധിച്ചിട്ടുള്ള അംഗങ്ങളുടെ വൈദ്യ ശുശ്രൂഷയ്ക്കുള്ള ചെലവിനായി സാമ്പത്തിക സഹായം നൽകുന്നതിന് ;

(എഫ്) അംഗങ്ങളുടെയും അംഗങ്ങളുടെ പെൺമക്കളുടെയും വിവാഹ ആവശ്യത്തിനും വനിതാ അംഗങ്ങൾക്ക് പ്രസവ ആവശ്യത്തിനും സാമ്പത്തിക സഹായം നൽകുന്നതിന് ;

(ജി) അംഗങ്ങൾക്ക് അവരുടെ തൊഴിൽ സംബന്ധമായ ആവശ്യത്തിനോ, താമസിക്കുന്നതിനായി വീട് നിർമ്മിക്കുന്നതിനോ വീടിന്റെ അറ്റകുറ്റപ്പണികൾക്കോ വീട് പുതുക്കുന്നതിനോ വീട് നിർമ്മിക്കുന്നതിനായി സ്ഥലം വാങ്ങുന്നതിനോ വീടും സ്ഥലവും കൂടി വാങ്ങുന്നതിനോ അംഗങ്ങളുടെ മക്കൾക്ക് ഉന്നതവിദ്യാഭ്യാസം ഉൾപ്പെടെയുള്ള വിദ്യാഭ്യാസത്തിന് സാമ്പത്തിക സഹായമോ വായ്പകളോ മുൻകൂറുകളോ നൽകുന്നതിന് ;

(എച്ച്) ശാരീരിക അവശത അനുഭവിക്കുന്ന അംഗങ്ങൾക്ക് പ്രത്യേക ആശ്വാസം നൽകുന്നതിന്;

(ഐ) പദ്ധതിയിൽ വിനിർദ്ദേശിച്ചിട്ടുള്ള മറ്റേതെങ്കിലും ആവശ്യത്തിന്;

(ജെ) ബോർഡിന്റെ ദൈനംദിന ഭരണ ചെലവുകൾക്ക്.

(6) (1)-ാം ഉപവകുപ്പ് പ്രകാരം ആവിഷ്കരിക്കപ്പെട്ട പദ്ധതി, അത് ആവിഷ്കരിച്ചതിനുശേഷം കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുൻപാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ അഥവാ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് നിയമസഭ പ്രസ്തുത പദ്ധതിയിൽ ഏതെങ്കിലും രൂപഭേദം വരുത്തുന്നപക്ഷം പദ്ധതിക്ക് അതിനുശേഷം അപ്രകാരം രൂപഭേദം വരുത്തിയ പ്രകാരം മാത്രം പ്രാബല്യം ഉണ്ടായിരിക്കുന്നതും; എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തൽ പദ്ധതി പ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

4. നിധിയിലേക്കുള്ള അംശദായം.—(1) ഒരു അംഗമായി തീരാൻ അർഹതയുള്ള ഓരോ ആധാരമെഴുത്തുകാരനും പകർപ്പെഴുത്തുകാരനും സ്റ്റാമ്പ് വെണ്ടറും പ്രതിമാസം നൂറു രൂപ നിധിയിലേക്ക് അംശദായമായി നൽകേണ്ടതാണ്.

(2) സർക്കാരിന്, വിജ്ഞാപനം വഴി, (1)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന അംശദായ നിരക്ക്, പദ്ധതിയുടെ നടത്തിപ്പിനുവേണ്ടി ആവശ്യമായ തുക കണക്കിലെടുത്ത് അതത് സമയം പരമാവധി അഞ്ഞൂറ് രൂപ വരെ എന്ന പരിധിയിന്മേൽ പരിഷ്കരിക്കാവുന്നതാണ്.

(3) പദ്ധതിയിൽ വിനിർദ്ദേശിച്ചേക്കാവുന്ന രീതിയിൽ അംശദായം സെക്രട്ടറിയുടെ പേർക്ക് അല്ലെങ്കിൽ ഈ ആവശ്യത്തിലേക്കായി അധികാരപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥന്റെ പേർക്ക് നൽകേണ്ടതാണ്.

5. നിധിയിലെ അംഗത്വം.—(1) 1960-ലെ കേരള ആധാരമെഴുത്തുകാരുടെ ലൈസൻസ് ചട്ടങ്ങൾ പ്രകാരമുള്ള ഒരു ആധാരമെഴുത്തുകാരന്റെയോ അല്ലെങ്കിൽ ഒരു പകർപ്പെഴുത്തുകാരന്റെയോ സാധുവായ ലൈസൻസോ അല്ലെങ്കിൽ 1960-ലെ കേരള സ്റ്റാമ്പ് നിർമ്മാണവും വിൽപ്പനയും ചട്ടങ്ങൾ പ്രകാരമുള്ള ഒരു സ്റ്റാമ്പ് വെണ്ടറുടെ സാധുവായ ലൈസൻസോ, അതതുസംഗതിപോലെ, കൈവശമുള്ളതും അപേക്ഷാ തീയതിയിൽ 65 വയസ്സിനുതാഴെ പ്രായമുള്ളതുമായ ഏതൊരാൾക്കും നിധിയിൽ അംഗമായി പ്രവേശിക്കുന്നതിന് പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും രീതിയിലും ബോർഡിലേക്ക് അപേക്ഷിക്കാവുന്നതാണ്:

എന്നാൽ, കേന്ദ്ര സർക്കാർ സർവ്വീസിൽ നിന്നോ ഏതെങ്കിലും സംസ്ഥാന സർക്കാർ സർവ്വീസിൽ നിന്നോ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിൽ നിന്നോ തദ്ദേശാധികാരസ്ഥാപനത്തിൽ നിന്നോ വിരമിക്കൽ ആനുകൂല്യങ്ങളോടെ വിരമിച്ച ശേഷം ഒരു ആധാരമെഴുത്തുകാരനായോ പകർപ്പെഴുത്തുകാരനായോ സ്റ്റാമ്പ് വെണ്ടറായോ ജോലി നോക്കുന്ന യാതൊരാൾക്കും നിധിയിൽ അംഗത്വമെടുക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു അപേക്ഷയിന്മേൽ ബോർഡിന്, അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള അന്വേഷണം നടത്താവുന്നതും അപേക്ഷകനെ നിധിയിൽ ചേർക്കുകയോ അല്ലെങ്കിൽ എഴുതി രേഖപ്പെടുത്തിയ കാരണങ്ങളാൽ അയാളുടെ അപേക്ഷ നിരസിക്കുകയോ ചെയ്യാവുന്നതുമാണ് :

എന്നാൽ, അപേക്ഷ നിരസിച്ചുകൊണ്ടുള്ള യാതൊരു ഉത്തരവും അപേക്ഷകന് പറയാനുള്ളത് പറയുവാൻ ഒരു അവസരം നൽകാതെ പാസ്സാക്കാൻ പാടുള്ളതല്ല :

എന്നുമാത്രമല്ല, അംഗത്വത്തിനുള്ള ഏതെങ്കിലും അപേക്ഷ നിരസിക്കുന്നപക്ഷം അതുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും സർക്കാരിന് പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെടാവുന്ന കാലയളവിനുള്ളിൽ അപ്പീൽ നൽകാവുന്നതാണ്.

(3) ഓരോ അപേക്ഷകനും അപേക്ഷാഫീസായി നൂറ് രൂപ പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ അപേക്ഷയോടൊപ്പം നൽകേണ്ടതാണ്.

(4) നിധിയിലെ ഒരു അംഗം, 65 വയസ്സ് പൂർത്തിയാകുമ്പോഴോ 25 വർഷത്തെ അംഗത്വത്തിനുശേഷം തന്റെ ലൈസൻസ് തിരിച്ചേൽപ്പിക്കുകയും സ്വമേധയാ പെൻഷന് അപേക്ഷിക്കുകയും ചെയ്യുമ്പോഴോ നിധിയിൽ അംഗമല്ലാതായിത്തീരുന്നതാണ്.

(5) നിധിയിൽ അംഗമായി ചേർന്ന ഓരോ അംഗത്തിനും ഒരു അംഗത്വ സർട്ടിഫിക്കററും അംശദായത്തിന്റെ നിരക്ക്, രജിസ്റ്ററിൽ പേര് ചേർത്തതിന്റെ വിശദാംശങ്ങൾ, ജനനത്തീയതി, അംശദായം നൽകുന്നതിനുള്ള നിശ്ചിത തീയതി മുതലായവ രേഖപ്പെടുത്തിയ ഒരു പാസ്സ് ബുക്കും രജിസ്റ്ററിംഗ് അധികാരസ്ഥാനം നൽകേണ്ടതാണ്. രജിസ്റ്ററിംഗ് അധികാരസ്ഥാനം അവരുടെ അധികാര പരിധിക്കുള്ളിൽ വരുന്ന അംഗങ്ങളുടെ ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതും സംസ്ഥാന തലത്തിൽ, നിധിയിൽ അംഗമായി ചേർന്നിട്ടുള്ള അംഗങ്ങളുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ കാണിക്കുന്ന ഒരു രജിസ്റ്റർ ബോർഡിന്റെ സെക്രട്ടറി സൂക്ഷിക്കേണ്ടതുമാണ്.

6. അംഗത്വം റദ്ദാക്കൽ.—(1) ഒരു അംഗം ഏതെങ്കിലും തരത്തിലുള്ള കൃത്രിമം കാട്ടിയതായോ അംഗത്വത്തിനുള്ള നിബന്ധനകളുമായി ബന്ധപ്പെട്ടോ പദ്ധതിപ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായോ വ്യാജമായ വിവരം എപ്പോഴെങ്കിലും നൽകിയിട്ടുണ്ടെന്നോ കണ്ടെത്തുകയാണെങ്കിൽ, രജിസ്റ്ററിംഗ് അധികാരസ്ഥാനം അങ്ങനെയുള്ള അംഗത്തിന്റെ അംഗത്വം റദ്ദാക്കേണ്ടതാകുന്നു :

എന്നാൽ, അംഗത്വം റദ്ദാക്കിക്കൊണ്ടുള്ള യാതൊരു ഉത്തരവും അപേക്ഷകന് പറയാനുള്ളത് പറയുവാൻ ഒരു അവസരം നൽകാതെ പാസ്സാക്കാൻ പാടുള്ളതല്ല.

(2) ഒരു അംഗം ആറുമാസക്കാലം തുടർച്ചയായി അംശദായം അടയ്ക്കാൻ വീഴ്ച വരുത്തുകയാണെങ്കിൽ നിധിയിലെ അയാളുടെ അംഗത്വം സ്വയമേവ അവസാനിക്കുന്നതാണ്.

(3) ഒരംഗം ആധാരമെഴുത്തുകാരൻ അഥവാ പകർപ്പെഴുത്തുകാരൻ അഥവാ സ്റ്റാമ്പ് വെണ്ടർ ആയി, അതതുസംഗതിപോലെ, പ്രവർത്തിക്കുന്നില്ലായെന്ന് രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന് അഭിപ്രായമുള്ളപക്ഷം, നിധിയിലെ അയാളുടെ അംഗത്വം റദ്ദാക്കേണ്ടതാണ്. അങ്ങനെയുള്ള സംഗതികളിലെ അംഗത്വം റദ്ദാക്കൽ തീയതി രജിസ്റ്ററിംഗ് അധികാരസ്ഥാനം നിശ്ചയിക്കാവുന്ന പ്രകാരം ആയിരിക്കുന്നതാണ്.

(4) രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെ ഉത്തരവുകൾക്കെതിരെയുള്ള അപ്പീൽ പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള കാലയളവിനുള്ളിൽ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ മുമ്പാകെ ഫയൽ ചെയ്യേണ്ടതാണ്.

(5) രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന് ഒരു കത്ത് സമർപ്പിച്ചുകൊണ്ട് ഒരംഗത്തിന് നിധിയിൽ നിന്നും സ്വയമേവ പിരിഞ്ഞുപോകാവുന്നതാണ്. അങ്ങനെയുള്ള സംഗതിയിൽ, പിരിഞ്ഞുപോകൽ തീയതി അംഗം തന്റെ കത്ത് നൽകിയ തീയതി ആയിരിക്കേണ്ടതാണ്.

7. അംഗത്വം പുനരുജ്ജീവിപ്പിക്കൽ.— 6-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം അംഗത്വം അവസാനിപ്പിക്കപ്പെട്ട ഒരു അംഗത്തിന് അപ്രകാരം അംഗത്വം അവസാനിപ്പിക്കപ്പെട്ട തീയതി മുതൽ ആറുമാസത്തിനകം പന്ത്രണ്ട് ശതമാനം വാർഷിക പലിശയോടുകൂടി കുടിശ്ശിക അടച്ചാൽ അംഗത്വം പുനരുജ്ജീവിപ്പിച്ചു കിട്ടാവുന്നതാണ്.

8. പദ്ധതി ഭേദഗതി ചെയ്യൽ.—(1) സർക്കാരിന്, വിജ്ഞാപനംവഴി, ഈ ഓർഡിനൻസ് പ്രകാരം ആവിഷ്കരിക്കപ്പെട്ട പദ്ധതിയിൽ മുൻകാല പ്രാബല്യത്തോടു കൂടിയോ പിൽക്കാല പ്രാബല്യത്തോടുകൂടിയോ ഭേദഗതി വരുത്താവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഓരോ വിജ്ഞാപനവും അത് പുറപ്പെടുവിച്ചശേഷം കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ, ഒരു സമ്മേളനത്തിലോ, തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ, ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ്, നിയമസഭ, പ്രസ്തുത വിജ്ഞാപനത്തിൽ ഏതെങ്കിലും രൂപഭേദപ്പെടുത്തലുകൾ വരുത്തുകയോ അല്ലെങ്കിൽ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, വിജ്ഞാപനത്തിന് അതിനുശേഷം, അതതു സംഗതിപോലെ, അപ്രകാരം രൂപഭേദപ്പെടുത്തൽ വരുത്തിയപ്രകാരം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതും, എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ വിജ്ഞാപനപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

9. ബോർഡിന്റെ രൂപീകരണം.—(1) സർക്കാരിന്, വിജ്ഞാപനംവഴി അതിൽ വിനിർദ്ദേശിക്കപ്പെടുന്ന തീയതി മുതൽ പ്രാബല്യത്തോടുകൂടി, നിധിയുടെ ഭരണ നിർവ്വഹണത്തിനും നടത്തിപ്പിനും ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും നടപ്പിലാക്കുന്നതിനുംവേണ്ടി "കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബോർഡ്" എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കാവുന്നതാണ്.

(2) ബോർഡ് ശാശ്വതമായ പിന്തുടർച്ചാവകാശത്തോടും പൊതു മുദ്രയോടുംകൂടി കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബോർഡ് എന്ന പേരിലുള്ള ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാണ്.

(3) ബോർഡിൽ ഇതിനുശേഷം വ്യവസ്ഥ ചെയ്യുന്ന പ്രകാരം സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന സർക്കാരിനെ പ്രതിനിധാനം ചെയ്യുന്ന ഏഴ് ഔദ്യോഗിക അംഗങ്ങളും നിധിയുടെ ഗുണഭോക്താക്കളെ പ്രതിനിധാനം ചെയ്യുന്ന മൂന്ന് അനൗദ്യോഗിക അംഗങ്ങളും ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) ഗവൺമെന്റ് സെക്രട്ടറി, നികുതിവകുപ്പ് —അദ്ദേഹം ബോർഡിന്റെ ചെയർമാനായിരിക്കുന്നതാണ് ;

(ബി) ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ അദ്ദേഹം ബോർഡിന്റെ വൈസ് ചെയർമാനായിരിക്കുന്നതാണ് ;

(സി) ജോയിന്റ് ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ അദ്ദേഹം ബോർഡിന്റെ സെക്രട്ടറിയായിരിക്കുന്നതാണ് ;

(ഡി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഡെപ്യൂട്ടി സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ധനകാര്യവകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ ;

(ഇ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഡെപ്യൂട്ടി സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത തൊഴിൽ വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ ;

(എഫ്) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഡെപ്യൂട്ടി സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത നികുതി വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ ;

(ജി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഡെപ്യൂട്ടി സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത നിയമ വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ ;

(എച്ച്) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ആധാരമെഴുത്തുകാരെയും പകർപ്പെഴുത്തുകാരെയും സ്റ്റാമ്പ് വെണ്ടർമാരെയും പ്രതിനിധാനം ചെയ്യുന്ന മൂന്ന് അനൗദ്യോഗിക അംഗങ്ങൾ.

(4) പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെടുന്ന രീതിയിൽ ബോർഡ് അതിൽ നിക്ഷിപ്തമായിരിക്കുന്ന നിധിയുടെ ഭരണനിർവ്വഹണം നടത്തേണ്ടതാണ്.

(5) ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള നിയന്ത്രണങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി നിധിയുടെ കാര്യക്ഷമമായ നടത്തിപ്പിന്, അത് ആവശ്യമെന്നു കരുതുന്ന, ഈ ഓർഡിനൻസോ പദ്ധതിയോ പ്രകാരമുള്ള അതിന്റെ അങ്ങനെയുള്ള അധികാരങ്ങളും ചുമതലകളും ചെയർമാനോ സെക്രട്ടറിക്കോ ഏൽപിച്ചുകൊടുക്കാവുന്നതാണ്.

10. <u>ബോർഡിന്റെ യോഗം.</u>—(1) ബോർഡ്, അതിന്റെ ബിസിനസ്സ് നടത്തിപ്പിനായി കുറഞ്ഞത് മൂന്നു മാസത്തിൽ ഒരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്.

(2) ബോർഡിന്റെ ഒരു യോഗത്തിനുവേണ്ടിയുള്ള കോറം കുറഞ്ഞത് നാല് ഔദ്യോഗിക അംഗങ്ങളും രണ്ട് അനൗദ്യോഗിക അംഗങ്ങളും ഉൾപ്പെടെ ബോർഡിലെ ആറ് അംഗങ്ങളായിരിക്കേണ്ടതാണ്.

(3) ചെയർമാനോ അദ്ദേഹത്തിന്റെ അഭാവത്തിൽ വൈസ് ചെയർമാനോ, ചെയർമാന്റെയും വൈസ് ചെയർമാന്റെയും അഭാവത്തിൽ യോഗത്തിൽ ഹാജരായിട്ടുള്ള അംഗങ്ങളിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരു ബോർഡ് അംഗമോ ബോർഡ് യോഗത്തിന്റെ അദ്ധ്യക്ഷത വഹിക്കേണ്ടതാണ്.

(4) ബോർഡിന്റെ ഒരു യോഗത്തിനുമുമ്പാകെ വരുന്ന ഏതൊരു സംഗതിയും യോഗത്തിൽ ഹാജരായിട്ടുള്ള ബോർഡ് അംഗങ്ങളുടെ ഭൂരിപക്ഷ വോട്ടിലൂടെ തീരുമാനിക്കപ്പെടേണ്ടതും തുല്യവോട്ടുകളുടെ സംഗതിയിൽ, യോഗത്തിൽ അദ്ധ്യക്ഷം വഹിക്കുന്ന ചെയർമാന് അല്ലെങ്കിൽ വൈസ് ചെയർമാന് അല്ലെങ്കിൽ ബോർഡ് അംഗത്തിന് ഒരു കാസ്റ്റിംഗ് വോട്ടവകാശം ഉണ്ടായിരിക്കുന്നതുമാണ്.

11. <u>ബോർഡ് അംഗങ്ങളുടെ ഔദ്യോഗിക കാലാവധി.</u>—(1) 9-ാം വകുപ്പ് (3)-ാം ഉപവകുപ്പുപ്രകാരം നിയമിക്കപ്പെട്ട അനൗദ്യോഗിക അംഗങ്ങൾ ബോർഡ് രൂപീകരിച്ചു കൊണ്ടുള്ള വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ മൂന്നു വർഷ കാലത്തേക്ക് ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതാണ്.

(2) ഏതൊരു അനൗദ്യോഗിക അംഗത്തിനും സർക്കാരിന് ലിഖിതമായ നോട്ടീസ് നൽകിക്കൊണ്ട് തന്റെ അംഗത്വം രാജിവയ്ക്കാവുന്നതും, എന്നാൽ, സർക്കാർ രാജി സ്വീകരിക്കുന്നതുവരെ അദ്ദേഹം ഔദ്യോഗികസ്ഥാനത്തു തുടരേണ്ടതുമാണ്.

(3) പൊതുതാൽപ്പര്യാർത്ഥം, ഏതെങ്കിലും ഔദ്യോഗിക അംഗം പ്രസ്തുത സ്ഥാനത്തിൽ തുടരുന്നത് അനുചിതമെന്ന് സർക്കാരിന് അഭിപ്രായമുള്ളപക്ഷം കാരണങ്ങൾ രേഖപ്പെടുത്തിക്കൊണ്ട് ഏതു സമയത്തും സർക്കാരിന് അങ്ങനെയുള്ള അംഗത്തെ ഔദ്യോഗിക സ്ഥാനത്തുനിന്നും നീക്കംചെയ്യാവുന്നതാണ്.

12. <u>അനൗദ്യോഗിക അംഗങ്ങളുടെ അയോഗ്യതയും നീക്കം ചെയ്യലും.</u>—(1) സർക്കാരിന് ബോർഡിലെ ഏതൊരു അനൗദ്യോഗിക അംഗത്തെയും,—

(എ) അദ്ദേഹത്തിന് ബുദ്ധിസ്ഥിരതയില്ലെങ്കിൽ;

(ബി) അദ്ദേഹം അവിമുക്തനിർദ്ധനനായി വിധിക്കപ്പെട്ടാൽ;

(സി) അദ്ദേഹം ബോർഡിന്റെ അനുവാദം കൂടാതെ തുടർച്ചയായി മൂന്ന് യോഗങ്ങളിൽ ഹാജരാകാതിരിക്കുകയാണെങ്കിൽ ;

(ഡി) അദ്ദേഹം ബോർഡിലെ അംഗമായി പ്രവർത്തിക്കുന്നതിന് യോഗ്യനല്ലെന്നോ കഴിവില്ലാത്തവനായിത്തീർന്നുവെന്നോ, ബോർഡിലെ അംഗമായി അദ്ദേഹം തുടരുന്നത് പൊതുതാൽപ്പര്യത്തിന് ഹാനികരമായിത്തീരത്തക്കവിധം തന്റെ പദവി ദുരുപയോഗപ്പെടുത്തിയിട്ടുണ്ടെന്നോ സർക്കാരിന് അഭിപ്രായമുള്ളപക്ഷം;

ഔദ്യോഗിക സ്ഥാനത്തുനിന്നും നീക്കം ചെയ്യാവുന്നതാണ്:

എന്നാൽ, ഈ ഉപവകുപ്പുപ്രകാരം ബോർഡിലെ ഒരു അംഗത്തെ നീക്കംചെയ്യുന്നതിനുമുമ്പായി അദ്ദേഹത്തെ നീക്കം ചെയ്യാതിരിക്കാനുള്ള കാരണം കാണിക്കുന്നതിന് അദ്ദേഹത്തിന് ന്യായമായ ഒരവസരം നൽകേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് (സി) ഖണ്ഡപ്രകാരം ബോർഡിൽ നിന്നും നീക്കം ചെയ്യപ്പെട്ട ഒരു അനൗദ്യോഗിക അംഗം സർക്കാർ മറ്റു വിധത്തിൽ ഉത്തരവാകാത്ത പക്ഷം അദ്ദേഹത്തെ നീക്കംചെയ്ത തീയതി മുതൽ മൂന്നുവർഷക്കാലത്തേക്ക് ബോർഡിലെ അംഗമായി വീണ്ടും നിയമിക്കപ്പെടുന്നതിന് യോഗ്യനായിരിക്കുന്നതല്ല.

(3) (1)-ാം ഉപവകുപ്പ് (ഡി) ഖണ്ഡപ്രകാരം നീക്കംചെയ്യപ്പെട്ട ബോർഡിലെ ഒരു അനൗദ്യോഗിക അംഗം, സർക്കാർ, ഒരു ഉത്തരവുമൂലം മേലിൽ അദ്ദേഹം അയോഗ്യനല്ലെന്ന് പ്രഖ്യാപിക്കുന്നതുവരെ വീണ്ടും നിയമിക്കപ്പെടുന്നതിന് അർഹനായിരിക്കുന്നതല്ല.

13. ബോർഡിലെ അംഗങ്ങൾക്കുള്ള സിറ്റിംഗ് ഫീസും യാത്രാബത്തയും ദിനബത്തയും.—ബോർഡിലെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾക്ക് നിർണ്ണയിക്കപ്പെടാവുന്ന നിരക്കിലുള്ള സിറ്റിംഗ് ഫീസും യാത്രാബത്തയും ദിനബത്തയും ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

14. ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനം.—(1) സർക്കാരിന്, ഈ ഓർഡിനൻസ് പ്രകാരമുള്ള ബോർഡിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് സെക്രട്ടറിയെ സഹായിക്കുന്നതിന് ആവശ്യമെന്ന് കരുതുന്നത്ര ഉദ്യോഗസ്ഥന്മാരെയും ജീവനക്കാരെയും നിർണ്ണയിക്കപ്പെടാവുന്നപ്രകാരം രജിസ്ട്രേഷൻ വകുപ്പിൽനിന്നും ഡെപ്യൂട്ടേഷനിൽ നിയമിക്കാവുന്നതാണ്.

(2) ബോർഡിന്റെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി ബോർഡിന്റെ സെക്രട്ടറി ഉത്തരവാദപ്പെട്ടിരിക്കുന്നതാണ്.

15. കടം വാങ്ങുന്നതിനുള്ള ബോർഡിന്റെ അധികാരം.—ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടെ സർക്കാർ വിനിർദ്ദേശിക്കുന്ന പ്രകാരമുള്ള നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി നിധിയുടെ ആവശ്യങ്ങൾക്കുവേണ്ടി, അതത് സമയം, പണം കടം വാങ്ങാവുന്നതാണ്.

16. ബോർഡിലെ അനൗദ്യോഗിക അംഗങ്ങൾ പബ്ലിക് സർവന്റുമാർ ആയിരിക്കുമെന്ന്.—ബോർഡിലെ ഓരോ അനൗദ്യോഗിക അംഗവും ഇന്ത്യൻ ശിക്ഷാ നിയമസംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന ഒരു പബ്ലിക് സർവന്റായി കരുതപ്പെടേണ്ടതാണ്.

17. ഉത്തമവിശ്വാസപൂർവ്വം ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം.—ഈ ഓർഡിനൻസ് പ്രകാരമോ ചട്ടപ്രകാരമോ ഉള്ള കർത്തവ്യങ്ങളും ചുമതലകളും നിറവേറ്റുന്നതിനായി ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് ബോർഡിനോ ഒരംഗത്തിനോ ബോർഡിനെ സഹായിക്കുന്ന മറ്റേതെങ്കിലും ആളിനോ എതിരായി യാതൊരു വ്യവഹാരമോ മറ്റു നിയമനടപടിയോ നിലനിൽക്കുന്നതല്ല.

18. സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ.—സർക്കാരിന്, അതത് സമയം, ബോർഡിന് നിർദ്ദേശങ്ങൾ നൽകാവുന്നതും ആയത് നടപ്പിലാക്കുവാൻ ബോർഡ് ബാദ്ധ്യസ്ഥമായിരിക്കുന്നതുമാണ്.

19. അന്വേഷണത്തിനുവേണ്ടി ഉത്തരവ് പുറപ്പെടുവിക്കാനുള്ള അധികാരം.—(1) സർക്കാരിന്, ഏതു സമയത്തും, ബോർഡിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷിക്കുകയും സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുന്നതിനായി സർക്കാരിന്റെ ഒരു സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഏതെങ്കിലും ഉദ്യോഗസ്ഥനെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിക്കാവുന്നതാണ്.

(2) അപ്രകാരം നിയമിക്കപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥന്, അന്വേഷണം ശരിയായ രീതിയിൽ നടത്തുന്നതിനുവേണ്ട എല്ലാ സൗകര്യങ്ങളും ബോർഡ് ഏർപ്പെടുത്തി കൊടുക്കേണ്ടതും അദ്ദേഹം ആവശ്യപ്പെടുന്ന ബോർഡിന്റെ കൈവശമുള്ള രേഖകളും കണക്കുകളും വിവരങ്ങളും നൽകുകയും ചെയ്യേണ്ടതുമാണ്.

20. നിധിയുടെ കണക്കുകളുടെ ആഡിറ്റും ആഡിറ്റർമാരുടെ നിയമനവും.—(1) നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ നിധിയുടെ കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിനായി ബോർഡ് അങ്ങനെയുള്ള ആഡിറ്റർമാരെ നിയമിക്കേണ്ടതാണ്.

(2) അങ്ങനെയുള്ള ആഡിറ്റർമാർ നിധിയുടെ കണക്കുകൾ ഓരോ വർഷത്തിലും ഒരിക്കൽ ആഡിറ്റ് ചെയ്യേണ്ടതാണ്.

21. വാർഷിക റിപ്പോർട്ടും കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റും.—(1) നിധിയുടെ വാർഷിക റിപ്പോർട്ട് ബോർഡിന്റെ നിർദ്ദേശപ്രകാരം തയ്യാറാക്കേണ്ടതും ബോർഡിന്റെ അംഗീകാരത്തിനുശേഷം റിപ്പോർട്ടിന്റെ ഒരു പകർപ്പ്, കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റ് സഹിതം ഓരോ വർഷവും ജൂലൈ അവസാനത്തിനുമുമ്പ് സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

(2) വാർഷിക റിപ്പോർട്ട് ലഭിച്ചാലുടൻതന്നെ സർക്കാർ, അത് കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റ് സഹിതം, നിയമസഭയുടെ മുമ്പാകെ വയ്ക്കേണ്ടതാണ്.

22. സിവിൽ കോടതികളുടെ അധികാരിതയ്ക്ക് വിലക്ക്.—ഈ ഓർഡിനൻസോ പദ്ധതിയോ പ്രകാരമോ അതിൻകീഴിലോ, സർക്കാരോ ബോർഡോ സെക്രട്ടറിയോ അല്ലെങ്കിൽ ബോർഡ് അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ തീർപ്പാക്കേണ്ടതോ തീരുമാനിക്കേണ്ടതോ കൈകാര്യം ചെയ്യേണ്ടതോ ആയ ഏതെങ്കിലും പ്രശ്നം അഥവാ നിശ്ചയിക്കേണ്ടതായ ഏതെങ്കിലും സംഗതി തീർപ്പാക്കുവാനോ, തീരുമാനിക്കുവാനോ കൈകാര്യം ചെയ്യുവാനോ നിശ്ചയിക്കുവാനോ ഉള്ള അധികാരിത യാതൊരു സിവിൽ കോടതിക്കും ഉണ്ടായിരിക്കുന്നതല്ല.

23. സാക്ഷിയെ വിളിച്ചുവരുത്തുന്നതിനും തെളിവെടുപ്പ് നടത്തുന്നതിനുമുള്ള അധികാരം.—ഈ ഓർഡിനൻസിൻകീഴിൽ അന്വേഷണത്തിന്റെ ആവശ്യത്തിലേക്കായി, ബോർഡിന്, 1908-ലെ സിവിൽ നടപടി നിയമസംഹിത (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഒരു സിവിൽ കേസ് വിചാരണ നടത്തുമ്പോൾ ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ താഴെപ്പറയുന്ന സംഗതികളെ സംബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ഏതൊരാളെയും ഹാജരാകുന്നതിന് നിർബന്ധിക്കുന്നതിനും അല്ലെങ്കിൽ അയാളെ സത്യപ്രതിജ്ഞയിന്മേൽ വിസ്തരിക്കുന്നതിനും;

(ബി) പ്രമാണങ്ങൾ കണ്ടെത്തുന്നതിനും ഹാജരാക്കുന്നതിനും ആവശ്യപ്പെടുന്നതിന്;

(സി) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുന്നതിന്; കൂടാതെ

(ഡി) സാക്ഷികളെ വിസ്തരിക്കുന്നതിനുവേണ്ടി കമ്മീഷനെ നിയോഗിക്കുന്നതിന്.

24. കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി സ്റ്റാമ്പ്.—(1) ബോർഡ്, അൻപത് രൂപ മൂല്യമുള്ളതും, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രൂപത്തിലും അങ്ങനെയുള്ള രീതിയിലുമുള്ളതും "കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി സ്റ്റാമ്പ്" എന്ന് മുദ്രണം ചെയ്തിട്ടുള്ളതുമായ സ്റ്റാമ്പുകൾ സർക്കാർ പ്രസ്സിൽ അച്ചടിപ്പിക്കേണ്ടതാണ്.

(2) ലൈസൻസുള്ള ഒരു ആധാരമെഴുത്തുകാരൻ തയ്യാറാക്കുന്നതും സംസ്ഥാനത്തെ ഏതെങ്കിലും സബ്-രജിസ്ട്രാർ ആഫീസുകളിൽ, അതതുസംഗതി പോലെ, ബുക്ക് I, III അല്ലെങ്കിൽ IV-ൽ രജിസ്റ്റർ ചെയ്യുന്നതിന് ഹാജരാക്കുന്ന ഓരോ ആധാരത്തിലും (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിരിക്കുന്ന പ്രകാരമുള്ള ഒരു സ്റ്റാമ്പ്, 1959-ലെ കേരള മുദ്രപ്പത്ര ആക്റ്റ് (1959-ലെ 17) പ്രകാരം ചുമത്താവുന്ന സ്റ്റാമ്പ് ഡ്യൂട്ടിക്കു പുറമെ പതിക്കേണ്ടതാണ്:

എന്നാൽ, കേന്ദ്ര സർക്കാരിനോ സംസ്ഥാന സർക്കാരിനോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനോ വേണ്ടി രജിസ്റ്റർ ചെയ്യുന്നതിന് തയ്യാറാക്കിയതും ഹാജരാക്കിയതുമായ ഏതെങ്കിലും ആധാരത്തിന് ഈ ഉപവകുപ്പ് ബാധകമാകുന്നതല്ല.

(3) (2)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിരിക്കുന്ന പ്രകാരം പതിപ്പിച്ചിട്ടുള്ള ഓരോ സ്റ്റാമ്പും, 1959-ലെ കേരള മുദ്രപ്പത്ര ആക്റ്റിലെ (1959-ലെ 17) 12-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന രീതിയിൽ റദ്ദാക്കേണ്ടതാണ്.

(4) ഈ വകുപ്പുപ്രകാരം അച്ചടിച്ച സ്റ്റാമ്പുകൾ ബോർഡിന്റെ അധീനതയിലായിരിക്കേണ്ടതും, സ്റ്റാമ്പിന്റെ വിതരണവും വിൽപ്പനയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ ആയിരിക്കേണ്ടതുമാണ്.

25. <u>വീഴ്ചയോ അയോഗ്യതയോ ഉള്ള സംഗതിയിൽ പണം നൽകൽ.</u> -(1) വീഴ്ചയോ അയോഗ്യതയോ കാരണം അംഗത്വം അവസാനിക്കുന്ന സംഗതിയിൽ അംഗത്തിനോ അയാളുടെ നോമിനിക്കോ പദ്ധതിയിൽ പറഞ്ഞിട്ടുള്ള പ്രകാരം അംശദായമായി ഒടുക്കിയ തുകയ്ക്കുവേണ്ടി അപേക്ഷിക്കാവുന്നതാണ്.

(2) അംഗത്വം അവസാനിച്ച ഏതെങ്കിലും അംഗത്തിനോ അയാളുടെ നോമിനിക്കോ ക്ഷേമനിധിയിൽനിന്നുള്ള ഏതെങ്കിലും ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

(3) അംഗത്വം അവസാനിച്ച തീയതിയ്ക്കുശേഷം അംശദായം എന്തെങ്കിലും അടച്ചിട്ടുണ്ടെങ്കിൽ അത് മുഴുവനും അതിന് യാതൊരു പലിശയുമില്ലാതെ, തിരിച്ചു നൽകേണ്ടതാണ്.

(4) ഒരു അംഗമോ അയാൾ നാമനിർദ്ദേശം ചെയ്തയാളോ ഏതെങ്കിലും തുക തെറ്റായി കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ഉചിതമായ നിയമനടപടികളിലൂടെ അങ്ങനെയുള്ള ആളിൽനിന്നും അത് വസൂലാക്കേണ്ടതാണ്.

26. <u>സർക്കാരിന്റെ അംശദായം.</u> -(1) ഒരു സാമ്പത്തിക വർഷത്തിൽ അംഗങ്ങൾ നൽകിയ മൊത്തം അംശദായത്തുകയുടെ പത്തു ശതമാനം അല്ലെങ്കിൽ ജീവനക്കാരുടെ ബോണസും അവധി പണമാക്കുന്നതും ഉൾപ്പെടെ, എന്നാൽ യാത്രാബത്ത ഒഴികെ, ക്ഷേമനിധിയുടെ നടത്തിപ്പിനായി ഏർപ്പെടുത്തിയിട്ടുള്ള ശമ്പളത്തിന്റെയും ബത്തയുടെയും ഹെഡ്ഡിൽനിന്നും വഹിക്കേണ്ടതായ ചെലവുകൾ, ഇതിൽ ഏതാണോ കുറവ്, അത് സർക്കാർ അംശദായമായി നൽകേണ്ടതാണ്.

(2) ഓരോ സാമ്പത്തിക വർഷത്തിന്റെയും അവസാനം ജീവനക്കാരുടെ ബോണസും അവധി പണമാക്കുന്നതും ഉൾപ്പെടെ, എന്നാൽ യാത്രാബത്ത ഒഴികെ, ക്ഷേമനിധിയുടെ നടത്തിപ്പിനായി ഏർപ്പെടുത്തിട്ടുള്ള ശമ്പളത്തിന്റെയും ബത്തയുടെയും റെസ്റ്ററിൽനിന്നും വഹിക്കേണ്ടതായ ചെലവ് സെക്രട്ടറി കണക്കാക്കേണ്ടതും ആയത് സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(3) അപ്രകാരം കണക്കാക്കിയ തുക അംഗങ്ങളുടെ വാർഷിക അംശദായ ത്തിന്റെ പത്തു ശതമാനത്തിൽ കൂടുതലാണെന്നു കണ്ടാൽ ഈ തുകയുടെയും അംഗങ്ങളുടെ വാർഷിക അംശദായത്തിന്റെ പത്തു ശതമാനം തുകയുടെയും വ്യത്യാസം ക്ഷേമനിധിയിൽനിന്നും പിൻവലിക്കേണ്ടതും അതത് സമയം നിശ്ചയിക്കുന്ന ബന്ധപ്പെട്ട റെസ്റ്ററിലേക്ക് അടയ്ക്കേണ്ടതുമാണ്.

27. <u>ന്യൂനത മുതലായവമൂലം ബോർഡിന്റെ പ്രവൃത്തികൾ അസാധുവാകുന്നതല്ലെന്ന്.</u>—ഈ ഓർഡിനൻസ് പ്രകാരമോ അതിൻ കീഴിൽ ഉണ്ടാക്കിയേക്കാവുന്ന ചട്ടങ്ങൾ പ്രകാരമോ ബോർഡ് ചെയ്ത പ്രവൃത്തിയോ നടപടിക്രമമോ,—

(എ) ബോർഡിലെ ഏതെങ്കിലും ഒഴിവോ രൂപീകരണത്തിൽ ഉണ്ടാകുന്ന ന്യൂനതയോ; അല്ലെങ്കിൽ

(ബി) അതിലെ ഒരംഗമായ ഏതെങ്കിലും ആളെ നാമനിർദ്ദേശം ചെയ്തതിലുള്ള ഏതെങ്കിലും ന്യൂനതയോ ക്രമക്കേടോ; അല്ലെങ്കിൽ

(സി) ബോർഡിന്റെ പ്രവൃത്തിയിലോ നടപടിയിലോ ഉണ്ടായ ഏതെങ്കിലും ന്യൂനതയോ ക്രമക്കേടോ;

കാരണമായി മാത്രം അസാധുവാകുന്നതല്ല.

28. <u>വൈഷമ്യങ്ങൾ നീക്കം ചെയ്യൽ.</u>—(1) ഈ ഓർഡിനൻസിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം, ആ വൈഷമ്യം നീക്കം ചെയ്യുന്നതിലേക്ക് ആവശ്യമെന്ന് തങ്ങൾക്ക് തോന്നുന്നതും ഈ ഓർഡിനൻസിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ വ്യവസ്ഥകൾ, സർക്കാരിന് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവുമൂലം ഉണ്ടാക്കാവുന്നതാണ്:

എന്നാൽ, ഈ ഓർഡിനൻസിന്റെ പ്രാരംഭ തീയതി മുതൽ രണ്ട് വർഷത്തിനു ശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിക്കുന്ന ഉത്തരവ് നിയമസഭ മുൻപാകെ വയ്ക്കേണ്ടതാണ്.

29. <u>ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.</u>—(1) സർക്കാരിന്, വിജ്ഞാപനംവഴി, ഈ ഓർഡിനൻസിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി, മുൻകാല പ്രാബല്യ ത്തോടുകൂടിയോ പിൽക്കാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ഓർഡിനൻസ് പ്രകാരം ഉണ്ടാക്കപ്പെടുന്ന ഓരോ ചട്ടവും, അതുണ്ടാക്കിയ ശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുൻപാകെ ഒരു സമ്മേളനത്തിലോ അല്ലെങ്കിൽ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന

ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത്, ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ, തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുൻപ്, നിയമസഭ, പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും രൂപഭേദപ്പെടുത്തലുകൾ വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന്, അതിനുശേഷം, അതതു സംഗതിപോലെ, അപ്രകാരം രൂപഭേദപ്പെടുത്തൽ വരുത്തിയപ്രകാരം മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ, അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും; എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

30. 1991-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതിയിൽ നിന്നും ഫണ്ട് കൈമാറ്റം ചെയ്യുന്നതിനുള്ള വ്യവസ്ഥ.—(1) തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും സർക്കാർ വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ 1991-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതിയുടെ കണക്കിൽ ഉണ്ടായിരുന്ന എല്ലാ തുകകളും ഈ ഓർഡിനൻസിൻ കീഴിൽ രൂപീകരിക്കുന്ന നിധിയിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നതും അതിൽ വരവു വയ്ക്കുന്നതും, 1991-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതിയിൽ അംശദായം നൽകാനുള്ള അംഗത്തിന്റെ ബാദ്ധ്യത അങ്ങനെയുള്ള തീയതി മുതൽ ഇല്ലാതാകുന്നതുമാണ്.

(2) ഈ ഓർഡിനൻസ് പ്രകാരം രൂപവൽക്കരിക്കപ്പെട്ട ബോർഡിന് അത്തരം പദ്ധതികൾ സംബന്ധിച്ചുള്ള എല്ലാ അവകാശവാദങ്ങളും തീരുമാനിക്കാവുന്നതാണ്.

31. സാധൂകരണം.—2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ഓർഡിനൻസ് (2012-ലെ 29) (ഇതിനുശേഷം പ്രസ്തുത ഓർഡിനൻസ് എന്നാണ് പരാമർശിക്കപ്പെടുക) പ്രാബല്യത്തിലില്ലാതായിത്തീർന്നുവെന്നാൽത്തന്നെയും,—

(എ) പ്രസ്തുത ഓർഡിനൻസിൻ കീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ഓർഡിനൻസിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതും;

(ബി) പ്രസ്തുത ഓർഡിനൻസിന് പ്രാബല്യം ഇല്ലാതായിത്തീർന്നതിനു ശേഷവും ഈ ഓർഡിനൻസ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ തീയതിക്കു മുമ്പും ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ, അവ പ്രസ്തുത ഓർഡിനൻസിന് പ്രാബല്യം ഇല്ലാതായിത്തീർന്നിട്ടില്ലായിരുന്നുവെങ്കിൽ പ്രസ്തുത ഓർഡിനൻസിൻ കീഴിൽ ചെയ്യുകയോ എടുക്കുകയോ ചെയ്യുമായിരുന്നു എന്നപോലെ ഈ ഓർഡിനൻസിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതും;

ആകുന്നു.

പട്ടിക

[3 (2) വകുപ്പ് കാണുക]

## പദ്ധതിയിൽ വ്യവസ്ഥ ചെയ്യാവുന്ന കാര്യങ്ങൾ

1. ബോർഡ്, നിധിയുടെ ഭരണം നടത്തേണ്ട രീതി.

2. അംഗങ്ങളുടെ രജിസ്ട്രേഷൻ.

3. നിധിയിലേക്കുള്ള അംശദായം, സ്റ്റാമ്പ് വെണ്ടർമാരുടെ കമ്മീഷന്റെ രണ്ടു ശതമാനം എന്നിവ നൽകുന്നതിനുള്ള രീതി.

4. വിവിധ മേഖലകളിൽ നിന്നും അംശദായം, സ്റ്റാമ്പ് വെണ്ടർമാരുടെ കമ്മീഷന്റെ രണ്ടുശതമാനം എന്നിവ വസൂലാക്കേണ്ട രീതി.

5. ബോർഡിനെ സഹായിക്കുന്നതിനുവേണ്ടി ഏതെങ്കിലും സമിതിയുടെ രൂപവൽക്കരണം.

6. സെക്രട്ടറിയുടെ ചുമതലകൾ.

7. കണക്കുകൾ സൂക്ഷിക്കേണ്ട രീതി, സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും നിർദ്ദേശങ്ങളോ അല്ലെങ്കിൽ വിനിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകളോ അനുസരിച്ച് നിധിയുടെ വക പണം നിക്ഷേപിക്കലും ബഡ്ജറ്റ് തയ്യാറാക്കലും കണക്കുകൾ ആഡിറ്റ് ചെയ്യലും, സർക്കാരിന് റിപ്പോർട്ടുകൾ സമർപ്പിക്കലും.

8. നിധിയിൽ നിന്നും പണം പിൻവലിക്കുന്നതിന് അനുവദിക്കുന്നതിനും അതിൽ നിന്നുള്ള ഏതെങ്കിലും കിഴിയ്ക്കലോ മുതൽക്കൂട്ടലോ നടത്തുന്നതിനുമുള്ള വ്യവസ്ഥകളും അപ്രകാരമുള്ള കിഴിയ്ക്കലിന്റെയോ, മുതൽക്കൂട്ടലിന്റെയോ പരമാവധി തുകയും.

9. ഒരംഗം തന്റെയും തന്റെ കുടുംബത്തെയുംപറ്റിയുള്ള വിവരങ്ങൾ ആവശ്യപ്പെടുമ്പോൾ നൽകേണ്ടുന്ന ഫാറം.

10. ഒരംഗത്തിന്റെ മരണത്തെത്തുടർന്ന് ആ അംഗത്തിന് നിധിയിൽ നിന്നും ലഭിക്കേണ്ടതായ ആനുകൂല്യങ്ങൾ സ്വീകരിക്കുവാനുള്ള ആളിനെ നാമനിർദ്ദേശം ചെയ്യലും അത്തരം നാമനിർദ്ദേശത്തിന്റെ പരിശോധനയും റദ്ദാക്കലും.

11. അംഗങ്ങളെ സംബന്ധിച്ച് വച്ചുപോരേണ്ട രജിസ്റ്ററുകളും രേഖകളും.

12. പാസ്ബുക്കിന്റെയും സർട്ടിഫിക്കറ്റിന്റെയും തിരിച്ചറിയൽ കാർഡിന്റെയും ഫാറവും, അത് നൽകുകയും കൈവശം വയ്ക്കുകയും മാറ്റിക്കൊടുക്കുകയും ചെയ്യുന്നതിനുള്ള നടപടിക്രമവും..

13. പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും ആവശ്യങ്ങൾക്കായി ചുമത്തേണ്ട ഫീസ്.

14. 30-ാം വകുപ്പ് പ്രകാരം കൈമാറ്റം ചെയ്യപ്പെട്ട തുകകൾ നിധിയിലേക്ക് കൈമാറ്റം ചെയ്യേണ്ടതിന്റെയും വരവ് വയ്ക്കേണ്ടതിന്റെയും രീതി.

15. അംഗങ്ങളുടെയോ അവരുടെ ആശ്രിതരുടെയോ ക്ഷേമത്തിനുവേണ്ടി, ഏതെല്ലാം കാര്യങ്ങൾക്ക് നിധി ഉപയോഗിക്കാമെന്ന്.

16. നിധിയുടെ ഭരണനിർവ്വഹണത്തിൽ ഉണ്ടാകാവുന്ന ചെലവുകൾ വഹിക്കുന്നതിനുള്ള നടപടിക്രമം.

17. നിധിയിൽ നിന്നും ആനുകൂല്യങ്ങൾ, ഗ്രാന്റുകൾ, മുൻകൂറുകൾ എന്നിവ നൽകുന്നതിനുള്ള നടപടിക്രമം.

18. സേവനം പൂർത്തിയാക്കിയ വർഷത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ അവസാനിപ്പിക്കുന്ന അംഗങ്ങൾക്ക് നിധിയിൽനിന്നും നൽകാവുന്ന തുകയുടെയും പെൻഷന്റെയും നിരക്ക് ക്രമീകരിക്കൽ.

19. വീഴ്ച വരുത്തിയ അംഗങ്ങളുടെ സംഗതിയിൽ അംശദായം തിരികെ നൽകുന്ന രീതിയും നിരക്കും.

20. പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായതോ ഉചിതമായതോ ആയ മറ്റേതെങ്കിലും സംഗതികൾ.

എച്ച്. ആർ. ഭരദ്വാജ്,

ഗവർണ്ണർ.

GOVERNMENT OF KERALA

**Law (Legislation-A) Department**

NOTIFICATION

No. 15553//Leg. A2/2010/Law. *Dated, Thiruvananthapuram,* *13th August, 2012* / *22nd Sravana 1934.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English language of the Kerala Document Writers', Scribes' and Stamp Vendors' Welfare Fund Ordinance, 2012 (48 of 2012).

By order of the Governor,

C. K. PADMAKARAN,
*Special Secretary (Law).*

[Translation in English of "2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ഓർഡിനൻസ്" published under the authority of the Governor.]

## ORDINANCE No. 48 OF 2012

## THE KERALA DOCUMENT WRITERS', SCRIBES' AND STAMP VENDORS' WELFARE FUND ORDINANCE, 2012

Promulgated by the Governor of Kerala in the Sixty-third Year of the Republic of India.

*AN*
*ORDINANCE*

*to provide for the constitution of a Welfare Fund for the welfare of the document writers, scribes and stamp vendors in the State of Kerala, to pay pension and other benefits to them and for other matters connected therewith or incidental thereto.*

*Preamble.*—WHEREAS, it is expedient to provide for the constitution of a Welfare Fund for the welfare of the document writers, scribes and stamp vendors in the State of Kerala, to pay pension and other benefits to them and for other matters connected therewith or incidental thereto;

AND WHEREAS, the Kerala Document Writers', Scribes' and Stamp Vendors' Welfare Fund Ordinance, 2012 (13 of 2012) was promulgated by the Governor of Kerala on the 30th day of January, 2012;

AND WHEREAS, a Bill to replace the said Ordinance by an Act of the Legislature could not be introduced in, and passed by, the Legislative Assembly of the State of Kerala during its session which commenced on the 1st day of March, 2012 and ended on the 23rd day of March, 2012;

AND WHEREAS, in order to keep alive the provisions of the said Ordinance, the Kerala Document Writers', Scribes' and Stamp Vendors' Welfare Fund Ordinance, 2012 (29 of 2012) was promulgated by the Governor of Kerala on the 11th day of April, 2012;

AND WHEREAS, a Bill to replace the said Ordinance by an Act of the Legislature could not be introduced in, and passed by, the Legislative Assembly of the State of Kerala during its session which commenced on the 11th day of June, 2012 and ended on the 25th day of July, 2012;

AND WHEREAS, under sub-clause (a) of clause (2) of article 213 of the Constitution of India, the said Ordinance ceased to operate on the 23rd day of July, 2012;

AND WHEREAS, difficulties will arise if the provisions of the said Ordinance are not kept alive again;

AND WHEREAS, the Legislative Assembly of the State of Kerala is not in session and the Governor of Kerala is satisfied that circumstances exist which render it necessary for him to take immediate action;

NOW, THEREFORE, in exercise of the powers conferred by clause (1) of article 213 of the Constitution of India, the Governor of Kerala is pleased to promulgate the following Ordinance:—

1. *Short title and commencement.*—(1) This Ordinance may be called the Kerala Document Writers', Scribes' and Stamp Vendors' Welfare Fund Ordinance, 2012.

(2) It shall be deemed to have come into force on the 31st day of January, 2012.

2. *Definitions.*—In this Ordinance unless the context otherwise requires,—

(a) "Board" means the Kerala Document Writers', Scribes' and Stamp Vendors' Welfare Fund Board constituted under section 9;

(b) "cessation of employment" means ceasing of employment of a licensee consequent to the cancellation or surrender of the licence obtained for doing the employment;

(c) "contribution" means the amount payable to the Welfare Fund by the members under sub-section (1) of section 4 and by the Government under sub-section (1) of section 26;

(d) "dependent" means wife or husband, minor sons, unmarried or widowed or divorced daughters, mentally or physically disabled children, father, mother who are solely dependent upon the member;

(e) "Document Writer" means a person who is engaged in the profession of preparing documents including enquiry as to title, preparation of draft deeds and engrossing the deed on stamp paper for registration as per the Kerala Document Writers' Licence Rules, 1960;

(f) "Fund" means the Kerala Document Writers', Scribes' and Stamp Vendors' Welfare Fund constituted under sub-section (1) of section 3;

(g) "Government" means the Government of Kerala;

(h) "Inspector General of Registration" means the Inspector General of Registration of the Government of Kerala;

(i) "member" means a Document Writer or a Scribe or a Stamp Vendor, who has been admitted as a member of the Welfare Fund under the provisions of this Ordinance or who is continuing as a member of the Kerala Document Writers', Scribes' and Stamp Vendors' Welfare Fund Scheme, 1991;

(j) "notification" means a notification published in the Kerala Gazette;

(k) "prescribed" means prescribed by rules made under this Ordinance;

(l) "Registering Authority" means the District Registrar (General) of the district concerned;

(m) "Scheme" means the Kerala Document Writers', Scribes' and Stamp Vendors' Welfare Fund Scheme framed under this Ordinance;

(n) "Scribe" means a person who assists a Document Writer in the preparation of documents and who possesses a valid scribe licence to transcribe the documents to be presented for registration as defined in sub-rule (5) of rule 3 of the Kerala Document Writers' Licence Rules, 1960;

(o) "Secretary" means the Secretary of the Board constituted as per this Ordinance;

(p) "stamp" means the Kerala Document Writers', Scribes' and Stamp Vendors' Welfare Fund stamp printed and distributed under section 24;

(q) "Stamp Vendor" means a person who has acquired a licence as per rule 35 of the Kerala Manufacture and Sale of Stamp Rules, 1960 and actively engaged in the profession of selling non-judicial stamps and stamp papers.

3. *Kerala Document Writers', Scribes' and Stamp Vendors' Welfare Fund.*--(1) The Government shall, as soon as may be, after the commencement of this Ordinance, by notification, frame a Scheme to be called the "Kerala Document Writers', Scribes' and Stamp Vendors' Welfare Fund Scheme" and after the framing of the Scheme, constitute a Fund to be called "the Kerala Document Writers', Scribes' and Stamp Vendors' Welfare Fund" in accordance with the provisions of this Ordinance and the Scheme.

(2) Subject to the provisions of this Ordinance, the Scheme may provide for all or any of the matters specified in the Schedule.

(3) The following shall be credited to the Fund, namely:-

(a) contributions under section 4 and 26;

(b) application fee realised under section 5;

(c) any amount borrowed under section 15;

(d) all amounts collected by way of sale of stamp under section 24;

(e) any donation voluntarily made to the Fund by any association or institution or any other person;

(f) any profit, interest, dividend or other income on any investment made of any part of the Fund;

(g) any grants, loans or advances as may be given by the Government of India or the State Government or any other institution or organisation;

(h) two per cent of the amount being received by the Stamp Vendors as commission;

(i) amount transferred under section 30;

(j) any fees levied under the Scheme;

(k) any other amount, to be credited to the Fund under the provisions of the Scheme;

(l) any amount raised by the Board from other sources to augment the resources of the Fund.

(4) The Fund shall vest in the Board and be administered by the Board.

(5) The Fund may be utilised for all or any of the following purposes, namely:—

(a) for the payment of a fixed amount and pension to a member from the Fund, on cessation of employment, at such rate as may be specified in the scheme, based on the number of years of his employment;

*Explanation 1.*—The Board shall have the power to take decision regarding the pensionary benefits payable to a member who could not continue his employment due to ill health.

*Explanation 2.*—A person who had completed sixty five years of age and who had been a Document Writer, Scribe or Stamp Vendor for twenty five years before the commencement of this Ordinance shall become eligible for special pension if he becomes a member and remits contribution for a period of one year under the provisions of this Ordinance.

(b) for the payment of family pension on the death of a member who had remitted contribution for not less than ten years;

(c) for the payment of financial assistance on the death of a member due to illness or accident;

(d) for the repayment of the contribution amount remitted by the members with such interest, as may be specified in the scheme, when they are incapacitated to do work due to permanent physical disability or on the cessation of their membership in the Welfare Fund;

(e) for the payment of financial assistance to meet the expense towards medical treatment of the members affected with serious ailment;

(f) for the payment of financial assistance to meet the marriage expense of the members and their daughters and for the maternity expense of the female members;

(g) for the payment of financial assistance or loans or advances to the members for the purpose connected with their employment or for the construction of dwelling house or for the maintenance or renovation of the house or for the purchase of land for the construction of house or for the purchase of land and building and for the education, including higher education of the children of the members;

(h) for the payment of special relief to the members who suffer from physical disability;

(i) for any other purpose specified in the Scheme;

(j) for the day to day administrative expenses of the Board.

(6) The Scheme framed under sub-section (1) shall be laid, as soon as may be after it is framed, before the Legislative Assembly while it is in session for a total period of fourteen days which may be comprised in one session or in two successive sessions, and if, before the expiry of the session in which it is so laid or the session immediately following, the Legislative Assembly makes any modification in the Scheme, the Scheme shall, thereafter have effect only in such modified form; so however, that any such modification shall be without prejudice to the validity of anything previously done under the Scheme.

4. *Contribution to the Fund.*—(1) Every Document Writer, Scribe and Stamp Vendor who is eligible to become a member shall pay one hundred rupees per month as contribution to the Fund.

(2) The Government may, by notification, from time to time, revise the rate of contribution referred to in sub-section (1) up to a maximum limit of five hundred rupees, taking into account the amount required for the management of the Scheme.

(3) The contribution shall be paid in the name of the Secretary or officer authorised in this behalf, in the manner specified in the Scheme.

5. *Membership in the Fund.*—(1) Any person holding a valid licence of Document Writer or Scribe under the Kerala Document Writers' Licence Rules, 1960 or a valid licence of a Stamp Vendor under the Kerala Manufacture and Sale of Stamp Rules, 1960, as the case may be, and is below the age of 65 years on the date of application may apply to the Board for admission as a member of the Fund in such form and manner as may be specified in the scheme:

Provided that no person employed as a Document Writer, Scribe or Stamp Vendor after retiring from the service of the Central Government or any State Government or any Public Sector Undertaking or Local Authority with retirement benefits, shall be eligible for membership in the Fund.

(2) On an application under sub-section (1), the Board may make such enquiry as it deems fit and either admit the applicant to the Fund or for reasons to be recorded in writing reject the application:

Provided that, no order rejecting an application shall be passed unless the applicant has been given an opportunity of being heard:

Provided further that any person aggrieved by an order rejecting any application for membership may prefer an appeal to the Government within such period as may be specified in the scheme.

(3) Every applicant shall pay an application fee of one hundred rupees along with the application in such manner as may be specified in the scheme.

(4) A member of the Fund, on completion of 65 years of age or on voluntarily applying for pension by surrendering his licence after 25 years of membership, shall cease to be a member of the Fund.

(5) Every person who has been enrolled as member in the Fund shall be given a certificate of membership and a passbook recording the rate of contribution, details of enrolment in the register, date of birth, due date for payment of contribution etc., by the Registering Authority. The Registering Authority shall keep a register of the members coming under its jurisdiction and at the State level, the Secretary of Board shall keep a register of members enrolled in the Fund, showing the district-wise details of members.

6. *Cancellation of Membership.*—(1) The membership of a member shall be cancelled by the Registering Authority if it is found that a member has made manipulation of any kind or has given false information at any time in connection with the conditions for the membership or to obtain benefits as per the Scheme:

Provided that, no order of cancellation of membership shall be passed unless the applicant has been given an opportunity of being heard.

(2) Membership in the Fund shall automatically cease if a member commits default in payment of contribution for six months continuously.

(3) If the Registering Authority is of the opinion that a member is not functioning as a Document Writer or Scribe or Stamp Vendor, as the case may be, his membership in the Fund shall be cancelled. The date of cancellation in such cases shall be, as may be fixed by the Registering Authority.

(4) Appeal against the orders of the Registering Authority shall be filed before the Inspector General of Registration within such period as may be specified in the scheme.

(5) A member may voluntarily retire from the Fund by submitting a letter addressed to the Registering Authority. In such case, the date of retirement shall be the date on which the member has submitted his letter.

7. *Revival of Membership.*—The membership of a member which has been ceased under sub-section (2) of section 6 may be revived on payment of arrears along with interest at twelve per cent per annum within six months from the date of cessation of such membership.

8. *Amendment of the Scheme.*—(1) Government may, by notification, amend the Scheme framed under this Ordinance, either prospectively or retrospectively.

(2) Every notification under sub-section (1) shall be laid as soon as may be, after it is issued, before the Legislative Assembly while it is in session for a total period of fourteen days which may be comprised in one session or in two successive sessions, and if, before the expiry of the session in which it is so laid or the session immediately following, the Legislative Assembly agrees in making any modification in the notification or decides that the notification should not be issued, the notification shall thereafter have effect only in such modified form or be of no effect, as the case may be, so however that any such modification or annulment shall be without prejudice to the validity of anything previously done under that notification.

9. *Constitution of the Board.*—(1) The Government may, by notification, with effect from such date as may be specified therein, constitute a Board to be called the "Kerala Document Writers', Scribes' and Stamp Vendors' Welfare Fund Board" for the administration and management of the Fund and to implement and supervise connected activities.

(2) The Board shall be a body corporate by the name "Kerala Document Writers', Scribes' and Stamp Vendors' Welfare Fund Board" having perpetual succession and a common seal and shall by the said name, sue and be sued.

(3) The Board shall consist of seven official members representing the Government and three non-official members representing the beneficiaries of the Fund as may be nominated by the Government and as hereinafter provided, namely:—

(a) The Secretary to Government, Taxes Department—he shall be the Chairman of the Board;

(b) The Inspector General of Registration—he shall be the Vice-Chairman of the Board;

(c) The Joint Inspector General of Registration—he shall be the Secretary of the Board;

(d) An officer of the Finance Department not below the rank of Deputy Secretary nominated by the Government;

(e) An officer of the Labour Department not below the rank of Deputy Secretary nominated by the Government;

(f) An officer of the Taxes Department not below the rank of Deputy Secretary nominated by the Government;

(g) An officer of the Law Department not below the rank of Deputy Secretary nominated by the Government;

(h) Three non-official members representing the Document Writers, Scribes and Stamp Vendors nominated by the Government.

(4) The Board shall administer the Fund vested in it in such manner as may be specified in the Scheme.

(5) The Board may, with the previous approval of the Government, delegate to the Chairman or to the Secretary such of its powers and functions under this Ordinance or the Scheme as it may consider necessary, for the effective management of the Fund, subject to such restrictions and conditions, as it may deem fit.

10. *Meeting of the Board.*—(1) The Board shall meet at least once in three months to transact its business.

(2) Six members of the Board including at least four official members and two non-official members shall form the quorum for a meeting of the Board.

(3) The Chairman or in his absence the Vice-Chairman, or in the absence of the Chairman and the Vice-Chairman, a member of the Board to be elected from among the members present at the meeting shall preside over the meeting of the Board.

(4) Any matter coming up before a meeting of the Board shall be decided by a majority of the members of the Board present and voting at the meeting and in the case of equality of votes, the Chairman or the Vice-Chairman or the member of the Board who presides over the meeting, shall have right for a casting vote.

11. *Term of Office of members of the Board.*—(1) The non-official members appointed under sub-section (3) of section 9 shall hold office for a period of three years from the date of publication of the notification constituting the Board in the Gazette.

(2) Any non-official member may resign his membership by giving notice in writing to the Government, but shall continue to hold office until his resignation is accepted by the Government.

(3) The Government may at any time, for reasons to be recorded in writing, remove from office any official member, if the Government are of opinion that, in public interest it is improper to allow such member to continue in office.

12. *Disqualification and removal of non-official members.*—(1) The Government may remove any non-official member of the Board from office,—

(a) if he is of unsound mind;

(b) if he is adjudged as undischarged insolvent;

(c) if he, without the permission of the Board, has been absent from three consecutive meetings of the Board; and

(d) if in the opinion of the Government, he is not suitable or has become incapable of acting as a member of the Board or has so abused his position so as to render his continuance as member of the Board detrimental to public interest:

Provided that before removing a member of the Board under this sub-section, he shall be given a reasonable opportunity to show cause why he should not be removed.

(2) A non-official member of the Board removed under clause (c) of sub-section (1) shall be disqualified for re-appointment as a member of the Board for a period of three years from the date of his removal unless otherwise ordered by the Government.

(3) A non-official member of the Board removed under clause (d) of sub-section (1) shall not be eligible for reappointment until he is declared by an order of the Government to be no longer ineligible.

13. *Sitting fees, travelling allowance and daily allowance to members of the Board.*—The nominated members of the Board shall be eligible to get sitting fee, travelling allowance and daily allowance at such rate as may be prescribed.

14. *Appointment of Officers and Staff.*—(1) The Government may appoint such officers and staff as they may deem necessary, in such manner as may be prescribed, on deputation from the Registration Department for assisting the Secretary in the performance of the functions of the Board under this Ordinance.

(2) The Secretary of the Board shall be responsible for the implementation of the decisions of the Board.

15. *Power of the Board to borrow.*—The Board may, from time to time, with the previous approval of the Government and subject to such terms and conditions as may be specified by the Government, borrow money for the purposes of the Fund.

16. *Non-official Members of the Board to be public servants.*—Every non-official member of the Board shall be deemed to be a public servant within the meaning of section 21 of the Indian Penal Code (Central Act 45 of 1860).

17. *Protection of action taken in good faith.*—No suit or other legal proceedings shall lie against any member of the Board or any other person assisting the Board in the discharge of its functions and duties in respect of anything which is in good faith done or intended to be done under this Ordinance or under the Scheme.

18. *Directions by Government.*—The Government may, from time to time, give directions to the Board, and the Board is bound to implement them.

19. *Power to order enquiry.*—(1) The Government may, at any time, appoint an officer not below the rank of a Secretary to Government as enquiry officer to enquire into the working of the Board and to submit report to the Government.

(2) The Board shall give the enquiry officer so appointed, all facilities for the proper conduct of the enquiry and furnish to such documents, accounts and informations in the possession of the Board as he may require.

20. *Audit of accounts of the Fund and appointment of auditors.*—(1) The Board shall appoint such auditors to audit the accounts of the Fund in such manner as may be prescribed.

(2) The accounts of the Fund shall be audited once in every year by such auditors.

21. *Annual report and audited statement of accounts.*—(1) The annual report of the Fund shall be prepared under the direction of the Board and after approval by the Board, a copy of the report together with audited statement of accounts shall be submitted to the Government before the end of July every year.

(2) The Government shall, as soon as the annual report is received, cause the same together with the audited statement of accounts to be laid before the Legislative Assembly.

22. *Bar on Jurisdiction of civil courts.*—No civil court shall have jurisdiction to settle, decide or deal with any question or to determine any matter which is by or under this Ordinance or the Scheme required to be settled, decided or dealt with or to be determined by the Government or the Board or the Secretary or any officer authorised by the Board.

23. *Power to summon witness and take evidence.*—The Board shall, for the purposes of enquiry under this Ordinance, have the same powers as are vested in a civil court while trying a suit under the Code of Civil Procedure, 1908 (Central Act 5 of 1908) in respect of the following matters, namely:—

(a) enforcing the attendance of any person or examining him on oath;

(b) requiring the discovery and the production of documents;

(c) receiving evidence on affidavit; and

(d) engaging Commission for the examination of witnesses.

24. *The Kerala Document Writers', Scribes' and Stamp Vendors' Welfare Fund Stamp.*—(1) The Board shall get printed at the Government Press stamps of the value of fifty rupees inscribed as "the Kerala Document Writers', Scribes' and Stamp Vendors' Welfare Fund Stamp", in such form and in such manner as may be prescribed.

(2) Every document prepared by a licensed document writer and presented in any of the Sub-Registrar Offices in the State to be registered in Book I, III or IV, as the case may be, shall be affixed with a stamp as specified in sub-section (1), in addition to the stamp duty chargeable under the Kerala Stamp Act, 1959 (Act 17 of 1959):

Provided that this sub-section shall not apply to any document prepared and presented for registration on behalf of the Central Government or the State Government or Local Self Government Institution.

(3) Every stamp affixed as specified in sub-section (2) shall be cancelled in the manner provided for in section 12 of the Kerala Stamp Act, 1959 (Act 17 of 1959).

(4) The custody of the stamps printed under this section shall be with the Board and, the supply and sale of stamps shall be in such manner as may be prescribed.

25. *Payment of money in case of default or disqualification.*—(1) In case of cessation of membership due to default or disqualification, the member or his nominee may apply for the amount remitted as contribution in the manner stated in the Scheme.

(2) Any member whose membership has been ceased or his nominee shall not be eligible for any benefit from the Welfare Fund.

(3) The contribution if any remitted after the date of cessation of membership, shall be refunded in full without any interest thereon.

(4) Any amount that has been received wrongly by a member or person nominated by him, shall be recovered from such person by appropriate legal proceedings.

26. *Contribution of the Government.*—(1) Ten per cent of the total amount contributed by the members during a financial year or the expenses to be incurred under the head of pay and allowances of the staff including bonus and encashment of leave but excluding travelling allowance, assigned for the administration of the Welfare Fund, whichever is less, shall be given as Government contribution.

(2) At the end of every financial year, the Secretary shall calculate the expenses including bonus and encashment of leave but excluding travelling allowance, assigned for the administration of the Welfare Fund, under the head of account of pay and allowances of the staff and shall intimate the same to the Government.

(3) If the amount so calculated is found to be more than ten per cent of the yearly contribution of the members, the difference between this amount and ten per cent of the yearly contribution of the members, shall be withdrawn from the Welfare Fund and remitted to the head of account concerned fixed from time to time.

27. *Act of Board not to be invalid by defect etc.*—No act done or proceedings taken under this Ordinance or the rules to be made thereunder by the Board shall be invalid merely by reason of,—

(a) any vacancy or defect in the constitution of the Board; or

(b) any defect or irregularity in the nomination of any person as a member thereof; or

(c) any defect or irregularity in any act or proceedings of the Board.

28. *Removal of difficulties.*—(1) If any difficulty arises in giving effect to the provisions of this Ordinance, the Government may, by order published in the Gazette, make provisions which appear to them to be necessary and not inconsistent with the provisions of this Ordinance, for the purpose of removing the difficulty:

Provided that no such order shall be passed after the expiry of two years from the date of commencement of this Ordinance.

(2) The order issued under sub-section (1) shall be placed before the Legislative Assembly.

29. *Power to make rules.*—(1) The Government may, by notification, make rules either prospectively or retrospectively for the purpose of carrying into effect the provisions of this Ordinance.

(2) Every rule made under this Ordinance shall be laid, as soon as may be after it is made, before the Legislative Assembly while it is in session for a total period of fourteen days which may be comprised in one session or in two successive sessions, and if, before the expiry of the session in which it is so laid or the session immediately following, the Legislative Assembly makes any modification in the rule or decides that the rule should not be made, the rule shall thereafter have effect only in such modified form or be of no effect, as the case may be, so however, that any such modification or annulment shall be without prejudice to the validity of anything previously done under that rule.

30. *Provision for the transfer of Fund from the Kerala Document Writers', Scribes' and Stamp Vendors' Welfare Fund Scheme, 1991.*—(1) Notwithstanding anything contained in any other law for the time being in force, from the date to be notified by the Government, all amounts standing in the credit of the Kerala Document Writers', Scribes' and Stamp Vendors' Welfare Fund Scheme, 1991 shall stand transferred to and credited to the Fund established under this Ordinance and with such date the liability of a member to pay contribution to the Kerala Document Writers', Scribes' and Stamp Vendors' Welfare Fund Scheme, 1991 shall cease.

(2) All claims in respect of such fund may be determined by the Board constituted under this Ordinance.

31. *Validation.*—Notwithstanding the cesser of operation of the Kerala Document Writers', Scribes' and Stamp Vendors' Welfare Fund Ordinance, 2012 (29 of 2012) (hereinafter referred to as the said Ordinance),—

(a) anything done or any action taken under the said Ordinance shall be deemed to have been done or taken under this Ordinance;

(b) anything done or any action taken after the cesser of operation of the said Ordinance and before the date of publication of this Ordinance in the Gazette, which could have been done or taken under the said Ordinance, if the said Ordinance had not ceased to operate, shall be deemed to have been done or taken by this Ordinance.

SCHEDULE

[*See* Section 3(2)]

MATTERS FOR WHICH PROVISION MAY BE MADE IN THE SCHEME

1. The manner in which the Fund is to be administered by the Board.

2. Registration of the members.

3. The manner in which the contribution and two per cent of the commission of stamp vendors shall be made to the Fund.

4. The manner in which the contribution from different sectors and the two per cent of the commission of stamp vendors may be recovered.

5. The constitution of any committee for assisting the Board.

6. Duties of the Secretary.

7. The manner in which accounts shall be maintained, the investment of money belonging to the Fund in accordance with any direction issued or conditions specified by the Government, the preparation of budget, the audit of accounts and the submission of reports to the Government.

8. The conditions under which withdrawal from the Fund may be permitted and any deduction or forfeiture may be made and the maximum amount of such deduction or forfeiture.

9. The form in which a member shall furnish particulars about himself and his family whenever required.

10. The nomination of a person to receive the benefits of a member from the Fund on his death and cancellation or verification of such nomination.

11. The registers and records to be maintained with respect to members.

12. The form of pass book, certificate and identity card and the procedure for their issue, custody and replacement.

13. The fees to be levied for any of the purposes specified in the Schedule.

14. The manner in which the amount transferred under section 30 is to be transferred and credited to the Fund.

15. The matters for which the Fund may be utilized for the welfare of the members or their dependants.

16. The procedure for defraying the expenditure to be incurred in the administration of the Fund.

17. The procedure for paying benefits, grants, advances etc., from the Fund.

18. Regularisation of the rate of pension and the amount that may be given from the Fund to the members who discontinue employment on the basis of the completed years of service.

19. The manner and rate in which the contribution is to be refunded in the case of the members who have committed default.

20. Any other matter which is necessary or proper for implementing the Scheme.

H. R. BHARDWAJ,
*GOVERNOR.*

©
കേരള സർക്കാർ
Government of Kerala
2014

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2012-14

KD. 14

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY
### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 3<br>Vol. III | തിരുവനന്തപുരം,<br>തിങ്കൾ<br>Thiruvananthapuram,<br>Monday | 2014 സെപ്റ്റംബർ 22<br>22nd September 2014<br>1190 കന്നി 6<br>6th Kanni 1190<br>1936 ഭാദ്രം 31<br>31st Bhadra 1936 | നമ്പർ<br>No. 2317 |

## കേരള സർക്കാർ

നികുതി (ഇ) വകുപ്പ്

### തിരുത്തൽ വിജ്ഞാപനം

ജി. ഒ. (പി) നമ്പർ 159/2014/നി.വ. *തിരുവനന്തപുരം, 2014 സെപ്റ്റംബർ 22.*
*1190 കന്നി 6.*

**എസ്. ആർ. ഒ. നമ്പർ 564/2014.**—2013 മേയ് 28-ാം തീയതിയിലെ ജി. ഒ. (പി) 116/2013/നി.വ. നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചതും 2013 മേയ് 29-ാം തീയതിയിലെ 1479-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 435/2013 ആയി പ്രസിദ്ധപ്പെടുത്തിയതുമായ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബോർഡ് രൂപീകരിച്ചുകൊണ്ടുള്ള വിജ്ഞാപനത്തിന്റെ വിശദീകരണക്കുറിപ്പിൽ, ആദ്യ ഖണ്ഡികയിൽ,—

(എ) ''പെതുഉദ്ദേശ്യം'' എന്നത് ''പൊതു ഉദ്ദേശ്യം'' എന്ന് വായിക്കേണ്ടതാണ്.

(ബി) ''ഉദ്ദേശിശിച്ചുകൊണ്ടുള്ളതാണ്'' എന്നത് ''ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്'' എന്ന് വായിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

എ. അജിത് കുമാർ,
*ഗവൺമെന്റ് സെക്രട്ടറി.*

33/3831/2014/S-8.

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2013 മേയ് 28-ാം തീയതിയിലെ ജി. ഒ. (പി) 116/2013/നി.വ. നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചതും 2013 മേയ് 29-ാം തീയതിയിലെ 1479-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 435/2013 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനപ്രകാരം കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബോർഡ് സർക്കാർ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനത്തിന്റെ വിശദീകരണക്കുറിപ്പിലെ ആദ്യ ഖണ്ഡികയിൽ "പൊതു ഉദ്ദേശ്യം" എന്നത് "പെതുഉദ്ദേശ്യം" എന്നും "ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്" എന്നത് "ഉദ്ദേശിശിച്ചുകൊണ്ടുള്ളതാണ്" എന്നും തെറ്റായി രേഖപ്പെടുത്തുകയുണ്ടായി. സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-14)യുടെ ശുപാർശ പ്രകാരം ഇത് സംബന്ധിച്ച് തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിക്കാൻ സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2014.

©
കേരള സർക്കാർ
Government of Kerala
2014

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2012-14

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY


| | | | | |
|---|---|---|---|---|
| വാല്യം 3<br>Vol. III | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2014 മാർച്ച് 20<br>20th March 2014<br>1189 മീനം 6<br>6th Meenam 1189<br>1935 ഫാൽഗുനം 29<br>29th Phalguna 1935 | നമ്പർ<br>No. | 909 |


## കേരള സർക്കാർ

നികുതി (ഇ) വകുപ്പ്

### വിജ്ഞാപനം

ജി. ഒ. (പി) നമ്പർ 53/2014/നി.വ. *തിരുവനന്തപുരം, 2014 മാർച്ച് 20.*

**എസ്. ആർ. ഒ. നമ്പർ 204/2014.**—2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ആക്റ്റിലെ (2013-ലെ 7) 30-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ, 1991-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതിയുടെ കണക്കിലുള്ള എല്ലാ തുകകളും, 2013 നവംബർ 5-ാം തീയതിയിലെ ജി.ഒ.(പി) നമ്പർ 191/2013/നി.വ. നമ്പരായി പുറപ്പെടുവിച്ചതും 2013 നവംബർ 7-ാം തീയതിയിലെ 3180-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 885/2013 ആയി പ്രസിദ്ധപ്പെടുത്തിയതുമായ

വിജ്ഞാപനപ്രകാരം രൂപീകരിച്ചിട്ടുള്ള 'കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി'യിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നതും അതിൽ വരവ് വയ്ക്കുന്നതും ആയി ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

എ. അജിത് കുമാർ,
*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ആക്റ്റിലെ (2013-ലെ 7) 30-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം സർക്കാർ വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ, 1991-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതിയുടെ കണക്കിലുണ്ടായിരുന്ന മുഴുവൻ തുകകളും 2012-ലെ ക്ഷേമനിധി ആക്റ്റിൻകീഴിൽ രൂപീകരിക്കുന്ന നിധിയിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നതും, അതിൽ വരവുവയ്ക്കുന്നതുമാണെന്ന് വ്യവസ്ഥ ചെയ്യുന്നു. 2013 നവംബർ 11-ാം തീയതിയിലെ ജി.ഒ.(പി) 191/2013/നി.വ. നമ്പരായി പുറപ്പെടുവിച്ചതും 2013 നവംബർ 7-ാം തീയതിയിലെ 3180-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 885/2013 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനപ്രകാരം 'കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി' രൂപീകരിച്ചു. ആകയാൽ 1991-ലെ ക്ഷേമനിധി പദ്ധതിയുടെ കണക്കിലുള്ള മുഴുവൻ തുകയും ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ പ്രസ്തുത ക്ഷേമനിധിയിലേക്ക് കൈമാറ്റം ചെയ്യുവാനും അതിൽ വരവുവയ്ക്കുവാനും നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിക്കാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2014.

©
കേരള സർക്കാർ
Government of Kerala
2015

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 4<br>Vol. IV | തിരുവനന്തപുരം,<br>വെള്ളി<br>Thiruvananthapuram,<br>Friday | 2015 നവംബർ 27<br>27th November 2015<br>1191 വൃശ്ചികം 11<br>11th Vrischikam 1191<br>1937 അഗ്രഹായനം 6<br>6th Agrahayana 1937 | നമ്പർ<br>No. | 2641 |

## കേരള സർക്കാർ

നികുതി (ഇ) വകുപ്പ്

### വിജ്ഞാപനം

ജി. ഒ. (പി) നമ്പർ 207/2015/നി.വ. തിരുവനന്തപുരം, 2015 നവംബർ 27 / 1191 വൃശ്ചികം 11.

**എസ്. ആർ. ഒ. നമ്പർ 804/2015.**—2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ആക്റ്റിലെ (2013 ലെ 7) 8-ാം വകുപ്പ് (1)ാം ഉപവകുപ്പ് പ്രകാരം നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച്, കേരള സർക്കാർ, 2013 ഏപ്രിൽ 9-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 68/2013/നി.വ. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചതും 2013 ഏപ്രിൽ 10-ാം തീയതിയിലെ 1040-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 294/2013 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനപ്രകാരം ആവിഷ്കരിച്ചിട്ടുള്ള കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി ചുവടെ പറയുംപ്രകാരം ഭേദഗതി ചെയ്യുന്നു, അതായത് :—

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2015.

33/4474/2015/S-19.

## ഭേദഗതി

പ്രസ്തുത പദ്ധതിയിലെ അധ്യായം ഏഴ് പെൻഷൻ എന്ന ശീർഷകത്തിനുകീഴിൽ ഖണ്ഡം 24 ഉപഖണ്ഡം (2)-ൽ "മൂന്നൂറ്" എന്ന വാക്കിന് പകരം "ആയിരം" എന്ന വാക്ക് ചേർക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡോ. ഡബ്ല്യൂ. ആർ. റെഡ്ഡി,
*പ്രിൻസിപ്പൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2013 ഏപ്രിൽ 9-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 68/2013/നി. വ. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചതും 2013 ഏപ്രിൽ 10-ാം തീയതിയിലെ 1040-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 294/2013 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനപ്രകാരം ആവിഷ്കരിച്ചിട്ടുള്ള കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതിയിൽ, 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ആക്റ്റിന്റെ പ്രാരംഭ തീയതിക്കുമുൻപ് അറുപത്തിയഞ്ച് വയസ്സ് പൂർത്തിയായിട്ടുള്ളതും ഇരുപത്തി അഞ്ച് വർഷത്തിൽ കുറയാതെ ആധാരമെഴുത്തുകാരനോ, പകർപ്പെഴുത്തുകാരനോ, സ്റ്റാമ്പ് വെണ്ടറോ ആയിരുന്നതുമായ ഒരാളിന് ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം അംഗമായി ഒരു വർഷക്കാലം അംശദായം അടച്ചാൽ പ്രത്യേക പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണെന്നും, ഇപ്രകാരമുള്ള പ്രത്യേക പെൻഷൻ മുന്നൂറ് രൂപ ആയിരിക്കുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2012-ലെ ക്ഷേമനിധി ആക്റ്റ് പ്രാബല്യത്തിൽ വരുന്നതിനുമുൻപ് 25 വർഷം പൂർത്തിയാക്കി തൊഴിലിൽനിന്നും വിരമിച്ച വ്യക്തികൾക്ക് ക്ഷേമനിധി പദ്ധതി പ്രകാരം നൽകിവരുന്ന ആനുകൂല്യം മെച്ചപ്പെടുത്തണമെന്ന ആവശ്യം ഉയർന്നുവന്ന പശ്ചാത്തലത്തിൽ, ക്ഷേമനിധി പദ്ധതിപ്രകാരം അനുവദിച്ചിട്ടുള്ള പ്രത്യേക പെൻഷൻതുക മുന്നൂറു രൂപയിൽനിന്നും ആയിരം രൂപയായി വർദ്ധിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

©
Government of Kerala
കേരള സർക്കാർ
2013

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. രജി. നമ്പർ
KL/TV(N)/634/2012-14

# KERALA GAZETTE
# കേരള ഗസററ്
## EXTRAORDINARY
## അസാധാരണം
## PUBLISHED BY AUTHORITY
## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

KD-14

| | | | | |
|---|---|---|---|---|
| Vol. II | Thiruvananthapuram, Wednesday | 10th April 2013 / 2013 ഏപ്രിൽ 10 | No. | 1039 |
| വാല്യം 2 | തിരുവനന്തപുരം, ബുധൻ | 20th Chaithra 1935 / 1935 ചൈത്രം 20 | നമ്പർ | |

### കേരള സർക്കാർ

നികുതി (ഇ) വകുപ്പ്

വിജ്ഞാപനം

ജി. ഒ. (പി) നമ്പർ 67/2013/നി.വ. *തിരുവനന്തപുരം, 2013 ഏപ്രിൽ 9.*

എസ്. ആർ. ഒ. നമ്പർ 293/2013.—2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ആക്റ്റിലെ (2013-ലെ 7) 29-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, താഴെപ്പറയുന്ന ചട്ടങ്ങൾ ഇതിനാൽ ഉണ്ടാക്കുന്നു, അതായത്:—

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2013.

33/1725/2013/DTP.

## ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ചട്ടങ്ങൾ എന്ന് പേർ പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—(1) ഈ ചട്ടത്തിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "ആക്റ്റ്" എന്നാൽ, 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ആക്റ്റ് (2013-ലെ 7) എന്നർത്ഥമാകുന്നു;

(ബി) ഈ ചട്ടങ്ങളിൽ ഉപയോഗിച്ചിട്ടുള്ളതും പക്ഷേ, നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ ആക്റ്റിൽ നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും യഥാക്രമം ആക്റ്റിൽ അവയ്ക്ക് നൽകിയിട്ടുള്ള അതേ അർത്ഥം തന്നെ ആയിരക്കുന്നതാണ്.

3. ബോർഡിലെ അംഗങ്ങൾക്കുള്ള സിറ്റിംഗ് ഫീസും യാത്രാബത്തയും ദിനബത്തയും.—(1) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, സർക്കാരിനെ പ്രതിനിധാനം ചെയ്യുന്ന ഔദ്യോഗിക അംഗങ്ങൾക്ക് ബോർഡിന്റെ കാര്യനിർവ്വഹണത്തിനുവേണ്ടി നടത്തുന്ന യാത്രകൾക്ക്, അവർക്ക് ബാധകമായ സർവ്വീസ് ചട്ടങ്ങൾ പ്രകാരം അർഹതപ്പെട്ട നിരക്കിലുള്ള യാത്രാബത്തയ്ക്കും ദിനബത്തയ്ക്കും അർഹത ഉണ്ടായിരിക്കുന്നതാണ്.

(2) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, ആധാരമെഴുത്തുകാരെയും പകർപ്പെഴുത്തുകാരെയും സ്റ്റാമ്പ് വെണ്ടർമാരെയും പ്രതിനിധാനം ചെയ്യുന്ന അനൗദ്യോഗിക അംഗങ്ങൾക്ക് ബോർഡ് യോഗത്തിൽ പങ്കെടുക്കുന്നതിനും ബോർഡിന്റെ കാര്യനിർവ്വഹണത്തിനുവേണ്ടി നടത്തുന്ന യാത്രകൾക്ക് സർക്കാർ സർവ്വീസിലെ ക്ലാസ് I ആഫീസർമാർക്ക് അർഹതപ്പെട്ട നിരക്കിലുള്ള യാത്രാബത്തയ്ക്കും ദിനബത്തയ്ക്കും അർഹത ഉണ്ടായിരിക്കുന്നതാണ്.

(3) ബോർഡ് യോഗത്തിൽ പങ്കെടുത്ത ഒരു അനൗദ്യോഗിക അംഗത്തിന് ഓരോ യോഗത്തിനും മുന്നൂറ് രൂപ വീതം സിറ്റിംഗ് ഫീസിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

4. ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനം.—ബോർഡിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് സെക്രട്ടറിയെ സഹായിക്കുന്നതിന് ആവശ്യമായത്ര ഉദ്യോഗസ്ഥൻമാരെയും ജീവനക്കാരെയും ബോർഡിന്റെ അപേക്ഷ പ്രകാരം രജിസ്ട്രേഷൻ വകുപ്പിൽ നിന്നും സർക്കാരിന് ഡെപ്യൂട്ടേഷനിൽ നിയമിക്കാവുന്നതാണ്. ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും ശമ്പളവും അലവൻസുകളും മറ്റു സേവനവ്യവസ്ഥകളും അവരുടെ മാതൃവകുപ്പിലേതിനു സമാനമായിരിക്കേണ്ടതാണ്.

5. <u>നിധിയുടെ കണക്കുകളുടെ ആഡിറ്റും ആഡിറ്റർമാരുടെ നിയമനവും.</u>—എല്ലാ വർഷവും ജൂൺ പതിനഞ്ചിനു മുൻപ് നിധി സംബന്ധമായ എല്ലാ കണക്കുകളും, ഭരണപരമായ ചെലവുകൾ ഉൾപ്പെടെ, ബോർഡ് തീരുമാനിക്കുന്ന അംഗീകൃത ചാർട്ടേർഡ് അക്കൗണ്ടന്റിനെ നിയമിച്ചുകൊണ്ട് ആഡിറ്റ് ചെയ്യിക്കേണ്ടതാണ്. ആഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കപ്പെടുന്ന പോരായ്മകൾ എന്തെങ്കിലും ഉണ്ടെങ്കിൽ ബോർഡ് പരിശോധിച്ച് അവ ശരിയാക്കേണ്ടതും ആവശ്യമായ തിരുത്തൽ റിപ്പോർട്ട് ആഡിറ്റ് റിപ്പോർട്ടിനൊപ്പം ജൂലൈ 31-ന് മുൻപായി സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

6. <u>ക്ഷേമനിധി സ്റ്റാമ്പ്.</u>—അൻപത് രൂപ മൂല്യമുള്ളതും സർക്കാർ അംഗീകരിച്ചതും "കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി സ്റ്റാമ്പ്" എന്ന് മുദ്രണം ചെയ്തിട്ടുള്ളതും, 6 സെന്റീമീറ്റർ നീളവും 3 സെന്റീമീറ്റർ വീതിയുമുള്ള സ്റ്റാമ്പുകൾ ആവശ്യാനുസരണം, ബോർഡ്, സർക്കാർ പ്രസ്സിൽ അച്ചടിപ്പിക്കേണ്ടതാണ്.

7. <u>സ്റ്റാമ്പുകളുടെ വിതരണവും വിൽപ്പനയും.</u>—സ്റ്റാമ്പുകൾ ബോർഡിന്റെ അധീനതയിലായിരിക്കേണ്ടതും, അവ ആവശ്യം വരുന്ന മുറയ്ക്ക് രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന് നൽകേണ്ടതുമാണ്. സ്റ്റാമ്പുകളുടെ വിൽപന സബ് രജിസ്ട്രാർ ആഫീസ് മുഖേന ആയിരിക്കേണ്ടതാണ്. സബ് രജിസ്ട്രാർമാർ ആവശ്യാനുസരണം രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിൽ നിന്നും സ്റ്റാമ്പ് കൈപ്പറ്റേണ്ടതാണ്. ലൈസൻസുള്ള ആധാരമെഴുത്തുകാരും പകർപ്പെഴുത്തുകാരും സ്റ്റാമ്പ് വെണ്ടർമാരും ക്ഷേമനിധി സ്റ്റാമ്പുകൾ ആവശ്യം അനുസരിച്ച് ബന്ധപ്പെട്ട സബ് രജിസ്ട്രാർമാരിൽ നിന്നും വാങ്ങി ആക്റ്റിലെ 24-ാം വകുപ്പ് (2)ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള പ്രകാരം ഓരോ ആധാരത്തിലും പതിപ്പിക്കേണ്ടതാണ്. ഇതു സംബന്ധിച്ച വരവുചെലവ് കണക്കുകൾ അതാത് സബ് രജിസ്ട്രാർ ആഫീസുകളിൽ സൂക്ഷിക്കേണ്ടതും ഇതു സംബന്ധിച്ച് മാസംതോറും രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന് റിപ്പോർട്ട് നൽകേണ്ടതുമാണ്. അതാത് രജിസ്റ്ററിംഗ് അധികാരസ്ഥാനം മൂന്ന് മാസത്തിലൊരിക്കൽ സെക്രട്ടറിക്ക് റിപ്പോർട്ട് നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

എ. അജിത് കുമാർ,
*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതുഉദ്ദേശ്യം വ്യക്തമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ആക്റ്റിലെ (2013-ലെ 7) 29-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട ആധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് 2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

©
Government of Kerala
കേരള സർക്കാർ
2013

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. രജി. നമ്പർ
KL/TV(N)/634/2012-14

# KERALA GAZETTE
# കേരള ഗസറ്റ്

## EXTRAORDINARY
## അസാധാരണം

## PUBLISHED BY AUTHORITY
## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

KD-14

| | | | | |
|---|---|---|---|---|
| Vol. II<br>വാല്യം 2 | Thiruvananthapuram, Wednesday<br>തിരുവനന്തപുരം, ബുധൻ | 10th April 2013<br>2013 ഏപ്രിൽ 10<br>20th Chaithra 1935<br>1935 ചൈത്രം 20 | No.<br>നമ്പർ | 1040 |

## കേരള സർക്കാർ

<u>നികുതി (ഇ) വകുപ്പ്</u>

### വിജ്ഞാപനം

ജി. ഒ. (പി) നമ്പർ 68/2013/നി.വ. *തിരുവനന്തപുരം, 2013 ഏപ്രിൽ 9.*

എസ്. ആർ. ഒ. നമ്പർ 294/2013.—2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ആക്റ്റിലെ (2013-ലെ 7) 3-ാം വകുപ്പുപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, താഴെപ്പറയുന്ന പദ്ധതി ഇതിനാൽ ആവിഷ്ക്കരിക്കുന്നു, അതായത് :—

<u>അദ്ധ്യായം ഒന്ന്</u>

**പദ്ധതി**

1. <u>ചുരുക്കപ്പേരും പ്രാരംഭവും</u>.—(1) ഈ പദ്ധതിക്ക് 2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി എന്ന പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2013.

33/1726/2013/DTP.

2. നിർവ്വചനങ്ങൾ .—(1) ഈ പദ്ധതിയിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) "ആക്റ്റ്" എന്നാൽ 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ആക്റ്റ് (2013-ലെ 7) എന്നർത്ഥമാകുന്നു ;

(ബി) "ചെയർമാൻ" എന്നാൽ ബോർഡിന്റെ ചെയർമാൻ എന്നർത്ഥമാകുന്നു ;

(സി) "ഫാറം" എന്നാൽ ഈ പദ്ധതിയുടെ അനുബന്ധമായി ചേർത്തിട്ടുള്ള ഫാറം എന്നർത്ഥമാകുന്നു ;

(ഡി) "അംഗീകൃത സംഘടന" എന്നാൽ സർക്കാർ അംഗീകരിച്ച, ആധാരമെഴുത്തുകാരുടെയോ പകർപ്പെഴുത്തുകാരുടെയോ സ്റ്റാമ്പ് വെണ്ടർമാരുടെയോ സംഘടന എന്നർത്ഥമാകുന്നു.

(2) ഈ പദ്ധതിയിൽ ഉപയോഗിച്ചിട്ടുള്ളതും പക്ഷേ, നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ ആക്റ്റിൽ നിർവചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും യഥാക്രമം ആക്റ്റിൽ അവയ്ക്ക് നൽകിയിട്ടുള്ള അർത്ഥം തന്നെ ആയിരിക്കുന്നതാണ്.

## അദ്ധ്യായം രണ്ട്

## ക്ഷേമനിധി ബോർഡ്

3. ബോർഡിന്റെ അധികാരങ്ങളും ചുമതലകളും :—ആക്റ്റ് പ്രകാരം ബോർഡിന് നൽകിയിട്ടുള്ള അധികാരങ്ങൾക്ക് പുറമേ ബോർഡിന് താഴെ പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) പദ്ധതിയിൽ പ്രതിപാദിച്ചിരിക്കുന്നതും നിധിയുടെ നടത്തിപ്പിന് ആവശ്യമായതുമായ എല്ലാ കാര്യങ്ങളുടെയും നിർവ്വഹണം;

(ii) നിധിയിൽ അംഗമാകുന്ന ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും രജിസ്ട്രേഷൻ;

(iii) ആക്റ്റിലെയും പദ്ധതിയിലെയും വ്യവസ്ഥ അനുസരിച്ച് നിധിയുടെ വിനിയോഗവും ഭരണ നിർവ്വഹണവും, പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങൾ അനുവദിക്കലും;

(iv) അതതുസമയം, സർക്കാരിന്റെ നിർദ്ദേശാനുസരണം നിധിയുടെ വിനിയോഗത്തെ പറ്റിയുള്ള നയരൂപീകരണവും നിർവ്വഹണവും;

(v) നിധിയുടെ നടത്തിപ്പിനെക്കുറിച്ചുള്ള വാർഷിക റിപ്പോർട്ടും വാർഷിക ആഡിറ്റ് റിപ്പോർട്ടും സർക്കാരിന് സമർപ്പിക്കൽ;

(vi) ആക്റ്റിലെ വ്യവസ്ഥകൾക്കെതിരെയുള്ള പ്രവൃത്തികൾ സംബന്ധിച്ച് ആവശ്യമായ നിയമനടപടികൾ യഥാസമയം സ്വീകരിക്കൽ;

(vii) സർക്കാർ നൽകുന്ന പൊതുനിർദ്ദേശങ്ങൾ നടപ്പാക്കൽ;

(viii) നിധിയുടെ വാർഷിക ബഡ്ജറ്റ് തയ്യാറാക്കൽ;

(ix) നിധിയുടെ കണക്കുപരിശോധനയ്ക്കായി ഓഡിറ്റർമാരെ നിയമിക്കൽ, വർഷിക ആഡിറ്റ് നടത്തൽ;

(x) നിധി ഉപയോഗിച്ച് ആവിഷ്ക്കരിക്കപ്പെട്ട പലതരത്തിലുള്ള ക്ഷേമ പരിപാടികൾ നടപ്പാക്കുന്നതിനും ആനുകൂല്യങ്ങൾ നൽകുന്നതിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും ഉപദേശങ്ങളും സെക്രട്ടറിക്ക് നൽകൽ;

(xi) കണക്കുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നതിന് നടപടി സ്വീകരിക്കൽ;

(xii) അപേക്ഷകളും പരാതികളും എത്രയും പെട്ടെന്ന് തീർപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കൽ;

(xiii) പദ്ധതിക്കുകീഴിലുള്ള ക്ഷേമ പരിപാടികൾക്ക് അനുമതി നൽകൽ;

(xiv) സെക്രട്ടറിയുടെ ഉത്തരവുകൾക്കും തീരുമാനങ്ങൾക്കുമെതിരെയുള്ള അപ്പീലുകൾ കേട്ട് തീർപ്പ് കൽപ്പിക്കൽ;

(xv) സർക്കാരിന്റെ അംഗീകാരത്തോടെ അംഗങ്ങളുടെ ക്ഷേമത്തിനായി പുതിയ ക്ഷേമ പരിപാടികൾ ആവിഷ്ക്കരിക്കൽ;

(xvi) സർക്കാർ ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകൽ, ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമത്തിനാവശ്യമായ ശിപാർശകൾ സർക്കാരിനു സമർപ്പിക്കൽ;

(xvii) നിധിയിലേക്ക് ലഭിക്കേണ്ടതായ അർഹതപ്പെട്ട തുകകൾ യഥാസമയം നേടിയെടുക്കൽ;

(xviii) ബോർഡിന്റെ പ്രവർത്തനത്തിനാവശ്യമായ സാധനസാമഗ്രികൾ സർക്കാരിന്റെ അനുവാദത്തിനും നിബന്ധനകൾക്കും വിധേയമായി വാങ്ങൽ;

4. സെക്രട്ടറിയുടെ അധികാരങ്ങളും ചുമതലകളും.—സെക്രട്ടറിക്ക് താഴെ പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) ബോർഡിലെ ഉദ്യോഗസ്ഥൻമാരുടെയും അംഗങ്ങളുടെയും മേൽനോട്ടവും നിയന്ത്രണവും;

(ii) ബോർഡിനുവേണ്ടിയും ബോർഡിനെതിരെയുമുള്ള കേസുകളുടെ നടത്തിപ്പ്;

(iii) അതാത് സമയം ബോർഡ് അധികാരപ്പെടുത്തുന്ന സാമ്പത്തിക പരിധിക്ക് വിധേയമായി ബോർഡിന്റെ ഭരണത്തിന് ആവശ്യമായ സാധനസാമഗ്രികളും സേവനങ്ങളും ലഭ്യമാക്കുന്നതിന് ആവശ്യമായ ചെലവുകൾക്ക് തന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് അനുമതി നൽകൽ;

(iv) ബോർഡ് അധികാരപ്പെടുത്തുന്ന മുറയ്ക്ക്, മുകളിൽപ്പറഞ്ഞ അധികാരങ്ങൾക്ക് പുറമേ മറ്റ് ഭരണപരവും സാമ്പത്തികപരവുമായ അധികാരങ്ങൾ നിർവ്വഹിക്കൽ.

5. ബോർഡിന്റെ ആസ്ഥാനം:—ബോർഡിന്റെ ആസ്ഥാനം തിരുവനന്തപുരത്ത് ആയിരിക്കുന്നതാണ്.

6. ബോർഡ് യോഗത്തിന്റെ അറിയിപ്പും കാര്യവിവര പട്ടികയും.—(1) ബോർഡ് അതിന്റെ ബിസിനസ്സ് നടത്തിപ്പിനായി കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരേണ്ടതാണ്.

(2) ബോർഡ് യോഗത്തിനുള്ള തീയതിയും സമയവും സ്ഥലവും ചെയർമാന്റെ അനുമതിയോടെ നിശ്ചയിച്ച് സെക്രട്ടറി യോഗം വിളിച്ച് കൂട്ടേണ്ടതാണ്.

(3) ബോർഡ് യോഗം ചേരേണ്ട തീയതിക്ക് പതിനഞ്ചു ദിവസങ്ങൾക്കു മുൻപ് യോഗത്തിന്റെ നോട്ടീസും കാര്യവിവര പട്ടികയും ഓരോ ബോർഡ് അംഗത്തിനും രജിസ്ട്രേർഡ് തപാൽ വഴിയോ ഫാക്സ്/ഇ-മെയിൽ മുഖേനയോ അല്ലെങ്കിൽ പ്രത്യേക ദൂതൻ വഴിയോ അയയ്ക്കേണ്ടതും, നോട്ടീസിൽ യോഗ തീയതി, സമയം, സ്ഥലം എന്നിവ വ്യക്തമായി കാണിച്ചിരിക്കേണ്ടതുമാണ് :

എന്നാൽ, അടിയന്തിര യോഗത്തിന് സമയപരിധി ബാധകമായിരിക്കുന്നതല്ല.

7. യോഗ നടപടിക്കുറിപ്പ് തയ്യാറാക്കൽ.—(1) യോഗനടപടിക്കുറിപ്പുകൾ ഇതിനായുള്ള നടപടിക്കുറിപ്പ് പുസ്തകത്തിൽ സെക്രട്ടറി രേഖപ്പെടുത്തേണ്ടതും, യോഗം നടന്ന് പതിനഞ്ച് ദിവസങ്ങൾക്കകം ചെയർമാൻ അംഗീകരിച്ച നടപടിക്കുറിപ്പിന്റെ പകർപ്പ് എല്ലാ ബോർഡ് അംഗങ്ങൾക്കും അയച്ചുകൊടുക്കേണ്ടതുമാണ്.

(2) യോഗനടപടിക്കുറിപ്പിൽ എന്തെങ്കിലും മാറ്റം വരുത്തുകയാണെങ്കിൽ അവ അടുത്ത യോഗത്തിൽ അങ്ങനെ തിരുത്തി സ്ഥിരീകരിച്ച് ചെയർമാൻ ഒപ്പ് വയ്ക്കേണ്ടതാണ്.

8. <u>സമിതികളുടെ രൂപീകരണം</u>.—(1) [illegible] ബോർഡിന്, യുക്തമെന്ന് തോന്നുന്നപക്ഷം, വാർഷിക ബഡ്ജറ്റ്, വാർഷിക ഭ[illegible]ണ റിപ്പോർട്ട്, ആഡിറ്റ് റിപ്പോർട്ട്, പദ്ധതി പരിഷ്ക്കരണം, പുതിയ ക്ഷേമ[illegible]പാടികളുടെ ആവിഷ്ക്കരണം എന്നിവയോ ബോർഡ് പരാമർശിക്കുന്ന മറ്റേതെങ്കി[illegible]ലും കാര്യമോ പരിഗണിക്കുന്നതിലേക്കായി ആവശ്യനുസരണം ഉപസമിതികൾ [illegible] രൂപീകരിക്കാവുന്നതാണ്.

(2) (1)-ാം ഉപഖണ്ഡികപ്രകാരം രൂപീകരിക്കുന്ന ഒരു ഉപസമിതിയിൽ താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) ചെയർമാൻ ;

(ബി) സെക്രട്ടറി ഉൾപ്പെടെ രണ്ട് ഔദ്യോഗിക അംഗങ്ങൾ ;

(സി) രണ്ട് അനൗദ്യോഗിക അംഗങ്ങൾ.

(3) ചെയർമാൻ ഉപസമിതികളുടെയും ചെയർമാൻ ആയിരിക്കുന്നതാണ്.

(4) ഉപസമിതിയുടെ യോഗങ്ങളിൽ കുറഞ്ഞത് മൂന്ന് അംഗങ്ങളെങ്കിലും ഉണ്ടായിരിക്കേണ്ടതും, അതിൽ സർക്കാരിനെ പ്രതിനിധീകരിക്കുന്ന രണ്ട് അംഗങ്ങളെങ്കിലും ഹാജരില്ലാതെ യാതൊരു കാര്യപരിപാടികളും നടത്താൻ പാടില്ലാത്തതുമാകുന്നു.

(5) ഉപസമിതികളുടെ പരമാവധി ഔദ്യോഗിക കാലാവധി ആറുമാസമായിരിക്കുന്നതാണ് :

എന്നാൽ, അത്യാവശ്യമാണെന്ന് ബോർഡ് കാണുന്നപക്ഷം, ഉപസമിതിയുടെ കാലാവധി അത്യാവശ്യമായ കാലയളവിലേക്ക് ബോർഡിന് ദീർഘിപ്പിക്കാവുന്നതാണ് :

എന്നുമാത്രമല്ല, ഏതൊരു ഉപസമിതിയുടെയും കാലാവധി ബോർഡിന്റെ ഔദ്യോഗിക കാലാവധി കഴിയുന്നതോടെ അവസാനിക്കുന്നതാണ്.

## <u>അദ്ധ്യായം മൂന്ന്</u>

### നിധിയുടെ ഭരണം

9. <u>നിധി കൈകാര്യം ചെയ്യൽ</u>.—(1) ബോർഡിന്റെ നിർദ്ദേശപ്രകാരം സെക്രട്ടറി നിധി കൈകാര്യം ചെയ്യേണ്ടതാണ്. ആക്റ്റിലും പദ്ധതിയിലും ചട്ടങ്ങളിലും പറഞ്ഞിട്ടുള്ള ലക്ഷ്യങ്ങൾക്കുവേണ്ടി മാത്രം നിധി വിനിയോഗിക്കേണ്ടതാണ്.

(2) നിധി സംബന്ധിച്ചുള്ള ഇടപാടുകൾ നടത്തുന്നതിനായി സെക്രട്ടറി ബോർഡിന്റെ അനുമതിയോടെ ദേശസാൽകൃത ബാങ്കിലോ ഷെഡ്യൂൾഡ് ബാങ്കിലോ സഹകരണ ബാങ്കിലോ സംസ്ഥാന ട്രഷറിയിലോ, സേവിംഗ്സ് ബാങ്ക് അല്ലെങ്കിൽ കറണ്ട് അക്കൗണ്ട് തുറക്കേണ്ടതാണ്.

(3) 1991-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതിയുടെ കണക്കിലുണ്ടായിരുന്ന എല്ലാ തുകകളും ഈ ആക്റ്റിൻകീഴിൽ രൂപീകരിക്കുന്ന നിധിയിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നതും അതിൽ വരവു വയ്ക്കുന്നതുമാണ്.

10. നിധിയിലെ പണം നിക്ഷേപിക്കൽ.—സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായും ബോർഡ് തീരുമാനത്തിന് വിധേയമായും നിധിയിലെ പണം നിക്ഷേപിക്കേണ്ടതാണ്.

## അദ്ധ്യായം നാല്

## നിധിയിലെ അംഗത്വവും അംഗത്വ സർട്ടിഫിക്കറ്റ് നൽകലും

11. നിധിയിലെ അംഗത്വത്തിനുള്ള അപേക്ഷയും അംഗത്വ സർട്ടിഫിക്കറ്റ് നൽകലും.—(1) നിധിയിലെ അംഗത്വത്തിനുള്ള അപേക്ഷാ ഫാറം നമ്പർ 1-ൽ ആയിരിക്കേണ്ടതാണ്. അപേക്ഷകൻ അപേക്ഷയുടെ രണ്ട് പകർപ്പുകൾ സമർപ്പിക്കേണ്ടതാണ്. ശരിയായി പൂരിപ്പിച്ച്, അപേക്ഷകൻ ഒപ്പിട്ട അപേക്ഷ, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ, മേൽവിലാസം, ജനനത്തീയതി, വയസ്സ് എന്നിവ തെളിയിക്കുന്നതിനാവശ്യമായ, ഒരു ഗസറ്റഡ് ആഫീസർ സാക്ഷ്യപ്പെടുത്തിയ രേഖകൾ, ഗസറ്റഡ് ആഫീസർ സാക്ഷ്യപ്പെടുത്തിയ ലൈസൻസിന്റെ പകർപ്പ്, ശരിയായ രീതിയിൽ പൂരിപ്പിച്ച നോമിനേഷൻ ഫാറം, ആധാരമെഴുത്തുകാർ, പകർപ്പെഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർമാർ എന്നിവരുടെ രംഗത്ത് പ്രവർത്തിക്കുന്ന ഒരു അംഗീകൃത സംഘടനയുടെ ജില്ലാ സെക്രട്ടറിയുടെ ശിപാർശ കത്ത്, ഏത് സബ് രജിസ്ട്രാർ ഓഫീസിന്റെ പരിധിയിലാണോ പ്രവർത്തിക്കുന്നത് ആ സബ് രജിസ്ട്രാറുടെ ശിപാർശ കത്ത് എന്നിവ സഹിതം ബന്ധപ്പെട്ട രജിസ്റ്ററിംഗ് അധികാരസ്ഥാനം മുമ്പാകെ സമർപ്പിക്കേണ്ടതും രജിസ്റ്ററിംഗ് അധികാരസ്ഥാനം ആയത് പരിശോധിച്ച് ശിപാർശ സഹിതം ബോർഡിലേക്ക് അയച്ചുകൊടുക്കേണ്ടതുമാണ്.

(2) അപേക്ഷാഫീസ് ബന്ധപ്പെട്ട സബ് രജിസ്ട്രാർ ആഫീസിൽ അടയ്ക്കേണ്ടതും ആയതിന്റെ രസീത് അപേക്ഷയോടൊപ്പം വയ്ക്കേണ്ടതുമാണ്.

(3) അപേക്ഷൻ അപേക്ഷയോടൊപ്പം നോമിനേഷന്റെ രണ്ടു പകർപ്പുകൾ നൽകേണ്ടതും രജിസ്റ്ററിംഗ് അധികാരസ്ഥാനം സാക്ഷ്യപ്പെടുത്തിയ നോമിനേഷന്റെ ഒരു പകർപ്പ് അംഗത്വ സാക്ഷ്യപത്രത്തിനൊപ്പം രജിസ്റ്ററിംഗ് അധികാരസ്ഥാനം അംഗത്തിന് നൽകേണ്ടതുമാണ്.

(4) വയസ്സ്, ജനനത്തീയതി, മേൽവിലാസം എന്നിവ തെളിയിക്കുന്നതിനായി റേഷൻ കാർഡ്, അംഗീകൃത തിരിച്ചറിയൽ കാർഡ്, എസ്. എസ്. എൽ. സി. ബുക്ക്, പാസ്പോർട്ട്, പാൻകാർഡ് എന്നിവയിലേതെങ്കിലും ഒന്നിന്റെ ബന്ധപ്പെട്ട പേജിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പോ പ്രസ്തുത രേഖകൾ ലഭ്യമല്ലെങ്കിൽ മേൽവിലാസം തെളിയിക്കുന്നതിന് ബന്ധപ്പെട്ട വില്ലേജ് ആഫീസറിൽ നിന്നുള്ള സാക്ഷ്യപത്രവും, വയസ്സും ജനനത്തീയതിയും തെളിയിക്കുന്നതിന് ഒരു അസിസ്റ്റന്റ് സർജന്റെ പദവിയിൽ താഴെയല്ലാത്ത മെഡിക്കൽ ആഫീസറുടെ സാക്ഷ്യപത്രമോ ഹാജരാക്കേണ്ടതാണ്.

(5) അംഗത്വത്തിനായി ലഭിക്കുന്ന അപേക്ഷകൾ ബോർഡ് പരിശോധിച്ചശേഷം അംഗത്വം നൽകാവുന്നതും ബോർഡിന്റെ തീരുമാനം രജിസ്റ്ററിംഗ് അധികാര സ്ഥാനത്തെ അറിയിക്കേണ്ടതുമാണ്. ബോർഡ് അംഗത്വം നൽകി ഉത്തരവായ അപേക്ഷകർക്ക് രജിസ്റ്ററിംഗ് അധികാരസ്ഥാനം ഫാറം നമ്പർ 2-ൽ ഒരു അംഗത്വ സർട്ടിഫിക്കറ്റ് നൽകേണ്ടതും ആവശ്യമായ വിവരങ്ങൾ ഫാറം നമ്പർ 3-ലെ അംഗത്വ രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കേണ്ടതുമാണ്. രജിസ്റ്ററിലെ വിവരങ്ങൾ കൃത്യതയോടും, അതതു സമയങ്ങളിൽ വേണ്ട വിവരങ്ങൾ ഉൾക്കൊള്ളിച്ചും സൂക്ഷിക്കേണ്ടതാണ്. സംസ്ഥാനതലത്തിലുള്ള അംഗത്വ രജിസ്റ്റർ ഫാറം നമ്പർ 3-ൽ തന്നെ എഴുതി സെക്രട്ടറിയും സൂക്ഷിക്കേണ്ടതാണ്.

(6) അപേക്ഷയുടെയും അംഗത്വ സാക്ഷ്യപത്രത്തിന്റെയും ഓരോ പകർപ്പുകൾ ബന്ധപ്പെട്ട ജില്ലാ രജിസ്റ്ററിംഗ് അധികാരസ്ഥാനം സൂക്ഷിക്കേണ്ടതും പ്രസ്തുത രേഖകളുടെ ഓരോ പകർപ്പുകൾ സൂക്ഷിക്കുന്നതിനായി സെക്രട്ടറിക്ക് അയച്ചുകൊടുക്കേണ്ടതുമാണ്. അംഗത്തിന് രജിസ്റ്ററിംഗ് അധികാരസ്ഥാനം ഒപ്പിട്ട ഒരു തിരിച്ചറിയൽ കാർഡ് ഫാറ നമ്പർ 4-ലും നിശ്ചിത വിവരങ്ങൾ രേഖപ്പെടുത്തിയ ഒരു പാസ് ബുക്ക് ഫാറം നമ്പർ 20-ലും നൽകേണ്ടതാണ്.

(7) അംഗത്വ സാക്ഷ്യപത്രമോ തിരിച്ചറിയൽ കാർഡോ പാസ് ബുക്കോ നഷ്ടപ്പെടുകയും അവയുടെ ഡ്യൂപ്ലിക്കേറ്റിനായി അംഗം അപേക്ഷിക്കുകയും ചെയ്യുന്നപക്ഷം ആവശ്യമായ സത്യവാങ്മൂലം അപേക്ഷകനിൽ നിന്നും വാങ്ങി അന്വേഷണത്തിനും സ്ഥിരീകരണത്തിനും ശേഷം അതിന്റെ ഡ്യൂപ്ലിക്കേറ്റ് ബന്ധപ്പെട്ട രജിസ്റ്ററിംഗ് അധികാരസ്ഥാനം അംഗത്തിന് നൽകേണ്ടതാണ്.

12. <u>നാമനിർദ്ദേശം ചെയ്യൽ</u>.—(1) നിധിയിൽ അംഗമായി ചേരുന്ന ഏതൊരാളും അപേക്ഷയോടൊപ്പം അംഗത്തിന്റെ മരണശേഷം ഈ പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ നൽകപ്പെടേണ്ട വ്യക്തിയുടെ അഥവാ വ്യക്തികളുടെ പേരും വിശദ വിവരങ്ങളും അടങ്ങിയ ഒരു നോമിനേഷൻ, ഫാറം നമ്പർ 5-ൽ നൽകേണ്ടതാണ്. എന്നാൽ, ആശ്രിതൻ എന്ന നിർവ്വചനത്തിൽ ഉൾപ്പെടുന്ന ആരെയെങ്കിലും മാത്രമേ അപേക്ഷകൻ നാമനിർദ്ദേശം ചെയ്യാൻ പാടുള്ളൂ.

(2) ഒരു അംഗത്തിന് ഭാവിയിൽ തന്റെ കുടുംബത്തിൽ വരുന്ന മാറ്റങ്ങൾക്കനുസരിച്ചോ ഉചിതമെന്നു തോന്നുന്ന സമയത്തോ നോമിനേഷനിൽ മാറ്റം വരുത്താവുന്നതാണ്. അങ്ങനെ ചെയ്യുന്നപക്ഷം പുതിയ നോമിനേഷൻ, ഫാറം നമ്പർ 6-ൽ സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം നോമിനേഷനിൽ മാറ്റം വരുത്തുന്ന സംഗതിയിൽ അംഗം ഏറ്റവും അവസാനം സമർപ്പിച്ച നോമിനേഷൻ മാത്രം സാധുവായി നിലനിൽക്കുന്നതാണ്.

13. <u>അംശദായം അടയ്ക്കുന്ന രീതി</u>.—ഓരോ അംഗവും അംശദായമായി ഓരോ മാസവും അടയ്ക്കേണ്ട തുക ബന്ധപ്പെട്ട സബ് രജിസ്ട്രാർ ഓഫീസിൽ അടയ്ക്കേണ്ടതാണ്. സബ് രജിസ്ട്രാർ അംശദായം സ്വീകരിച്ച് രസീത് നൽകേണ്ടതും അത് സംബന്ധിച്ച കണക്കുകളും അംഗങ്ങളുടെ വിവരങ്ങളും സൂക്ഷിക്കുകയും ഓരോ മാസവും രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന് നൽകേണ്ടതും രജിസ്റ്ററിംഗ് അധികാരസ്ഥാനം ജില്ലയിൽ നിന്നും ഓരോ മാസവും ശേഖരിച്ച റിപ്പോർട്ട് ബോർഡിന് അയച്ചുകൊടുക്കുകയും ചെയ്യേണ്ടതാണ്.

14. അപ്പീലിനുള്ള കാലപരിധി :—(1) നിധിയിലെ അംഗത്വത്തിനുള്ള ഒരു അപേക്ഷ ബോർഡ് നിരസിക്കുന്ന പക്ഷം അതുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും അങ്ങനെ നിരസിച്ചുകൊണ്ടുള്ള ഉത്തരവ് കൈപ്പറ്റി മുപ്പതു ദിവസത്തിനകം സർക്കാരിന് അപ്പീൽ നൽകാവുന്നതാണ് :

എന്നാൽ, മുപ്പതു ദിവസക്കാലയളവിനകം അപ്പീൽ നൽകാതിരിക്കുവാൻ അപേക്ഷകന് മതിയായ കാരണമുണ്ടായിരിന്നുവെന്ന് സർക്കാരിന് ബോദ്ധ്യമാകുന്നപക്ഷം കാലതാമസം മാപ്പുചെയ്ത് അത്തരം അപ്പീൽ സ്വീകരിക്കാവുന്നതാണ്.

(2) ഒരു ആധാരമെഴുത്തുകാരനോ പകർപ്പെഴുത്തുകാരനോ സ്റ്റാമ്പ് വെണ്ടറോ നിധിയിൽ അംഗമായി തുടരുന്നതിന് അർഹനാണോ അല്ലയോ എന്നതു സംബന്ധിച്ചോ അംഗത്വം റദ്ദാക്കുന്നതു സംബന്ധിച്ചോ അംഗത്വം പുനരുജ്ജീവിപ്പിച്ചുനൽകൽ സംബന്ധിച്ചോ ഉണ്ടായേക്കാവുന്ന രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെ തീരുമാനങ്ങൾക്കെതിരെ ആക്ഷേപമുള്ളപക്ഷം, അത്തരം തീരുമാനം സംബന്ധിച്ച ഉത്തരവ് പ്രകാരം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും ഉത്തരവ് കൈപ്പറ്റി മുപ്പത് ദിവസത്തിനകം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ മുൻപാകെ അപ്പീൽ ഫയൽ ചെയ്യാവുന്നതാണ് :

എന്നാൽ, മുപ്പതു ദിവസക്കാലയളവിനകം അപ്പീൽ നൽകാതിരിക്കുവാൻ അപേക്ഷകന് മതിയായ കാരണമുണ്ടായിരുന്നുവെന്ന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് ബോദ്ധ്യമാകുന്നപക്ഷം കാലതാമസം മാപ്പ് ചെയ്ത് അത്തരം അപ്പീൽ സ്വീകരിക്കാവുന്നതാണ്.

(3) രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനോ സർക്കാരിനോ ലഭിക്കുന്ന അപ്പീൽ അപേക്ഷകളിൻമേൽ ആവശ്യമായ അന്വേഷണം നടത്തി, അപേക്ഷകന് പറയുവാനുള്ളത് പറയുവാൻ അവസരം നൽകി, രേഖകൾ പരിശോധിച്ച് യുക്തമായ തീരുമാനമെടുക്കേണ്ടതും തീരുമാനം അപ്പീൽ അപേക്ഷകനെ അറിയിക്കേണ്ടതുമാണ്.

## അദ്ധ്യായം അഞ്ച്

## വാർഷിക റിപ്പോർട്ടും ബഡ്ജറ്റും

15. വാർഷിക റിപ്പോർട്ടും കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റുമെന്റും.—(1) നിധിയുടെ വാർഷിക റിപ്പോർട്ട് ബോർഡിന്റെ നിർദ്ദേശപ്രകാരം തയ്യാറാക്കേണ്ടതും ബോർഡിന്റെ അംഗീകാരത്തിനുശേഷം റിപ്പോർട്ടിന്റെ ഒരു പകർപ്പ്, കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റ് സഹിതം ഓരോ വർഷവും ജൂലൈ 31-ന് മുൻപ് സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

(2) വാർഷിക റിപ്പോർട്ട് ലഭിച്ചാലുടൻതന്നെ സർക്കാർ, അത് കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റ് സഹിതം, നിയമസഭയുടെ മുൻപാകെ വയ്ക്കേണ്ടതാണ്.

16. ബഡ്ജറ്റ് അംഗീകരിക്കൽ.—(1) എല്ലാ വർഷവും ജൂലൈ മാസം അടുത്ത സാമ്പത്തിക വർഷത്തേക്കായുള്ള പ്രതീക്ഷിക്കുന്ന വരവും ചെലവും കാണിക്കുന്ന ഒരു വാർഷിക ബഡ്ജറ്റ് ബോർഡ് മുൻപാകെ സെക്രട്ടറി വയ്ക്കേണ്ടതും ബോർഡിന്റെ അംഗീകാരം ലഭിച്ചശേഷം ആ വർഷം ആഗസ്റ്റ് മാസത്തിൽ തന്നെ ആയത് സർക്കാരിലേക്ക് അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുമാണ്.

(2) ഒരു സാമ്പത്തിക വർഷത്തിനിടയിൽ, അടിയന്തിരഘട്ടത്തിൽ, സെക്രട്ടറിക്ക് അംഗീകരിക്കപ്പെട്ട ബഡ്ജറ്റിൽ നിന്നും ധന പുനർവിനിയോഗം നടത്താവുന്നതാണ്. ബഡ്ജറ്റൽ വക കൊള്ളിച്ചിട്ടുള്ള ചെലവുകൾക്ക് മാത്രമേ ഇത്തരം പുനർവിനിയോഗം ചെയ്യപ്പെടുന്ന തുക ഉപയോഗിക്കാൻ പാടുള്ളൂ. അപ്രകാരം നടത്തപ്പെട്ട എല്ലാ ധന പുനർവിനിയോഗങ്ങളും പതിനഞ്ച് ദിവസത്തിനകം സെക്രട്ടറി ബോർഡിന് റിപ്പോർട്ട് ചെയ്ത് അംഗീകാരം വാങ്ങേണ്ടതാണ്.

## അദ്ധ്യായം ആറ്

### ക്ഷേമനിധി ആനുകൂല്യങ്ങൾ

17. ചികിത്സാ ധനസഹായം.—(1) അംശദായം കൃത്യമായി അടച്ചുവരുന്ന അംഗങ്ങൾക്ക് ചികിത്സാ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(2) ക്യാൻസർ, ഹൃദ്രോഗം, ക്ഷയം, മാനസികരോഗം, കുഷ്ഠം, വാതം, ഗർഭാശയരോഗം, ശസ്ത്രക്രിയ വഴി ഗർഭാശയം നീക്കംചെയ്യൽ, അപകടംമൂലം അംഗവൈകല്യം സംഭവിക്കൽ, സ്വാഭാവികമല്ലാത്ത പ്രസവം എന്നീ രോഗങ്ങളാലും ബോർഡ് അംഗീകരിക്കുന്ന അങ്ങനെയുള്ള മറ്റ് ഗുരുതര സ്വഭാവമുള്ള അസുഖങ്ങളാലും ദുരിതമനുഭവിക്കുന്നവർക്ക് ചികിത്സാ ധനസഹായത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

(3) ഈ ഖണ്ഡിക പ്രകാരമുള്ള ധനസഹായം ഒരംഗത്തിന് പരമാവധി ഇരുപത്തയ്യായിരം രൂപയോ അല്ലെങ്കിൽ ഹാജരാക്കുന്ന ബില്ലുകളിലെ ആകെ തുകയോ ഇവയിൽ ഏതാണോ കുറവ് അത് ആയിരിക്കുന്നതാണ്. സർക്കാർ ആശുപത്രികൾ കൂടാതെ, പദ്ധതിയോടൊപ്പം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള പട്ടിക—I-ലെ ആശുപത്രികളിൽ നിന്നുള്ള ചികിത്സകൾക്കും അതുമായി ബന്ധപ്പെട്ട ബില്ലുകൾ പ്രകാരവും മേൽ പ്രസ്താവിച്ച ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(4) ഈ വിധത്തിലുള്ള ധനസഹായം ഒരംഗത്തിന് അംഗത്വകാലയളവിനുള്ളിൽ പരമാവധി അഞ്ച് പ്രാവശ്യം അനുവദിക്കുന്നതാണ്. ഇത്തരം രണ്ടു ധനസഹായങ്ങൾ തമ്മിലുള്ള കാലയളവ് കുറഞ്ഞത് ആറ് മാസമെങ്കിലും ആയിരിക്കേണ്ടതാണ്. ധനസഹായത്തിനുള്ള അപേക്ഷകൾ ചികിത്സ തുടങ്ങുന്നതിനു മുൻപോ ചികിത്സ കഴിഞ്ഞ് ആറ് മാസത്തിനകമോ സമർപ്പിച്ചിരിക്കേണ്ടതാണ് :

എന്നാൽ, അപേക്ഷ സമർപ്പിക്കാതിരിക്കുവാൻ മതിയായ കാരണം ഉണ്ടായിരുന്നു എന്ന് ബോർഡിന് ബോദ്ധ്യമാകുന്നപക്ഷം ആറുമാസത്തിൽ കവിയാതെയുള്ള കാലതാമസം ബോർഡിന് മാപ്പാക്കാവുന്നതാണ്.

(5) ചികിത്സാ ധനസഹായത്തിന് അപേക്ഷിച്ചവർ മരണമടഞ്ഞാൽ അപേക്ഷകന്റെ നോമിനിക്ക് ധനസഹായം നൽകേണ്ടതാണ്.

(6) ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷ, ഫാറം നമ്പർ 7-ൽ ആയിരിക്കേണ്ടതാണ്. ചികിത്സാ ആനുകൂല്യത്തിനായി അപേക്ഷിക്കുന്നവർ ഒരു സർക്കാർ അംഗീകൃത മെഡിക്കൽ ആഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ബോർഡ് അംഗീകരിച്ച പട്ടികയിൽ ഉൾപ്പെടാത്ത സ്വകാര്യ ആശുപത്രികളിൽ ചികിത്സ നടത്തിയ അംഗങ്ങൾ നിർദ്ദിഷ്ട ചികിത്സയെ സംബന്ധിച്ച് ബന്ധപ്പെട്ട ചികിത്സയിൽ വിദഗ്ദനായ സർക്കാർ മെഡിക്കൽ ആഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. സബ് രജിസ്ട്രാറുടെയോ രജിസ്റ്ററിംഗ് അധികാര സ്ഥാനത്തിന്റെയോ ശിപാർശയും അംഗീകൃത സംഘടനയുടെ ബന്ധപ്പെട്ട ജില്ലാ സെക്രട്ടറിയുടെ ശിപാർശയും ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, ഐ. പി./ഒ. പി. ടിക്കററ്, ഡിസ്ചാർജ്ജ് സർട്ടിഫിക്കറ്റ്, അവസാന വരിസംഖ്യ അടച്ച രസീത്, അംഗത്വ സർട്ടിഫിക്കറ്റ്, ചികിത്സ തേടിയ ആശുപത്രിയിലെ മെഡിക്കൽ ആഫീസർ സാക്ഷ്യപ്പെടുത്തിയ ബില്ലുകൾ എന്നിവ അപേക്ഷയോടൊപ്പം ഉണ്ടായിരിക്കേണ്ടതാണ്.

18. <u>വിരമിക്കൽ ആനുകൂല്യം</u>.—(1) തൊഴിൽ അവസാനിപ്പിച്ചതോ അല്ലെങ്കിൽ അനാരോഗ്യം കാരണമോ ജോലിയിൽ തുടരാൻ സാധിക്കാത്തതോ ആയതും അഞ്ചു വർഷത്തിൽ കുറയാതെ അംശദായം അടച്ചിട്ടുള്ളതുമായ അംഗമായിരുന്ന ഒരാൾക്ക്, അയാൾ നിധിയിൽ അടച്ചിട്ടുള്ള അംശദായവും നിധിയിലെ വിഹിതവും ചേർത്ത് നൽകുന്നതാണ്. ഇങ്ങനെയുള്ള വിരമിക്കൽ ആനുകൂല്യം നൽകുന്നതിനുള്ള തുക പട്ടിക II-ൽ വിനിർദ്ദേശിച്ച പ്രകാരം കണക്കാക്കേണ്ടതാണ്:

എന്നാൽ, അഞ്ചുവർഷത്തിൽ താഴെ അംശദായം അടച്ചിട്ടുള്ള ഒരംഗത്തിന് നിശ്ചിത തുക തിരിച്ചു ലഭിക്കുന്നതിനുള്ള അർഹത സംബന്ധിച്ച് തീരുമാനമെടുക്കുവാൻ ബോർഡിന് അധികാരമുണ്ടായിരിക്കുന്നതും പരമാവധി പ്രസ്തുത പട്ടികയിൽ നിശ്ചയിച്ച തുകവരെ നൽകാവുന്നതാണ്.

(2) അറുപത്തിയഞ്ച് വയസ്സ് പൂർത്തിയാകുകയോ ഇരുപത്തിയഞ്ച് വർഷത്തെ അംഗത്വത്തിനുശേഷം തന്റെ ലൈസൻസ് തിരിച്ചേൽപ്പിക്കുകയും സ്വമേധയാ പെൻഷന് അപേക്ഷിക്കുകയും ചെയ്യുന്ന അംഗത്തിന് വിരമിക്കൽ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. അങ്ങനെയുള്ള വിരമിക്കൽ ആനുകൂല്യത്തിനുള്ള അപേക്ഷ, ഫാറം നമ്പർ 8-ൽ ആയിരിക്കേണ്ടതും എല്ലാ പേജുകളിലും സബ് രജിസ്ട്രാർ സാക്ഷ്യപ്പെടുത്തിയ പാസ് ബുക്ക്, അവസാന വരിസംഖ്യ അടച്ച രസീത്, സബ് രജിസ്ട്രാറുടെയും രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെയും ശിപാർശ, അസ്സൽ അംഗത്വ സർട്ടിഫിക്കറ്റ്, ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതുമാണ്.

(3) ശാരീരിക അവശതമൂലമുള്ള വിരമിക്കൽ ആനുകൂല്യത്തിനുള്ള അപേക്ഷ, ഫാറം നമ്പർ 9-ൽ ആയിരിക്കേണ്ടതാണ്. ശാരീരിക അവശതമൂലം വിരമിക്കൽ ആനുകൂല്യത്തിന് അപേക്ഷിക്കുന്ന അംഗം ശാരീരിക അവശത അനുഭവിക്കുന്നുവെന്നും അവശതമൂലം യാതൊരു ജോലിയും ചെയ്യാൻ കഴിയാത്ത ആളാണെന്നും തെളിയിക്കുന്നതിലേയ്ക്കായി സർക്കാർ മെഡിക്കൽ ആഫീസറുടെ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. അംഗത്വ സർട്ടിഫിക്കറ്റ്, സബ് രജിസ്ട്രാറുടെയും രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെയും അംഗീകൃത സംഘടനയുടെ ബന്ധപ്പെട്ട ജില്ലാ സെക്രട്ടറിയുടെയും ശിപാർശ, അതതുസംഗതിപോലെ, ആധാരമെഴുത്ത് ലൈസൻസിന്റെയോ പകർപ്പെഴുത്ത് ലൈസൻസിന്റെയോ സ്റ്റാമ്പ് വെണ്ടർ ലൈസൻസിന്റെയോ അസ്സൽ, അവസാനം വരിസംഖ്യ അടച്ച രസീത് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

(4) അറുപത്തിയഞ്ചു വയസ്സിനുശേഷം വരിസംഖ്യ അടയ്ക്കുവാനും സ്വീകരിക്കുവാനും പാടില്ലാത്തതാകുന്നു. ഇത്തരം വീഴ്ച വരുന്ന സാഹചര്യത്തിൽ സബ് രജിസ്ട്രാറുടെയും അംഗത്തിന്റെയും വിശദീകരണം ഉൾപ്പെടെ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. അംഗത്വം അവസാനിച്ച തീയതിക്കുശേഷം അടച്ചിട്ടുള്ള അംശദായവും വീഴ്ചയോ അയോഗ്യതയോ കാരണം അംഗത്വം അവസാനിക്കുന്ന സംഗതിയിൽ അംഗത്തിനോ നോമിനിക്കോ നൽകേണ്ട അംശദായ തുകയും യാതൊരു പലിശയുമില്ലാതെ അപേക്ഷകന് അല്ലെങ്കിൽ നോമിനിക്ക് തിരിച്ചുനൽകേണ്ടതാണ്.

19. <u>അംഗത്തിന്റെ മരണാനന്തരം അവകാശികൾക്ക് മരണാനന്തരാനുകൂല്യം നൽകൽ</u> .—(1) ഒരംഗം മരണപ്പെട്ടാൽ അംഗത്തിന്റെ നോമിനിക്ക് അല്ലെങ്കിൽ അവകാശിക്ക് മരണാനന്തര ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. മരണാനന്തര ആനുകൂല്യം ഒരു ലക്ഷം രൂപ ആയിരിക്കുന്നതാണ്.

(2) മരണാനന്തര ആനുകൂല്യത്തിനുള്ള അപേക്ഷ ഫാറം നമ്പർ 10-ൽ ആയിരിക്കേണ്ടതാണ്.

(3) മരണാനന്തര ആനുകൂല്യം ലഭിക്കുന്നതിലേക്കായി അപേക്ഷയോടൊപ്പം രജിസ്റ്ററിംഗ് അധികാരസ്ഥാനം സാക്ഷ്യപ്പെടുത്തിയ അസ്സൽ നോമിനേഷൻ, എല്ലാ പേജുകളിലും സബ് രജിസ്ട്രാർ സാക്ഷ്യപ്പെടുത്തിയ പാസ് ബുക്ക്, അസ്സൽ അംഗത്വ സർട്ടിഫിക്കറ്റ്, ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, മരണ സർട്ടിഫിക്കറ്റ്, സബ് രജിസ്ട്രാറുടെയും രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെയും ശിപാർശ, അസ്സൽ നോമിനേഷൻ ലഭ്യമല്ലെങ്കിൽ തഹസിൽദാർ നൽകുന്ന അനന്തരാവകാശ സർട്ടിഫിക്കറ്റ്, ഒന്നിൽ കൂടുതൽ അവകാശികൾ ഉള്ളപക്ഷം ആവശ്യമെങ്കിൽ മറ്റ് അവകാശികൾക്കുകൂടി വേണ്ടി ഒരാൾ തുക കൈപ്പറ്റുന്നതിന് മതിയായ സലയ്ക്കുള്ള മുദ്രപ്പത്രത്തിൽ തയ്യാറാക്കിയ മറ്റ് അവകാശികളുടെ സമ്മതപത്രം, നോമിനി പ്രായപൂർത്തിയാകാത്ത ആളാണെങ്കിൽ വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

20. <u>വിവാഹ ധനസഹായം</u>—(1) കുറഞ്ഞത് രണ്ട് വർഷമെങ്കിലും നിധിയിലേക്ക് അംശദായം അടച്ചുവരുന്ന അംഗങ്ങളുടെയും അവരുടെ പ്രായ പൂർത്തിയായ പെൺമക്കളുടെയും വിവാഹ ചെലവിനായി അയ്യായിരം രൂപ വിവാഹ ധനസഹായമായി നിധിയിൽ നിന്ന് നൽകാവുന്നതാണ്. വിവാഹ ധനസഹായത്തിനുള്ള അപേക്ഷ, ഫാറം നമ്പർ 11-ൽ ആയിരിക്കേണ്ടതാണ്.

(2) പ്രസ്തുത ധനസഹായത്തിന് അപേക്ഷിക്കുന്ന അംഗം വിവാഹം നിശ്ചയിച്ചു എന്നോ അഥവാ വിവാഹം നടന്നു എന്നോ തെളിയിക്കുന്നതിനായി അപേക്ഷകൻ താമസിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി, പ്രസിഡണ്ട്, ചെയർമാൻ, മേയർ, ബന്ധപ്പെട്ട എം. എൽ. എ., ഒരു ഗസറ്റഡ് ആഫീസർ, വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് അധികാരമുള്ള സമുദായ സംഘടനകളുടെ അധികാരികൾ എന്നിവരിൽ ആരെങ്കിലും നൽകുന്ന സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. അപേക്ഷയോടൊപ്പം സബ് രജിസ്ട്രാറുടെയും രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെയും അംഗീകൃത സംഘടനയുടെ ബന്ധപ്പെട്ട ജില്ലാ സെക്രട്ടറിയുടെയും ശിപാർശ ഉണ്ടായിരിക്കേണ്ടതാണ്.

(3) വിവാഹ ധനസഹായം ലഭിക്കുന്നതിന് വിവാഹനിശ്ചയം കഴിഞ്ഞ ശേഷമോ വിവാഹം കഴിഞ്ഞ് അറുപതു ദിവസത്തിനകമോ അപേക്ഷ സമർപ്പിക്കേണ്ടതാണ് :

എന്നാൽ, പ്രസ്തുത കാലയളവിനുള്ളിൽ അപേക്ഷ സമർപ്പിക്കാതിരിക്കാൻ അപേക്ഷകന് മതിയായ കാരണം ഉണ്ടായിരുന്നു എന്ന് ബോർഡിന് ബോദ്ധ്യമാകുന്നപക്ഷം മുപ്പതു ദിവസത്തിൽ കവിയാത്ത കാലതാമസം അതിന് മാപ്പാക്കാവുന്നതാണ്.

(4) വിവാഹിതയാകുന്ന മകൾ നിധിയിൽ അംഗമാണെങ്കിൽ ക്ഷേമനിധി അംഗങ്ങളായ അച്ചനോ അമ്മയ്ക്കോ ഈ ആനുകൂല്യത്തിന് അപേക്ഷിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

(5) വിവാഹം കഴിക്കുന്ന സ്ത്രീയും പുരുഷനും നിധിയിൽ അംഗങ്ങളാണെങ്കിൽ രണ്ട് പേർക്കും വിവാഹ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(6) അച്ഛനും അമ്മയും നിധിയിൽ അംഗങ്ങളാണെങ്കിൽ വിവാഹ ധനസഹായത്തിന് ഒരാൾക്കു മാത്രമേ അപേക്ഷ സമർപ്പിക്കുവാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ.

(7) ഒരംഗത്തിന് വിവാഹ ധനസഹായം പരമാവധി രണ്ട് പ്രാവശ്യം ലഭിക്കുന്നതിന് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ.

21. <u>പ്രസവാനുകൂല്യം</u>.—(1) വനിതാ അംഗങ്ങളുടെ പ്രസവ ചെലവിനായി അയ്യായിരം രൂപ നിധിയിൽ നിന്ന് നൽകാവുന്നതാണ്. കുറഞ്ഞത് രണ്ട് വർഷമെങ്കിലും തുടർച്ചയായി നിധിയിലേക്ക് അംശദായം അടച്ചുവരുന്ന വനിതാ അംഗത്തിന് മാത്രമേ ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. സ്വാഭാവികമായ ഗർഭം അലസൽ സംഭവിച്ചാലും ഈ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്. പ്രസവാനുകൂല്യത്തിനുള്ള അപേക്ഷ, ഫാറം നമ്പർ 11-ൽ ആയിരിക്കേണ്ടതാണ്.

(2) പ്രസവാനുകൂല്യത്തിന് അപേക്ഷിക്കുന്ന അംഗം, അതതുസംഗതിപോലെ, ജനന/മരണ രജിസ്ട്രാർ നൽകുന്ന, കുട്ടിയുടെ ജനന സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അഥവാ ഗർഭം സ്വാഭാവികമായി അലസിയത് കാണിക്കുന്ന സർക്കാർ അംഗീകൃത മെഡിക്കൽ ആഫീസറുടെ സർട്ടിഫിക്കറ്റ്, ഹാജരാക്കേണ്ടതാണ്. അപേക്ഷയോടൊപ്പം സബ് രജിസ്ട്രാറുടെയും രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെയും ബന്ധപ്പെട്ട അംഗീകൃത സംഘടനയുടെ ജില്ലാ സെക്രട്ടറിയുടെയും ശിപാർശ ഉണ്ടായിരിക്കേണ്ടതാണ്.

(3) ഒരംഗത്തിന് പ്രസാവാനുകൂല്യം പരമാവധി രണ്ട് പ്രാവശ്യം ലഭിക്കുന്നതിന് മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളൂ.

(4) പ്രസവം അഥവാ ഗർഭം അലസൽ ആറ് മാസത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതാണ് :

എന്നാൽ, പ്രസ്തുത കാലയളവിനുള്ളിൽ അപേക്ഷ സമർപ്പിക്കാതിരിക്കാൻ അപേക്ഷകയ്ക്ക് മതിയായ കാരണം ഉണ്ടായിയിരുന്നു എന്ന് ബോർഡിന് ബോദ്ധ്യമാകുന്നപക്ഷം മൂന്നു മാസത്തിൽ കവിയാതെയുള്ള കാലതാമസം ബോർഡിന് മാപ്പാക്കാവുന്നതാണ്.

22. <u>നിധിയുടെ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷ</u>.—നിധിയുടെ ആനുകൂല്യങ്ങൾക്കുള്ള നിർദ്ദിഷ്ട ഫാറത്തിലുള്ള അപേക്ഷകൾ അതാത് സബ് രജിസ്ട്രാർ സ്വീകരിച്ചശേഷം അദ്ദേഹത്തിന്റെ ശിപാർശയോടുകൂടി രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന് നൽകേണ്ടതും രജിസ്റ്ററിംഗ് അധികാരസ്ഥാനം ആവശ്യമായ ശിപാർശയോടുകൂടി അത് സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതുമാണ്. രജിസ്റ്ററിംഗ് അധികാരസ്ഥാനം ഇത്തരത്തിൽ സമർപ്പിക്കുന്ന അപേക്ഷകൾ സെക്രട്ടറി വിശദമായി പരിശോധിച്ച് ഉചിതമായ തീരുമാനം താമസംവിനാ കൈക്കൊള്ളേണ്ടതാണ്.

## അദ്ധ്യായം ഏഴ്

### പെൻഷൻ

23. പെൻഷൻ.—(1) നിധിയിൽ അഞ്ചുവർഷത്തിൽ കുറയാതെ അംശദായം അടച്ചിട്ടുള്ള ഒരു അംഗം തൊഴിൽ അവസാനിപ്പിച്ചാൽ അദ്ദേഹത്തിന് പെൻഷൻ ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്. ഏറ്റവും കുറഞ്ഞ പ്രതിമാസ പെൻഷൻ അഞ്ഞൂറ്റിയൻപത് രൂപയായിരിക്കുന്നതാണ്. ആദ്യവർഷം മുതൽ ഇരുപത്തിയഞ്ച് വർഷം വരെയുള്ള അംഗത്വ കാലയളവിന്, പൂർത്തിയാക്കിയ ഓരോ വർഷത്തിനും മുപ്പത് രൂപ വീതം അധികം ലഭിക്കുന്നതിനും അപ്രകാരം ഒരംഗത്തിന്ന് പരമാവധി ആയിരം രൂപ വരെ പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതുമാണ്. എന്നാൽ, ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി, പെൻഷൻ തുക അതതുസമയം വർദ്ധിപ്പിക്കാവുന്നതാണ്. അപേക്ഷ, ഫാറം നമ്പർ 12-ൽ ആയിരിക്കേണ്ടതും അപേക്ഷയോടൊപ്പം അംഗത്വ സർട്ടിഫിക്കറ്റ്, സബ് രജിസ്ട്രാറുടെയും രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെയും അംഗീകൃത സംഘടനയുടെ ബന്ധപ്പെട്ട ജില്ലാ സെക്രട്ടറിയുടെയും ശിപാർശ, അതതുസംഗതിപോലെ, ആധാരമെഴുത്ത് ലൈസൻസിന്റെയോ പകർപ്പെഴുത്ത് ലൈസൻസിന്റെയോ സ്റ്റാമ്പ് വെണ്ടർ ലൈസൻസിന്റെയോ അസ്സൽ എന്നിവ ഹാജരാക്കേണ്ടതാണ്.

(2) അതതുസംഗതിപോലെ, ആധാരമെഴുത്ത് ലൈസൻസോ പകർപ്പെഴുത്ത് ലൈസൻസോ സ്റ്റാമ്പ് വെണ്ടർ ലൈസൻസോ ബന്ധപ്പെട്ട അധികാരിയെ തിരിച്ചേൽപ്പിക്കുന്ന തീയതിയുടെ അടിസ്ഥാനത്തിൽ പെൻഷൻ കണക്കാക്കേണ്ടതാണ്.

(3) ഇരുപത്തിയഞ്ച് വർഷത്തെ അംഗത്വം പൂർത്തിയാക്കിയ ശേഷം വിരമിക്കുന്ന അംഗത്തിന് പരമാവധി പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്.

24. പ്രത്യേക പെൻഷൻ.—(1) ആക്ടിന്റെ പ്രാരംഭ തീയതിക്കുമുൻപ് അറുപത്തിയഞ്ച് വയസ്സ് പൂർത്തിയായിട്ടുള്ളതും ഇരുപത്തിയഞ്ച് വർഷത്തിൽ കുറയാതെ ആധാരമെഴുത്തുകാരനോ പകർപ്പെഴുത്തുകാരനോ സ്റ്റാമ്പ് വെണ്ടറോ ആയിരുന്നതുമായ ഒരാളിന് ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം അംഗമായി ഒരു വർഷക്കാലം അംശദായം അടച്ചാൽ പ്രത്യേക പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്.

(2) പ്രത്യേക പെൻഷൻ മുന്നൂറ് രൂപ ആയിരിക്കുന്നതാണ്. പ്രത്യേക പെൻഷനുള്ള അപേക്ഷ, ഫാറം നമ്പർ 13-ൽ ആയിരിക്കേണ്ടതും ആയത് ബന്ധപ്പെട്ട സബ് രജിസ്ട്രാറും രജിസ്റ്ററിംഗ് അധികാരസ്ഥാനവും മുഖേന സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതുമാണ്. അപേക്ഷയോടൊപ്പം അംഗത്വ സർട്ടിഫിക്കറ്റ്, സബ് രജിസ്ട്രാറുടെയും രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെയും അംഗീകൃത സംഘടനയുടെ ബന്ധപ്പെട്ട ജില്ലാ സെക്രട്ടറിയുടെയും ശിപാർശ അതതുസംഗതിപോലെ, ആധാരമെഴുത്ത് ലൈസൻസിന്റെയോ പകർപ്പെഴുത്ത് ലൈസൻസിന്റെയോ സ്റ്റാമ്പ് വെണ്ടർ ലൈസൻസിന്റെയോ അസ്സൽ എന്നിവ ഹാജരാക്കേണ്ടതുമാണ്.

25. <u>കുടുംബപെൻഷൻ</u> .—(1) പത്തുവർഷത്തിൽ കുറയാതെ അംശദായം അടച്ചിട്ടുള്ള അംഗം മരിച്ചുപോയാൽ അയാളുടെ ആശ്രിതന് കുടുംബപെൻഷൻ ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്. ആശ്രിതൻ എന്ന നിർവ്വചനത്തിൽ പറഞ്ഞ ക്രമത്തിൽ കുടുംബപെൻഷനുള്ള മുൻഗണനാക്രമം നിശ്ചയിക്കേണ്ടതാണ്. ആശ്രിതരിൽ ഒരാൾക്കു മാത്രമേ ഒരു സമയം കുടുംബപെൻഷന് അർഹത ഉണ്ടായിരിക്കുകയുള്ളു. ഒരാൾക്ക് അർഹത നഷ്ടപ്പെട്ടാൽ, അർഹതയുള്ള അടുത്ത ആൾക്ക് പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്. പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന അംഗമോ പ്രത്യേക പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന അംഗമോ മരണപ്പെട്ടാൽ അയാളുടെ ആശ്രിതർക്ക് അഥവാ കുടുംബത്തിന് കുടുംബപെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല.

(2) കുടുംബപെൻഷൻ അഞ്ഞൂറ് രൂപ ആയിരിക്കുന്നതാണ്.

(3) കുടുംബപെൻഷനുള്ള അപേക്ഷ, ഫാറം നമ്പർ 14-ൽ ആയിരിക്കേണ്ടതാണ്. കുടുംബപെൻഷനുള്ള അപേക്ഷയോടൊപ്പം അംഗത്തെ സംബന്ധിക്കുന്ന, ജനന-മരണ രജിസ്ട്രാർ നൽകുന്ന മരണ സർട്ടിഫിക്കറ്റ്, അപേക്ഷകന് മരണപ്പെട്ട അംഗവുമായുള്ള ബന്ധം സംബന്ധിച്ച് റവന്യൂ അധികാരി നൽകുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, സബ് രജിസ്ട്രാറുടെയും രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെയും അംഗീകൃത സംഘടനയുടെ ജില്ലാ സെക്രട്ടറിയുടെയും ശിപാർശ, അംഗത്വ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.

(4) പെൺമക്കളാണ് അപേക്ഷകരെങ്കിൽ അവരുടെ വിവാഹം വരെ മാത്രമേ കുടുംബപെൻഷന് അർഹതയുണ്ടായിരിക്കുകയുള്ളൂ. ഇപ്രകാരം പെൻഷൻ ലഭിക്കുന്നവർ വിവാഹം കഴിഞ്ഞാലുടൻ വിവാഹം നടന്ന വിവരം സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതാണ്. പ്രായപൂർത്തി ആകാത്ത ആൺമക്കളാണ് അപേക്ഷകരെങ്കിൽ അവർ ഇരുപത്തിയൊന്ന് വയസ്സ് പൂർത്തിയാകുമ്പോൾ കുടുംബപെൻഷന് അർഹരല്ലാതായിത്തീരുന്നതാണ്. കുടുംബപെൻഷൻ ലഭിക്കുന്നവർ പുനർവിവാഹം ചെയ്യുകയാണെങ്കിൽ പുനർവിവാഹം വരെ മാത്രം കുടംബപെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്. പെൻഷൻ ലഭിക്കുന്ന മക്കൾക്ക് ജോലിയോ മറ്റ് വരുമാനമാർഗ്ഗമോ ഉണ്ടാകുന്നപക്ഷം ആ വിവരവും സെക്രട്ടറിയെ അറിയിക്കേണ്ടതും അനുവദിച്ച പെൻഷൻ റദ്ദുചെയ്ത് സെക്രട്ടറി ഉത്തരവാകേണ്ടതുമാണ്.

26. <u>പെൻഷനുള്ള അപേക്ഷകൾ സമർപ്പിക്കേണ്ട വിധം</u> .—(1) നിർദ്ദിഷ്ട ഫാറത്തിലുള്ള, പെൻഷനുള്ള അപേക്ഷകൾ അതാത് സബ് രജിസ്ട്രാർ സ്വീകരിക്കുകയും ആവശ്യമായ ശിപാർശയോടുകൂടി രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന് നൽകേണ്ടതും രജിസ്റ്ററിംഗ് അധികാരസ്ഥാനം തന്റെ ശിപാർശയോടുകൂടി സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതുമാണ്. അനുവദിക്കപ്പെടുന്ന പെൻഷൻ എല്ലാ മാസവും 5-ാം തീയതിക്കുമുമ്പായി വിതരണം ചെയ്യുന്നതിന് സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ്.

(2) ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾ പ്രകാരം ലഭിച്ചുകൊണ്ടിരിക്കുന്ന ഒരു പെൻഷൻ ലഭിക്കുവാൻ ആർക്കെങ്കിലും അർഹതയില്ലായിരുന്നു എന്നോ അർഹത നഷ്ടപ്പെട്ടു എന്നോ ബന്ധപ്പെട്ട സബ് രജിസ്ട്രാർക്കോ രജിസ്റ്ററിംഗ് അധികാരസ്ഥാന ത്തിനോ വിവരം ലഭിക്കുന്നപക്ഷം ആയത് അവർ സെക്രട്ടറിയെ അറിയിക്കേണ്ടതും സെക്രട്ടറി ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## അദ്ധ്യായം എട്ട്

### വായ്പകൾ

27. വായ്പകൾ.—നിധിയിൽ മുടക്കംവരാതെ അംശദായം അടയ്ക്കുന്ന അംഗങ്ങൾക്ക് നിധിയിൽ നിന്നും വിവിധ വായ്പകൾ ലഭിക്കുവാൻ അർഹതയുണ്ടായി രിക്കുന്നതാണ്. ഓരോ വർഷവും ബഡ്ജറ്റിൽ വകയിരുത്തുന്ന തുകയുടെ ലഭ്യത അനുസരിച്ച് വായ്പകൾ അനുവദിക്കാവുന്നതാണ്. വ്യക്തിഗത വായ്പ ഒഴികെയുള്ള വായ്പകൾക്ക് ഫാറം നമ്പർ 15-ൽ നിർദ്ദിഷ്ട മാതൃകയിലുള്ള ബോണ്ട് വയ്ക്കേണ്ടതാണ്. ഒരേ സമയം ഒന്നിലധികം വായ്പകൾ ഒരംഗത്തിന് അനുവദിക്കാൻ പാടില്ലാത്തതാണ്. എന്നാൽ, വ്യക്തിഗത വായ്പ മറ്റു വായ്പകളോടൊപ്പം അനുവദി ക്കാവുന്നതാണ്. വായ്പകൾക്കുള്ള, നിർദ്ദിഷ്ട ഫാറത്തിലുള്ള അപേക്ഷകൾ അതാത് സബ് രജിസ്ട്രാർ സ്വീകരിച്ചശേഷം ശിപാർശയോടുകൂടി രജിസ്റ്ററിംഗ് അധികാരസ്ഥാന ത്തിനു നൽകേണ്ടതും രജിസ്റ്ററിംഗ് അധികാരസ്ഥാനം തന്റെ ശിപാർശയോടുകൂടി സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതുമാണ്. രജിസ്റ്ററിംഗ് അധികാരസ്ഥാനം സമർപ്പിക്കുന്ന അപേക്ഷകൾ സെക്രട്ടറി വിശദമായി പരിശോധിക്കേണ്ടതും അർഹരാണെന്നു കാണുന്ന അപേക്ഷകർക്ക് വായ്പ അനുവദിക്കേണ്ടതുമാണ്.

28. വ്യക്തിഗത വായ്പ.—(1) തൊഴിൽപരമായ ആവശ്യങ്ങൾക്ക് ഓരോ അംഗത്തിനും പരമാവധി അയ്യായിരം രൂപവരെ വായ്പ ലഭിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതാണ്. അഞ്ഞൂറിന്റെ ഗുണിതങ്ങളായി മാത്രം വായ്പ അനുവദിക്കാവുന്നതാണ്.

(2) വ്യക്തിഗത വായ്പയ്ക്ക് അപേക്ഷിക്കുന്ന അംഗങ്ങൾക്ക് സാധാരണഗതിയിൽ വിരമിക്കുന്നതിന് ഏറ്റവും കുറഞ്ഞത് ഒരു വർഷത്തെ കാലാവധിയെങ്കിലും ബാക്കി ഉണ്ടായിരിക്കേണ്ടതും പ്രസ്തുത കാലയളവിനു മുൻപായി നിധിയിൽ നിന്നും സ്വയമേവ പിരിഞ്ഞു പോകുന്നതല്ല എന്ന് ഉറപ്പുവരുത്തുന്നതി നാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(3) വ്യക്തിഗതവായ്പയ്ക്കുള്ള അപേക്ഷ, ഫാറം നമ്പർ 16-ൽ ആയിരിക്കേണ്ട താണ്. അപേക്ഷയോടൊപ്പം സബ് രജിസ്ട്രാറുടെയും രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെയും അംഗീകൃത സംഘടനയുടെ ബന്ധപ്പെട്ട ജില്ലാ സെക്രട്ടറി യുടെയും, ശിപാർശ, ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, അവസാനം വരിസംഖ്യ അടച്ച രസീത്, അംഗത്വ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.

(4) തിരിച്ചടവ് കാലാവധി പരമാവധി പത്ത് മാസം ആയിരിക്കുന്നതാണ്. വായ്പയ്ക്ക് ഒൻപത് ശതമാനം വാർഷിക പലിശ ഈടാക്കേണ്ടതാണ്.

(5) വായ്പ അനുവദിക്കുന്നതിന്റെ അടുത്ത മാസം മുതൽ വായ്പാതുക പലിശ സഹിതം നിശ്ചിത തുല്യ മാസ തവണകളായി മാസംതോറും തിരിച്ചടച്ചു തുടങ്ങേണ്ടതാണ്.

(6) വായ്പ തിരിച്ചടയ്ക്കാൻ മുടക്കം വരുത്തുന്നപക്ഷം മുടക്കം വരുത്തുന്ന തവണകൾക്ക് പതിനെട്ട് ശതമാനം വാർഷിക പലിശ ഈടാക്കേണ്ടതാണ്.

(7) അപേക്ഷ സെക്രട്ടറിക്ക് ലഭിക്കുന്ന തീയതി മുതൽ വായ്പ അനുവദിക്കുന്നതിനുള്ള മുൻഗണനാക്രമം നിശ്ചയിക്കേണ്ടതാണ്.

29. വീട് വയ്ക്കുന്നതിനുള്ള വായ്പ.—(1) അംഗത്വം ലഭിച്ച് കുറഞ്ഞത് അഞ്ച് വർഷം പൂർത്തിയാക്കിയതും വിരമിക്കാൻ അഞ്ച് വർഷത്തിൽ കുറയാത്ത കാലയളവു ള്ളതുമായ ഏതൊരു അംഗത്തിനും ഈ വായ്പയ്ക്ക് അപേക്ഷിക്കാവുന്നതാണ്.

(2) പ്രതിമാസ വരുമാനത്തിന്റെ മുപ്പത് ഇരട്ടി അല്ലെങ്കിൽ രണ്ടര ലക്ഷം രൂപ അല്ലെങ്കിൽ എസ്റ്റിമേറ്റിന്റെ എൺപത് ശതമാനം ഇവയിൽ ഏതാണോ കുറവ് അത് വായ്പ തുകയായി അനുവദിക്കാവുന്നതുമാണ്.

(3) വായ്പ രണ്ട് ഗഡുക്കളായി അനുവദിക്കേണ്ടതാണ്. ആദ്യ ഗഡു തദ്ദേശ സ്വയംഭരണസ്ഥാപനത്തിൽ നിന്ന് ലഭിക്കുന്ന അനുമതിയും എസ്റ്റിമേറ്റും ഹാജരാക്കിയശേഷവും രണ്ടാം ഗഡു വീടിന്റെ കോൺക്രീറ്റിലോ അല്ലാതെയോ ഉള്ള മേൽക്കൂരയുടെ പണി പൂർത്തിയാക്കിയതിന് ശേഷവും അനുവദിക്കേണ്ടതാണ്.

(4) രണ്ടാം ഗഡു വായ്പ അനുവദിക്കുന്നതിന് അംഗീകൃത സംഘടനയുടെ ജില്ലാ സെക്രട്ടറി സ്ഥലം സന്ദർശിച്ച് നൽകിയ റിപ്പോർട്ട് അപേക്ഷകൻ ഹാജരാക്കേണ്ടതാണ്. ആവശ്യമുള്ളപക്ഷം, സ്ഥലം സന്ദർശിച്ചു റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി സെക്രട്ടറിക്ക് ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്താവുന്നതാണ്.

(5) വസ്തുവിന്റെ അസ്സൽ ആധാരം ബോർഡിന് പണയപ്പെടുത്തേണ്ടതും സെക്രട്ടറിക്ക് കൈമാറേണ്ടതുമാണ്.

(6) വായ്പയുടെ രണ്ടാം ഗഡു ലഭിച്ച് തൊട്ടടുത്ത മാസം മുതൽ വായ്പ പലിശസഹിതം നിശ്ചിത തുല്യ മാസതവണകളായി മാസംതോറും തിരിച്ചടച്ച് തുടങ്ങേണ്ടതാണ്.

(7) വീട് വയ്ക്കുന്നതിനുള്ള വായ്പയ്ക്കുള്ള അപേക്ഷ, ഫാറം നമ്പർ 17-ൽ ആയിരിക്കേണ്ടതാണ്. ആദായനികുതി വകുപ്പ് നൽകുന്ന പാൻ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, സബ് രജിസ്ട്രാറുടെയും രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെയും അംഗീകൃത സംഘടനയുടെ ബന്ധപ്പെട്ട ജില്ലാ സെക്രട്ടറിയുടെയും ശിപാർശ, അവസാനം വരിസംഖ്യ അടച്ച രസീത്, അംഗത്വ സർട്ടിഫിക്കറ്റ്, ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, ലൊക്കേഷൻ സർട്ടിഫിക്കറ്റ്, തദ്ദേശസ്വയംഭരണ

സ്ഥാപനത്തിൽ നിന്നും ലഭിച്ച് അനുമതിയുടെയും എസ്റ്റിമേറ്റിന്റെയും സാക്ഷ്യപ്പെടുത്തിയ പകർപ്പ്, വസ്തുവിന്റെ കഴിഞ്ഞ ഇരുപത് വർഷത്തെ ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ്, വസ്തുവിന്റെ കരം തീർത്ത് രസീത് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

(8) വായ്പാ തിരിച്ചടവ് കാലാവധി പരമാവധി അറുപതു മാസം ആയിരിക്കേണ്ടതാണ്.

(9) വായ്പയ്ക്ക് ഒൻപതു ശതമാനം നിരക്കിൽ വാർഷിക പലിശ ഈടാക്കേണ്ടതാണ്.

(10) വീട് പണി പൂർത്തീകരിച്ച്, തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും, ലഭിച്ച വീട് പൂർത്തീകരിച്ചു എന്നു കാണിക്കുന്ന സാക്ഷ്യപത്രം ഹാജരാക്കേണ്ടതും അല്ലാത്തപക്ഷം വായ്പാ തീയതിമുതൽ വായ്പയ്ക്ക് പതിനെട്ട് ശതമാനം നിരക്കിൽ വാർഷിക പലിശ ഈടാക്കേണ്ടതുമാണ്.

(11) വായ്പ തിരിച്ചടയ്ക്കാൻ മുടക്കം വരുത്തുന്നപക്ഷം മുടക്കം വരുത്തുന്ന തവണകൾക്ക് പതിനെട്ട് ശതമാനം നിരക്കിൽ പലിശ ഈടാക്കേണ്ടാതാണ്.

(12) അപേക്ഷ സെക്രട്ടറിക്ക് ലഭിക്കുന്ന തീയതിയുടെയും അപേക്ഷകൻ നിധിയിലെ അംഗത്വം പൂർത്തിയാക്കിയതിന്റെയും അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിക്കേണ്ടതാണ്.

30. <u>വീട് പുതുക്കി പണിയുന്നതിന് വായ്പ.</u>—(1) അംഗത്വം ലഭിച്ച് കുറഞ്ഞത് അഞ്ച് വർഷം പൂർത്തിയാക്കിയതും വിരമിക്കാൻ അഞ്ച് വർഷത്തിൽ കുറയാത്ത കാലയളവുമുള്ള ഏതൊരു അംഗത്തിനും ഈ വായ്പയ്ക്ക് അപേക്ഷിക്കാവുന്നതാണ്.

(2) വസ്തുവിന്റെയും വീടിന്റെയും അസ്സൽ ആധാരം ബോർഡിന് പണയപ്പെടുത്തേണ്ടതും ആധാരം സെക്രട്ടറിക്ക് കൈമാറേണ്ടതുമാണ്.

(3) വീട് പുതുക്കി പണിയുവാൻ വായ്പ ലഭിക്കുന്നതിനുള്ള അപേക്ഷ, ഫാറം നമ്പർ 17-ൽ ആയിരിക്കേണ്ടതാണ്. ആദായ നികുതി വകുപ്പ് നൽകുന്ന പാൻ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, സബ് രജിസ്ട്രാറുടെയും രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെയും അംഗീകൃത സംഘടനയുടെ ബന്ധപ്പെട്ട ജില്ലാ സെക്രട്ടറിയുടെയും ശിപാർശകൾ, ലൊക്കേഷൻ സർട്ടിഫിക്കറ്റ്, ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ച അനുമതിയുടെയും എസ്റ്റിമേറ്റിന്റെയും സാക്ഷ്യപ്പെടുത്തിയ പകർപ്പ്, അംഗത്വ സർട്ടിഫിക്കറ്റ്, വസ്തുവിന്റെ കരം തീർത്ത രസീത്, അവസാനം വരിസംഖ്യ അടച്ച രസീത് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

(4) മാസവരുമാനത്തിന്റെ പത്തിരട്ടി അല്ലെങ്കിൽ അറുപതിനായിരം രൂപ അല്ലെങ്കിൽ എസ്റ്റിമേറ്റിന്റെ എൺപത് ശതമാനം ഇവയിൽ ഏതാണോ കുറവ് അത് വായ്പാ തുകയായി അനുവദിക്കാവുന്നതാണ്.

(5) വായ്പയുടെ തിരിച്ചടവ് കാലാവധി പരമാവധി നാൽപതു മാസം ആയിരിക്കേണ്ടതാണ്.

(6) വായ്പയ്ക്ക് ഒൻപതു ശതമാനം നിരക്കിൽ വാർഷിക പലിശ ഈടാക്കേണ്ടതാണ്.

(7) വായ്പ അനുവദിക്കുന്നതിന്റെ അടുത്ത മാസം മുതൽ വായ്പ തുക പലിശ സഹിതം നിശ്ചിത തുല്യ മാസതവണകളായി മാസംതോറും തിരിച്ചടച്ചു തുടങ്ങേണ്ടതാണ്.

(8) വായ്പ തിരിച്ചടയ്ക്കാൻ മുടക്കം വരുത്തുന്നപക്ഷം മുടക്കം വരുത്തുന്ന തവണകൾക്ക് പതിനെട്ട് ശതമാനം നിരക്കിൽ പലിശ ഈടാക്കേണ്ടതാണ്.

(9) അപേക്ഷ സെക്രട്ടറിക്ക് ലഭിക്കുന്ന തീയതിയുടെയും അപേക്ഷകൻ നിധിയിൽ അംഗത്വം പൂർത്തിയാക്കിയതിന്റെയും അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിക്കേണ്ടതാണ്.

31. <u>വസ്തു വാങ്ങുന്നതിനുള്ള വായ്പ.</u>—(1) അംഗത്വം ലഭിച്ച് കുറഞ്ഞത് അഞ്ച് വർഷം പൂർത്തിയാക്കിയതും വിരമിക്കാൻ കുറഞ്ഞത് അഞ്ച് വർഷത്തിൽ കുറയാത്ത കാലയളവുമുള്ള ഏതൊരു അംഗത്തിനും ഈ വായ്പയ്ക്ക് അപേക്ഷിക്കാവുന്നതാണ്.

(2) ഈ പദ്ധതി പ്രകാരം മാസവരുമാനത്തിന്റെ പത്തിരട്ടി അല്ലെങ്കിൽ അറുപതിനായിരം രൂപ അല്ലെങ്കിൽ വസ്തുവിന്റെ ന്യായവില ഇതിൽ ഏതാണോ കുറവ് അത് വായ്പാ തുകയായി അനുവദിക്കാവുന്നതാണ്.

(3) വാങ്ങുന്ന വസ്തുവിന്റെ അസ്സൽ ആധാരം ബോർഡിന് പണയപ്പെടുത്തേണ്ടതും ആധാരം സെക്രട്ടറിക്ക് കൈമാറേണ്ടതുമാണ്.

(4) വസ്തു വാങ്ങുവാൻ വായ്പ ലഭിക്കുന്നതിനുള്ള അപേക്ഷ, ഫാറം നമ്പർ 18-ൽ ആയിരിക്കേണ്ടതാണ്. ആദായ നികുതി വകുപ്പ് നൽകുന്ന പാൻ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, വസ്തുവിന്റെ കരം തീർത്ത രസീത്, സബ് രജിസ്ട്രാറുടെയും രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെയും അംഗീകൃത സംഘടനയുടെ ബന്ധപ്പെട്ട ജില്ലാ സെക്രട്ടറിയുടെയും ശിപാർശ, ലൊക്കേഷൻ സർട്ടിഫിക്കറ്റ്, വസ്തുവിന്റെ കഴിഞ്ഞ ഇരുപത് വർഷത്തെ ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ്, അവസാനം വരിസംഖ്യ അടച്ച രസീത്, ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, അംഗത്വ സർട്ടിഫിക്കറ്റ് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

(5) വായ്പയുടെ കാലാവധി പരമാവധി നാൽപത് മാസം ആയിരിക്കേണ്ടതാണ്.

(6) വായ്പയ്ക്ക് ഒൻപതു ശതമാനം നിരക്കിൽ വാർഷിക പലിശ ഈടാക്കേണ്ടതാണ്.

(7) വായ്പ അനുവദിക്കുന്നതിന്റെ അടുത്ത മാസം മുതൽ വായ്പ തുക പലിശസഹിതം തുല്യ നിശ്ചിത മാസതവണകളായി മാസംതോറും തിരിച്ചടച്ചു തുടങ്ങേണ്ടതാണ്.

(8) വായ്പ തിരിച്ചടയ്ക്കാൻ മുടക്കം വരുത്തുന്നപക്ഷം മുടക്കം വരുത്തുന്ന തവണകൾക്ക് പതിനെട്ട് ശതമാനം നിരക്കിൽ പലിശ ഈടാക്കേണ്ടതാണ്.

32. <u>വീടോടുകൂടിയ വസ്തു വാങ്ങുന്നതിന്.</u>—(1) അംഗത്വം ലഭിച്ച് കുറഞ്ഞത് അഞ്ച് വർഷം പൂർത്തിയാക്കിയതും വിരമിക്കാൻ അഞ്ച് വർഷത്തിൽ കുറയാത്ത കാലയളവുമുള്ള ഏതൊരു അംഗത്തിനും ഈ വായ്പയ്ക്ക് അപേക്ഷിക്കാവുന്നതാണ്.

(2) മാസവരുമാനത്തിന്റെ മുപ്പതിരട്ടി അല്ലെങ്കിൽ രണ്ടരലക്ഷം രൂപ അല്ലെങ്കിൽ വിലയുടെ എൺപത് ശതമാനം ഇവയിൽ ഏതാണോ കുറവ് അത് വായ്പ തുകയായി അനുവദിക്കാവുന്നതാണ്.

(3) തിരിച്ചടവ് കാലാവധി പരമാവധി അറുപതു മാസം ആയിരിക്കേണ്ടതാണ്.

(4) വായ്പ തുകയ്ക്ക് ഒൻപതു ശതമാനം നിരക്കിൽ വാർഷിക പലിശ ഈടാക്കേണ്ടതാണ്.

(5) വായ്പ അനുവദിക്കുന്നതിന്റെ അടുത്ത മാസം മുതൽ വായ്പ തുക പലിശസഹിതം നിശ്ചിത തുല്യ മാസതവണകളായി മാസംതോറും തിരിച്ചടച്ചു തുടങ്ങേണ്ടതാണ്.

(6) വസ്തുവിന്റെ അസ്സൽ ആധാരം ബോർഡിന് പണയപ്പെടുത്തേണ്ടതും ആധാരം സെക്രട്ടറിക്ക് കൈമാറേണ്ടതുമാണ്.

(7) വായ്പ തിരിച്ചടയ്ക്കാൻ മുടക്കം വരുത്തുന്നപക്ഷം, മുടക്കം വരുത്തുന്ന തവണകൾക്ക് പതിനെട്ട് ശതമാനം നിരക്കിൽ പലിശ ഈടാക്കേണ്ടതാണ്.

(8) അപേക്ഷ സെക്രട്ടറിക്ക് ലഭിക്കുന്ന തീയതിയുടെയും അപേക്ഷകൻ നിധിയിലെ അംഗത്വം പൂർത്തിയാക്കിയ വർഷത്തിന്റെയും അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിക്കേണ്ടതാണ്.

(9) അംഗീകൃത സംഘടനയുടെ ബന്ധപ്പെട്ട ജില്ലാ സെക്രട്ടറി സ്ഥലം സന്ദർശിച്ച് നൽകിയ റിപ്പോർട്ട് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. ആവശ്യമുള്ളപക്ഷം സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി സെക്രട്ടറിക്ക് ഒരു ഉദ്യാഗസ്ഥനെ ചുമതലപ്പെടുത്താവുന്നതാണ്.

(10) പ്രസ്തുത വായ്പയ്ക്കുള്ള അപേക്ഷ, ഫാറം നമ്പർ 18-ൽ ആയിരിക്കേണ്ടതാണ്. ആദായ നികുതി വകുപ്പ് നൽകുന്ന പാൻ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, വസ്തുവിന്റെ കരം തീർത്ത രസീത്, സബ് രജിസ്ട്രാറുടെയും രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെയും അംഗീകൃത

സംഘടനയുടെ ബന്ധപ്പെട്ട ജില്ലാ സെക്രട്ടറിയുടെയും ശിപാർശ, ലൊക്കേഷൻ സർട്ടിഫിക്കറ്റ്, വസ്തുവിന്റെ കഴിഞ്ഞ ഇരുപത് വർഷത്തെ ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ്, ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, അംഗത്വ സർട്ടിഫിക്കറ്റ്, അവസാനം വരിസംഖ്യ അടച്ച രസീത് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

33. <u>വിദ്യാഭ്യാസ വായ്പ</u>—(1) കുറഞ്ഞത് അഞ്ച് വർഷമെങ്കിലും നിധിയിൽ അംഗത്വമുള്ള അംഗങ്ങളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസ വായ്പയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

(2) അതാതു വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുന്ന തുകയുടെ ലഭ്യത അനുസരിച്ച് വായ്പ അനുവദിക്കാവുന്നതാണ്.

(3) പഠിക്കുന്ന കോഴ്സിന് ആവശ്യമായ തുകയോ അല്ലെങ്കിൽ മൂന്ന് ലക്ഷം രൂപയോ ഇവയിൽ ഏതാണോ കുറവ് അത് വായ്പ തുകയായി അനുവദിക്കാവുന്നതാണ്.

(4) വായ്പയായി നൽകുന്ന തുകയിൽ ഒന്നര ലക്ഷം രൂപ വരെ അംഗവും പഠിക്കുന്ന കുട്ടിയും നൽകുന്ന ബോണ്ടിന്റെയും സ്വന്തം ആൾജാമ്യത്തിന്റെയും അടിസ്ഥാനത്തിലും ബാക്കി ആവശ്യമുള്ള തുക മതിയായ വസ്തുജാമ്യത്തിന്റെ അടിസ്ഥാനത്തിലും അനുവദിക്കേണ്ടതാണ്. ജാമ്യവസ്തുവിന്റെ അസ്സൽ ആധാരം ബോർഡിന് പണയപ്പെടുത്തേണ്ടതും ആധാരം സെക്രട്ടറിക്ക് കൈമാറേണ്ടതുമാണ്.

(5) വായ്പ അനുവദിക്കുന്നതിന്റെ അടുത്ത മാസം മുതൽ വായ്പ തുകയ്ക്ക് എട്ട് ശതമാനം നിരക്കിൽ പലിശ മാസം തോറും അംഗം അടയ്ക്കേണ്ടതാണ്.

(6) പഠിക്കുന്ന കോഴ്സ് പൂർത്തിയാക്കി ആറ് മാസത്തിനകം അല്ലെങ്കിൽ വായ്പ അനുവദിച്ച് അഞ്ച് വർഷത്തിനകം ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ തുല്യ അറുപത് മാസതവണകളായി മുതലും ബാക്കി വരുന്ന പലിശ ഉണ്ടെങ്കിൽ അതും തിരിച്ചടയ്ക്കേണ്ടതാണ്.

(7) അപേക്ഷകൻ ശരിയായ രീതിയിൽ വായ്പ വിനിയോഗിച്ചിട്ടില്ലായെന്ന് ബോദ്ധ്യപ്പെട്ടാൽ വായ്പ അനുവദിച്ച തീയതി മുതൽ പതിനെട്ട് ശതമാനം നിരക്കിൽ പലിശ ഈടാക്കേണ്ടതാണ്.

(8) വിദ്യാഭ്യാസ വായ്പയ്ക്കുള്ള അപേക്ഷ, ഫാറം നമ്പർ 19-ൽ ആയിരിക്കേണ്ടതാണ്. സബ് രജിസ്ട്രാറുടെയും രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റേയും അംഗീകൃത സംഘടനയുടെ ബന്ധപ്പെട്ട ജില്ലാ സെക്രട്ടറിയുടെയും ശിപാർശ, കോഴ്സിന് പ്രവേശനം കിട്ടി എന്നതിന്റെ സാക്ഷ്യപ്പെടുത്തിയ രേഖ, എസ്. എസ്. എൽ. സി. മുതലുള്ള സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റുകൾ എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, അപേക്ഷയിൽ പതിക്കുന്ന ഫോട്ടോയ്ക്ക് പുറമേ അംഗത്തിന്റെയും വിദ്യാർത്ഥിയുടെയും ഓരോ പാസ്പോർട്ട് സൈസ് ഫോട്ടോ, അംഗത്വ സർട്ടിഫിക്കറ്റ്, വസ്തുവിന്റെ കരം തീർത്ത രസീത്, അവസാനം വരിസംഖ്യ അടച്ച രസീത്, ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

(9) മേൽ പ്രസ്താവിച്ച പ്രകാരം വായ്പ തിരിച്ചടയ്ക്കുന്നതിൽ മുടക്കം വരുത്തിയാൽ മുടക്കം വന്ന തവണകൾക്ക് പതിനെട്ട് ശതമാനം നിരക്കിൽ പലിശ ഈടാക്കേണ്ടതാണ്.

34. വായ്പ അനുവദിച്ചവർക്കുള്ള വിവരങ്ങൾ സൂക്ഷിക്കലും പാസ് ബുക്ക് നൽകലും.—വായ്പ അനുവദിച്ച അംഗങ്ങളുടെ വിവരങ്ങൾ രജിസ്റ്ററിലാക്കി അപ്പോഴപ്പോൾ കൃത്യത വരുത്തി ബന്ധപ്പെട്ട സബ് രജിസ്ട്രാറും സെക്രട്ടറിയും സൂക്ഷിക്കേണ്ടതും തുകയുടെ തിരിച്ചടവിനുള്ള സൗകര്യത്തിന് ആവശ്യമായ പാസ് ബുക്ക് വായ്പ അനുവദിക്കുന്നതോടൊപ്പംതന്നെ നൽകേണ്ടതും പാസ് ബുക്ക് അപ്പോഴപ്പോൾ ബന്ധപ്പെട്ട സബ് രജിസ്ട്രാർ കൃത്യത വരുത്തി നൽകേണ്ടതുമാണ്.

## അദ്ധ്യായം ഒൻപത്

## വിഭവസമാഹരണം

35. അംശദായം.— അംഗങ്ങളിൽ നിന്നും ലഭിക്കുന്ന അംശദായം സബ് രജിസ്ട്രാർ സ്വീകരിക്കേണ്ടതും രജിസ്റ്ററിംഗ് അധികാരസ്ഥാനം മുഖാന്തിരം നിധി സംബന്ധിച്ച ബോർഡിന്റെ അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതുമാണ്.

36. ക്ഷേമനിധി സ്റ്റാമ്പും സ്റ്റാമ്പ് വെണ്ടർമാരിൽ നിന്നും ലഭിക്കുന്ന കമ്മീഷനും.—സ്റ്റാമ്പിൽ നിന്നും ലഭിക്കുന്ന വരുമാനം സബ് രജിസ്ട്രാർ, രജിസ്റ്ററിംഗ് അധികാരസ്ഥാനം മുഖാന്തിരം, നിധി സംബന്ധിച്ച ബോർഡിന്റെ അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. സ്റ്റാമ്പ് വെണ്ടർമാർ അവർക്ക് ലഭിക്കുന്ന കമ്മീഷന്റെ രണ്ട് ശതമാനം സബ് രജിസ്ട്രാർ ആഫീസിൽ ഒടുക്കേണ്ടതാണ്. ട്രഷറിയിൽ നിന്നും അംഗങ്ങൾക്ക് ലഭിക്കുന്ന കമ്മീഷൻ സ്റ്റേറ്റ്മെന്റ് കൂടി ഇതോടൊപ്പം സബ് രജിസ്ട്രാർക്ക് നൽകേണ്ടതാണ്. പ്രസ്തുത തുക സബ് രജിസ്ട്രാർ, രജിസ്റ്ററിംഗ് അധികാരസ്ഥാനം മുഖേന നിധി സംബന്ധിച്ച ബോർഡിന്റെ അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. സ്റ്റാമ്പ് വെണ്ടർ ഹാജരാക്കുന്ന സ്റ്റേറ്റ്മെന്റ് എല്ലാ മാസവും സബ് രജിസ്ട്രാർ, രജിസ്റ്ററിംഗ് അധികാരസ്ഥാനം മുഖാന്തിരം, സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്.

36. നിധിയിലേക്ക് ലഭിക്കുന്ന തുകകളുടെ വരവുവയ്ക്കൽ.—ആക്റ്റിലെ 3-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരവും 26-ാം വകുപ്പ് പ്രകാരവും നിധിയിലേക്ക് ലഭിക്കുന്ന എല്ലാ തുകകളും നിധി സംബന്ധിച്ച ബോർഡിന്റെ അക്കൗണ്ടിൽ വരവ് വയ്ക്കേണ്ടതാണ്.

ഫാറം നമ്പർ 1

## അംഗത്വത്തിനുള്ള അപേക്ഷ

**2013–ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി**

[ഖണ്ഡിക 11 (1) കാണുക]

| | | |
|---|---|---|
| 1 അപേക്ഷകന്റെ പേര് | : | പാസ്പോർട്ട് സൈസ് ഫോട്ടോ |
| (എ) സ്ഥിരമായ മേൽവിലാസം | : | |
| (ബി) നിലവിലുള്ള മേൽവിലാസം (ഫോൺ നമ്പർ സഹിതം) | | |
| (സി) ആധാർ കാർഡ് നമ്പർ (ഉണ്ടെങ്കിൽ) | : | |
| | | (ഫോട്ടോ സബ് രജിസ്ട്രാർ സാക്ഷ്യപ്പെടുത്തേണ്ടതാണ്) |
| 2. ജോലിയുടെ സ്വഭാവം | : | ആധാരമെഴുത്ത്/പകർപ്പെഴുത്ത്/സ്റ്റാമ്പ് വെണ്ടർ |
| 3. വിദ്യാഭ്യാസ യോഗ്യത | : | |
| 4. അച്ഛന്റെ/ഭർത്താവിന്റെ പേര് | : | |
| 5. സ്ത്രീ/പുരുഷൻ | : | |
| 6. ജനന തീയതിയും വയസ്സും | : | |
| 7. വൈവാഹിക പദവി/അവിവാഹിതൻ/അവിവാഹിത/വിവാഹിത/വിധവ/വിഭാര്യൻ | : | |
| 8. വിവാഹിതനാണെങ്കിൽ പങ്കാളിയുടെ വിശദവിവരം | : | |
| (എ) പങ്കാളിയുടെ പേര് | : | |
| (ബി) വയസ്സും ജനനതീയതിയും | : | |
| (സി) തൊഴിൽ | : | |
| 9. ലൈസൻസിന്റെ നമ്പറും തീയതിയും | : | |
| 10. തിരിച്ചറിയൽ അടയാളം | : | |
| 11. ഏത് സബ് രജിസ്ട്രാർ ഓഫീസിന്റെ പരിധിയിലാണ് ജോലി ചെയ്യുന്നത് | : | |
| 12. നോമിനേഷൻ ഫാറം ഉണ്ട്/ഇല്ല | : | |
| 13. എത്ര വർഷമായി ആധാരമെഴുത്ത് പകർപ്പെഴുത്ത്/സ്റ്റാമ്പ് വെണ്ടർ ജോലി ചെയ്യുന്നു. | : | |

**സത്യപ്രസ്താവന**

പേര്........................................................................................(വിലാസം)..............................................

..............................................................................................................................................................

എന്ന് ഞാൻ മുകളിൽ നൽകിയിരിക്കുന്ന വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും ശരിയും സത്യവുമാണെന്നും, ഞാൻ സർക്കാർ/അർദ്ധ സർക്കാർ പൊതുമേഖല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നില്ലെന്നും എനിക്ക് മേൽ സ്ഥാപനങ്ങളിൽ നിന്നും പെൻഷനോ മറ്റ് ആനുകൂല്യങ്ങളോ ലഭിക്കുന്നില്ലായെന്നും മറ്റ് പദ്ധതികളിലോ ക്ഷേമനിധികളിലോ അംഗമല്ലെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം : അപേക്ഷകന്റെ ഒപ്പ് :

തീയതി : പേര് :

---

<u>കുറിപ്പ്</u> :—1. ജനന തീയതി, വിദ്യാഭ്യാസ യോഗ്യത, മേൽവിലാസം എന്നിവ തെളിയിക്കുന്നതിനുള്ള രേഖകളുടെയും, ജോലി ചെയ്യുന്നതിനുള്ള ലൈസൻസിന്റെയും സാക്ഷ്യപ്പെടുത്തിയ പകർപ്പ്, ബന്ധപ്പെട്ട അംഗീകൃത സംഘടനയുടെ ജില്ലാ സെക്രട്ടറിയുടെ ശിപാർശ കത്ത് എന്നിവ അപേക്ഷയോടൊപ്പം വയ്ക്കേണ്ടതാണ്.

2. ശരിയായി പൂരിപ്പിച്ച് രണ്ട് സെറ്റ് അപേക്ഷ ഫോറം വയ്ക്കേണ്ടതാണ്. ഒരു കോപ്പി രജിസ്റ്ററിംഗ് അധികാര സ്ഥാപനത്തിന്റെ ഓഫീസിലും സൂക്ഷിക്കേണ്ടതാണ്.

---

**ഓഫീസ് ഉപയോഗത്തിന്**

അംഗത്വ നമ്പർ...................................................................

രജിസ്റ്റർ ചെയ്ത അധികാരിയുടെ പേര്..........................

സ്ഥലം : ഒപ്പ് :

തീയതി : ഉദ്യോഗപ്പേര് :

ഫാറം നമ്പർ 2

# അംഗത്വ സർട്ടിഫിക്കറ്റ്

**2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി**

[ഖണ്ഡിക 11 (5) കാണുക]

| |
|---|
| പാസ്പോർട്ട് സൈസ് ഫോട്ടോ |

അംഗത്വ നമ്പർ :

(ഫോട്ടോ രജിസ്റ്ററിംഗ് അധികാരസ്ഥാനം സാക്ഷ്യപ്പെടുത്തേണ്ടതാണ്)

2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം ശ്രീ./ശ്രീമതി............................(മേൽവിലാസം)........................................................................................................................................(തീയതി മുതൽ) ക്ഷേമനിധി അംഗമായി ചേർത്തിട്ടുള്ളതായി സാക്ഷ്യപ്പെടുത്തുന്നു.

അംഗത്തിന്റെ മാതൃകാ ഒപ്പ് :

സ്ഥലം :
തീയതി :

(ഒപ്പ്)
രജിസ്റ്ററിംഗ് അധികാരസ്ഥാനം

(ഓഫീസ് സീൽ)

## ഫാറം നമ്പർ 3
## അംഗത്വ രജിസ്റ്റർ

**2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി**

[ ഖണ്ഡിക 11 (5) കാണുക]

(അംഗത്വ രജിസ്റ്റർ ബോർഡിന്റെ സെക്രട്ടറിയും രജിസ്റ്ററിംഗ് അധികാരസ്ഥാനവും സൂക്ഷിക്കേണ്ടത്)

| അംഗത്തിന്റെ ഫോട്ടോ |
|---|
| |

| ക്രമ നമ്പർ | അംഗത്തിന്റെ പേരും മേൽവിലാസവും | അച്ഛന്റെ/അമ്മയുടെ/ ഭർത്താവിന്റെ പേര് | ജനന തീയതിയും വയസ്സും | നോമിനി/ നോമിനികളുടെ പേര് |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| | | | | |

| അപേക്ഷയുടെ തീയതിയും നമ്പരും | അംഗത്വം നൽകിയ തീയതിയും നമ്പരും | ആനുകൂല്യം നൽകിയ തിന്റെ വിവരങ്ങൾ | വായ്പ നൽകിയതിന്റെ വിവരങ്ങൾ | അംഗത്വം റദ്ദാക്കിയ വിവരങ്ങൾ, തീയതി | അഭിപ്രായം |
|---|---|---|---|---|---|
| (6) | (7) | (8) | (9) | (10) | (11) |
| | | | | | |

## ഫാറം നമ്പർ 4

# തിരിച്ചറിയൽ കാർഡ്

**2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി**

[ഖണ്ഡിക 11 (6) കാണുക]

| അംഗത്തിന്റെ ഫോട്ടോ |
|---|

(ഫോട്ടോ രജിസ്റ്ററിംഗ് അധികാരസ്ഥാനം സാക്ഷ്യപ്പെടുത്തേണ്ടതാണ്)

1. അംഗത്തിന്റെ പേര് :
2. മേൽവിലാസം, പിൻകോഡ്, ഫോൺ നമ്പർ, ആധാർ കാർഡ് നമ്പർ (ഉണ്ടെങ്കിൽ) എന്നിവ ഉൾപ്പെടെ :
3. അച്ഛന്റെ/അമ്മയുടെ/ഭർത്താവിന്റെ പേര് :
4. ജനന തീയതിയും വയസ്സും :
5. ജോലിയുടെ സ്വഭാവം :
6. അംഗത്വ നമ്പർ :
7. അംഗത്വം അനുവദിച്ച തീയതി :

സ്ഥലം :

തീയതി :

(ഒപ്പ്, പേര്)

രജിസ്റ്ററിംഗ് അധികാരസ്ഥാനം.

(ഓഫീസ് സീൽ)

ഫാറം നമ്പർ 5

## നോമിനേഷൻ ഫാറം

**2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി**

[ഖണ്ഡിക 12 (1) കാണുക]

എന്റെ കാലശേഷം നിധിയിൽ നിന്നും എന്റെ പേരിലുള്ള ആനുകൂല്യങ്ങളും അർഹതപ്പെട്ട തുകയും കൈപ്പറ്റുന്നതിന് താഴെപ്പറയുന്ന എന്റെ ആശ്രിതനെ/ആശ്രിതരെ ഞാൻ ഇതിനാൽ നാമനിർദ്ദേശം ചെയ്യുന്നു.

| ക്രമ നമ്പർ | നോമിനിയുടെ പേരും മേൽവിലാസവും | വയസ്സും ജനന തീയതിയും | അപേക്ഷകനുമായുള്ള ബന്ധം |
|---|---|---|---|
| (1) | (2) | (3) | (4) |
| | | | |

സ്ഥലം :
തീയതി :

അപേക്ഷകന്റെ ഒപ്പും പേരും
അംഗത്വ നമ്പറും മേൽവിലാസവും

സാക്ഷികളുടെ ഒപ്പ്, പേര്,
മേൽവിലാസം

1. ......................................................................................
......................................................................................
2. ......................................................................................
......................................................................................

നോമിനേഷൻ അംഗീകരിച്ചു

സ്ഥലം :
തീയതി :

(ഒപ്പ്)
രജിസ്റ്ററിംഗ് അധികാര സ്ഥാനം

കുറിപ്പ്:—1. നോമിനേഷൻ പുതുക്കുന്നവർ അംഗത്വ ഉത്തരവിന്റെയും, ലൈസൻസിന്റെയും, അവസാന വരിസംഖ്യ, ആദ്യ രസീതിന്റെയും സാക്ഷ്യപ്പെടുത്തിയ പകർപ്പ്, അംഗീകൃത സംഘടനയുടെ ബന്ധപ്പെട്ട ജില്ലാ സെക്രട്ടറിയുടെ ശിപാർശ എന്നിവ അപേക്ഷയോടൊപ്പം വയ്ക്കേണ്ടതാണ്.

2. ശരിയായി പൂരിപ്പിച്ച 2 സെറ്റ് അപേക്ഷ ഫോറം സമർപ്പിക്കേണ്ടതാണ്. ഒരു കോപ്പി രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെ ഓഫീസിലും ഒരു കോപ്പി സെക്രട്ടറിയുടെ ഓഫീസിലും സൂക്ഷിക്കേണ്ടതാണ്.

ഫാറം നമ്പർ 6

## നോമിനേഷൻ പുതുക്കുന്നതിനുള്ള അപേക്ഷ

**2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി**

[ ഖണ്ഡിക 12 (2) കാണുക]

എന്റെ കാലശേഷം നിധിയിൽ നിന്നും എന്റെ പേരിലുള്ള ആനുകൂല്യങ്ങളും അർഹതപ്പെട്ട തുകയും കൈപ്പറ്റുന്നതിന് താഴെപ്പറയുന്ന എന്റെ ആശ്രിതനെ/ആശ്രിതരെ ഞാൻ ഇതിനാൽ നാമനിർദ്ദേശം ചെയ്യുന്നു.

| ക്രമ നമ്പർ | നോമിനിയുടെ/ നോമിനികളുടെ പേരും മേൽവിലാസവും | വയസ്സും ജനന തീയതിയും | അപേക്ഷകനു മായുള്ള ബന്ധം | നൽകേണ്ട തുകയുടെ വിഹിതം |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |

സ്ഥലം :

തീയതി :

അപേക്ഷകന്റെ ഒപ്പും പേരും

അംഗത്വ നമ്പരും മേൽവിലാസവും

(ഓഫീസ് ഉപയോഗത്തിന്)

നോമിനേഷൻ അംഗീകരിച്ചു

സ്ഥലം :

തീയതി :

(ഒപ്പ്)

രജിസ്റ്ററിംഗ് അധികാരസ്ഥാനം

ഫാറം നമ്പർ 7

## ചികിൽസാ ധനസഹായത്തിനുള്ള അപേക്ഷ

**2013–ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി**

[ഖണ്ഡിക 17 (6) കാണുക]

1. അംഗത്തിന്റെ പേര് :
2. പൂർണ്ണമായ മേൽവിലാസം :
3. വയസ്സും, ജനന തീയതിയും :
4. അംഗവുമായി ബന്ധപ്പെട്ട് സബ് രജിസ്ട്രാറിന്റെയും ജില്ലാ രജിസ്ട്രാറിന്റെയും ഓഫീസ്, മേൽവിലാസവും :
5. ലൈസൻസ് നമ്പരും തീയതിയും :
6. ക്ഷേമനിധി പദ്ധതിയിൽ ചേർന്ന തീയതിയും അംഗത്വ നമ്പരും :
7. അംഗത്വം റദ്ദാക്കിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അംഗത്വം പുനഃസ്ഥാപിച്ച അധികാരിയുടെ ഉത്തരവ് നമ്പരും തീയതിയും :
8. രോഗസ്വഭാവവും അതിന് വേണ്ടുന്ന ചികിത്സയുടെ വിവരവും (രോഗവിവരം വ്യക്തമായി എഴുതണം) :
9. ഈ പദ്ധതിപ്രകാരം മുമ്പ് ധനസഹായം ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ വിവരങ്ങൾ എഴുതുക :
10. ചികിൽസയ്ക്കായി മെഡിക്കൽ ആഫീസർ ശിപാർശ ചെയ്യുന്ന യഥാർത്ഥ ചെലവ് :

11. അംഗം ചികിൽസ നടത്തിയ ആശുപത്രിയുടെ പേരും മേൽവിലാസവും :

12. അപേക്ഷയോടൊപ്പം ചേർത്തിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ വിശദവിവരം (ചികിൽസ നടത്തിയ സ്ഥാപനത്തിൽ നിന്നുള്ള സർട്ടിഫിക്കറ്റ് തന്നെ സമർപ്പിക്കുക) :

13. ജോലിക്കുള്ള ലൈസൻസ് ഏതിനൊക്കെ ഉണ്ട് : ആധാരമെഴുത്ത്പകർപ്പെഴുത്ത്/ സ്റ്റാമ്പ് വെണ്ടർ

സ്ഥലം :

(ഒപ്പ്)

തീയതി :

പേര്

## സത്യപ്രസ്താവന

........................................................................(പേര്)........................................................................................................................................................................................................................................................................................(മേൽവിലാസം) എന്ന ഞാൻ, മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും ശരിയും സത്യവുമാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം : ..........................................

(ഒപ്പ്)..........................................

തീയതി : ..........................................

പേര്..........................................

---

<u>കുറിപ്പ്:</u> സബ് രജിസ്ട്രാറുടെയും, രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെയും അംഗീകൃത സംഘടനയുടെ ബന്ധപ്പെട്ട ജില്ലാ സെക്രട്ടറിയും ശിപാർശ, രജിസ്റ്ററിംഗ് അധികാരസ്ഥാനം നൽകുന്ന അംഗത്വ സാക്ഷ്യപത്രം, അവസാന വരിസംഖ്യ അടച്ച രസീത്, മെഡിക്കൽ സർട്ടിഫിക്കറ്റ്, മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ ബില്ലുകൾ, ഐ.പി./ഒ.പി. ടിക്കറ്റ്, ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ അപേക്ഷയോടൊപ്പം വയ്ക്കേണ്ടതാണ്.

ഫാറം നമ്പർ 8

# വിരമിക്കൽ ആനുകൂല്യത്തിനുള്ള അപേക്ഷ

**2013–ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി**

[ഖണ്ഡിക 18 (2) കാണുക]

1. അംഗത്തിന്റെ പേര് :
2. അംഗത്വ നമ്പർ :
3. മേൽവിലാസം
   - (1) വീട്ടു പേര് :
   - (2) വീട്ടു നമ്പർ :
   - (3) പ്രദേശം/വില്ലേജ് :
   - (4) പോസ്റ്റ് :
   - (5) താലൂക്ക് :
   - (6) പിൻ കോഡ് :
   - (7) ഫോൺ നമ്പർ :
   - (8) ആധാർ കാർഡ് നമ്പർ (ഉണ്ടെങ്കിൽ) :
4. ജനന തീയതിയും പൂർത്തിയായ വയസ്സും
5. അച്ഛന്റെ/അമ്മയുടെ/ഭർത്താവിന്റെ പേര് :
6. അംഗമായ തീയതി :
7. വിരമിക്കൽ ആനുകൂല്യത്തിന് അപേക്ഷിക്കുന്നതിനുള്ള കാരണം :

   (എ) 65 വയസ്സ്..............................മാസം ............................വർഷം പൂർത്തിയായി

   (ബി) 25 വർഷ അംഗത്വ കാലയളവ് ....................മാസം.................വർഷം പൂർത്തിയായി

   (സി) ഞാൻ അംഗത്വം.............................. മാസം.......................വർഷം അവസാനിപ്പിക്കുന്നു. ഇതിനുള്ള കാരണം ചുവടെ ചേർക്കുന്നു:

..........................................................................................................................................

..........................................................................................................................................

8. 65 വയസ്സിനു ശേഷം മാസവരിസംഖ്യ അടച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ കാലയളവ്, അടച്ച തുക :

9. ലൈസൻസ് നിലവിലുണ്ടോ ? :

## സത്യപ്രസ്താവന

മേൽപ്പറഞ്ഞ വിവരങ്ങളെല്ലാം എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്ന് ബോധിപ്പിച്ചുകൊള്ളുന്നു.

സ്ഥലം :
തീയതി :

അപേക്ഷകന്റെ ഒപ്പ്
പേര് :

---

കുറിപ്പ്:—സബ് രജിസ്ട്രാർ സാക്ഷ്യപ്പെടുത്തിയ പാസ്ബുക്ക്, അസ്സൽ അംഗത്വ സർട്ടിഫിക്കറ്റ്, അവസാനം വരിസംഖ്യ അടച്ച രസീത്, ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, സബ് രജിസ്ട്രാറുടെയും രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെയും ശിപാർശ എന്നിവ അപേക്ഷയോടൊപ്പം വയ്ക്കേണ്ടതാണ്.

---

## സബ് രജിസ്ട്രാർ നൽകേണ്ട സാക്ഷ്യപത്രവും ശിപാർശയും

..........................................................ാം നമ്പർ ക്ഷേമനിധി അംഗമായ ..........................................................പേര്.......................................................... മാസം..............................വർഷം..........................തീയതിമുതൽ.......................................... മാസം..........................വർഷം വരെ ക്ഷേമനിധി വരിസംഖ്യ കൃത്യമായി അടച്ചിട്ടുണ്ട്.

ശിപാർശ:..................................................

(ഒപ്പ്)

സ്ഥലം,
തീയതി :

പേര്
ഓഫീസിന്റെ പേര്:

(ഓഫീസ് സീൽ)

---

## രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെ ശിപാർശ

..........................................................................................................
..........................................................................................................
..........................................................................................................

(ഒപ്പ്)

സ്ഥലം,
തീയതി:

പേര്
ഓഫീസിന്റെ പേര് :

(ഓഫീസ് സീൽ)

33/1726/13.

ഫാറം നമ്പർ 9

# സ്ഥിരമായ ശാരീരിക അവശത മൂലം ജോലി ചെയ്യാൻ കഴായാതിരിക്കുകയോ ക്ഷേമനിധിയിൽ അംഗത്വം അവസാനിപ്പിക്കുകയോ ചെയ്യുന്ന അംഗങ്ങൾക്ക് അംശദായ തുക തിരിച്ചു കിട്ടുന്നതിനുള്ള അപേക്ഷ

**2013–ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി**

[ഖണ്ഡിക 18 (3) കാണുക]

അംഗത്തിന്റെ ഫോട്ടോ

(ഫോട്ടോ സബ് രജിസ്ട്രാർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.)

1. അംഗത്തിന്റെ പേര് :
2. അംഗത്വ നമ്പർ :
3. മേൽവിലാസം :
   (1) വീട്ടു പേര് :
   (2) വീട്ടു നമ്പർ :
   (3) പ്രദേശം/വില്ലേജ് :
   (4) പോസ്റ്റ് :
   (5) താലൂക്ക് :
   (6) പിൻ കോഡ് :
   (7) ഫോൺ നമ്പർ :
   (8) ആധാർ കാർഡ് നമ്പർ (ഉണ്ടെങ്കിൽ) :
4. ജനന തീയതിയും പൂർത്തിയായ വയസ്സും
5. അച്ഛന്റെ/അമ്മയുടെ/ഭർത്താവിന്റെ പേര് :
6. ക്ഷേമനിധി അംഗമായ തീയതിയും അംഗത്വം പ്രാബല്യത്തിൽ വന്ന മാസവും :
7. (എ) ക്ഷേമനിധിയിൽ അവസാനമായി വരിസംഖ്യ അടച്ച തീയതിയും രസീത് നമ്പരും :

   (ബി) ക്ഷേമനിധിയിൽ ആകെ മാസവരി സംഖ്യ അടച്ച കാലയളവ്

8. ജോലിയിൽ നിന്നും വിരമിച്ച തീയതി (തൊഴിൽ ചെയ്യുന്നതിനുള്ള ലൈസൻസ് ബന്ധപ്പെട്ട മേലധികാരിക്ക് തിരിച്ചേൽപ്പിച്ച തീയതി) :

9. (എ) ആധാരമെഴുത്ത്, പകർപ്പെഴുത്ത്, സ്റ്റാമ്പ് വെണ്ടർ എന്നീ ജോലി ചെയ്യുന്നതിന് ഏതെങ്കിലും ലൈസൻസ് തിരിച്ചേൽപ്പിക്കാനുണ്ടോ? : ഉണ്ട്/ഇല്ല

(ബി) ഉണ്ടെങ്കിൽ വിശദവിവരം എഴുതേണ്ടതാണ്. :

10. ആകെ പൂർത്തിയാക്കിയ അംഗത്വ കാലയളവ് :

11. അവശത തുടങ്ങിയ തീയതി :

12. അവശതയുടെ സ്വഭാവം :

13. അവശത തെളിയിക്കുന്നതിന് ഹാജരാക്കിയ രേഖകൾ :

(1)

(2)

14. അർഹതപ്പെട്ട വിരമിക്കൽ തുക :

## സത്യപ്രസ്താവന

മേൽപ്പറഞ്ഞ വിവരങ്ങളെല്ലാം എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്ന് ബോധിപ്പിച്ചുകൊള്ളുന്നു.

സ്ഥലം :

തീയതി :

അപേക്ഷകന്റെ ഒപ്പ്

പേര് :

### സബ്രജിസ്ട്രാർ നൽകേണ്ട സാക്ഷ്യപത്രവും ശിപാർശയും

.....................................................................ാം നമ്പർ ക്ഷേമനിധി അംഗമായ............................................................................ (അംഗത്തിന്റെ പേര്)..........................തീയതി ജോലി ചെയ്യുന്നതിനുള്ള ലൈസൻസ് (ആധാരമെഴുത്ത്/ പകർപ്പെഴുത്ത്/സ്റ്റാമ്പ് വെണ്ടർ) തിരിച്ചേൽപ്പിച്ചിട്ടുണ്ട്. ടിയാന് എന്റെ അറിവിൽ നിലവിൽ ആധാരമെഴുത്ത്/പകർപ്പെഴുത്ത്/സ്റ്റാമ്പ് വെണ്ടർ ജോലി ചെയ്യുന്നതിനുള്ള മറ്റ് ലൈസൻസുകൾ നിലവിലില്ല. ടിയാൻ...............................ാം തീയതി മുതൽ.................... തീയതി വരെ അംഗത്വ വരി സംഖ്യ കൃത്യമായി അടച്ചിട്ടുണ്ട്.

ശിപാർശ: ...........................................................

സ്ഥലം : .

തീയതി :

ഒപ്പ്

പേര് :

ഓഫീസിന്റെ പേര്:

(ഓഫീസ് സീൽ)

---

### രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെ ശിപാർശ

ശിപാർശ: ..................................................................................................................................
.............................................................................................................................................

സ്ഥലം :.............................

തീയതി :...........................

ഒപ്പ്

പേര് :

ഓഫീസിന്റെ പേര്:

(ഓഫീസ് സീൽ)

---

### ഓഫീസ് ഉപയോഗത്തിന്

...............................തീയതി മുതൽ.......................................രൂപ വീതം പ്രതിമാസം പെൻഷൻ അനുവദിച്ചിരിക്കുന്നു/അപേക്ഷ താഴെ പറയുന്ന കാരണങ്ങളാൽ നിരസിച്ചിരിക്കുന്നു.

ഒപ്പ്

സെക്രട്ടറി

(ക്ഷേമനിധി)

---

കുറിപ്പ്:—സബ് രജിസ്ട്രാർ , രജിസ്റ്ററിംഗ് അധികാരസ്ഥാനം, അംഗീകൃത സംഘടനയുടെ ജില്ലാ സെക്രട്ടറി എന്നിവരുടെ ശിപാർശ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

ഫാറം നമ്പർ 10

## മരണാനന്തര ആനുകൂല്യത്തിനുള്ള അപേക്ഷ

2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി

[ഖണ്ഡിക 19 (2) കാണുക]

1. അപേക്ഷകന്റെ/അപേക്ഷകയുടെ പേര് :
2. സ്ഥിരമായ മേൽവിലാസം :
3. നിലവിലുള്ള മേൽവിലാസം (ഫോൺ നമ്പർ ഉൾപ്പെടെ) :
4. അംഗവുമായുള്ള ബന്ധം :
5. ജനനത്തീയതിയും വയസ്സും :
6. ക്ഷേമനിധി അംഗത്തിന്റെ പേര് :
7. അംഗത്വ നമ്പർ :
8. അംഗത്തിന്റെ ജനന തീയതി :
9. ക്ഷേമനിധിയിൽ അംഗമായ തീയതി :
10. അംഗം മരണമടഞ്ഞ തീയതി :
11. ക്ഷേമനിധി വരിസംഖ്യ അവസാനം അടച്ച തീയതി :

അംഗത്തിന്റെ ഫോട്ടോ

(ഫോട്ടോ സബ് രജിസ്ട്രാർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.)

### സത്യപ്രസ്താവന

മേൽപ്പറഞ്ഞ വിവരങ്ങളെല്ലാം എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്ന് ബോധിപ്പിച്ചുകൊള്ളുന്നു.

സ്ഥലം :

അപേക്ഷകന്റെ/അപേക്ഷകയുടെ ഒപ്പ് :

തീയതി :

പേര് :

കുറിപ്പ്:—അസ്സൽ അംഗത്വ ഉത്തരവ്, അസ്സൽ നോമിനേഷൻ ഫോറം/തഹസിൽദാർ നൽകുന്ന അവകാശ സർട്ടിഫിക്കറ്റ്, സബ് രജിസ്ട്രാർ സാക്ഷ്യപ്പെടുത്തിയ പാസ് ബുക്ക്, ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, സബ് രജിസ്ട്രാറുടെയും രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെയും ശിപാർശ, മരണ സർട്ടിഫിക്കറ്റ്, അവസാനം വരിസംഖ്യ അടച്ച രസീത് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

## സബ് രജിസ്ട്രാർ നൽകേണ്ട സാക്ഷ്യപത്രവും ശിപാർശയും

..................നമ്പർ ക്ഷേമനിധി അംഗമായ.............................................................................................. (അംഗത്തിന്റെ പേര്) ..........................................തീയതി മരണപ്പെട്ടിട്ടുള്ളതാണെന്നും എന്റെ അറിവിൽ ടിയാൻ .......................... തീയതി മുതൽ .............................. തീയതി വരെ മാസവരി സംഖ്യ അടച്ചിട്ടുണ്ടെന്നും ടിയാന് മരിക്കുമ്പോൾ അംഗത്വവും ലൈസൻസും നിലവിലുണ്ടായിരുന്നുവെന്നും ടിയാൻ അംഗത്വത്തിൽ നിന്നും വിരമിക്കേണ്ടിയിരുന്ന തീയതി ................................... ആണെന്നും സാക്ഷ്യപ്പെടുത്തുന്നു.

ശിപാർശ............................................

സ്ഥലം :

തീയതി :

ഒപ്പ് :

പേര് :

ഓഫീസിന്റെ പേര് :

(ഓഫീസ് സീൽ)

---

## രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെ ശിപാർശ

..........................................................................................................................................

..........................................................................................................................................

സ്ഥലം :

തീയതി :

ഒപ്പ് :

പേര് :

ഓഫീസിന്റെ പേര് :

(ഓഫീസ് സീൽ)

ഫാറം നമ്പർ 11

## വിവാഹ ധനസഹായം, പ്രസവാനുകൂല്യം എന്നിവയ്ക്കുള്ള അപേക്ഷ

2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി

[ഖണ്ഡിക 20 (1), 21 (1) എന്നിവ കാണുക]

അംഗത്തിന്റെ ഫോട്ടോ

(ഫോട്ടോ സബ് രജിസ്ട്രാർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.)

1. അംഗത്തിന്റെ പേര് :
2. സ്ഥിരമായ മേൽവിലാസം :
3. നിലവിലുള്ള മേൽവിലാസം (ഫോൺ നമ്പർ ഉൾപ്പെടെ) :
4. അംഗത്വ നമ്പർ :
5. ജനനത്തീയതി, വയസ്സ് :
6. ലൈസൻസിന്റെ നമ്പരും തീയതിയും :
7. അംഗത്വം ലഭിച്ച തീയതി :
8. വിരമിക്കൽ തീയതി :
9. അച്ഛന്റെ/ഭർത്താവിന്റെ പേര് :
10. അംഗത്തിന്റെ മാസ വരുമാനം :
11. വൈവാഹിക പദവി :
12. ആധാരമെഴുത്ത്/പകർപ്പെഴുത്ത്/സ്റ്റാമ്പ് വെണ്ടർ ജോലിയിൽ ഏർപ്പെട്ട തീയതി :
13. ജോലിക്കുള്ള ലൈസൻസ് ഏതിനൊക്കെ ഉണ്ട് : ആധാരമെഴുത്ത്/പകർപ്പെഴുത്ത്/സ്റ്റാമ്പ് വെണ്ടർ
14. വിവാഹം നടക്കുന്നതിന്/നടന്നതിന് പദ്ധതി ഖണ്ഡികയിൽ 20(2)-ൽ പറയും പ്രകാരമുള്ള രേഖ ഹാജരാക്കിയിട്ടുണ്ടോ/ പ്രസവാനുകൂല്യത്തിന് പദ്ധതി ഖണ്ഡിക 21(2)-ൽ പറയും പ്രകാരമുള്ള രേഖ ഹാജരാക്കിയിട്ടുണ്ടോ :

15. മുമ്പ് ഈ പദ്ധതിപ്രകാരം ആനുകൂല്യം ലഭിച്ചിട്ടുണ്ടോ :

(എ) ഉണ്ടെങ്കിൽ എത്ര പ്രാവശ്യം :

(ബി) ആനുകൂല്യം ലഭിച്ച തീയതിയും ഉത്തരവ് നമ്പരും :

(ബാധകമല്ലാത്തത് വെട്ടിക്കളയുക)

**സത്യപ്രസ്താവന**

..........................................................................(പേര്)..........................................................

...............................................................................................................................................

...............................................................................................................(മേൽവിലാസം)

എന്ന ഞാൻ, മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്ന് ഇതിനാൽ ബോധിപ്പിച്ചുകൊള്ളുന്നു.

സ്ഥലം : അപേക്ഷകന്റെ ഒപ്പ് :

തീയതി : പേര് :

<u>കുറിപ്പ്</u>:—ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, അവസാനം വരിസംഖ്യ അടച്ച രസീത്, സബ് രജിസ്ട്രാറുടെയും രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെയും അംഗീകൃത സംഘടനയുടെ ജില്ലാ സെക്രട്ടറിയുടെയും ശിപാർശ കത്ത്, അംഗത്വ സാക്ഷ്യപത്രം എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

**ഓഫീസ് ഉപയോഗത്തിന്**

.............................................................................................. രൂപ വിവാഹധനമായി/ പ്രസവാനുകൂല്യമായി അനുവദിച്ചിരിക്കുന്നു.

(ഒപ്പ്)

സെക്രട്ടറി,
ക്ഷേമനിധി.

## ഫാറം നമ്പർ 12

# പെൻഷനുള്ള അപേക്ഷ

## 2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി

[ഖണ്ഡിക 23 (1) കാണുക]

1. അംഗത്തിന്റെ പേര് :
2. അംഗത്വ നമ്പർ :
3. മേൽവിലാസം
   (1) വീട്ടു പേര് :
   (2) വീട്ടു നമ്പർ :
   (3) പ്രദേശം/വില്ലേജ് :
   (4) പോസ്റ്റ് :
   (5) താലൂക്ക് :
   (6) പിൻ കോഡ് :
   (7) ഫോൺ നമ്പർ :
   (8) ആധാർ കാർഡ് നമ്പർ (ഉണ്ടെങ്കിൽ) :
4. ജനനത്തീയതിയും പൂർത്തിയായ വയസ്സും :
5. അച്ഛന്റെ/അമ്മയുടെ/ഭർത്താവിന്റെ പേര് :
6. ക്ഷേമനിധി അംഗമായ തീയതിയും അംഗത്വം പ്രാബല്യത്തിൽ വന്ന മാസവും :
7. (എ) ക്ഷേമനിധിയിൽ അവസാനമായി വരിസംഖ്യ അടച്ച തീയതിയും രസീത് നമ്പരും :
   (ബി) ക്ഷേമനിധിയിൽ ആകെ മാസവരി സംഖ്യ അടച്ച കാലയളവ് :
8. ജോലിയിൽ നിന്നും വിരമിച്ച തീയതി (തൊഴിൽ ചെയ്യുന്നതിനുള്ള ലൈസൻസ് ബന്ധപ്പെട്ട മേലധികാരിക്ക് തിരിച്ചേൽപ്പിച്ച തീയതി) :

| |
|---|
| അംഗത്തിന്റെ ഫോട്ടോ |

(ഫോട്ടോ സബ് രജിസ്ട്രാർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.)

9. (എ) ആധാരമെഴുത്ത്, പകർപ്പെഴുത്ത്, സ്റ്റാമ്പ് വെണ്ടർ എന്നീ ജോലി ചെയ്യുന്നതിന് ഏതെങ്കിലും ലൈസൻസ് തിരിച്ചേൽപ്പിക്കാനുണ്ടോ? : ഉണ്ട്/ഇല്ല

(ബി) ഉണ്ടെങ്കിൽ വിശദവിവരം :

10. ഇപ്പോൾ സർക്കാരിൽ നിന്നോ മറ്റേതെങ്കിലും ബോർഡിൽ നിന്നോ അപേക്ഷകന് പെൻഷൻ ലഭിക്കുന്നുണ്ടോ?

11. ആകെ പൂർത്തിയാക്കിയ അംഗത്വ കാലയളവ് :

12. അർഹതപ്പെട്ട പെൻഷൻ തുക :

## സത്യപ്രസ്താവന

മേൽപ്പറഞ്ഞ വിവരങ്ങളെല്ലാം എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്ന് ബോധിപ്പിച്ചുകൊള്ളുന്നു.

സ്ഥലം :
തീയതി :

അപേക്ഷകന്റെ ഒപ്പ് :
പേര് :

---

<u>കുറിപ്പ്</u>:—സബ് രജിസ്ട്രാർ, രജിസ്റ്ററിംഗ് അധികാരസ്ഥാനം, അംഗീകൃത സംഘടനയുടെ ജില്ലാ സെക്രട്ടറി എന്നിവരുടെ ശിപാർശ കത്ത് അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

---

## സബ് രജിസ്ട്രാർ നൽകേണ്ട സാക്ഷ്യപത്രവും ശിപാർശയും

..................................................-ാം നമ്പർ ക്ഷേമനിധി അംഗമായ ....................................................................................................(അംഗത്തിന്റെ പേര്)........................തീയതി ജോലി ചെയ്യുന്നതിനുള്ള ലൈസൻസ് (ആധാരമെഴുത്ത്/പകർപ്പെഴുത്ത്/സ്റ്റാമ്പ് വെണ്ടർ) തിരിച്ചേൽപ്പിച്ചിട്ടുണ്ട്. ടിയാന് എന്റെ അറിവിൽ നിലവിൽ ആധാരമെഴുത്ത്/പകർപ്പെഴുത്ത്/സ്റ്റാമ്പ് വെണ്ടർ ജോലി ചെയ്യുന്നതിനുള്ള മറ്റ് ലൈസൻസുകൾ നിലവിലില്ല. ടിയാൻ ......................-ാം തീയതി മുതൽ .................... തീയതി വരെ അംഗത്വ വരിസംഖ്യ കൃത്യമായി അടച്ചിട്ടുണ്ട്. ശിപാർശ...........................

ഒപ്പ് :

പേര് :
ഓഫീസിന്റെ പേര് :

സ്ഥലം :
തീയതി :

(ഓഫീസ് സീൽ)

**രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെ ശിപാർശ**

ശിപാർശ:—..........................................................................................................................................

..........................................................................................................................................

സ്ഥലം :.............................. ഒപ്പ് :

തീയതി :.............................. പേര് :

ഓഫീസിന്റെ പേര്:

(ഓഫീസ് സീൽ)

---

**ഓഫീസ് ഉപയോഗത്തിന്**

..............................തീയതി മുതൽ..................................രൂപ വീതം പ്രതിമാസം പെൻഷൻ അനുവദിച്ചിരിക്കുന്നു/അപേക്ഷ താഴെപ്പറയുന്ന കാരണങ്ങളാൽ നിരസിച്ചിരിക്കുന്നു.

ഒപ്പ് :

സെക്രട്ടറി,

(ക്ഷേമനിധി)

ഫാറം നമ്പർ 13

# പ്രത്യേക പെൻഷനുള്ള അപേക്ഷ

2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി

[ഖണ്ഡിക 24(2) കാണുക]

1. അംഗത്തിന്റെ പേര് :
2. അംഗത്വ നമ്പർ :
3. മേൽവിലാസം

   (1) വീട്ടു പേര് :

   (2) വീട്ടു നമ്പർ :

   (3) പ്രദേശം/വില്ലേജ് :

   (4) പോസ്റ്റ് :

   (5) താലൂക്ക് :

   (6) പിൻ കോഡ് :

   (7) ഫോൺ നമ്പർ :

   (8) ആധാർ കാർഡ് നമ്പർ (ഉണ്ടെങ്കിൽ) :

അംഗത്തിന്റെ ഫോട്ടോ

(ഫോട്ടോ സബ് രജിസ്ട്രാർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.)

4. ജനനത്തീയതിയും പൂർത്തിയായ വയസ്സും
5. അച്ഛന്റെ/അമ്മയുടെ/ഭർത്താവിന്റെ പേര് :
6. ക്ഷേമനിധി അംഗമായ തീയതിയും അംഗത്വം പ്രാബല്യത്തിൽ വന്ന മാസവും :
7. (എ) ക്ഷേമനിധിയിൽ അവസാനമായി വരിസംഖ്യ അടച്ച തീയതിയും രസീത് നമ്പരും :

   (ബി)ക്ഷേമനിധിയിൽ ആകെ മാസവരി സംഖ്യ അടച്ച കാലയളവ് :
8. ജോലിയിൽ നിന്നും വിരമിച്ച തീയതി (തൊഴിൽ ചെയ്യുന്നതിനുള്ള ലൈസൻസ് ബന്ധപ്പെട്ട മേലധികാരിക്ക് തിരിച്ചേൽപ്പിച്ച തീയതി)

9\. (എ) ആധാരമെഴുത്ത്, പകർപ്പെഴുത്ത്, സ്റ്റാമ്പ് വെണ്ടർ എന്നീ ജോലി ചെയ്യുന്നതിന് ഏതെങ്കിലും ലൈസൻസ് തിരിച്ചേൽപ്പിക്കാനുണ്ടോ? : ഉണ്ട്/ഇല്ല

(ബി) ഉണ്ടെങ്കിൽ വിശദവിവരം :

10\. ഇപ്പോൾ സർക്കാരിൽ നിന്നോ മറ്റേതെങ്കിലും ബോർഡിൽ നിന്നോ അപേക്ഷകന് പെൻഷൻ ലഭിക്കുന്നുണ്ടോ?

11\. ആകെ പൂർത്തിയാക്കിയ അംഗത്വ കാലയളവ് :

12\. അർഹതപ്പെട്ട പെൻഷൻ തുക :

## സത്യപ്രസ്താവന

മേൽപ്പറഞ്ഞ വിവരങ്ങളെല്ലാം എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്ന് ബോധിപ്പിച്ചുകൊള്ളുന്നു.

സ്ഥലം :
തീയതി :

അപേക്ഷകന്റെ ഒപ്പ് :
പേര് :

---

<u>കുറിപ്പ്</u>:—സബ് രജിസ്ട്രാർ, രജിസ്റ്ററിംഗ് അധികാരസ്ഥാനം, അംഗീകൃത സംഘടനയുടെ ജില്ലാ സെക്രട്ടറി എന്നിവരുടെ ശിപാർശ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

---

## സബ് രജിസ്ട്രാർ നൽകേണ്ട സാക്ഷ്യപത്രവും ശിപാർശയും

.......................................................-ാം നമ്പർ ക്ഷേമനിധി അംഗമായ ..............................................................................................(അംഗത്തിന്റെ പേര്).......................തീയതി ജോലി ചെയ്യുന്നതിനുള്ള തന്റെ ലൈസൻസ് (ആധാരമെഴുത്ത്/പകർപ്പെഴുത്ത്/സ്റ്റാമ്പ് വെണ്ടർ) തിരിച്ചേൽപ്പിച്ചിട്ടുണ്ട്. ടിയാന്റെ ജോലി ചെയ്യുന്നതിനുള്ള ലൈസൻസ് ...................... തീയതി മുതൽ പ്രാബല്യത്തിലുണ്ട്. ടിയാന് എന്റെ അറിവിൽ നിലവിൽ ആധാരമെഴുത്ത്/പകർപ്പെഴുത്ത്/സ്റ്റാമ്പ് വെണ്ടർ ജോലി ചെയ്യുന്നതിനുള്ള മറ്റ് ലൈസൻസുകൾ നിലവിലില്ല. ടിയാൻ .................തീയതി മുതൽ.................................. തീയതി വരെ അംഗത്വ വരിസംഖ്യ കൃത്യമായി അടച്ചിട്ടുണ്ട്.

ശിപാർശ.................................................

ഒപ്പ് :

സ്ഥലം :
പേര് :

തീയതി :
ഓഫീസിന്റെ പേര് :

(ഓഫീസ് സീൽ)

### രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെ ശിപാർശ

ശിപാർശ:—..............................................................................................................................................

.......................................................................................................................................................................

സ്ഥലം :.............................

തീയതി :...........................

ഒപ്പ് :

പേര് :

ഓഫീസിന്റെ പേര് :

(ഓഫീസ് സീൽ)

---

### ഓഫീസ് ഉപയോഗത്തിന്

................................തീയതി മുതൽ.....................................രൂപ വീതം പ്രതിമാസം പെൻഷൻ അനുവദിച്ചിരിക്കുന്നു/അപേക്ഷ താഴെപ്പറയുന്ന കാരണങ്ങളാൽ നിരസിച്ചിരിക്കുന്നു.

ഒപ്പ് :

സെക്രട്ടറി,

(ക്ഷേമനിധി)

ഫാറം നമ്പർ 14

## കുടുംബ പെൻഷനുള്ള അപേക്ഷ

2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി

[ഖണ്ഡിക 25 (2) കാണുക]

| | | |
|---|---|---|
| 1. അപേക്ഷകന്റെ പേര് | : | |
| 2. അംഗവുമായുള്ള ബന്ധം | : | |
| 3. ജനന തീയതിയും പൂർത്തിയായ വയസ്സും | : | |
| 4. മേൽവിലാസം | | |
| (1) വീട്ടു പേര് | : | |
| (2) വീട്ടു നമ്പർ | : | |
| (3) പ്രദേശം/വില്ലേജ് | : | |
| (4) പോസ്റ്റ് | : | |
| (5) താലൂക്ക് | : | |
| (6) പിൻ കോഡ് | : | |
| (7) ഫോൺ നമ്പർ | : | |
| (8) ആധാർ കാർഡ് നമ്പർ (ഉണ്ടെങ്കിൽ) | : | |
| 5. ഇപ്പോൾ സർക്കാരിൽ നിന്നോ മറ്റേതെങ്കിലും ബോർഡിൽ നിന്നോ അപേക്ഷകന്/അപേക്ഷകയ്ക്ക് പെൻഷൻ ലഭിക്കുന്നുണ്ടോ? | : | ഉണ്ട്/ഇല്ല |
| 6. ക്ഷേമനിധി അംഗത്തിന്റെ പേര് | : | |
| 7. അംഗത്വ നമ്പർ | : | |
| 8. ക്ഷേമനിധി അംഗമായ തീയതിയും അംഗത്വം പ്രാബല്യത്തിൽ വന്ന മാസവും | : | |
| 9. (എ) ക്ഷേമനിധിയിൽ അവസാനമായി മാസ വരിസംഖ്യ അടച്ച തീയതിയും രസീത് നമ്പരും | : | |
| (ബി) ക്ഷേമനിധിയിൽ ആകെ മാസവരി സംഖ്യ അടച്ച കാലയളവ് | : | |

അപേക്ഷകന്റെ ഫോട്ടോ

(ഫോട്ടോ സബ് രജിസ്ട്രാർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.)

10. അംഗം മരണമടഞ്ഞ തീയതി :

11. മറ്റ് അവകാശികളുടെ പേരും അവർക്ക് അംഗവുമായുള്ള ബന്ധം :

12. അപേക്ഷകൻ മൈനറാണെങ്കിൽ രക്ഷിതാവിന്റെ പേരും വിലാസവും :

13. അപേക്ഷകന്റെ വാർഷിക കുടുംബവരുമാനം :

14. പെൻഷന് അവകാശപ്പെട്ട വിഭാഗത്തിൽ ഒന്നിൽ കൂടുതൽ പേരുകൾ ഉണ്ടെങ്കിൽ അപേക്ഷകന് പെൻഷൻ നൽകുന്നതിന് മറ്റ് അവകാശികളുടെ സമ്മതപത്രം ഹാജരാക്കിയിട്ടുണ്ടോ?

15. (എ) അപേക്ഷകൻ/അപേക്ഷക വികലാംഗനോ (50%), ബുദ്ധിമാന്ദ്യമോ ഉള്ള ആളാണോ :

(ബി) ആണെങ്കിൽ, രക്ഷാകർത്താവിന്റെ പേര്, വിലാസം; മറ്റ് ബന്ധപ്പെട്ട വിവരങ്ങൾ :

## സത്യപ്രസ്താവന

മേൽപ്പറഞ്ഞ വിവരങ്ങളെല്ലാം എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്ന് ബോധിപ്പിച്ചുകൊള്ളുന്നു.

അപേക്ഷകന്റെ ഒപ്പ് :

സ്ഥലം :

പേര് :

തീയതി :

---

കുറിപ്പ്:—അപേക്ഷകൻ പ്രായപൂർത്തിയാകാത്ത ആളാണെങ്കിൽ അപേക്ഷയിൽ രക്ഷാകർത്താവ് ഒപ്പിട്ടിരിക്കേണ്ടതാണ്.

---

## സബ് രജിസ്ട്രാറുടെ സാക്ഷ്യപത്രവും ശിപാർശയും

........................-ാം നമ്പർ ക്ഷേമനിധി അംഗമായിരുന്ന പരേതനായ ..............................................................ക്ഷേമനിധി വരിസംഖ്യ..................................-ാം തീയതി മുതൽ .....................-ാം തീയ്തി വരെ മുടക്കം കൂടാതെ അടച്ചിട്ടുണ്ട്.

ഒപ്പ് :

പേര് :

സ്ഥലം :

ഓഫീസിന്റെ പേര് :

തീയതി :

(ഓഫീസ് സീൽ)

## രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെ ശിപാർശ

ശിപാർശ : ..........................................................................................................................................................

.........................................................................................................................................................................

സ്ഥലം :............................ ഒപ്പ്

തീയതി :.......................... പേര് :

ഓഫീസിന്റെ പേര് :

(ഓഫീസ് സീൽ)

---

### ഓഫീസ് ഉപയോഗത്തിന്

................................തീയതി മുതൽ....................................രൂപ വീതം പ്രതിമാസം പെൻഷൻ അനുവദിച്ചിരിക്കുന്നു/അപേക്ഷ താഴെപ്പറയുന്ന കാരണങ്ങളാൽ നിരസിച്ചിരിക്കുന്നു.

ഒപ്പ്

സെക്രട്ടറി,

(ക്ഷേമനിധി)

33/1726/13.

ഫാറം നമ്പർ 15

[ഖണ്ഡിക 27 കാണുക]

(മതിയായ തുകയ്ക്കുള്ള മുദ്രപത്രത്തിൽ തയ്യാറാക്കേണ്ടത്)

**2013–ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി**

.......................................–ാം വർഷം.................................മാസം ..................................–ാം തീയതി, കേരള ആധാരമെഴുത്തുകാരുടെയും, പകർപ്പെഴുത്തുകാരുടെയും, സ്റ്റാമ്പ് വെണ്ടർ മാരുടെയും ക്ഷേമനിധി ബോർഡിന്റെ സെക്രട്ടറിയുടെ പേർക്ക് പ്രസ്തുത പദ്ധതിയിലെ അംഗം,..........................................................സംസ്ഥാനം............................................................

ജില്ല.......................................താലൂക്ക് ..................................................വില്ലേജിൽ....................

......................................................വീട്ടിൽ...............................................................ടെ മകൻ/മകൾ/

ശ്രീ./ശ്രീമതി......................................എഴുതിക്കൊടുത്ത നഷ്ടോത്തരവാദ കരാർ.

കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർ മാരുടെയും ക്ഷേമനിധിയിൽ നിന്നും..............................–ാം വർഷം ...................... മാസം ............................–ാം തീയതി ........................... രൂപ (അക്ഷരത്തിൽ ..............................................................................................) വായ്പയായി ഞാൻ .......................... തീയതി കൈപ്പറ്റിയിരിക്കുന്നു. ടി വായ്പ തുകയായ .......................... രൂപയും .................... % നിരക്കിൽ പലിശയുംകൂടി ....................... പ്രതിമാസ തവണ കളായി തിരിച്ച് അടയ്ക്കുന്നതിന് ഞാൻ ഇതിനാൽ സമ്മതിച്ചിരിക്കുന്നു.

യഥാസമയം ടി തുക പലിശ സഹിതം തിരിച്ചടയ്ക്കുവാൻ വീഴ്ച വരുത്തുകയോ, അപേക്ഷയിൽ പ്രതിപാദിച്ചിരുന്ന ആവശ്യത്തിനല്ലാതെ ഇതര ആവശ്യങ്ങൾക്കായി വായ്പ തുക വിനിയോഗിക്കുകയോ, ക്ഷേമനിധിയിലേക്ക് പ്രസ്തുത തുക മറ്റ് കാരണങ്ങളാൽ തിരിച്ചുപിടിക്കേണ്ടതായ സാഹചര്യത്തിലോ ചുവടെ പറയുന്ന ഉപാധികൾ ഞാൻ ഇതിനാൽ അംഗീകരിക്കുന്നു.

മുതലിനത്തിലോ, പലിശ, പിഴപലിശ ഇനത്തിലോ ഞാൻ ക്ഷേമനിധിക്ക് കടപ്പെട്ടിരിക്കുന്ന തുക ക്ഷേമനിധി ബോർഡ് ആവശ്യപ്പെടുമ്പോൾ തന്നെ നൽകിക്കൊള്ളാം. അല്ലാത്ത പക്ഷം ടി തുക എന്റെ സ്ഥാവരജംഗമ വസ്തുക്കളിൽ നിന്നും ഈടാക്കുന്നതിന് ഞാൻ ഇതിനാൽ സമ്മതിച്ചിരിക്കുന്നു. താഴെ പറയുന്ന സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ ഇന്നേ ദിവസം ഞാൻ ഇതിൽ ഒപ്പുവച്ചിരിക്കുന്നു.

ഒപ്പ്

സ്ഥലം :

തീയതി :

പേര് :

വിലാസം :

സാക്ഷികൾ

ഒപ്പ്, പേര്, വിലാസം:

1. ........................................................................................................

2. ........................................................................................................

ഫാറം നമ്പർ 16

# വ്യക്തിഗത വായ്പയ്ക്കുള്ള അപേക്ഷ

**2013–ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി**

[ഖണ്ഡിക 28 (3) കാണുക]

1. അംഗത്തിന്റെ പേര് :
2. സ്ഥിരമായ മേൽവിലാസം :

അംഗത്തിന്റെ ഫോട്ടോ

(ഫോട്ടോ സബ് രജിസ്ട്രാർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.)

3. നിലവിലുള്ള മേൽവിലാസം :
4. അംഗത്വ നമ്പർ :
5. ജനനത്തീയതിയും, വയസ്സും :
6. ലൈസൻസിന്റെ നമ്പരും, തീയതിയും :
7. അച്ഛന്റെ/ഭർത്താവിന്റെ പേര് :
8. വിരമിക്കൽ തീയതി :
9. വൈവാഹിക പദവി :
   വിവാഹിതൻ/വിവാഹിത/അവിവാഹിതൻ/
   അവിവാഹിത/വിധവ/വിഭാര്യൻ
10. വായ്പയുടെ ആവശ്യം :
11. ആവശ്യപ്പെടുന്ന തുക (500–ന്റെ ഗുണിതങ്ങളിൽ) :
12. അംഗത്തിന്റെ മാസവരുമാനം :

സ്ഥലം :

തീയതി :

ഒപ്പ് :

പേര് :

## സത്യപ്രസ്താവന

പേര്.......................................................................വിലാസം..........................................

...........................................................................................................................

എന്ന ഞാൻ മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും ശരിയും സത്യവുമാണെന്ന് ബോധിപ്പിച്ചുകൊള്ളുന്നു. ഈ വായ്പ സംബന്ധിച്ച് ഞാൻ എന്തെങ്കിലും കുടിശ്ശിക വരുത്തുന്ന പക്ഷം എനിക്ക് ലഭിക്കാനുള്ള ആനുകൂല്യത്തിൽ നിന്നും ആയത് കുറവു ചെയ്യുന്നതിന് എനിക്ക് പൂർണ്ണസമ്മതമാണെന്നും ഇതിനാൽ ബോധിപ്പിച്ചുകൊള്ളുന്നു.

സ്ഥലം : ഒപ്പ് :

തീയതി : പേര് :

കുറിപ്പുകൾ:—
1. ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, അവസാനം വരിസംഖ്യ അടച്ച രസീത്, സബ് രജിസ്ട്രാരുടെയും രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെയും അംഗീകൃത സംഘടനയുടെ ജില്ലാ സെക്രട്ടറിയുടെയും ശിപാർശ, അംഗത്വ സാക്ഷ്യപത്രം എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.
2. ക്ഷേമനിധിയുടെ ബജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന തുകയുടെ ലഭ്യത അനുസരിച്ചായിരിക്കും വായ്പ അനുവദിക്കുന്നത്.
3. അപേക്ഷ സെക്രട്ടറിക്ക് ലഭിക്കുന്ന തീയതി വച്ചായിരിക്കും മുൻഗണനാക്രമം നിശ്ചയിക്കുന്നത്.
4. വായ്പ 10 മാസത്തവണകളായി തിരിച്ചടയ്ക്കേണ്ടതാണ്.
5. വായ്പയുടെ വാർഷികപലിശ 9% ആയിരിക്കും. വായ്പ തിരിച്ചടയ്ക്കാൻ മുടക്കം വരുത്തിയാൽ മുടക്കം വരുത്തുന്ന തവണകൾക്ക് 18% പലിശ ഈടാക്കുന്നതാണ്.
6. വായ്പ തുക 5000 രൂപ വരെ അനുവദിക്കുന്നതാണ്. (500-ന്റെ ഗുണിതങ്ങളായിട്ടായിരിക്കും അനുവദിക്കുന്നത്.)

---

## സബ് രജിസ്ട്രാറുടെ ശിപാർശ

ശിപാർശ:—.........................................................................................................

...........................................................................................................................

സ്ഥലം.................. ഒപ്പ് :

തീയതി................. പേര് :

(ഓഫീസ് സീൽ) ഓഫീസിന്റെ പേര്:

---

## ഓഫീസ് ഉപയോഗത്തിന്

വായ്പ അനുവദിച്ചിരിക്കുന്നു.

സ്ഥലം.................. ഒപ്പ് :

തീയതി................. സെക്രട്ടറി

ക്ഷേമനിധി

ഫാറം നമ്പർ 17

# വീട് വയ്ക്കുന്നതിനോ/പുതുക്കിപ്പണിയുന്നതിനോ ഉള്ള അപേക്ഷ

**2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി**

[ഖണ്ഡിക 29(7), 30(3) എന്നിവ കാണുക]

1. അംഗത്തിന്റെ പേര് :
2. നിലവിലുള്ള മേൽവിലാസം :
3. സ്ഥിരമായ മേൽവിലാസം :
4. ഫോൺ നമ്പർ :
5. അംഗത്വ നമ്പർ :
6. അച്ഛന്റെ/ഭർത്താവിന്റെ പേര് :
7. വൈവാഹിക പദവി :
   വിവാഹിതൻ/വിവാഹിത/അവിവാഹിതൻ/
   അവിവാഹിത/വിധവ/വിഭാര്യൻ
8. ക്ഷേമനിധിയിൽ അംഗമായ തീയതി :
9. അംഗത്വത്തിൽ നിന്നും വിരമിക്കുന്ന തീയതി :
10. വയസ്സും, ജനനത്തീയതിയും :
11. ആദായനികുതി വകുപ്പ് നൽകുന്ന പാൻകാർഡിന്റെ നമ്പർ :
12. വാർഷിക വരുമാനം :
13. ആധാരമെഴുത്ത്/പകർപ്പെഴുത്ത്/സ്റ്റാമ്പ് വെണ്ടർ ജോലിയിൽ ഏർപ്പെട്ട തീയതി :
14. വായ്പയുടെ ആവശ്യം :

അംഗത്തിന്റെ ഫോട്ടോ

(സബ് രജിസ്ട്രാർ ഫോട്ടോ സാക്ഷ്യപ്പെടുത്തേണ്ടതാണ്.)

15. അംഗത്തിന്റെ വസ്തുവകകളുടെ പൂർണ്ണ വിവരം :

(എ) ആധാരത്തിന്റെ നമ്പർ :

(ബി) സർവ്വേ നമ്പർ :

(സി) ഈ വസ്തുവിന് സർക്കാർ നിശ്ചയിച്ചിരിക്കുന്ന ന്യായവില :

(ഡി) മറ്റ് വിശദ വിവരങ്ങൾ :

(ഇ) നിലവിൽ അംഗത്തിനുള്ള ബാദ്ധ്യതകളുടെ വിശദവിവരം :

16. വീട് വയ്ക്കുന്നതിന്/വീട് പുതുക്കി പണിയുന്നതിന് ഉദ്ദേശിക്കുന്ന വസ്തുവിന്റെ വിശദവിവരം :

(എ) ആധാരത്തിന്റെ നമ്പർ :

(ബി) സർവ്വേ നമ്പർ :

(സി) ഈ വസ്തുവിന് സർക്കാർ നിശ്ചയിച്ചിരിക്കുന്ന ന്യായവില :

(ഡി) വില്ലേജ്, താലൂക്ക്, ജില്ല :

(ഇ) വസ്തുവിന്റെ വിസ്തീർണ്ണം :

17. വീട് വയ്ക്കുന്നതിന്/പുതുക്കി പണിയുന്നതിന് ഉള്ള എസ്റ്റിമേറ്റ് തുക :

18. അപേക്ഷിക്കുന്ന വായ്പാ തുക :

19. തിരിച്ചടയ്ക്കാൻ ഉദ്ദേശിക്കുന്ന കാലാവധി :

## സത്യപ്രസ്താവന

പേര്.............................................................................വിലാസം...............................................

.......................................................................................................................................................

എന്ന ഞാൻ മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും ശരിയും സത്യവുമാണെന്നും ഈ വായ്പ സംബന്ധമായി ക്ഷേമനിധി ബോർഡിന് എന്തെങ്കിലും തുക പിരിഞ്ഞുകിട്ടാൻ ഉണ്ടെങ്കിൽ എനിക്ക് ക്ഷേമനിധിയിൽ നിന്നും ലഭിക്കേണ്ട ആനുകൂല്യത്തിൽ നിന്നോ എന്റെ സ്ഥാവര ജംഗമ വസ്തുക്കളിൽ നിന്നോ ഈടാക്കുന്നതിന് എനിക്ക് പൂർണ്ണസമ്മതമാണെന്നും ഇതിനാൽ ബോധിപ്പിച്ചു കൊള്ളുന്നു.

സ്ഥലം :                                                                 ഒപ്പ് :

തീയതി :                                                                 പേര് :

<u>കുറിപ്പ്</u>:— 1. വസ്തുവിന്റെ പ്രമാണം ക്ഷേമനിധിയുടെ പേരിൽ പണയപ്പെടുത്തേണ്ടതും പ്രമാണം ക്ഷേമനിധി സെക്രട്ടറിക്ക് കൈമാറേണ്ടതുമാണ്.

2. വായ്പയ്ക്ക് 9% വാർഷിക പലിശ ഈടാക്കുന്നതായിരിക്കും.

3. വീട് പണിതതിന്റെ/വീട് പുതുക്കി പണിഞ്ഞതിന്റെ പൂർത്തീകരണ സാക്ഷ്യപത്രം തദ്ദേശ സ്വയംഭരണസ്ഥാപനത്തിൽ നിന്നും ഹാജരാക്കാത്ത പക്ഷം മുൻകാല പ്രാബല്യത്തോടുകൂടി വായ്പയ്ക്ക് 18% പലിശ ഈടാക്കുന്നതാണ്.

4. മുടക്കം വരുത്തുന്ന തവണകൾക്ക് 18% പലിശ ഈടാക്കുന്നതായിരിക്കും.

5. ക്ഷേമനിധിയുടെ ബജറ്റ് വിഹിതത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന തുകയുടെ ലഭ്യത അനുസരിച്ച് മാത്രമേ വായ്പ അനുവദിക്കുകയുള്ളു.

6. അപേക്ഷ സെക്രട്ടറിക്ക് ലഭിക്കുന്ന തീയതിയുടെയും അപേക്ഷകൻ ക്ഷേമനിധി അംഗത്വം പൂർത്തിയാക്കിയ വർഷത്തിന്റെയും അടിസ്ഥാനത്തിലായിരിക്കും മുൻഗണനാക്രമം തീരുമാനിക്കുന്നത്.

7. വായ്പ രണ്ട് ഘട്ടമായിട്ടായിരിക്കും അനുവദിക്കുന്നത്. ഒന്നാം ഘട്ടം വായ്പ അനുവദിച്ച് കോൺക്രീറ്റ്/മേൽക്കൂരയുടെ പണി കഴിഞ്ഞതായി അംഗീകൃത സംഘടനാ ജില്ലാ ജനറൽ സെക്രട്ടറിയുടെ സാക്ഷ്യപത്രം കിട്ടിയശേഷം രണ്ടാംഘട്ട വായ്പ അനുവദിക്കുന്നതാണ്. ആവശ്യമെന്ന് കണ്ടാൽ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ നേരിട്ട് പരിശോധന നടത്തുന്നതാണ്.

**താഴെപ്പറയുന്ന രേഖകൾ കൂടി അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്**

1. ആദായനികുതിവകുപ്പ് നൽകുന്ന പാൻകാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് (നിലവിൽ റിട്ടേൺസ് ഫയൽ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ അവസാന വർഷത്തെ പകർപ്പ്)
2. വസ്തുവിന്റെ 20 വർഷത്തെ ബാദ്ധ്യത സർട്ടിഫിക്കറ്റ്
3. വസ്തുവിന്റെ കരം തീർത്ത രസീത്
4. സബ് രജിസ്ട്രാരുടെയും രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെയും ശിപാർശ, അംഗീകൃത സംഘടനയുടെ ജില്ലാ സെക്രട്ടറിയുടെ ശിപാർശ കത്തും റിപ്പോർട്ടും, അവസാനം വരിസംഖ്യ അടച്ച രസീത്, ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, അംഗത്വ സാക്ഷ്യപത്രം.
5. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ച അനുമതിയുടെയും എസ്റ്റിമേറ്റിന്റെയും സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

---

**ഓഫീസ് ഉപയോഗത്തിന്**

അപേക്ഷകന്/അപേക്ഷകയ്ക്ക്..........................................................................................രൂപ വായ്പയായി അനുവദിച്ചിരിക്കുന്നു.

ഒപ്പ് :

സെക്രട്ടറി

ക്ഷേമനിധി.

ഫാറം നമ്പർ 18

# വസ്തുവോ, വീടോടുകൂടിയ വസ്തുവോ വാങ്ങുന്നതിനുള്ള അപേക്ഷ

**2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി**

[ഖണ്ഡിക 31(4), 33(10) എന്നിവ കാണുക]

അംഗത്തിന്റെ ഫോട്ടോ

(സബ് രജിസ്ട്രാർ ഫോട്ടോ സാക്ഷ്യപ്പെടുത്തേണ്ടതാണ്.)

1. അംഗത്തിന്റെ പേര് :
2. സ്ഥിരമായ മേൽവിലാസം :
3. നിലവിലുള്ള മേൽവിലാസം :
4. അംഗത്വ നമ്പർ :
5. അംഗത്വം ലഭിച്ച തീയതി :
6. അംഗത്വത്തിൽ നിന്നും വിരമിക്കുന്ന തീയതി :
7. ബാങ്ക് അക്കൗണ്ട് നമ്പർ :
8. പാൻ നമ്പർ :
9. അച്ഛന്റെ/അമ്മയുടെ/ഭർത്താവിന്റെ പേര് :
10. ജനനത്തീയതിയും, വയസ്സും :
11. വൈവാഹിക പദവി വിവാഹിതൻ/വിവാഹിത/ അവിവാഹിതൻ/അവിവാഹിത/ വിധവ/വിഭാര്യൻ :
12. ലൈസൻസിന്റെ നമ്പരും തീയതിയും :
13. തിരിച്ചറിയൽ അടയാളങ്ങൾ :

    (i)

    (ii)

14. ഏത് സബ് രജിസ്ട്രാർ ഓഫീസിന്റെ പരിധിയിലാണ് ജോലി ചെയ്യുന്നത് :

15. വായ്പയുടെ ആവശ്യം :

16. വാങ്ങാൻ ഉദ്ദേശിക്കുന്ന വസ്തുവിന്റെ/ വീടോടുകൂടിയ വസ്തുവിന്റെ പൂർണ്ണവിവരം :

(എ) ആധാര നമ്പർ :

(ബി) സർവ്വേ നമ്പർ :

(സി) വസ്തുവിന്റെ വിസ്തീർണ്ണം :

(ഡി) ഈ വസ്തുവിന് സർക്കാർ നിശ്ചയിച്ചിരിക്കുന്ന ന്യായവില :

(ഇ) വീട്ടുനമ്പർ, വിസ്തീർണ്ണം :

17. അപേക്ഷിക്കുന്ന വായ്പാ തുക :

18. അംഗത്തിന്റെ മാസവരുമാനം :

19. തിരിച്ചടയ്ക്കാൻ ഉദ്ദേശിക്കുന്ന കാലാവധി :

### സത്യപ്രസ്താവന

പേര്.................................................................വിലാസം..............................................

..............................................................................................................................................

എന്ന ഞാൻ മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും ശരിയും സത്യവുമാണെന്നും ഞാൻ ഈ വായ്പ സംബന്ധമായി ക്ഷേമനിധി ബോർഡിന് എന്തെങ്കിലും തുക പിരിഞ്ഞുകിട്ടാൻ ഉണ്ടെങ്കിൽ എനിക്ക് ക്ഷേമനിധിയിൽ നിന്നും ലഭിക്കേണ്ട ആനുകൂല്യത്തിൽ നിന്നോ എന്റെ സ്ഥാവര ജംഗമ വസ്തുക്കളിൽ നിന്നോ ഈടാക്കുന്നതിന് എനിക്ക് പൂർണ്ണസമ്മതമാണെന്നും ഇതിനാൽ ബോധിപ്പിച്ചുകൊള്ളുന്നു.

സ്ഥലം : ഒപ്പ് :

തീയതി : പേര് :

കുറിപ്പ്:— 1. വസ്തുവിന്റെ പ്രമാണം ക്ഷേമനിധിയുടെ പേരിൽ പണയപ്പെടുത്തേണ്ടതും പ്രമാണം ക്ഷേമനിധി. സെക്രട്ടറിക്ക് കൈമാറേണ്ടതുമാണ്.

2. വായ്പയ്ക്ക് 9% വാർഷിക പലിശ ഈടാക്കുന്നതായിരിക്കും.

3. മുടക്കം വരുത്തുന്ന തവണകൾക്ക് 18% പലിശ ഈടാക്കുന്നതായിരിക്കും.

4. ക്ഷേമനിധിയുടെ ബജറ്റ് വിഹിതത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന തുകയുടെ ലഭ്യത അനുസരിച്ച് മാത്രമേ വായ്പ അനുവദിക്കുകയുള്ളൂ.

5. അപേക്ഷ സെക്രട്ടറിക്ക് ലഭിക്കുന്ന തീയതിയുടെയും അപേക്ഷകൻ ക്ഷേമനിധി അംഗത്വം പൂർത്തിയാക്കിയ വർഷത്തിന്റെയും അടിസ്ഥാനത്തിലായിരിക്കും മുൻഗണനാക്രമം തീരുമാനിക്കുന്നത്.

6. ആവശ്യമെന്ന് കണ്ടാൽ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ സ്ഥലം നേരിൽ സന്ദർശിക്കുന്നതാണ്.

**താഴെപ്പറയുന്ന രേഖകൾ കൂടി അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്**

1. ആദായനികുതിവകുപ്പ് നൽകുന്ന പാൻകാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് (നിലവിൽ റിട്ടേൺസ് ഫയൽ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ അവസാന വർഷത്തെ പകർപ്പ്)
2. വസ്തുവിന്റെ 20 വർഷത്തെ ബാദ്ധ്യത സർട്ടിഫിക്കറ്റ്
3. വസ്തുവിന്റെ കരം തീർത്ത രസീത്
4. സബ് രജിസ്ട്രാരുടെയും രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെയും ശിപാർശ.
5. അവസാന വരിസംഖ്യ അടച്ച രസീത്, ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, രജിസ്റ്ററിംഗ് അധികാരസ്ഥാപനത്തിന്റെ അംഗത്വ സാക്ഷ്യപത്രം, അംഗീകൃത സംഘടനാ ജില്ലാ സെക്രട്ടറിയുടെ ശിപാർശ കത്തും റിപ്പോർട്ടും.

---

**ഓഫീസ് ഉപയോഗത്തിന്**

അപേക്ഷകന്/അപേക്ഷകയ്ക്ക്.....................................................................................രൂപ വായ്പയായി അനുവദിച്ചിരിക്കുന്നു.

ഒപ്പ്:

സെക്രട്ടറി

ക്ഷേമനിധി.

ഫാറം നമ്പർ 19

# വിദ്യാഭ്യാസ വായ്പയ്ക്കുള്ള അപേക്ഷ

**2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി**

[ഖണ്ഡിക 33(8) കാണുക]

1. അംഗത്തിന്റെ പേര് :
2. അംഗത്വ നമ്പർ :
3. സ്ഥിരമായ മേൽവിലാസം :
4. നിലവിലുള്ള മേൽവിലാസം :

അംഗത്തിന്റെ ഫോട്ടോ

(സബ് രജിസ്ട്രാർ ഫോട്ടോ സാക്ഷ്യപ്പെടുത്തേണ്ടതാണ്.)

5. ക്ഷേമനിധിയിൽ അംഗമായ തീയതി :
6. ആധാരമെഴുത്ത്/പകർപ്പെഴുത്ത്/സ്റ്റാമ്പ് വെണ്ടർ ജോലിയിൽ ഏർപ്പെട്ട തീയതി :
7. ഫോൺ നമ്പർ :
8. പാൻ നമ്പർ :
9. അംഗത്തിന്റെ മക്കളുടെ വിവരം :
10. അംഗത്തിന്റെ മാസവരുമാനം :
11. വിദ്യാർത്ഥിയെ സംബന്ധിച്ച വിവരം :
    (i) പേര് :
    (ii) ജനനതീയതി :
    (iii) വിദ്യാഭ്യാസ യോഗ്യത :
    (iv) പഠിക്കുന്ന കോഴ്സിന്റെ വിശദവിവരങ്ങൾ :

വിദ്യാർത്ഥിയുടെ ഫോട്ടോ

(സബ് രജിസ്ട്രാർ ഫോട്ടോ സാക്ഷ്യപ്പെടുത്തേണ്ടതാണ്.)

(v) പഠിക്കുന്ന സ്ഥാപനത്തിന്റെ മേൽവിലാസം :

(vi) കോഴ്സിന്റെ കാലാവധി :

(vii) കോഴ്സ് തുടങ്ങുന്ന/തുടങ്ങിയ തീയതി :

(viii) ഈ കോഴ്സ് കഴിഞ്ഞ ശേഷം കുട്ടിക്ക് കിട്ടുമെന്ന് പ്രതീക്ഷിക്കുന്ന മാസവരുമാനം :

(ix) വിദ്യാഭ്യാസ ആവശ്യത്തിലേയ്ക്കായി മറ്റ് വായ്പകൾ എടുത്തിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ :

(x) ഓരോ വർഷവും/സെമസ്റ്ററിലും അവശ്യമായി വരുന്ന തുകയുടെ വിശദവിവരങ്ങൾ :

12. അപേക്ഷിക്കുന്ന വായ്പയുടെ വിശദവിവരങ്ങൾ :

(എ) കോഴ്സിന് ആവശ്യമായ മൊത്തം തുക :

(ബി) അപേക്ഷിക്കുന്ന വായ്പ തുക (ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്ന് ലഭിച്ച രേഖയുടെ പകർപ്പ് ഉള്ളടക്കം ചെയ്യേണ്ടതാണ്.) :

13. ഈ വായ്പക്കായി ഈട് നൽകാൻ ഉദ്ദേശിക്കുന്ന വസ്തു വകകളുടെ വിശദവിവരങ്ങൾ :

(എ) സർവ്വേ നമ്പർ :

(ബി) ആധാര നമ്പർ :

(സി) ഉടമയുടെ പേരും മേൽവിലാസവും :

(ഡി) ഈ വസ്തുവിന് സർക്കാർ നിശ്ചയിച്ചിരിക്കുന്ന ന്യായവില :

14. വായ്പ തിരിച്ചടയ്ക്കാൻ ഉദ്ദേശിക്കുന്ന വ്യവസ്ഥ :

(എ) വായ്പ അനുവദിക്കുന്നതിന്റെ പിറ്റേ മാസം മുതൽ എല്ലാ മാസവും പലിശ കൃത്യമായി അടയ്ക്കുകയും അവസാന തുക ലഭിച്ചതിന്റെ തൊട്ടടുത്ത മാസം മുതൽ 50 മാസം കൊണ്ട് മുതലും പലിശയും ഉൾപ്പെടെ അടച്ചുതീർക്കുന്നതാണ്. :

(ബി) വായ്പ അനുവദിക്കുന്നതിന്റെ പിറ്റേ മാസം മുതൽ എല്ലാ മാസവും പലിശ അടയ്ക്കുകയും ആദ്യ വായ്പ അനുവദിച്ച് 5 വർഷം കഴിയുമ്പോൾ/കോഴ്സ് പൂർത്തിയാക്കി 6 മാസത്തിനകം ഏതാണ് കുറവ് ആ തീയതി മുതൽ മുതലും പലിശയും ചേർത്ത് 60 മാസതവണകളായി തിരിച്ചടയ്ക്കുന്നതാണ്. :

## സത്യപ്രസ്താവന

വിദ്യാർത്ഥിയുടെ പേര്.......................................വിലാസം.............................................
.....................................................................................................................അംഗത്തിന്റെ പേര്
.........................................................മേൽവിലാസം.............................................................
എന്ന ഞങ്ങൾ മുകളിൽ നൽകിയിരിക്കുന്ന വിവരങ്ങൾ ഞങ്ങളുടെ അറിവിലും വിശ്വാസത്തിലും ശരിയും സത്യവുമാണെന്നും ഞങ്ങൾ ഈ ആവശ്യത്തിനായി മറ്റ് ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തിട്ടില്ലായെന്നും ബോധിപ്പിച്ച് കൊള്ളുന്നു. വായ്പയുമായി ബന്ധപ്പെട്ട് ക്ഷേമനിധി അടവ് കുടിശ്ശിക വരികയാണെങ്കിൽ ഞങ്ങളുടെ സ്ഥാവര ജംഗമ വസ്തുക്കളിൽ നിന്നോ തൊഴിൽ ചെയ്യുന്ന സ്ഥാപനത്തിൽ ക്ഷേമനിധിയിൽ നിന്നോ നേരിട്ടോ/കോടതി മുഖേനയോ ഈടാക്കുന്നതിന് ഞങ്ങൾക്ക് പരിപൂർണ്ണ സമ്മതമാണ്.

വിദ്യാർത്ഥിയുടെ ഒപ്പ് :

പേര് :

മേൽവിലാസം :

അംഗത്തിന്റെ ഒപ്പ് :

പേര് :

മേൽവിലാസം :

## സബ് രജിസ്ട്രാറുടെ ശിപാർശ

ശിപാർശ.................................................................................................................................

...........................................................................................................................................

സ്ഥലം :

ഒപ്പ് :

തീയതി :

പേര് :

(ഓഫീസ് സീൽ)

ഓഫീസിന്റെ പേര് :

---

## രജിസ്റ്ററിംഗ് അധികാരസ്ഥാപനത്തിന്റെ ശിപാർശ

ശിപാർശ.................................................................................................................................

...........................................................................................................................................

സ്ഥലം :

ഒപ്പ് :

തീയതി :

പേര് :

(ഓഫീസ് സീൽ)

ഓഫീസിന്റെ പേര് :

---

കുറിപ്പ്:— 1. ക്ഷേമനിധിയുടെ ബജറ്റിൽ വിദ്യാഭ്യാസ വായ്പയ്ക്കായി വകകൊള്ളിച്ചിരിക്കുന്ന തുകയുടെ ലഭ്യത അനുസരിച്ചായിരിക്കും വായ്പകൾ അനുവദിക്കുന്നത്.

2. അപേക്ഷ ജില്ലാ രജിസ്ട്രാർ മുഖാന്തിരം സെക്രട്ടറിക്ക് ലഭിക്കുന്ന തീയതിയായിരിക്കും അപേക്ഷയുടെ മുൻഗണനയ്ക്കായി പരിഗണിക്കുന്നത്.

3. അപേക്ഷകൻ ശരിയായ രീതിയിൽ വായ്പ വിനിയോഗിച്ചിട്ടില്ലെന്ന് ബോധ്യപ്പെട്ടാൽ അപേക്ഷ അനുവദിച്ച തീയതി മുതൽ 18% പലിശ ഈടാക്കുന്നതായിരിക്കും.

## താഴെപ്പറയുന്ന രേഖകൾ കൂടി അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്

1. S.S.L.C. മുതൽ പഠിക്കാൻ ഉദ്ദേശിക്കുന്ന കോഴ്സ് വരെയുള്ള സർട്ടിഫിക്കറ്റിന്റെ/ മാർക്ക് ലിസ്റ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

2. കോഴ്സിന് പ്രവേശനം കിട്ടിയതിന്റെ സാക്ഷ്യപ്പെടുത്തിയ രേഖ.

3. അപേക്ഷയിൽ പതിക്കുന്ന ഫോട്ടോയ്ക്ക് പുറമേ അപേക്ഷകന്റെയും വിദ്യാർത്ഥിയുടെയും ഒരു ഫോട്ടോകൂടി ഉള്ളടക്കം ചെയ്യേണ്ടതാണ്.

4. ആദായ നികുതി വകുപ്പ് നൽകുന്ന പാൻകാർഡിന്റെ സാക്ഷ്യപ്പെടുത്തിയ കോപ്പി (നിലവിൽ റിട്ടേൺസ് സമർപ്പിച്ചിട്ടുണ്ടെങ്കിൽ അതിന്റെ അവസാന വർഷത്തെ കോപ്പി)

5. സബ് രജിസ്ട്രാരുടെയും, ജില്ലാ രജിസ്ട്രാരുടെയും, അംഗീകൃത സംഘടന ജില്ലാ സെക്രട്ടറിയുടെയും ശുപാർശ.

---

### ഓഫീസ് ഉപയോഗത്തിന്

1. അനുവദിക്കുന്ന വായ്പാ തുക :
2. വായ്പ അനുവദിക്കുന്ന തീയതികൾ:
3. വായ്പ തിരിച്ചടച്ച് തുടങ്ങേണ്ട തീയതി :

ഒപ്പ് :

സെക്രട്ടറി,

ക്ഷേമനിധി.

## ഫാറം നമ്പർ 20

# പാസ് ബുക്ക്

2013–ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി

[ഖണ്ഡിക 11(6) കാണുക]

1. അംഗത്തിന്റെ പേര് :
2. പൂർണ്ണ വിലാസം :
3. ജനനത്തീയതി :
4. വിരമിക്കൽ തീയതി അംഗത്വ ഉത്തരവ് :
5. നമ്പരും തീയതിയും :
6. ലൈസൻസിന്റെ വിവരം :
7. പ്രവൃത്തി പരിധി (സബ് രജിസ്ട്രാർ ആഫീസ്) :
8. അവകാശിയുടെ പേര് :
9. പൂർണ്ണ വിലാസം :
10. അവകാശിയുമായുള്ള ബന്ധം :

അംഗത്തിന്റെ ഫോട്ടോ

(രജിസ്റ്ററിംഗ് അധികാരിയുടെ ഒപ്പും സീലും വെച്ച് ഫോട്ടോ സാക്ഷ്യപ്പെടുത്തേണ്ടതാണ്.)

എല്ലാമാസവും ..........................ാം തീയതിക്കകം മാസവരി അടയ്ക്കേണ്ടതാണ്.

അംഗത്തിന്റെ ഒപ്പ്.................................

സബ് രജിസ്ട്രാറുടെ ഒപ്പ്
(രജിസ്റ്ററിംഗ് അധികാരസ്ഥാനം)

സ്ഥലം :

തീയതി :

(സീൽ)

33/726/13

| 20..... | അടച്ച മാസം | വരിസംഖ്യ തീയതി | പിഴപലിശ | ആകെ തുക | ഒപ്പ് |
|---|---|---|---|---|---|
| B/F | | | | | |
| ജനുവരി | | | | | |
| ഫെബ്രുവരി | | | | | |
| മാർച്ച് | | | | | |
| ഏപ്രിൽ | | | | | |
| മേയ് | | | | | |
| ജൂൺ | | | | | |
| ജൂലൈ | | | | | |
| ആഗസ്റ്റ് | | | | | |
| സെപ്റ്റംബർ | | | | | |
| ഒക്ടോബർ | | | | | |
| നവംബർ | | | | | |
| ഡിസംബർ | | | | | |
| | | | | | |
| C/o | | | | | |

പട്ടിക-I

[ഖണ്ഡിക 17 (3) കാണുക]

## ക്ഷേമനിധി അംഗങ്ങൾക്കുള്ള ചികിത്സാ ആശുപത്രികളുടെ പട്ടിക

| ജില്ല | ആശുപത്രിയുടെ പേര് |
|---|---|
| (1) | (2) |
| 1. തിരുവനന്തപുരം | 1. കിംസ് |
| | 2. അനന്തപുരി |
| | 3. കോസ്മോ പൊളിറ്റൻ |
| | 4. നിംസ് |
| 2. കൊല്ലം | 1. എൻ. എസ്. മെമ്മോറിയൽ മെഡിക്കൽ സയൻസ് |
| | 2. എസ്. എൻ. ട്രസ്റ്റ് മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ, കൊല്ലം |
| | 3. ബിഷപ്പ് ബെൻസിഗർ ഹോസ്പിറ്റൽ, കൊല്ലം |
| 3. പത്തനംതിട്ട | 1. പുഷ്പഗിരി മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ |
| | 2. മുത്തൂറ്റ് മെഡിക്കൽ സെന്റർ |
| | 3. ഹോളിക്രോസ് ഹോസ്പിറ്റൽ |
| 4. ആലപ്പുഴ | 1. സഹൃദയാ ഹോസ്പിറ്റൽ, തത്തംപള്ളി, ആലപ്പുഴ |
| | 2. കെ. വി. എം. ഹോസ്പിറ്റൽ, ചേർത്തല |
| | 3. വി.എസ്.എം. ഹോസ്പിറ്റൽ, മാവേലിക്കര |
| 5. കോട്ടയം | 1. ഭാരത് ഹോസ്പിറ്റൽ, കോട്ടയം |
| | 2. കാരിത്താസ് ഹോസ്പിറ്റൽ, തെള്ളകം |
| | 3. മാതാ ആശുപത്രി, തെള്ളകം |
| 6. ഇടുക്കി | 1. ചാഴിക്കാട് ഹോസ്പിറ്റൽ പ്രൈവറ്റ് ലിമിറ്റഡ് |
| | 2. സെന്റ് ജോൺസ് ഹോസ്പിറ്റൽ |
| | 3. മോണിംഗ് സ്റ്റാർ ഹോസ്പിറ്റൽ |
| 7. എറണാകുളം | 1. ലേക്ക്ഷോർ ഹോസ്പിറ്റൽ, മരട് |
| | 2. എറണാകുളം മെഡിക്കൽ സെന്റർ, പാലാരിവട്ടം |
| | 3. അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, ഇടപ്പള്ളി |

| (1) | (2) |
|---|---|
| 8. തൃശ്ശൂർ | 1. വെസ്റ്റ് ഫോർട്ട് ഹൈടെക്ക് ഹോസ്പിറ്റൽ, തൃശ്ശൂർ<br>2. സെന്റ് ജെയിംസ് ഹോസ്പിറ്റൽ, ചാലക്കുടി<br>3. മോഡോൺ ഹോസ്പിറ്റൽ, കൊടുങ്ങല്ലൂർ |
| 9. പാലക്കാട് | 1. പാലന ആശുപത്രി<br>2. വള്ളുവനാട് ആശുപത്രി, ഒറ്റപ്പാലം<br>3. കരുണ മെഡിക്കൽ കോളേജ്, വിളയോടി, ചിറ്റൂർ |
| 10. മലപ്പുറം | 1. എം.ഇ.എസ്. മെഡിക്കൽ കോളേജ്, പെരുന്തൽമണ്ണ<br>2. സഹകരണ ഹോസ്പിറ്റൽ, മലപ്പുറം<br>3. തിരൂർ മിഷൻ ഹോസ്പിറ്റൽ, തിരൂർ |
| 11. കോഴിക്കോട് | 1. മലബാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, പുതിയപാലം<br>2. ബേബി മെമ്മോറിയൽ ഹോസ്പിറ്റൽ, അരയിടത്തുപാലം<br>3. വി.വി.എസ്. ഹോസ്പിറ്റൽ, കോഴിക്കോട് |
| 12. വയനാട് | 1. ലിയോ ഹോസ്പിറ്റൽ, കൽപ്പറ്റ<br>2. എം.ഇ.എസ്. ഹോസ്പിറ്റൽ, സുൽത്താൻബത്തേരി<br>3. സെന്റ് ജോസഫ് ഹോസ്പിറ്റൽ, മാനന്തവാടി |
| 13. കണ്ണൂർ | 1. പരിയാരം സഹകരണ മെഡിക്കൽ കോളേജ്<br>2. അഞ്ചരക്കണ്ടി മെഡിക്കൽ കോളേജ്<br>3. തലശ്ശേരി സഹകരണ ആശുപത്രി |
| 14. കാസറഗോഡ് | 1. കാസറഗോഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്<br>2. മൻസൂർ ഹോസ്പിറ്റൽ<br>3. തേജസ്വിനി സഹകരണ ആശുപത്രി |

പട്ടിക-II

[ഖണ്ഡിക 18 (1) കാണുക]

## അംഗങ്ങൾക്കുള്ള വിരമിക്കൽ ആനുകൂല്യം

| പൂർത്തിയായ വർഷം | അംഗം ഒടുക്കിയ വരിസംഖ്യ | അംഗത്തിന്/അവകാശിക്ക് നൽകേണ്ട തുക |
|---|---|---|
| (1) | (2) | (3) |
| 1 | 1,200 | 1,220 |
| 2 | 2,400 | 2,440 |
| 3 | 3,600 | 3,660 |
| 4 | 4,800 | 4,880 |
| 5 | 6,000 | 6,100 |
| 6 | 7,200 | 7,320 |
| 7 | 8,400 | 8,540 |
| 8 | 9,600 | 10,192 |
| 9 | 10,800 | 12,060 |
| 10 | 12,000 | 14,112 |
| 11 | 13,200 | 16,380 |
| 12 | 14,400 | 18,880 |
| 13 | 15,600 | 21,640 |
| 14 | 16,800 | 24,692 |
| 15 | 18,000 | 28,060 |
| 16 | 19,200 | 31,772 |
| 17 | 20,400 | 35,872 |
| 18 | 21,600 | 40,408 |
| 19 | 22,800 | 45,408 |
| 20 | 24,000 | 50,932 |
| 21 | 25,200 | 57,032 |
| 22 | 26,400 | 63,768 |
| 23 | 27,600 | 71,208 |
| 24 | 28,800 | 79,420 |
| 25 | 30,000 | 88,492 |

| (1) | (2) | (3) |
|---|---|---|
| 26 | 31,200 | 98,508 |
| 27 | 32,400 | 1,09,572 |
| 28 | 33,600 | 1,21,800 |
| 29 | 34,800 | 1,35,292 |
| 30 | 36,000 | 1,50,408 |
| 31 | 37,200 | 1,66,668 |
| 32 | 38,400 | 1,84,860 |
| 33 | 39,600 | 2,04,264 |
| 34 | 40,800 | 2,27,148 |
| 35 | 42,000 | 2,51,660 |
| 36 | 43,200 | 2,78,732 |
| 37 | 44,400 | 3,08,648 |
| 38 | 45,600 | 3,41,688 |
| 39 | 46,800 | 3,78,180 |
| 40 | 48,000 | 4,18,000 |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

എ. അജിത് കുമാർ,

*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വ്യക്തമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ആക്റ്റിലെ (2013-ലെ 7) 3-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് 2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി ആവിഷ്കരിക്കുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

©
കേരള സർക്കാർ
Government of Kerala
2015

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

KP.14

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 4<br>Vol. IV | തിരുവനന്തപുരം, ബുധൻ<br>Thiruvananthapuram, Wednesday | 2015 ഒക്ടോബർ 7<br>7th October 2015<br>1191 കന്നി 21<br>21st Kanni 1191<br>1937 ആശ്വിനം 15<br>15th Aswina 1937 | നമ്പർ<br>No. 2284 |

## കേരള സർക്കാർ

നികുതി (ഇ) വകുപ്പ്

വിജ്ഞാപനം

ജി. ഒ. (പി.) നമ്പർ 183/2015/നി.വ. *തിരുവനന്തപുരം, 2015 ഒക്ടോബർ 7 / 1191 കന്നി 21.*

എസ്. ആർ. ഒ. നമ്പർ 675/2015.—2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ആക്റ്റിലെ (2013-ലെ 7) 9-ാം വകുപ്പ് (1)-ഉം (3)-ഉം ഉപവകുപ്പുകൾ പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ, 2013 മേയ് 28-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 116/2013/നി.വ. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചതും 2013 മേയ് 29-ാം തീയതിയിലെ 1479-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 435/2013 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനപ്രകാരം രൂപീകരിക്കപ്പെട്ട കേരള

ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർ മാരുടെയും ക്ഷേമനിധി ബോർഡിലെ അനൗദ്യോഗിക അംഗമായ ശ്രീ. മണ്ണൂർകോണം സത്യൻ, 'കൃപ', മഞ്ച, നെടുമങ്ങാട് പി.ഒ.-695 541, തിരുവനന്തപുരം ജില്ല എന്ന വ്യക്തിക്ക് പകരം ശ്രീ. എസ്. കൃഷ്ണസ്വാമി പിള്ള, ജനറൽ സെക്രട്ടറി, ആൾ കേരള ഡോക്യുമെന്റ് റൈറ്റേഴ്സ് ആന്റ് സ്ക്രൈബ്സ് അസോസിയേഷൻ എന്ന വ്യക്തിയെ നാമനിർദ്ദേശം ചെയ്തുകൊണ്ട് പ്രസ്തുത വിജ്ഞാപനം താഴെ പറയുംപ്രകാരം ഭേദഗതി ചെയ്യുന്നു, അതായത് :—

ഭേദഗതി

പ്രസ്തുത വിജ്ഞാപനത്തിന്റെ പട്ടികയിൽ "II. അനൗദ്യോഗിക അംഗങ്ങൾ" എന്ന ശീർഷകത്തിനു താഴെ 1-ാമത്തെ ക്രമനമ്പരിനെതിരെയുള്ള ഉൾക്കുറിപ്പുകൾക്ക് പകരം താഴെ പറയുന്ന ഉൾക്കുറിപ്പുകൾ ചേർക്കേണ്ടതാണ്, അതായത് :—

"ശ്രീ. എസ്. കൃഷ്ണസ്വാമി പിള്ള
ജനറൽ സെക്രട്ടറി
ആൾ കേരള ഡോക്യുമെന്റ് റൈറ്റേഴ്സ് ആന്റ്
സ്ക്രൈബ്സ് അസോസിയേഷൻ — അംഗം"

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡോ. ഡബ്ലിയു. ആർ. റെഡ്ഡി,
*പ്രിൻസിപ്പൽ സെക്രട്ടറി.*

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2013 മേയ് 28-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 116/2013/നി.വ. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചതും 2013 മേയ് 29-ാം തീയതിയിലെ 1479-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 435/2013 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനപ്രകാരം കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി

ബോർഡ് സർക്കാർ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ക്ഷേമനിധി ബോർഡിലെ അനൗദ്യോഗിക അംഗമായിരുന്ന ശ്രീ. മണ്ണൂർകോണം സത്യൻ, ആരോഗ്യപരമായ കാരണങ്ങളാൽ തനിക്ക് ക്ഷേമനിധി ബോർഡിലെ അംഗമായി തുടരുവാൻ കഴിയുകയില്ലെന്നും ആയതിനാൽ പ്രസ്തുത സ്ഥാനം രാജിവയ്ക്കുന്നുവെന്നും സർക്കാരിനെ അറിയിക്കുകയുണ്ടായി. ശ്രീ. മണ്ണൂർകോണം സത്യൻ രാജിവയ്ക്കുന്ന ഒഴിവിൽ ആൾ കേരള ഡോക്യുമെന്റ് റൈറ്റേഴ്സ് ആന്റ് സ്ക്രൈബ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറിയായ ശ്രീ. എസ്. കൃഷ്ണസ്വാമി പിള്ളയെ ക്ഷേമനിധി ബോർഡിലെ അംഗമായി നിയമിക്കുവാൻ ടി സംഘടന സർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ, ക്ഷേമനിധി ബോർഡിലെ അനൗദ്യോഗിക അംഗമായിരുന്ന ശ്രീ. മണ്ണൂർകോണം സത്യന് പകരം ശ്രീ. എസ്. കൃഷ്ണസ്വാമി പിള്ള, ജനറൽ സെക്രട്ടറി, ആൾ കേരള ഡോക്യുമെന്റ് റൈറ്റേഴ്സ് ആന്റ് സ്ക്രൈബ്സ് അസോസിയേഷൻ-നെ പ്രസ്തുത ക്ഷേമനിധി ബോർഡിലെ അനൗദ്യോഗിക അംഗമായി നാമനിർദ്ദേശം ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2015.

©
കേരള സർക്കാർ
Government of Kerala
2015

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 4<br>Vol. IV | തിരുവനന്തപുരം, തിങ്കൾ<br>Thiruvananthapuram, Monday | 2015 ഡിസംബർ 7<br>7th December 2015<br>1191 വൃശ്ചികം 21<br>21st Vrischikam 1191<br>1937 അഗ്രഹായനം 16<br>16th Agrahayana 1937 | നമ്പർ<br>No. 2737 |

## കേരള സർക്കാർ

നികുതി (ഇ) വകുപ്പ്

### വിജ്ഞാപനം

ജി. ഒ. (പി) നമ്പർ 216/2015/നി.വ. *തിരുവനന്തപുരം, 2015 ഡിസംബർ 5 / 1191 വൃശ്ചികം 19.*

**എസ്. ആർ. ഒ. നമ്പർ 832/2015.**—2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ആക്റ്റിലെ (2013-ലെ 7) 29-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, 2013 ഏപ്രിൽ 9-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 67/2013/നി.വ. പ്രകാരം പുറപ്പെടുവിച്ചതും 2013 ഏപ്രിൽ 10-ാം തീയതിയിലെ 1039-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 293/2013 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ചട്ടങ്ങൾ ഭേദഗതി ചെയ്തുകൊണ്ട് താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത് :—

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെൻറ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2015.

33/4616/2015/S-18.

## ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2015-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി (ഭേദഗതി) ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങൾക്കുള്ള ഭേദഗതി.— 2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ചട്ടങ്ങളിൽ, 7-ാം ചട്ടത്തിൽ "സബ് രജിസ്ട്രാർമാർ ആവശ്യാനുസരണം രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിൽ നിന്നും സ്റ്റാമ്പ് കൈപ്പറ്റേണ്ടതാണ്" എന്ന വാക്കുകൾക്കുശേഷം "രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിൽ നിന്നും കൈപ്പറ്റുന്ന ക്ഷേമനിധി സ്റ്റാമ്പിന്റെ സൂക്ഷിപ്പ്, വിതരണം, വിൽപ്പന തുകയുടെ കണക്ക്, അതിന്റെ നിക്ഷേപം എന്നിവ സംബന്ധിച്ച് ഒരു രജിസ്റ്റർ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും വച്ചുപോരേണ്ടതാണ്." എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡോ. ഡബ്ല്യൂ. ആർ. റെഡ്ഡി,
*പ്രിൻസിപ്പൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2013 ഏപ്രിൽ 9-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 67/2013/നി. വ. ഉത്തരവിൻ കീഴിൽ പുറപ്പെടുവിച്ചതും 2013 ഏപ്രിൽ 10-ാം തീയതിയിലെ 1039-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 293/2013 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനപ്രകാരം 2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ചട്ടങ്ങൾ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. നിയതമായ രൂപത്തിലും മൂല്യത്തിലുമുള്ള ക്ഷേമനിധി സ്റ്റാമ്പുകളുടെ കണക്കുകൾ സൂക്ഷിക്കാൻ പ്രത്യേക സംവിധാനം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ല എന്നും ആയതിനാൽ അവ സംബന്ധിച്ച് ഒരു പ്രത്യേക രജിസ്റ്റർകൂടി സൂക്ഷിക്കുവാൻ സബ് രജിസ്ട്രാർമാർക്ക് വേണ്ട നിർദ്ദേശം നൽകുന്നതിനാവശ്യമായ വ്യവസ്ഥ കൂടി ചട്ടങ്ങളിൽ ചേർക്കണമെന്നും കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-14)-യുടെ 20-ാം റിപ്പോർട്ടിൽ ശുപാർശ ചെയ്തിരുന്നു. പ്രസ്തുത ശുപാർശ പ്രകാരം മേൽപ്പറഞ്ഞ ചട്ടങ്ങളിൽ അനുയോജ്യമായ ഭേദഗതി വരുത്തുവാൻ സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

©
Government of Kerala
കേരള സർക്കാർ
2013

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. രജി. നമ്പർ
KL/TV(N)/634/2012-14

# KERALA GAZETTE
# കേരള ഗസററ്
## EXTRAORDINARY
## അസാധാരണം
## PUBLISHED BY AUTHORITY
## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| Vol. II<br>വാല്യം 2 | Thiruvananthapuram, Thursday<br>തിരുവനന്തപുരം, വ്യാഴം | 7th November 2013<br>2013 നവംബർ 7<br>16th Karthika 1935<br>1935 കാർത്തികം 16 | No. 3180<br>നമ്പർ |

## കേരള സർക്കാർ

<u>നികുതി (ഇ) വകുപ്പ്</u>

### വിജ്ഞാപനം

ജി. ഒ. (പി) നമ്പർ 191/2013/നി.വ. *തിരുവനന്തപുരം, 2013 നവംബർ 5.*

**എസ്. ആർ. ഒ. നമ്പർ 885/2013.**—2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ആക്ടിലെ (2013-ലെ 7), 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ പ്രസ്തുത ആക്റ്റിന്റെയും 2013-ലെ 'കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി' പദ്ധതിയുടെയും ആവശ്യങ്ങൾക്കായി 'കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി' രൂപീകരിച്ചു കൊണ്ട് ഇതിനാൽ വിജ്ഞാപനം ചെയ്തുകൊള്ളുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**എ. അജിത് കുമാർ,**

*ഗവൺമെന്റ് സെക്രട്ടറി.*

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2013.

33/5238/2013/DTP.

# വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ആക്റ്റിലെ (2013-ലെ 7), 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി ആവിഷ്ക്കരിച്ചശേഷം ആക്റ്റിന്റെയും പദ്ധതിയുടെയും വ്യവസ്ഥകളനുസരിച്ച് "കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി" എന്ന പേരിൽ ഒരു നിധി രൂപീകരിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി 2013 ഏപ്രിൽ 9-ാം തീയതിയിലെ സ. ഉ. (പി). 68/2013/നി.വ. നമ്പർ ഉത്തരവ് പ്രകാരം 2013 ഏപ്രിൽ 10-ാം തീയതിയിലെ 1040-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 294/2013 ആയി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത ആക്റ്റിലെയും പദ്ധതിയിലെയും ആവശ്യങ്ങൾക്കായി കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി രൂപീകരിച്ച് വിജ്ഞാപനം ചെയ്യാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

---

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 104

# 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2012

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 104

# 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബിൽ

524/2012.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 104

# 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബിൽ

കേരള സംസ്ഥാനത്തെ ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമത്തിനായും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കും വേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്തെ ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമത്തിനായും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ മറ്റു കാര്യങ്ങൾക്കുംവേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കുന്നത് യുക്തമായിരിക്കുകയാൽ ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അറുപത്തിമൂന്നാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2012 ജനുവരി 31-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) "ബോർഡ്" എന്നാൽ 9-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബോർഡ് എന്നർത്ഥമാകുന്നു ;

(ബി) "തൊഴിൽ അവസാനിപ്പിക്കൽ" എന്നാൽ തൊഴിൽ ചെയ്യുന്നതിന് ലഭിച്ചിട്ടുള്ള ലൈസൻസിന്റെ റദ്ദാക്കലിന്റെയോ തിരിച്ചേൽപ്പിക്കലിന്റെയോ പരിണിതഫലമായി ഒരു ലൈസൻസിയുടെ തൊഴിൽ അവസാനിപ്പിക്കൽ എന്നർത്ഥമാകുന്നു ;

(സി) "അംശദായം" എന്നാൽ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ക്ഷേമനിധിയിലെ അംഗങ്ങളും 26-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം സർക്കാരും ക്ഷേമനിധിയിലേക്ക് നൽകേണ്ടതായ തുക എന്നർത്ഥമാകുന്നു ;

(ഡി) "ആശ്രിതൻ" എന്നാൽ ഭാര്യ അല്ലെങ്കിൽ ഭർത്താവ്, പ്രായ പൂർത്തിയാകാത്ത ആൺമക്കൾ, അവിവാഹിതരോ വിധവകളോ വിവാഹ മോചിതരോ ആയ പെൺമക്കൾ, മാനസികമായോ ശാരീരികമായോ അവശത അനുഭവിക്കുന്ന മക്കൾ, അംഗത്തെ മാത്രം ആശ്രയിച്ചുകഴിയുന്ന അച്ഛൻ, അമ്മ എന്നർത്ഥമാകുന്നു ;

(ഇ) "ആധാരമെഴുത്തുകാരൻ" എന്നാൽ 1960-ലെ കേരള ആധാരമെഴുത്തുകാരുടെ ലൈസൻസ് ചട്ടങ്ങൾ പ്രകാരം ഉടമസ്ഥാവകാശത്തെപ്പറ്റിയുള്ള അന്വേഷണം നടത്തുകയും ആധാരങ്ങളുടെ നക്കൽ തയ്യാറാക്കുകയും ആധാരം രജിസ്ട്രേഷനുവേണ്ടി മുദ്രപത്രത്തിന്മേൽ എഴുതുകയും ഉൾപ്പെടെ, ആധാരങ്ങൾ തയ്യാറാക്കുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ആൾ എന്നർത്ഥമാകുന്നു ;

(എഫ്) "നിധി" എന്നാൽ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി എന്നർത്ഥമാകുന്നു ;

(ജി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു ;

(എച്ച്) "രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ" എന്നാൽ കേരള സർക്കാരിന്റെ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ എന്നർത്ഥമാകുന്നു ;

(ഐ) "അംഗം" എന്നാൽ ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ക്ഷേമനിധിയിൽ അംഗമായി ചേർക്കപ്പെട്ടതോ 1991-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധിയിൽ ഒരു അംഗമായി തുടർന്നുപോരുകയോ ചെയ്യുന്ന ഒരു ആധാരമെഴുത്തുകാരനോ ഒരു പകർപ്പെഴുത്തുകാരനോ ഒരു സ്റ്റാമ്പ് വെണ്ടറോ എന്നർത്ഥമാകുന്നു ;

(ജെ) "വിജ്ഞാപനം" എന്നാൽ കേരള ഗസറ്റിൽ പ്രസിദ്ധീകരിക്കപ്പെട്ട വിജ്ഞാപനം എന്നർത്ഥമാകുന്നു ;

(കെ) "നിർണ്ണയിക്കപ്പെട്ടത്" എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയേക്കാവുന്ന ചട്ടങ്ങൾ പ്രകാരം നിർണ്ണയിക്കപ്പെട്ടത് എന്നർത്ഥമാകുന്നു ;

(എൽ) "രജിസ്റ്ററിംഗ് അധികാരസ്ഥാനം" എന്നാൽ ബന്ധപ്പെട്ട ജില്ലയിലെ ജില്ലാ രജിസ്ട്രാർ (ജനറൽ) എന്നർത്ഥമാകുന്നു ;

(എം) "പദ്ധതി" എന്നാൽ ഈ ആക്റ്റ് പ്രകാരം ആവിഷ്കരിക്കപ്പെട്ട കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർ മാരുടെയും ക്ഷേമനിധി പദ്ധതി എന്നർത്ഥമാകുന്നു ;

(എൻ) "പകർപ്പെഴുത്തുകാരൻ" എന്നാൽ ആധാരങ്ങൾ തയ്യാറാക്കുന്ന തിൽ ഒരു ആധാരമെഴുത്തുകാരനെ സഹായിക്കുകയും, 1960-ലെ കേരള ആധാരമെഴുത്തുകാരുടെ ലൈസൻസ് ചട്ടങ്ങളിലെ 3-ാം ചട്ടത്തിലെ (5)-ാം ഉപചട്ടത്തിൽ നിർവ്വചിച്ചിട്ടുള്ള പ്രകാരം രജിസ്ട്രേഷനുവേണ്ടി ഹാജരാക്കുന്നതിനുള്ള ആധാരങ്ങൾ പകർത്തിയെഴുതുന്നതിനുള്ള സാധുവായ സ്ക്രൈബ് ലൈസൻസ് കൈവശമുള്ളതുമായ ഒരാൾ എന്നർത്ഥമാകുന്നു ;

(ഒ) "സെക്രട്ടറി" എന്നാൽ ഈ ആക്റ്റ് പ്രകാരം രൂപീകരിച്ചിട്ടുള്ള ബോർഡിന്റെ സെക്രട്ടറി എന്നർത്ഥമാകുന്നു ;

(പി) "സ്റ്റാമ്പ്" എന്നാൽ 24-ാം വകുപ്പുപ്രകാരം അച്ചടിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്ന കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി സ്റ്റാമ്പ് എന്നർത്ഥമാകുന്നു ;

(ക്യു) "സ്റ്റാമ്പ് വെണ്ടർ" എന്നാൽ 1960-ലെ കേരള സ്റ്റാമ്പ് നിർമ്മാ ണവും വിൽപ്പനയും ചട്ടങ്ങളിലെ 35-ാം ചട്ടപ്രകാരം ഒരു ലൈസൻസ് ആർജ്ജി ച്ചിട്ടുള്ളതും നോൺ ജുഡീഷ്യൽ സ്റ്റാമ്പുകളുടെയും മുദ്രപത്രങ്ങളുടെയും വിൽപ്പനയുമായി ബന്ധപ്പെട്ട തൊഴിലിൽ സജീവമായി ഏർപ്പെട്ടിരിക്കുന്നതുമായ ഒരാൾ എന്നർത്ഥമാകുന്നു.

3. <u>കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി.</u>—(1) ഈ ആക്റ്റ് പ്രാബല്യത്തിൽ വന്നതിനു ശേഷം കഴിയുന്നത്രവേഗം, സർക്കാർ, വിജ്ഞാപനംമൂലം, "കേരള ആധാരമെഴു ത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി" എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിക്കേണ്ടതും പദ്ധതി ആവിഷ്കരിച്ചശേഷം ഈ ആക്റ്റിലെയും പദ്ധതിയിലെയും വ്യവസ്ഥ കളനുസരിച്ച് "കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി" എന്ന പേരിൽ ഒരു നിധി രൂപീകരി ക്കേണ്ടതുമാണ്.

(2) പദ്ധതിയിൽ, ഈ ആക്റ്റിലെ വ്യവസ്ഥകൾക്കു വിധേയമായി പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ കാര്യങ്ങൾക്കുവേണ്ടി വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) നിധിയിൽ താഴെ പറയുന്നവ വരവ് വയ്ക്കേണ്ടതാണ്, അതായത് :—

(എ) 4-ഉം 26-ഉം വകുപ്പുകൾ പ്രകാരമുള്ള അംശദായങ്ങൾ ;

(ബി) 5-ാം വകുപ്പുപ്രകാരം വസൂലാക്കിയ അപേക്ഷാഫീസ് ;

(സി) 15-ാം വകുപ്പുപ്രകാരം കടം വാങ്ങുന്ന ഏതെങ്കിലും തുക ;

(ഡി) 24-ാം വകുപ്പുപ്രകാരം സ്റ്റാമ്പ് വിൽപ്പന നടത്തിയ വകയിൽ ശേഖരിക്കുന്ന എല്ലാ തുകകളും ;

(ഇ) ഏതെങ്കിലും അസോസിയേഷനോ സ്ഥാപനമോ മറ്റേതെങ്കിലും വ്യക്തിയോ നിധിയിലേക്ക് സ്വമേധയാ കൊടുത്തിട്ടുള്ള ഏതെങ്കിലും സംഭാവന ;

(എഫ്) നിധിയുടെ ഏതെങ്കിലും ഭാഗം നിക്ഷേപിച്ചതിന്മേലുള്ള ഏതെങ്കിലും ലാഭം, പലിശ, ലാഭവിഹിതം അല്ലെങ്കിൽ മറ്റ് ആദായം ;

(ജി) കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ മറ്റ് ഏതെങ്കിലും സ്ഥാപനമോ സംഘടനയോ നൽകിയേക്കാവുന്ന ഏതെങ്കിലും ഗ്രാന്റുകൾ, വായ്പകൾ അല്ലെങ്കിൽ മുൻകൂറുകൾ ;

(എച്ച്) സ്റ്റാമ്പ് വെണ്ടർമാർക്ക് കമ്മീഷനായി ലഭിക്കുന്ന തുകയുടെ രണ്ട് ശതമാനം ;

(ഐ) 30-ാം വകുപ്പുപ്രകാരം കൈമാറ്റം ചെയ്യപ്പെടുന്ന തുകകൾ ;

(ജെ) പദ്ധതി പ്രകാരം ചുമത്തിയ ഏതെങ്കിലും ഫീസ് ;

(കെ) പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം നിധിയിലേക്ക് വരവ് കൊള്ളിക്കേണ്ട മറ്റേതെങ്കിലും തുക ;

(എൽ) നിധിയുടെ വിഭവശേഷി വർദ്ധിപ്പിക്കുന്നതിനായി മറ്റ് മാർഗ്ഗങ്ങളിൽ നിന്നും ബോർഡ് ശേഖരിച്ച ഏതെങ്കിലും തുക.

(4) നിധി ബോർഡിൽ നിക്ഷിപ്തമാകുന്നതും ബോർഡ് അതിന്റെ ഭരണം നിർവ്വഹിക്കേണ്ടതുമാണ്.

(5) നിധി താഴെ പറയുന്ന എല്ലാമോ ഏതെങ്കിലുമോ ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്, അതായത്:—

(എ) തൊഴിൽ അവസാനിക്കുമ്പോൾ ഒരംഗത്തിന് അയാൾ തൊഴിൽ ചെയ്ത വർഷങ്ങളുടെ എണ്ണം അടിസ്ഥാനപ്പെടുത്തി നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിരക്കുകളിൽ നിശ്ചിതതുകയും പെൻഷനും, നിധിയിൽ നിന്നും നൽകുന്നതിന് :

വിശദീകരണം 1:—അനാരോഗ്യം കാരണം ജോലിയിൽ തുടരാൻ സാധിക്കാത്ത ഒരു അംഗത്തിന്റെ പെൻഷൻ ആനുകൂല്യങ്ങൾ സംബന്ധിച്ച് തീരുമാനമെടുക്കാൻ ബോർഡിന് അധികാരമുണ്ടായിരിക്കുന്നതാണ്.

വിശദീകരണം 2:—ഈ ആക്റ്റിന്റെ പ്രാരംഭത്തിനുമുമ്പ് അറുപത്തിയഞ്ച് വയസ്സ് പൂർത്തിയായിട്ടുള്ളതും ഇരുപത്തിയഞ്ച് വർഷം ആധാരമെഴുത്തുകാരനോ പകർപ്പെഴുത്തുകാരനോ സ്റ്റാമ്പ് വെണ്ടറോ ആയിരുന്നതുമായ ആളിന് ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം അംഗമായി ഒരു വർഷക്കാലം അംശദായം അടച്ചാൽ പ്രത്യേക പെൻഷന് അർഹത നേടാവുന്നതാണ്.

(ബി) പത്തുവർഷത്തിൽ കുറയാതെ അംശദായം അടച്ചിട്ടുള്ള അംഗം മരിച്ചുപോയാൽ കുടുംബപെൻഷൻ നൽകുന്നതിന് ;

(സി) അസുഖം അല്ലെങ്കിൽ അപകടംമൂലം ഒരംഗം മരണപ്പെട്ടാൽ സാമ്പത്തിക സഹായം നൽകുന്നതിന് ;

(ഡി) സ്ഥിരമായ ശാരീരിക അവശതമൂലം ജോലി ചെയ്യാൻ കഴിയാതിരിക്കുകയോ ക്ഷേമനിധിയിൽ അംഗത്വം അവസാനിക്കുകയോ ചെയ്യുന്ന അംഗങ്ങൾക്ക് അവർ അടച്ച അംശദായത്തുക നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള പലിശ സഹിതം തിരിച്ചു നൽകുന്നതിന് ;

(ഇ) ഗുരുതരമായ രോഗം ബാധിച്ചിട്ടുള്ള അംഗങ്ങളുടെ വൈദ്യ ശുശ്രൂഷയ്ക്കുള്ള ചെലവിനായി സാമ്പത്തിക സഹായം നൽകുന്നതിന് ;

(എഫ്) അംഗങ്ങളുടെയും അംഗങ്ങളുടെ പെൺമക്കളുടെയും വിവാഹ ആവശ്യത്തിനും വനിതാ അംഗങ്ങൾക്ക് പ്രസവ ആവശ്യത്തിനും സാമ്പത്തിക സഹായം നൽകുന്നതിന് ;

(ജി) അംഗങ്ങൾക്ക് അവരുടെ തൊഴിൽ സംബന്ധമായ ആവശ്യത്തിനോ, താമസിക്കുന്നതിനായി വീട് നിർമ്മിക്കുന്നതിനോ വീടിന്റെ അറ്റകുറ്റപ്പണികൾക്കോ വീട് പുതുക്കുന്നതിനോ വീട് നിർമ്മിക്കുന്നതിനായി സ്ഥലം വാങ്ങുന്നതിനോ വീടും സ്ഥലവും കൂടി വാങ്ങുന്നതിനോ അംഗങ്ങളുടെ മക്കൾക്ക് ഉന്നതവിദ്യാഭ്യാസം ഉൾപ്പെടെയുള്ള വിദ്യാഭ്യാസത്തിന് സാമ്പത്തിക സഹായമോ വായ്പകളോ മുൻകൂറുകളോ നൽകുന്നതിന് ;

(എച്ച്) ശാരീരിക അവശത അനുഭവിക്കുന്ന അംഗങ്ങൾക്ക് പ്രത്യേക ആശ്വാസം നൽകുന്നതിന് ;

(ഐ) പദ്ധതിയിൽ വിനിർദ്ദേശിച്ചിട്ടുള്ള മറ്റേതെങ്കിലും ആവശ്യത്തിന് ;

(ജെ) ബോർഡിന്റെ ദൈനംദിന ഭരണ ചെലവുകൾക്ക്.

(6) (1)-ാം ഉപവകുപ്പ് പ്രകാരം ആവിഷ്കരിക്കപ്പെട്ട പദ്ധതി, അത് ആവിഷ്കരിച്ചതിനുശേഷം കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ അഥവാ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ് നിയമസഭ പ്രസ്തുത പദ്ധതിയിൽ ഏതെങ്കിലും രൂപഭേദം വരുത്തുന്ന പക്ഷം പദ്ധതിക്ക് അതിനുശേഷം അപ്രകാരം രൂപഭേദം വരുത്തിയ പ്രകാരം മാത്രം പ്രാബല്യം ഉണ്ടായിരിക്കുന്നതും; എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തൽ പദ്ധതി പ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിൽ ആയിരിക്കേണ്ടതാണ്.

4. നിധിയിലേക്കുള്ള അംശദായം.—(1) ഒരു അംഗമായിത്തീരാൻ അർഹതയുള്ള ഓരോ ആധാരമെഴുത്തുകാരനും പകർപ്പെഴുത്തുകാരനും സ്റ്റാമ്പ് വെണ്ടറും പ്രതിമാസം നൂറു രൂപ നിധിലേക്ക് അംശദായമായി നൽകേണ്ടതാണ്.

(2) സർക്കാരിന്, വിജ്ഞാപനംവഴി, (1)-ാം ഉപവകുപ്പിൽ പരമർശിക്കുന്ന അംശദായ നിരക്ക്, പദ്ധതിയുടെ നടത്തിപ്പിനുവേണ്ടി ആവശ്യമായ തുക കണക്കിലെടുത്ത് കാലാകാലങ്ങളിൽ പരമാവധി അഞ്ഞൂറ് രൂപവരെ എന്ന പരിധിയിന്മേൽ പരിഷ്ക്കരിക്കാവുന്നതാണ്.

(3) പദ്ധതിയിൽ വിനിർദ്ദേശിച്ചേക്കാവുന്ന രീതിയിൽ അംശദായം സെക്രട്ടറിയുടെ പേർക്ക് അല്ലെങ്കിൽ ഈ ആവശ്യത്തിലേക്കായി അധികാരപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥന്റെ പേർക്ക് നൽകേണ്ടതാണ്.

5. നിധിയിലെ അംഗത്വം.—(1) 1960-ലെ കേരള ആധാരമെഴുത്തുകാരുടെ ലൈസൻസ് ചട്ടങ്ങൾ പ്രകാരമുള്ള ഒരു ആധാരമെഴുത്തുകാരന്റേയോ അല്ലെങ്കിൽ ഒരു പകർപ്പെഴുത്തുകാരന്റേയോ സാധുവായ ലൈസൻസോ അല്ലെങ്കിൽ 1960-ലെ കേരള സ്റ്റാമ്പ് നിർമ്മാണവും വിൽപ്പനയും ചട്ടങ്ങൾ പ്രകാരമുള്ള ഒരു സ്റ്റാമ്പ് വെണ്ടറുടെ സാധുവായ ലൈസൻസോ, അതതു സംഗതിപോലെ, കൈവശമുള്ളതും അപേക്ഷാതീയതിയിൽ 65 വയസ്സിനുതാഴെ പ്രായമുള്ളതുമായ ഏതൊരാൾക്കും നിധിയിൽ അംഗമായി പ്രവേശിക്കുന്നതിന് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും രീതിയിലും ബോർഡിലേക്ക് അപേക്ഷിക്കാവുന്നതാണ്:

എന്നാൽ, കേന്ദ്ര സർക്കാർ സർവ്വീസിൽ നിന്നോ ഏതെങ്കിലും സംസ്ഥാന സർക്കാർ സർവ്വീസിൽ നിന്നോ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിൽ നിന്നോ തദ്ദേശാധികാര സ്ഥാപനത്തിൽ നിന്നോ വിരമിക്കൽ ആനുകൂല്യങ്ങളോടെ വിരമിച്ചശേഷം ഒരു ആധാരം എഴുത്തുകാരനായോ പകർപ്പെഴുത്തുകാരനായോ സ്റ്റാമ്പ് വെണ്ടറായോ ജോലി നോക്കുന്ന യാതൊരാൾക്കും നിധിയിൽ അംഗത്വമെടുക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു അപേക്ഷയിന്മേൽ ബോർഡിന്, അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള അന്വേഷണം നടത്താവുന്നതും അപേക്ഷകനെ നിധിയിൽ ചേർക്കുകയോ അല്ലെങ്കിൽ എഴുതി രേഖപ്പെടുത്തിയ കാരണങ്ങളാൽ അയാളുടെ അപേക്ഷ നിരസിക്കുകയോ ചെയ്യാവുന്നതുമാണ് :

എന്നാൽ, അപേക്ഷ നിരസിച്ചുകൊണ്ടുള്ള യാതൊരു ഉത്തരവും അപേക്ഷകന് പറയാനുള്ളത് പറയുവാൻ ഒരു അവസരം നൽകാതെ പാസ്സാക്കാൻ പാടുള്ളതല്ല :

എന്നുമാത്രമല്ല, അംഗത്വത്തിനുള്ള ഏതെങ്കിലും അപേക്ഷ നിരസിക്കുന്ന പക്ഷം അതുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും സർക്കാരിന് നിർണ്ണയിക്കപ്പെടാവുന്ന കാലയളവിനുള്ളിൽ അപ്പീൽ നൽകാവുന്നതാണ്.

(3) ഓരോ അപേക്ഷകനും അപേക്ഷാഫീസായി നൂറ് രൂപ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ അപേക്ഷയോടൊപ്പം നൽകേണ്ടതാണ്.

(4) നിധിയിലെ ഒരു അംഗം, 65 വയസ്സ് പൂർത്തിയാകുമ്പോഴോ 25 വർഷത്തെ അംഗത്വത്തിനുശേഷം തന്റെ ലൈസൻസ് തിരിച്ചേൽപ്പിക്കുകയും സ്വമേധയാ പെൻഷന് അപേക്ഷിക്കുകയും ചെയ്യുമ്പോഴോ നിധിയിൽ അംഗമല്ലാതായിത്തീരുന്നതാണ്.

(5) നിധിയിൽ അംഗമായി ചേർന്ന ഓരോ അംഗത്തിനും ഒരു അംഗത്വ സർട്ടിഫിക്കറ്റും അംശദായത്തിന്റെ നിരക്ക്, രജിസ്റ്ററിൽ പേര് ചേർത്തതിന്റെ വിശദാംശങ്ങൾ, ജനനത്തീയതി, അംശദായം നൽകുന്നതിനുള്ള നിശ്ചിത തീയതി മുതലായവ രേഖപ്പെടുത്തിയ ഒരു പാസ്സ് ബുക്കും രജിസ്റ്ററിംഗ് അധികാരസ്ഥാനം നൽകേണ്ടതാണ്. രജിസ്റ്ററിംഗ് അധികാരസ്ഥാനം അതിന്റെ അധികാര പരിധിക്കുള്ളിൽ വരുന്ന അംഗങ്ങളുടെ ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതും സംസ്ഥാന തലത്തിൽ, നിധിയിൽ അംഗമായി ചേർന്നിട്ടുള്ള അംഗങ്ങളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ കാണിക്കുന്ന ഒരു രജിസ്റ്റർ ബോർഡിന്റെ സെക്രട്ടറി സൂക്ഷിക്കേണ്ടതുമാണ്.

6. <u>അംഗത്വം റദ്ദാക്കൽ.</u>—(1) ഒരു അംഗം ഏതെങ്കിലും തരത്തിലുള്ള കൃത്രിമം കാട്ടിയതായോ അംഗത്വത്തിനുള്ള നിബന്ധനകളുമായി ബന്ധപ്പെട്ടോ പദ്ധതിപ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായോ വ്യാജമായ വിവരം എപ്പോഴെങ്കിലും നൽകിയിട്ടുണ്ടെന്നോ കണ്ടെത്തുകയാണെങ്കിൽ, രജിസ്റ്ററിംഗ് അധികാരസ്ഥാനം അങ്ങനെയുള്ള അംഗത്തിന്റെ അംഗത്വം റദ്ദാക്കേണ്ടതാകുന്നു:

എന്നാൽ അംഗത്വം റദ്ദാക്കികൊണ്ടുള്ള യാതൊരു ഉത്തരവും അപേക്ഷകന് പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നൽകാതെ പാസ്സാക്കാൻ പാടുള്ളതല്ല.

(2) ഒരു അംഗം ആറു മാസക്കാലം തുടർച്ചയായി അംശദായം അടയ്ക്കാൻ വീഴ്ചവരുത്തുകയാണെങ്കിൽ നിധിയിലെ അയാളുടെ അംഗത്വം സ്വയമേവ അവസാനിക്കുന്നതാണ്.

(3) ഒരു അംഗം ആധാരമെഴുത്തുകാരൻ അഥവാ പകർപ്പെഴുത്തുകാരൻ അഥവാ സ്റ്റാമ്പ് വെണ്ടർ ആയി, അതതുസംഗതിപോലെ, പ്രവർത്തിക്കുന്നില്ലായെന്ന് രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന് അഭിപ്രായമുള്ളപക്ഷം, നിധിയിലെ അയാളുടെ അംഗത്വം റദ്ദാക്കേണ്ടതാണ്. അങ്ങനെയുള്ള സംഗതികളിലെ അംഗത്വം റദ്ദാക്കൽ തീയതി രജിസ്റ്ററിംഗ് അധികാരസ്ഥാനം നിശ്ചയിക്കാവുന്ന പ്രകാരം ആയിരിക്കുന്നതാണ്.

(4) രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെ ഉത്തരവുകൾക്കെതിരെയുള്ള അപ്പീൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാലയളവിനുള്ളിൽ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ മുമ്പാകെ ഫയൽ ചെയ്യേണ്ടതാണ്.

(5) രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന് ഒരു കത്ത് സമർപ്പിച്ചുകൊണ്ട് ഒരംഗത്തിന് നിധിയിൽ നിന്നും സ്വയമേവ പിരിഞ്ഞുപോകാവുന്നതാണ്. അങ്ങനെയുള്ള സംഗതിയിൽ, പിരിഞ്ഞുപോകൽ തീയതി അംഗം തന്റെ കത്ത് നൽകിയ തീയതി ആയിരിക്കുന്നതാണ്.

7. അംഗത്വം പുനഃരുജ്ജീവിപ്പിക്കൽ.—6-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം അംഗത്വം അവസാനിപ്പിക്കപ്പെട്ട ഒരു അംഗത്തിന് അപ്രകാരം അംഗത്വം അവസാനിപ്പിക്കപ്പെട്ട തീയതിമുതൽ ആറുമാസത്തിനകം പന്ത്രണ്ട് ശതമാനം വാർഷിക പലിശയോടുകൂടി കുടിശ്ശിക അടച്ചാൽ അംഗത്വം പുനഃരുജ്ജീവിപ്പിച്ചു നൽകാവുന്നതാണ്.

8. പദ്ധതി ഭേദഗതി ചെയ്യൽ.—(1) സർക്കാരിന്, വിജ്ഞാപനംവഴി, ഈ ആക്റ്റ് പ്രകാരം ആവിഷ്ക്കരിക്കപ്പെട്ട പദ്ധതിയിൽ മുൻകാല പ്രാബല്യത്തോടുകൂടിയോ പിൽക്കാല പ്രാബല്യത്തോടുകൂടിയോ ഭേദഗതി വരുത്താവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഓരോ വിജ്ഞാപനവും അത് പുറപ്പെടുവിച്ചശേഷം കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ, ഒരു സമ്മേളനത്തിലോ, തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ, ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ്, നിയമസഭ, പ്രസ്തുത വിജ്ഞാപനത്തിൽ ഏതെങ്കിലും രൂപഭേദപ്പെടുത്തലുകൾ വരുത്തുകയോ അല്ലെങ്കിൽ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, വിജ്ഞാപനത്തിന് അതിനുശേഷം, അതതുസംഗതി പോലെ, അപ്രകാരം രൂപഭേദപ്പെടുത്തൽ വരുത്തിയപ്രകാരം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതും, എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ വിജ്ഞാപനപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗംവരാത്തവിധത്തിൽ ആയിരിക്കേണ്ടതാണ്.

9. ബോർഡിന്റെ രൂപീകരണം.—(1) സർക്കാരിന്, വിജ്ഞാപനംവഴി, അതിൽ വിനിർദ്ദേശിക്കപ്പെടുന്ന തീയതിമുതൽ പ്രാബല്യത്തോടുകൂടി, നിധിയുടെ ഭരണനിർവ്വഹണത്തിനും നടത്തിപ്പിനും ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും നടപ്പിലാക്കുന്നതിനുംവേണ്ടി "കേരള ആധാരമെഴുത്തുകാരുടേയും പകർപ്പെഴുത്തുകാരുടേയും സ്റ്റാമ്പ് വെണ്ടർമാരുടേയും ക്ഷേമനിധി ബോർഡ്" എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കാവുന്നതാണ്.

(2) ബോർഡ് ശാശ്വതമായ പിന്തുടർച്ചാവകാശത്തോടും പൊതുമുദ്രയോടുംകൂടി കേരള ആധാരമെഴുത്തുകാരുടേയും പകർപ്പെഴുത്തുകാരുടേയും സ്റ്റാമ്പ് വെണ്ടർമാരുടേയും ക്ഷേമനിധി ബോർഡ് എന്ന പേരിലുള്ള ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാണ്.

(3) ബോർഡിൽ ഇതിനുശേഷം വ്യവസ്ഥ ചെയ്യുന്നപ്രകാരം, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, സർക്കാരിനെ പ്രതിനിധാനം ചെയ്യുന്ന ഏഴ് ഔദ്യോഗിക അംഗങ്ങളും നിധിയുടെ ഗുണഭോക്താക്കളെ പ്രതിനിധാനം ചെയ്യുന്ന മൂന്ന് അനൗദ്യോഗിക അംഗങ്ങളും ഉണ്ടായിരിക്കേണ്ടതാണ്, അതായത് :—

(എ) ഗവൺമെന്റ് സെക്രട്ടറി, നികുതി വകുപ്പ്—അദ്ദേഹം ബോർഡിന്റെ ചെയർമാനായിരിക്കുന്നതാണ് ;

(ബി) ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ—അദ്ദേഹം ബോർഡിന്റെ വൈസ് ചെയർമാനായിരിക്കുന്നതാണ് ;

(സി) ജോയിന്റ് ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ—അദ്ദേഹം ബോർഡിന്റെ സെക്രട്ടറിയായിരിക്കുന്നതാണ് ;

(ഡി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഡെപ്യൂട്ടി സെക്രട്ടറിയുടെ പദവിയിൽതാഴെയല്ലാത്ത ധനകാര്യ വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ ;

(ഇ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഡെപ്യൂട്ടി സെക്രട്ടറിയുടെ പദവിയിൽതാഴെയല്ലാത്ത തൊഴിൽ വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ ;

(എഫ്) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഡെപ്യൂട്ടി സെക്രട്ടറിയുടെ പദവിയിൽതാഴെയല്ലാത്ത നികുതി വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ ;

(ജി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഡെപ്യൂട്ടി സെക്രട്ടറിയുടെ പദവിയിൽതാഴെയല്ലാത്ത നിയമവകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ ;

(എച്ച്) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ആധാരമെഴുത്തുകാരെയും പകർപ്പെഴുത്തുകാരെയും സ്റ്റാമ്പ് വെണ്ടർമാരെയും പ്രതിനിധാനം ചെയ്യുന്ന മൂന്ന് അനൗദ്യോഗിക അംഗങ്ങൾ.

(4) പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെടുന്ന രീതിയിൽ ബോർഡ് അതിൽ നിക്ഷിപ്തമായിരിക്കുന്ന നിധിയുടെ ഭരണനിർവ്വഹണം നടത്തേണ്ടതാണ്.

(5) ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി അതിന് യുക്തമെന്നു തോന്നുന്ന അങ്ങനെയുള്ള നിയന്ത്രണങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി നിധിയുടെ കാര്യക്ഷമമായ നടത്തിപ്പിന്, അത് ആവശ്യമെന്നു കരുതുന്ന, ഈ ആക്റ്റോ പദ്ധതിയോ പ്രകാരമുള്ള അതിന്റെ അങ്ങനെയുള്ള അധികാരങ്ങളും ചുമതലകളും ചെയർമാനോ സെക്രട്ടറിക്കോ ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്.

10. <u>ബോർഡിന്റെ യോഗം</u>.—(1) ബോർഡ്, അതിന്റെ ബിസിനസ്സ് നടത്തിപ്പിനായി കുറഞ്ഞത് മൂന്നുമാസത്തിൽ ഒരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്.

(2) ബോർഡിന്റെ ഒരു യോഗത്തിനുവേണ്ടിയുള്ള കോറം കുറഞ്ഞത് നാല് ഔദ്യോഗിക അംഗങ്ങളും രണ്ട് അനൗദ്യോഗിക അംഗങ്ങളുമുൾപ്പെടെ ബോർഡിലെ ആറംഗങ്ങളായിരിക്കേണ്ടതാണ്.

(3) ചെയർമാനോ അദ്ദേഹത്തിന്റെ അഭാവത്തിൽ വൈസ് ചെയർമാനോ, ചെയർമാന്റെയും വൈസ് ചെയർമാന്റെയും അഭാവത്തിൽ യോഗത്തിൽ ഹാജരായിട്ടുള്ള അംഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരു ബോർഡ് അംഗമോ ബോർഡ് യോഗത്തിന്റെ അദ്ധ്യക്ഷത വഹിക്കേണ്ടതാണ്.

(4) ബോർഡിന്റെ ഒരു യോഗത്തിനു മുമ്പാകെ വരുന്ന ഏതൊരു സംഗതിയും യോഗത്തിൽ ഹാജരായിട്ടുള്ള അംഗങ്ങളുടെ ഭൂരിപക്ഷ വോട്ടിലൂടെ തീരുമാനിക്കപ്പെടേണ്ടതും തുല്യവോട്ടുകളുടെ സംഗതിയിൽ, യോഗത്തിൽ അദ്ധ്യക്ഷം വഹിക്കുന്ന ചെയർമാന് അല്ലെങ്കിൽ വൈസ് ചെയർമാന് അല്ലെങ്കിൽ അംഗത്തിന് ഒരു കാസ്റ്റിംഗ് വോട്ടവകാശം ഉണ്ടായിരിക്കുന്നതുമാണ്.

11. ബോർഡ് അംഗങ്ങളുടെ ഔദ്യോഗിക കാലാവധി.—(1) 9-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട അനൗദ്യോഗിക അംഗങ്ങൾ ബോർഡ് രൂപീകരിച്ചുകൊണ്ടുള്ള വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ മൂന്നുവർഷക്കാലത്തേക്ക് ഔദ്യോഗിക സ്ഥാനം വഹിക്കേണ്ടതാണ്.

(2) ഏതൊരു അനൗദ്യോഗിക അംഗത്തിനും സർക്കാരിന് ലിഖിതമായ നോട്ടീസ് നൽകിക്കൊണ്ട് തന്റെ അംഗത്വം രാജിവയ്ക്കാവുന്നതും, എന്നാൽ, സർക്കാർ രാജി സ്വീകരിക്കുന്നതുവരെ അദ്ദേഹം ഔദ്യോഗിക സ്ഥാനത്ത് തുടരേണ്ടതുമാണ്.

(3) പൊതുതാൽപ്പര്യാർത്ഥം, ഏതെങ്കിലും ഔദ്യോഗിക അംഗം പ്രസ്തുത സ്ഥാനത്തിൽ തുടരുന്നത് അനുചിതമെന്ന് സർക്കാരിന് അഭിപ്രായമുള്ളപക്ഷം കാരണങ്ങൾ രേഖപ്പെടുത്തിക്കൊണ്ട് ഏതു സമയത്തും സർക്കാരിന് അങ്ങനെയുള്ള അംഗത്തെ ഔദ്യോഗിക സ്ഥാനത്തുനിന്നും നീക്കം ചെയ്യാവുന്നതാണ്.

12. അനൗദ്യോഗിക അംഗങ്ങളുടെ അയോഗ്യതയും നീക്കംചെയ്യലും.—

(1) സർക്കാരിന് ബോർഡിലെ ഏതൊരു അനൗദ്യോഗിക അംഗത്തെയും,—

(എ) അദ്ദേഹത്തിന് ബുദ്ധിസ്ഥിരതയില്ലെങ്കിൽ ;

(ബി) അദ്ദേഹം അവിമുക്തനിർദ്ധനനായി വിധിക്കപ്പെട്ടാൽ ;

(സി) അദ്ദേഹം ബോർഡിന്റെ അനുവാദം കൂടാതെ തുടർച്ചയായി മൂന്ന് യോഗങ്ങളിൽ ഹാജരാകാതെയിരിക്കുകയാണെങ്കിൽ ;

(ഡി) അദ്ദേഹം ബോർഡിലെ ഒരംഗമായി പ്രവർത്തിക്കുന്നതിന് യോഗ്യനല്ലെന്നോ കഴിവില്ലാത്തവനായി തീർന്നുവെന്നോ, ബോർഡിലെ അംഗമായി അദ്ദേഹം തുടരുന്നത് പൊതു താൽപ്പര്യത്തിന് ഹാനികരമായി തീരത്തക്കവിധം തന്റെ പദവി ദുരുപയോഗപ്പെടുത്തിയിട്ടുണ്ടെന്നോ സർക്കാരിന് അഭിപ്രായമുള്ളപക്ഷം ; ഔദ്യോഗിക സ്ഥാനത്തുനിന്നും നീക്കം ചെയ്യാവുന്നതാണ് :

എന്നാൽ ഈ ഉപവകുപ്പ് പ്രകാരം ബോർഡിലെ ഒരു അംഗത്തെ നീക്കം ചെയ്യുന്നതിനു മുമ്പായി അദ്ദേഹത്തെ നീക്കം ചെയ്യാതിരിക്കാനുള്ള കാരണം കാണിക്കുന്നതിന് അദ്ദേഹത്തിന് ന്യായമായ ഒരവസരം നൽകേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് (സി) ഖണ്ഡപ്രകാരം ബോർഡിൽ നിന്നും നീക്കം ചെയ്യപ്പെട്ട ഒരു അനൗദ്യോഗിക അംഗം സർക്കാർ മറ്റുവിധത്തിൽ ഉത്തരവാകാത്തപക്ഷം അദ്ദേഹത്തെ നീക്കം ചെയ്ത തീയതിമുതൽ മൂന്നു വർഷക്കാലത്തേക്ക് ബോർഡിലെ ഒരംഗമായി വീണ്ടും നിയമിക്കപ്പെടുന്നതിന് യോഗ്യനായിരിക്കുന്നതല്ല.

(3) (1)-ാം ഉപവകുപ്പ് (ഡി) ഖണ്ഡപ്രകാരം നീക്കം ചെയ്യപ്പെട്ട ബോർഡിലെ ഒരു അനൗദ്യോഗിക അംഗം, സർക്കാർ, ഒരു ഉത്തരവുമൂലം മേലിൽ അദ്ദേഹം അയോഗ്യനല്ലെന്ന് പ്രഖ്യാപിക്കുന്നതുവരെ വീണ്ടും നിയമിക്കപ്പെടുന്നതിന് അർഹനായിരിക്കുന്നതല്ല.

13. ബോർഡിലെ അംഗങ്ങൾക്കുള്ള സിറ്റിംഗ് ഫീസും യാത്രാബത്തയും ദിനബത്തയും.—ബോർഡിലെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾക്ക് നിർണ്ണയിക്കപ്പെടാവുന്ന നിരക്കിലുള്ള സിറ്റിംഗ് ഫീസും യാത്രാബത്തയും ദിനബത്തയും ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

14. ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനം.—(1) സർക്കാരിന് ഈ ആക്റ്റ് പ്രകാരമുള്ള ബോർഡിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് സെക്രട്ടറിയെ സഹായിക്കുന്നതിന് ആവശ്യമെന്ന് കരുതുന്നത്ര ഉദ്യോഗസ്ഥന്മാരെയും ജീവനക്കാരെയും നിർണ്ണയിക്കപ്പെടാവുന്നപ്രകാരം രജിസ്ട്രേഷൻ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷനിൽ നിയമിക്കാവുന്നതാണ്.

(2) ബോർഡിന്റെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി ബോർഡിന്റെ സെക്രട്ടറി ഉത്തരവാദപ്പെട്ടിരിക്കുന്നതാണ്.

15. കടം വാങ്ങുന്നതിനുള്ള ബോർഡിന്റെ അധികാരം.—ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടെ സർക്കാർ വിനിർദ്ദേശിക്കുന്ന പ്രകാരമുള്ള നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി നിധിയുടെ ആവശ്യങ്ങൾക്കുവേണ്ടി, കാലാകാലങ്ങളിൽ, പണം കടം വാങ്ങാവുന്നതാണ്.

16. ബോർഡിലെ അനൗദ്യോഗിക അംഗങ്ങൾ പബ്ലിക് സർവന്റുമാർ ആയിരിക്കുമെന്ന്.—ബോർഡിലെ ഓരോ അനൗദ്യോഗിക അംഗവും ഇന്ത്യൻ ശിക്ഷാനിയമസംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന ഒരു പബ്ലിക് സർവന്റായി കരുതപ്പെടേണ്ടതാണ്.

17. ഉത്തമവിശ്വാസപൂർവ്വം ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം.—ഈ ആക്റ്റ് പ്രകാരമോ പദ്ധതിപ്രകാരമോ ഉള്ള കർത്തവ്യങ്ങളും ചുമതലകളും നിറവേറ്റുന്നതിനായി ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് ബോർഡിലെ ഒരംഗത്തിനോ ബോർഡിനെ സഹായിക്കുന്ന മറ്റേതെങ്കിലും ആളിനോ എതിരായി യാതൊരു വ്യവഹാരമോ മറ്റ് നിയമനടപടിയോ നിലനിൽക്കുന്നതല്ല.

18. സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ.—സർക്കാരിന്, കാലാകാലങ്ങളിൽ, ബോർഡിന് നിർദ്ദേശങ്ങൾ നൽകാവുന്നതും ആയത് നടപ്പിലാക്കുവാൻ ബോർഡ് ബാദ്ധ്യസ്ഥമായിരിക്കുന്നതുമാണ്.

19. അന്വേഷണത്തിനുവേണ്ടി ഉത്തരവ് പുറപ്പെടുവിക്കാനുള്ള അധികാരം.—(1) സർക്കാരിന്, ഏത് സമയത്തും, ബോർഡിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷിക്കുകയും സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുന്നതിനായി സർക്കാരിന്റെ ഒരു സെക്രട്ടറിയുടെ പദവിയിൽതാഴെയല്ലാത്ത ഏതെങ്കിലും ഉദ്യോഗസ്ഥനെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിക്കാവുന്നതാണ്.

(2) അപ്രകാരം നിയമിക്കപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥന്, അന്വേഷണം ശരിയായ രീതിയിൽ നടത്തുന്നതിനുവേണ്ട എല്ലാ സൗകര്യങ്ങളും ബോർഡ് ഏർപ്പെടുത്തിക്കൊടുക്കേണ്ടതും അദ്ദേഹം ആവശ്യപ്പെടുന്ന ബോർഡിന്റെ കൈവശമുള്ള രേഖകളും കണക്കുകളും വിവരങ്ങളും നൽകുകയും ചെയ്യേണ്ടതുമാണ്.

20. നിധിയുടെ കണക്കുകളുടെ ആഡിറ്റും ആഡിറ്റർമാരുടെ നിയമനവും.—(1) നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ നിധിയുടെ കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിനായി ബോർഡ് അങ്ങനെയുള്ള ആഡിറ്റർമാരെ നിയമിക്കേണ്ടതാണ്.

(2) അങ്ങനെയുള്ള ആഡിറ്റർമാർ നിധിയുടെ കണക്കുകൾ ഓരോ വർഷത്തിലും ഒരിക്കൽ ആഡിറ്റ് ചെയ്യേണ്ടതാണ്.

21. വാർഷിക റിപ്പോർട്ടും കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റും.—(1) നിധിയുടെ വാർഷിക റിപ്പോർട്ട് ബോർഡിന്റെ നിർദ്ദേശപ്രകാരം തയ്യാറാക്കേണ്ടതും ബോർഡിന്റെ അംഗീകാരത്തിനുശേഷം റിപ്പോർട്ടിന്റെ ഒരു പകർപ്പ്, കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റ് സഹിതം ഓരോ വർഷവും ജൂലൈ അവസാനത്തിനുമുമ്പ് സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

(2) വാർഷിക റിപ്പോർട്ട് ലഭിച്ചാലുടൻതന്നെ സർക്കാർ, അത് കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റ് സഹിതം, നിയമസഭയുടെ മുൻപാകെ വയ്ക്കേണ്ടതാണ്.

22. സിവിൽ കോടതികളുടെ അധികാരിതയ്ക്ക് വിലക്ക്.—ഈ ആക്റ്റോ പദ്ധതിയോ പ്രകാരമോ അതിൻകീഴിലോ, സർക്കാരോ ബോർഡോ സെക്രട്ടറിയോ അല്ലെങ്കിൽ ബോർഡ് അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ തീർപ്പാക്കേണ്ടതോ തീരുമാനിക്കേണ്ടതോ കൈകാര്യം ചെയ്യേണ്ടതോ ആയ ഏതെങ്കിലും പ്രശ്നം അഥവാ നിശ്ചയിക്കേണ്ടതായ ഏതെങ്കിലും സംഗതി തീർപ്പാക്കുവാനോ തീരുമാനിക്കുവാനോ കൈകാര്യം ചെയ്യുവാനോ നിശ്ചയിക്കുവാനോ ഉള്ള അധികാരിത യാതൊരു സിവിൽ കോടതിക്കും ഉണ്ടായിരിക്കുന്നതല്ല.

23. സാക്ഷിയെ വിളിച്ചുവരുത്തുന്നതിനും തെളിവെടുപ്പ് നടത്തുന്നതിനുമുള്ള അധികാരം.—ഈ ആക്റ്റിൻകീഴിൽ അന്വേഷണത്തിന്റെ ആവശ്യത്തിലേക്കായി, ബോർഡിന്, 1908-ലെ സിവിൽ നടപടി നിയമസംഹിത (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഒരു സിവിൽ കേസ് വിചാരണ നടത്തുമ്പോൾ ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ താഴെപ്പറയുന്ന സംഗതികളെ സംബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(എ) ഏതൊരാളേയും ഹാജരാകുന്നതിന് നിർബന്ധിക്കുന്നതിനും അല്ലെങ്കിൽ അയാളെ സത്യപ്രതിജ്ഞയിന്മേൽ വിസ്തരിക്കുന്നതിനും ;

(ബി) പ്രമാണങ്ങൾ കണ്ടെത്തുന്നതിനും ഹാജരാക്കുന്നതിനും ആവശ്യപ്പെടുന്നതിന് ;

(സി) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുന്നതിന് ; കൂടാതെ

(ഡി) സാക്ഷികളെ വിസ്തരിക്കുന്നതിനുവേണ്ടി കമ്മീഷനെ നിയോഗിക്കുന്നതിന്.

24. കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി സ്റ്റാമ്പ്.—(1) ബോർഡ്, അൻപത് രൂപ മൂല്യമുള്ളതും, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രൂപത്തിലും അങ്ങനെയുള്ള രീതിയിലുമുള്ളതും "കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി സ്റ്റാമ്പ്" എന്ന് മുദ്രണം ചെയ്തിട്ടുള്ളതുമായ സ്റ്റാമ്പുകൾ സർക്കാർ പ്രസ്സിൽ അച്ചടിപ്പിക്കേണ്ടതാണ്.

(2) ലൈസൻസുള്ള ഒരു ആധാരമെഴുത്തുകാരൻ തയ്യാറാക്കുന്നതും സംസ്ഥാനത്തെ ഏതെങ്കിലും സബ് രജിസ്ട്രാർ ആഫീസുകളിൽ, അതതു സംഗതിപോലെ, ബുക്ക് I, III അല്ലെങ്കിൽ IV-ൽ രജിസ്റ്റർ ചെയ്യുന്നതിന് ഹാജരാക്കുന്ന ഓരോ ആധാരത്തിലും (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിരിക്കുന്ന പ്രകാരമുള്ള ഒരു സ്റ്റാമ്പ്, 1959-ലെ കേരള മുദ്രപ്പത്ര ആക്റ്റ് (1959-ലെ 17) പ്രകാരം ചുമത്താവുന്ന സ്റ്റാമ്പ് ഡ്യൂട്ടിക്ക് പുറമേ പതിക്കേണ്ടതാണ് :

എന്നാൽ, കേന്ദ്ര സർക്കാരിനോ സംസ്ഥാന സർക്കാരിനോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനോവേണ്ടി രജിസ്റ്റർ ചെയ്യുന്നതിന് തയ്യാറാക്കിയതും ഹാജരാക്കിയതുമായ ഏതെങ്കിലും ആധാരത്തിന് ഈ ഉപവകുപ്പ് ബാധകമാകുന്നതല്ല.

(3) (2)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിരിക്കുന്ന പ്രകാരം പതിപ്പിച്ചിട്ടുള്ള ഓരോ സ്റ്റാമ്പും, 1959-ലെ കേരള മുദ്രപ്പത്ര ആക്റ്റിലെ (1959-ലെ 17) 12-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന രീതിയിൽ റദ്ദാക്കേണ്ടതാണ്.

(4) ഈ വകുപ്പ് പ്രകാരം അച്ചടിച്ച സ്റ്റാമ്പുകൾ ബോർഡിന്റെ അധീനതയിലായിരിക്കേണ്ടതും സ്റ്റാമ്പിന്റെ വിതരണവും വിൽപ്പനയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ ആയിരിക്കേണ്ടതുമാണ്.

25. വീഴ്ചയോ അയോഗ്യതയോ ഉള്ള സംഗതിയിൽ പണം നൽകൽ.— (1) വീഴ്ചയോ അയോഗ്യതയോ കാരണം അംഗത്വം അവസാനിക്കുന്ന സംഗതിയിൽ അംഗത്തിനോ അയാളുടെ നോമിനിക്കോ പദ്ധതിയിൽ പറഞ്ഞിട്ടുള്ള പ്രകാരം അംശദായമായി ഒടുക്കിയ തുകയ്ക്കുവേണ്ടി അപേക്ഷിക്കാവുന്നതാണ്.

(2) അംഗത്വം അവസാനിച്ച ഏതെങ്കിലും അംഗത്തിനോ അയാളുടെ നോമിനിക്കോ ക്ഷേമനിധിയിൽ നിന്നുള്ള ഏതെങ്കിലും ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

(3) അംഗത്വം അവസാനിച്ച തീയതിക്കുശേഷം അംശദായം എന്തെങ്കിലും അടച്ചിട്ടുണ്ടെങ്കിൽ അത് മുഴുവനും അതിന് യാതൊരു പലിശയുമില്ലാതെ തിരിച്ച് നൽകേണ്ടതാണ്.

(4) ഒരു അംഗമോ അയാൾ നാമനിർദ്ദേശം ചെയ്തയാളോ ഏതെങ്കിലും തുക തെറ്റായി കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ഉചിതമായ നിയമനടപടികളിലൂടെ അങ്ങനെയുള്ള ആളിൽനിന്നും അത് വസൂലാക്കേണ്ടതാണ്.

26. സർക്കാരിന്റെ അംശദായം.—(1) ഒരു സാമ്പത്തിക വർഷത്തിൽ അംഗങ്ങൾ നൽകിയ മൊത്തം അംശദായത്തുകയുടെ പത്ത് ശതമാനം അല്ലെങ്കിൽ ജീവനക്കാരുടെ ബോണസും അവധി പണമാക്കുന്നതും ഉൾപ്പെടെ, എന്നാൽ യാത്രാബത്ത ഒഴികെ, ക്ഷേമനിധിയുടെ നടത്തിപ്പിനായി ഏൽപ്പിച്ചിട്ടുള്ള ശമ്പളത്തിന്റെയും ബത്തകളുടെയും ഹെഡ്ഡിൽ നിന്നും വഹിക്കേണ്ടതായ ചെലവുകൾ, ഇതിൽ ഏതാണോ കുറവ്, അത് സർക്കാർ അംശദായമായി നൽകേണ്ടതാണ്.

(2) ഓരോ സാമ്പത്തിക വർഷത്തിന്റെയും അവസാനം ജീവനക്കാരുടെ ബോണസും അവധി പണമാക്കുന്നതും ഉൾപ്പെടെ, എന്നാൽ യാത്രാബത്ത ഒഴികെ, ക്ഷേമനിധിയുടെ നടത്തിപ്പിനായി ഏൽപ്പിച്ചിട്ടുള്ള ശമ്പളത്തിന്റെയും ബത്തയുടെയും ഹെഡ്ഡിൽ നിന്നും വഹിക്കേണ്ടതായ ചെലവ് സെക്രട്ടറി കണക്കാക്കേണ്ടതും ആയത് സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(3) അപ്രകാരം കണക്കാക്കിയ തുക അംഗങ്ങളുടെ വാർഷിക അംശദായത്തിന്റെ പത്ത് ശതമാനത്തിൽ കൂടുതലാണെന്ന് കണ്ടാൽ ഈ തുകയുടെയും അംഗങ്ങളുടെ വാർഷിക അംശദായത്തിന്റെ പത്ത് ശതമാനം തുകയുടെയും വ്യത്യാസം ക്ഷേമനിധിയിൽ നിന്നും പിൻവലിക്കേണ്ടതും കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ബന്ധപ്പെട്ട ഹെഡ്ഡിലേക്ക് അടയ്ക്കേണ്ടതുമാണ്.

27. ന്യൂനത മുതലായവമൂലം ബോർഡിന്റെ പ്രവൃത്തികൾ അസാധുവാകുന്നതല്ലെന്ന് .—ഈ ആക്റ്റ് പ്രകാരമോ അതിൻകീഴിൽ ഉണ്ടാക്കിയേക്കാവുന്ന ചട്ടങ്ങൾ പ്രകാരമോ ബോർഡ് ചെയ്ത പ്രവൃത്തിയോ നടപടിക്രമമോ,—

(എ) ബോർഡിലെ ഏതെങ്കിലും ഒഴിവോ രൂപീകരണത്തിൽ ഉണ്ടാകുന്ന ന്യൂനതയോ ; അല്ലെങ്കിൽ

(ബി) അതിലെ ഒരംഗമായ ഏതെങ്കിലും ആളെ നാമനിർദ്ദേശം ചെയ്തതിലുള്ള ഏതെങ്കിലും ന്യൂനതയോ ക്രമക്കേടോ ; അല്ലെങ്കിൽ

(സി) ബോർഡിന്റെ പ്രവൃത്തിയിലോ നടപടിയിലോ ഉണ്ടായ ഏതെങ്കിലും ന്യൂനതയോ ക്രമക്കേടോ ;

കാരണമായി മാത്രം അസാധുവാകുന്നതല്ല.

28. വൈഷമ്യങ്ങൾ നീക്കം ചെയ്യൽ.—(1) ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം, ആ വൈഷമ്യം നീക്കം ചെയ്യുന്നതിലേക്ക് ആവശ്യമെന്ന് തങ്ങൾക്ക് തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ വ്യവസ്ഥകൾ, സർക്കാരിന് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവുമൂലം ഉണ്ടാക്കാവുന്നതാണ് :

എന്നാൽ, ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ രണ്ട് വർഷത്തിനു ശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിക്കുന്ന ഉത്തരവ് നിയമസഭ മുൻപാകെ വയ്ക്കേണ്ടതാണ്.

29. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—(1) സർക്കാരിന്, വിജ്ഞാപനം വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി, മുൻകാലപ്രാബല്യത്തോടുകൂടിയോ പിൽക്കാലപ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കപ്പെടുന്ന ഓരോ ചട്ടവും, അതുണ്ടാക്കിയ ശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുൻപാകെ ഒരു സമ്മേളനത്തിലോ അല്ലെങ്കിൽ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത്, ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ, തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുൻപ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും രൂപഭേദപ്പെടുത്തലുകൾ വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന്, അതിനുശേഷം, അതതുസംഗതിപോലെ, അപ്രകാരം ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ, അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും; എന്നിരുന്നാലും അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ, റദ്ദാക്കലോ, ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

30. 1991-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതിയിൽനിന്നും ഫണ്ട് കൈമാറ്റം ചെയ്യുന്നതിനുള്ള വ്യവസ്ഥ.—(1) തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സർക്കാർ വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ, 1991-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതിയുടെ കണക്കിൽ ഉണ്ടായിരുന്ന എല്ലാ തുകകളും ഈ ആക്റ്റിൻകീഴിൽ രൂപീകരിക്കപ്പെടുന്ന നിധിയിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നതും അതിൽ വരവ് വയ്ക്കുന്നതും, 1991-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതിയിൽ അംശദായം നൽകാനുള്ള അംഗത്തിന്റെ ബാദ്ധ്യത അങ്ങനെയുള്ള തീയതി മുതൽ ഇല്ലാതാകുന്നതുമാണ്.

(2) ഈ ആക്റ്റ് പ്രകാരം രൂപവൽക്കരിക്കപ്പെട്ട ബോർഡിന് അത്തരം പദ്ധതികൾ സംബന്ധിച്ചുള്ള എല്ലാ അവകാശവാദങ്ങളും തീരുമാനിക്കാവുന്നതാണ്.

31. റദ്ദാക്കലും ഒഴിവാക്കലും.—(1) 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ഓർഡിനൻസ് (2012-ലെ 29) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## പട്ടിക

[3 (2) വകുപ്പ് കാണുക]

### പദ്ധതിയിൽ വ്യവസ്ഥ ചെയ്യാവുന്ന കാര്യങ്ങൾ

1. ബോർഡ് നിധിയുടെ ഭരണം നടത്തേണ്ട രീതി
2. അംഗങ്ങളുടെ രജിസ്ട്രേഷൻ
3. നിധിയിലേക്കുള്ള അംശദായം, സ്റ്റാമ്പ് വെണ്ടർമാരുടെ കമ്മീഷന്റെ രണ്ട് ശതമാനം എന്നിവ നൽകുന്നതിനുള്ള രീതി.
4. വിവിധ മേഖലകളിൽ നിന്നും അംശദായം, സ്റ്റാമ്പ് വെണ്ടർമാരുടെ കമ്മീഷന്റെ രണ്ട് ശതമാനം എന്നിവ വസൂലാക്കേണ്ട രീതി.
5. ബോർഡിനെ സഹായിക്കുന്നതിനുവേണ്ടി ഏതെങ്കിലും സമിതിയുടെ രൂപവൽക്കരണം.
6. സെക്രട്ടറിയുടെ ചുമതലകൾ.
7. കണക്കുകൾ സൂക്ഷിക്കേണ്ട രീതി, സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും നിർദ്ദേശങ്ങളോ അല്ലെങ്കിൽ വിനിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകളോ അനുസരിച്ച് നിധിയുടെ വക പണം നിക്ഷേപിക്കലും, ബഡ്ജറ്റ് തയ്യാറാക്കലും, കണക്കുകൾ ആഡിറ്റ് ചെയ്യലും, സർക്കാരിന് റിപ്പോർട്ടുകൾ സമർപ്പിക്കലും.
8. നിധിയിൽ നിന്നും പണം പിൻവലിക്കുന്നതിന് അനുവദിക്കുന്നതിനും അതിൽ നിന്നുള്ള ഏതെങ്കിലും കിഴിക്കലോ, മുതൽ കൂട്ടലോ നടത്തുന്നതിനുമുള്ള വ്യവസ്ഥകളും അപ്രകാരമുള്ള കിഴിക്കലിന്റെയോ, മുതൽക്കൂട്ടലിന്റേയോ പരമാവധി തുകയും.
9. ഒരംഗം തന്റെയും തന്റെ കുടുംബത്തെയും പറ്റിയുള്ള വിവരങ്ങൾ ആവശ്യപ്പെടുമ്പോൾ നൽകേണ്ടുന്ന ഫാറം.
10. ഒരംഗത്തിന്റെ മരണത്തെ തുടർന്ന് ആ അംഗത്തിന് നിധിയിൽ നിന്നും ലഭിക്കേണ്ടതായ ആനുകൂല്യങ്ങൾ സ്വീകരിക്കുവാനുള്ള ആളിനെ നാമനിർദ്ദേശം ചെയ്യലും അത്തരം നാമനിർദ്ദേശത്തിന്റെ പരിശോധനയും റദ്ദാക്കലും.
11. അംഗങ്ങളെ സംബന്ധിച്ച് വച്ചുപോരേണ്ട രജിസ്റ്ററുകളും രേഖകളും.
12. പാസ്ബുക്കിന്റെയും സർട്ടിഫിക്കറ്റിന്റെയും തിരിച്ചറിയൽ കാർഡിന്റെയും ഫാറവും, അത് നൽകുകയും കൈവശം വയ്ക്കുകയും മാറ്റിക്കൊടുക്കുകയും ചെയ്യുന്നതിനുള്ള നടപടിക്രമവും.
13. പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും ആവശ്യങ്ങൾക്കായി ചുമത്തേണ്ട ഫീസ്.

14. 30-ാം വകുപ്പ് പ്രകാരം കൈമാറ്റം ചെയ്യപ്പെട്ട തുകകൾ നിധിയിലേക്ക് കൈമാറ്റം ചെയ്യേണ്ടതിന്റെയും വരവുവയ്ക്കേണ്ടതിന്റെയും രീതി.

15. അംഗങ്ങളുടെയോ, അവരുടെ ആശ്രിതരുടെയോ ക്ഷേമത്തിനു വേണ്ടി, ഏതെല്ലാം കാര്യങ്ങൾക്ക് നിധി ഉപയോഗിക്കാമെന്ന്.

16. നിധിയുടെ ഭരണനിർവ്വഹണത്തിൽ ഉണ്ടാകാവുന്ന ചെലവുകൾ വഹിക്കുന്നതിനുള്ള നടപടിക്രമം.

17. നിധിയിൽ നിന്നും ആനുകൂല്യങ്ങൾ, ഗ്രാന്റുകൾ, മുൻകൂറുകൾ എന്നിവ നൽകുന്നതിനുള്ള നടപടിക്രമം.

18. സേവനം പൂർത്തിയാക്കിയ വർഷത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ അവസാനിപ്പിക്കുന്ന അംഗങ്ങൾക്ക് നിധിയിൽ നിന്നും നൽകാവുന്ന തുകയുടെയും പെൻഷന്റെയും നിരക്ക് ക്രമീകരിക്കൽ.

19. വീഴ്ചവരുത്തിയ അംഗങ്ങളുടെ സംഗതിയിൽ അംശദായം തിരികെ നൽകുന്ന രീതിയും നിരക്കും.

20. പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായതോ ഉചിതമായതോ ആയ മറ്റേതെങ്കിലും സംഗതികൾ.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേരള സംസ്ഥാനത്തെ ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമത്തിനായും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായും അതുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങൾക്കായും ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു നിയമം ആവശ്യമാണെന്ന് സർക്കാർ കരുതുന്നു.

2. കേരള നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ഓർഡിനൻസ് 2012 ജനുവരി 30-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2012-ലെ 13-ാം നമ്പർ ഓർഡിനൻസായി 2012 ജനുവരി 31-ാം തീയതിയിലെ 221-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

3. പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 2012 മാർച്ച് 1-ാം തീയതി ആരംഭിച്ച് 2012 മാർച്ച് 23-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിൽ അവതരിപ്പിക്കുവാനോ പാസ്സാക്കുവാനോ കഴിഞ്ഞില്ല. അതിനാൽ പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനുവേണ്ടി

2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ഓർഡിനൻസ് 2012 ഏപ്രിൽ 11-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2012-ലെ 29-ാം നമ്പർ ഓർഡിനൻസായി 2012 ഏപ്രിൽ 11-ാം തീയതിയിലെ 731-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

4. 2012-ലെ 29-ാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ മാസ വരിസംഖ്യ ഇനത്തിൽ 100 രൂപ വീതം ഏഴായിരം അംഗങ്ങളിൽ നിന്ന് 84 ലക്ഷം രൂപ ഒരു വർഷം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ബില്ലിലെ 26-ാം ഖണ്ഡം (1)-ാം ഉപഖണ്ഡപ്രകാരം ഒരു സാമ്പത്തിക വർഷത്തിൽ അംഗങ്ങൾ നൽകിയ മൊത്തം അംശദായത്തുകയുടെ 10 ശതമാനമോ, ബോണസും അവധി പണമാക്കുന്നതും ഉൾപ്പെടെ ക്ഷേമനിധിയുടെ നടത്തിപ്പിനായി ഏൽപ്പിച്ചിട്ടുള്ള ജീവനക്കാരുടെ യാത്രാബത്ത ഒഴികെ ശമ്പളത്തിന്റെയും ബത്തകളുടെയും ഹെഡ്ഡിൽനിന്നും വഹിക്കേണ്ടതായ ചെലവുകളോ ഇതിൽ ഏതാണോ കുറവ് അത് സർക്കാർ അംശദായമായതിനാൽ, സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും പ്രതിവർഷം ആവർത്തക ചെലവായി ഏകദേശം 8.4 ലക്ഷം രൂപ നൽകേണ്ടിവരും.

## ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി എന്ന പേരിൽ ഒരു പദ്ധതി ഗസറ്റ് വിജ്ഞാപനംവഴി ആവിഷ്ക്കരിക്കുവാനും കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി എന്ന പേരിൽ ഒരു നിധി രൂപീകരിക്കുവാനും സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 3-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

2. പദ്ധതിയുടെ നടത്തിപ്പിനുവേണ്ടി ആവശ്യമായ തുക കണക്കിലെടുത്ത് കാലാകാലങ്ങളിൽ പരമാവധി അഞ്ഞൂറ് രൂപവരെ എന്ന പരിധിയിന്മേൽ അംശദായ നിരക്ക് ഗസറ്റ് വിജ്ഞാപനംവഴി പരിഷ്ക്കരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 4-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

3. നിധിയിൽ അംഗമായി പ്രവേശിക്കുന്നതിനുള്ള ഫാറവും അപേക്ഷിക്കേണ്ട രീതിയും നിർണ്ണയിക്കുന്നതിനും അംഗത്വത്തിനുള്ള ഏതെങ്കിലും അപേക്ഷ നിരസിക്കുന്നപക്ഷം അതുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും സർക്കാരിന് അപ്പീൽ നൽകുന്നതിനുള്ള കാലയളവ് നിർണ്ണയിക്കുന്നതിനും സർക്കാരിനെ അധികാരപ്പെടുത്താൻ യഥാക്രമം ബില്ലിലെ

5-ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡം, (2)-ാം ഉപഖണ്ഡത്തിലെ രണ്ടാമത്തെ ക്ലിപ്തനിബന്ധന എന്നിവ കൊണ്ടുദ്ദേശിക്കുന്നു. അംഗത്വത്തിനുള്ള അപേക്ഷയോടൊപ്പം നൽകേണ്ട അപേക്ഷാഫീസ് നൽകേണ്ട രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 5-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

4. അംഗത്വം റദ്ദാക്കുന്നത് സംബന്ധിച്ച് രജിസ്റ്ററിംഗ് അധികാരസ്ഥാനത്തിന്റെ ഉത്തരവുകൾക്കെതിരായുള്ള അപ്പീൽ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ മുമ്പാകെ ഫയൽ ചെയ്യേണ്ടതിനുള്ള കാലയളവ് നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 6-ാം ഖണ്ഡം (4)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

5. ആക്റ്റ് പ്രകാരം ആവിഷ്ക്കരിക്കപ്പെട്ട പദ്ധതിയിൽ മുൻകാല പ്രാബല്യത്തോടുകൂടിയോ പിൽക്കാല പ്രാബല്യത്തോടുകൂടിയോ ഗസറ്റ് വിജ്ഞാപനംവഴി ഭേദഗതി വരുത്തുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 8-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

6. നിധിയുടെ ഭരണനിർവ്വഹണത്തിനും നടത്തിപ്പിനും ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും നടപ്പിലാക്കുന്നതിനുംവേണ്ടി വിജ്ഞാപനംവഴി അതിൽ വിനിർദ്ദേശിക്കുന്ന തീയതിമുതൽ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബോർഡ് എന്ന പേരിൽ ബോർഡ് രൂപീകരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 9-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

7. ബോർഡിലെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾക്കുള്ള സിറ്റിംഗ് ഫീസിന്റെയും യാത്രാബത്തയുടെയും ദിനബത്തയുടെയും നിരക്ക് നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 13-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

8. ബോർഡിന്റെ കർത്തവ്യങ്ങൾ നിർവഹിക്കുന്നതിന് സെക്രട്ടറിയെ സഹായിക്കുന്നതിന് ആവശ്യമെന്ന് കരുതുന്ന ഉദ്യോഗസ്ഥന്മാരെയും ജീവനക്കാരെയും രജിസ്ട്രേഷൻ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷനിൽ നിയമിക്കുന്ന രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 14-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

9. നിധിയുടെ കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിനായി ബോർഡ് ആഡിറ്റർമാരെ നിയമിക്കേണ്ട രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 20-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

10. ബോർഡ്, സർക്കാർ പ്രസ്സിൽ അച്ചടിക്കേണ്ട അമ്പത് രൂപ മൂല്യമുള്ളതും കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി സ്റ്റാമ്പ് എന്ന് മുദ്രണം ചെയ്തിട്ടുള്ളതുമായ സ്റ്റാമ്പിന്റെ രൂപവും രീതിയും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 24-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

അച്ചടിച്ച സ്റ്റാമ്പിന്റെ വിതരണവും വില്പനയും സംബന്ധിച്ച രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ പ്രസ്തുത ഖണ്ഡത്തിലെ (4)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

11. ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിൽവരുത്തുന്നതിന് എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം ആ വൈഷമ്യം നീക്കം ചെയ്യുന്നതിലേക്കായി ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത വ്യവസ്ഥകൾ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവുമൂലം പുറപ്പെടുവിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 28-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

12. ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി, മുൻകാല പ്രാബല്യത്തോടുകൂടിയോ പിൽക്കാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 29-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

13. 1991-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതിയിൽ ഉണ്ടായിരുന്ന എല്ലാ തുകകളും ഈ ആക്റ്റിൻകീഴിൻ രൂപീകരിക്കപ്പെടുന്ന നിധിയിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നതിനുള്ള തീയതി നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 30-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

14. ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങളോ പദ്ധതിയോ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കാവുന്നത്, അവ നടപടിക്രമം സംബന്ധിച്ച കാര്യങ്ങളും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയതുമാണ്. കൂടാതെ, അപ്രകാരമുള്ള ചട്ടങ്ങളും പദ്ധതിയും ഉത്തരവുകളും നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ, ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

അനൂപ് ജേക്കബ്ബ്.

## ഖണ്ഡങ്ങളിന്മേലുള്ള കുറിപ്പുകൾ

ഖണ്ഡം 2.—ബില്ലിൽ ഉപയോഗിച്ചിട്ടുള്ള ചില വാക്കുകളും പദപ്രയോഗങ്ങളും നിർവ്വചിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 3.—കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി എന്ന പേരിൽ ഒരു പദ്ധതി ആവിഷ്ക്കരിക്കുവാനും കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി എന്ന പേരിൽ ഒരു നിധി രൂപീകരിക്കുവാനും വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 4.—നിധിയിലേക്കുള്ള അംഗങ്ങളുടെ അംശദായം പ്രതിമാസം നൂറ് രൂപയായി നിശ്ചയിച്ചുകൊണ്ടും പദ്ധതിയുടെ നടത്തിപ്പിനുവേണ്ടി ആവശ്യമായ തുക കണക്കിലെടുത്ത് കാലാകാലങ്ങളിൽ പരമാവധി അഞ്ഞൂറ് രൂപവരെ എന്ന പരിധിയിന്മേൽ അംശദായ നിരക്ക് ഗസറ്റ് വിജ്ഞാപനംവഴി പരിഷ്ക്കരിക്കുന്നതിനും വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 5.—1960-ലെ കേരള ആധാരമെഴുത്തുകാരുടെ ലൈസൻസ് ചട്ടങ്ങൾപ്രകാരമുള്ള ഒരു ആധാരമെഴുത്തുകാരന്റെയോ അല്ലെങ്കിൽ ഒരു പകർപ്പെഴുത്തുകാരന്റെയോ സാധുവായ ലൈസൻസോ അല്ലെങ്കിൽ 1960-ലെ കേരള സ്റ്റാമ്പ് നിർമ്മാണവും വിൽപ്പനയും ചട്ടങ്ങൾ പ്രകാരമുള്ള ഒരു സ്റ്റാമ്പ് വെണ്ടറുടെ സാധുവായ ലൈസൻസോ, അതതു സംഗതിപോലെ, കൈവശമുള്ളതും അപേക്ഷാതീയതിയിൽ 65 വയസ്സിനുതാഴെ പ്രായമുള്ളതുമായ ഏതൊരാൾക്കും ചില നിബന്ധനകളോടെ നിധിയിൽ അംഗമായി പ്രവേശിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 6.—ഒരു അംഗം ഏതെങ്കിലും തരത്തിലുള്ള കൃത്രിമം കാട്ടിയതായോ അംഗത്വത്തിനുള്ള നിബന്ധനകളുമായി ബന്ധപ്പെട്ടോ പദ്ധതിപ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായോ വ്യാജമായ വിവരം എപ്പോഴെങ്കിലും നൽകിയിട്ടുണ്ടെന്നോ കണ്ടെത്തുകയാണെങ്കിൽ, രജിസ്റ്ററിംഗ് അധികാരസ്ഥാനം അങ്ങനെയുള്ള അംഗത്തിന്റെ അംഗത്വം റദ്ദാക്കേണ്ടത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 7.—ആറുമാസക്കാലം തുടർച്ചയായി അംശദായം അടയ്ക്കാൻ വീഴ്ചവരുത്തുന്നതുമൂലം അംഗത്വം അവസാനിക്കപ്പെട്ട ഒരംഗത്തിന്, അപ്രകാരം അംഗത്വം അവസാനിപ്പിക്കപ്പെട്ട തീയതിമുതൽ ആറുമാസത്തിനകം, പന്ത്രണ്ടു ശതമാനം വാർഷിക പലിശയോടുകൂടി കുടിശ്ശിക അടച്ച് അംഗത്വം പുനരുജ്ജീവിപ്പിക്കപ്പെടുന്നതിന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 8.—സർക്കാരിന്, പദ്ധതിയിൽ മുൻകാലപ്രാബല്യത്തോടുകൂടിയോ പിൽക്കാലപ്രാബല്യത്തോടുകൂടിയോ ഭേദഗതിവരുത്താമെന്ന വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 9.—നിധിയുടെ ഭരണനിർവ്വഹണത്തിനും നടത്തിപ്പിനും ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും നടപ്പിലാക്കുന്ന തിനുംവേണ്ടി ഗസറ്റ് വിജ്ഞാപനംവഴി അതിൽ വിനിർദ്ദേശിക്കുന്ന തീയതി മുതൽ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബോർഡ് എന്ന പേരിൽ ബോർഡ് രൂപീകരിക്കു ന്നതിന് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 10.—ബോർഡ്, അതിന്റെ ബിസിനസ്സ് നടത്തിപ്പിനായി യോഗം ചേരേണ്ടതുസംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 11.—ബോർഡിലെ അനൗദ്യോഗിക അംഗങ്ങളുടെ ഔദ്യോഗിക കാലാവധി നിശ്ചയിക്കൽ, അവരുടെ രാജി, ഔദ്യോഗിക അംഗങ്ങളെ നീക്കം ചെയ്യൽ എന്നിവ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള താണ് ഈ ഖണ്ഡം.

ഖണ്ഡം 12.—ഏതൊരു അനൗദ്യോഗിക അംഗത്തെയും അയോഗ്യനെന്നു കണ്ടാൽ സർക്കാരിന് നീക്കം ചെയ്യുന്നതിന് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊ ണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 13.—ബോർഡിലെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾക്കുള്ള സിറ്റിംഗ് ഫീസിന്റെയും യാത്രാബത്തയുടെയും ദിനബത്തയുടെയും നിരക്ക് നിർണ്ണയിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 14.—ബോർഡിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് സെക്രട്ടറിയെ സഹായിക്കുന്നതിന് ആവശ്യമെന്ന് കരുതുന്ന ഉദ്യോഗസ്ഥന്മാരെയും ജീവനക്കാരെയും രജിസ്ട്രേഷൻ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷനിൽ നിയമി ക്കുന്ന രീതി നിർണ്ണയിക്കുന്നതിന് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള താണ് ഈ ഖണ്ഡം.

ഖണ്ഡം 15.—ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടെ സർക്കാർ വിനിർദ്ദേശിക്കുന്നപ്രകാരമുള്ള നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി നിധിയുടെ ആവശ്യങ്ങൾക്കുവേണ്ടി, കാലാകാലങ്ങളിൽ, പണം കടം വാങ്ങാവുന്നതിന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 16.—ബോർഡിലെ ഓരോ അനൗദ്യോഗിക അംഗവും ഇന്ത്യൻ ശിക്ഷാനിയമസംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന ഒരു പബ്ലിക് സർവന്റായി കരുതപ്പെടേണ്ടതാ ണെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 17.—ആക്റ്റ് പ്രകാരമോ പദ്ധതിപ്രകാരമോ ഉള്ള കർത്തവ്യ ങ്ങളും ചുമതലകളും നിറവേറ്റുന്നതിനായി ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ

ചെയ്യാനുദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് ബോർഡിലെ ഒരംഗത്തിനോ ബോർഡിനെ സഹായിക്കുന്ന മറ്റേതെങ്കിലും ആളിനോ എതിരായി യാതൊരു വ്യവഹാരമോ മറ്റ് നിയമനടപടിയോ നിലനിൽക്കുന്നതല്ലെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 18.—സർക്കാരിന്, കാലാകാലങ്ങളിൽ ബോർഡിന് നിർദ്ദേശങ്ങൾ നൽകാമെന്നും ആയത് നടപ്പിലാക്കുവാൻ ബോർഡ് ബാദ്ധ്യസ്ഥമായിരിക്കുമെന്നും വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 19.—സർക്കാരിന്, ഏത് സമയത്തും, ബോർഡിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനും സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുന്നതിനായി സർക്കാരിന്റെ ഒരു സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഏതെങ്കിലും ഉദ്യോഗസ്ഥനെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിക്കുന്നത് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 20.—നിധിയുടെ കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിനായി ബോർഡ് ആഡിറ്റർമാരെ നിയമിക്കേണ്ട രീതി നിർണ്ണയിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 21.—നിധിയുടെ വാർഷിക റിപ്പോർട്ടും കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റും സർക്കാരിന് സമർപ്പിക്കണമെന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 22.—ആക്റ്റോ പദ്ധതിയോപ്രകാരമോ അതിൻകീഴിലോ, സർക്കാരോ ബോർഡോ സെക്രട്ടറിയോ അല്ലെങ്കിൽ ബോർഡ് അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ തീർപ്പാക്കേണ്ടതോ തീരുമാനിക്കേണ്ടതോ കൈകാര്യം ചെയ്യേണ്ടതോ ആയ ഏതെങ്കിലും പ്രശ്നം അഥവാ നിശ്ചയിക്കേണ്ടതായ ഏതെങ്കിലും സംഗതി തീർപ്പാക്കുവാനോ, തീരുമാനിക്കുവാനോ, കൈകാര്യം ചെയ്യുവാനോ നിശ്ചയിക്കുവാനോ ഉള്ള അധികാരിത യാതൊരു സിവിൽ കോടതിക്കും ഉണ്ടായിരിക്കുന്നതല്ലെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 23.—ആക്റ്റിൻകീഴിൽ അന്വേഷണത്തിന്റെ ആവശ്യത്തിലേക്കായി, ബോർഡിന്, 1908-ലെ സിവിൽ നടപടി നിയമസംഹിത (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഒരു സിവിൽ കേസ് വിചാരണ നടത്തുമ്പോൾ ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ ഏതൊക്കെ സംഗതികളെ സംബന്ധിച്ച് ഉണ്ടായിരിക്കുമെന്ന് വ്യക്തമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 24.—ബോർഡ്, സർക്കാർ പ്രസ്സിൽ അച്ചടിക്കേണ്ട, അൻപത് രൂപ മൂല്യമുള്ളതും കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി സ്റ്റാമ്പ് എന്ന് മുദ്രണം ചെയ്തിട്ടുള്ളതുമായ സ്റ്റാമ്പിന്റെ രൂപവും രീതിയും നിർണ്ണയിക്കുന്നതിനും അച്ചടിച്ച സ്റ്റാമ്പിന്റെ വിതരണവും വില്പനയും സംബന്ധിച്ചും സ്റ്റാമ്പ് പതിക്കേണ്ട ആധാരം ഏതൊക്കെയെന്നും വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 25.—വീഴ്ചയോ അയോഗ്യതയോ കാരണം അംഗത്വം അവസാനിക്കുന്ന സംഗതിയിൽ അംഗത്തിനോ അയാളുടെ നോമിനിക്കോ പദ്ധതിയിൽ പറഞ്ഞിട്ടുള്ളപ്രകാരം അംശദായമായി ഒടുക്കിയ തുക തിരിച്ചുനൽകാൻ അപേക്ഷിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 26.—നിധിയിലേക്ക് സർക്കാരിന്റെ അംശദായം നൽകുന്നതു വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 27.—ആക്റ്റ് പ്രകാരമോ അതിൻകീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങൾ പ്രകാരമോ ബോർഡ് ചെയ്ത പ്രവൃത്തിയോ നടപടിക്രമമോ ന്യൂനതമൂലം അസാധുവാകുന്നതല്ലെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 28.—ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിൽവരുത്തുന്നതിന് എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം ആ വൈഷമ്യം നീക്കം ചെയ്യുന്നതിലേക്കായി ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത വ്യവസ്ഥകൾ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവുമൂലം പുറപ്പെടുവിക്കുന്നതിന് സർക്കാരിന് അധികാരം നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 29.—ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി, മുൻകാലപ്രാബല്യത്തോടുകൂടിയോ പിൽക്കാലപ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിന് അധികാരം നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 30.—1991-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതിയുടെ കണക്കിൽ ഉണ്ടായിരുന്ന എല്ലാ തുകകളും ആക്റ്റിൻകീഴിൽ രൂപീകരിക്കപ്പെടുന്ന നിധിയിലേക്ക് സർക്കാർ വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ കൈമാറ്റം ചെയ്യപ്പെടുമെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 31.—2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ഓർഡിനൻസ് (2012-ലെ 29) റദ്ദാക്കുന്നതിനും പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്ത കാര്യങ്ങളും നടപടികളും സാധൂകരിക്കുന്നതിനും വ്യവസ്ഥചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.